
ജനകീയാസൂത്രണത്തിലൂടെ
പുത്തൻ പ്രതീക്ഷകളുമായി
21–ാം നൂറ്റാണ്ടിലേയ്ക്ക്



കാഞ്ഞിരപ്പള്ളി
ഗ്രാമപഞ്ചായത്ത്

അധികാരം ജനങ്ങളിലേയ്ക്ക്


FLORA


ഒൻപതാം പദ്ധതി
ജനകീയപദ്ധതി



വികസന രേഖ


കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത്






"എന്റെ സ്വപ്നത്തിലുള്ള സ്വരാജ് ദരിദ്രന്റെ സ്വരാജാണ്. ഒരു ധനവാന് ലഭിക്കുന്ന എല്ലാ ജീവിത സൗകര്യങ്ങളും ദരിദ്രർക്കും ലഭ്യമാകാത്തിടത്തോളം കാലം സ്വരാജ് പൂർണ്ണമാകില്ല"

— ഗാന്ധിജി


Chidambaram Panchayat
Thirumalai Panchayat
Thirumalai Panchayat
Chidambaram Road
Pazhaiyanur Panchayat
N
S
I
II
III
IV
V
VI
VII
VIII
IX
X
XI
XII
XIII
XIV
26th mile
KK Road
Block Office




പഞ്ചായത്ത് രാജിന്റെ ശില്പി




പി.സി. തോമസ് **M.P.**




ജോർജ് ജെ. മാത്യു. **M.L.A**




ഗ്രാമപഞ്ചായത്ത് ഓഫീസ്
കാഞ്ഞിരപ്പള്ളി



രാജൻ പെരുമ്പക്കാട്ട്
ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ്



തോമസ് കുന്നപ്പള്ളി
ജില്ലാ പഞ്ചായത്ത് മെമ്പർ




കെ.പി. ഷൗക്കത്ത്
ബ്ലോക്ക്പഞ്ചായത്ത് വൈസ്പ്രസിഡൻറ്




വി.വി. ഒാമനക്കുട്ടൻ
ബ്ലോക്ക് പഞ്ചായത്ത് മെമ്പർ



അനു തോമസ്
ബ്ലോക്ക് പഞ്ചായത്ത് മെമ്പർ



ഗ്രാമപഞ്ചായത്ത് സ്റ്റാഫ്



സി.കെ. സ്കറിയാ
സെക്രട്ടറി



പി.പി. അഹമ്മദ്ഖാൻ
ജനകീയാസൂത്രണ സെക്ഷൻ


കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത്
ഭരണസമിതി



ബേബി വട്ടയ്ക്കാട്ട്



സാലി ചെറിയാൻ
പ്രസിഡൻറ്



തോമസ് ജോസഫ്



എം.ആർ. ഗോപാലകൃഷ്ണൻനായർ



ആൻസമ്മ സെബാസ്റ്റ്യൻ
വൈസ് പ്രസിഡൻറ്




ബീനാ പോപ്പച്ചൻ




സാലി ജേക്കബ്



നെസീഹത്ത് ബഷീർ
സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ




എം.ജി. സാബു



ജേക്കബ് ജോസ് മടുക്കക്കുഴി



കെ.ആർ. തങ്കപ്പൻ



കെ.എം. മുഹമ്മദ് ഇസ്മായേൽ



റ്റി.എസ്. മുഹമ്മദ് സലീം



ലതാ എബ്രഹാം

ഈ സൃഷ്ടിക്കു പിന്നിൽ.....

ചരിത്രപശ്ചാത്തലം	-	ശ്രീ. കെ.യു. ജോൺ
ഭൂപ്രകൃതി	-	ശ്രീ. കെ.ജി. ശ്രീനിവാസൻ നായർ
കൃഷിയും ജലസേചനവും	-	ശ്രീ. ഇ.കെ. കരുണാകരൻ
മൃഗസംരക്ഷണം	-	ശ്രീ. ജോസഫ് ദേവസ്യ
വ്യവസായം	-	ശ്രീ. സ്റ്റനിസ്ലാവോസ് വെട്ടിയ്ക്കാട്ട്
സംസ്കാരം	-	ശ്രീ. ഷാജൻ മണ്ണംപ്ലാക്കൽ
ടൂറിസം	-	ശ്രീ. തോമസ് ജോസഫ്
ഗതാഗതം	-	ശ്രീ. പി.പി. അബ്ദുൾ ലത്തീഫ്
ഊർജ്ജം	-	ശ്രീ. പി.കെ. ഗോപാലകൃഷ്ണൻ
പാർപ്പിടം	-	ശ്രീ. എം.ആർ. ഗോപാലകൃഷ്ണൻനായർ
വനിതാക്ഷേമം	-	ശ്രീമതി ബീനാ പോപ്പച്ചൻ
കുടിവെള്ളം	-	ശ്രീ. എച്ച്. അബ്ദുൾ അസീസ്
വിദ്യാഭ്യാസം	-	ശ്രീ. കെ.എസ്. ഗോവിന്ദൻനായർ
യുവജനക്ഷേമം	-	ശ്രീ. പി.എ. ബിജു
പട്ടികജാതി/ പട്ടികവർഗ്ഗക്ഷേമം	-	ശ്രീ. കെ.ആർ. തങ്കപ്പൻ
സഹകരണം	-	ശ്രീ. പോപ്പച്ചൻ ഒറ്റപ്ലാവൻ
വിഭവസമാഹരണം	-	ശ്രീ. കെ.എം. ചാക്കോച്ചൻ

D.T.P. and Printing : Printech Kanjirapally Ph: 803574

ജില്ലാതല പരിശീലകർ

ശ്രീ. കെ.എൻ. ദാമോദരൻ	അഡ്വ. ജോസഫ് ചാക്കോ
അഡ്വ. സാജൻ അഞ്ചനാട്ട്	ശ്രീ. സാബു ഡോമിനിക്
ശ്രീ. ഇ.ഡി. സെബാസ്റ്റ്യൻ	ശ്രീ. പ്രേംസൺ തോമസ്
ശ്രീ. കെ.എം. ചാക്കോച്ചൻ	ശ്രീ. കെ.ജി. ശ്രീനിവാസൻനായർ
ശ്രീ. പി.എം. ജലാൽ	ശ്രീ. ബാബു പുതക്കുഴി (കൺവീനർ)

ജനകീയാസൂത്രണ പരിപാടിയുടെ വിവിധ ഘട്ടങ്ങളിൽ സഹകരിച്ചവർ

ശ്രീ. തോമസ് കുന്നപ്പള്ളി	ജില്ലാ പഞ്ചായത്ത് മെമ്പർ (KRP)
ശീ. കെ.പി. ഷൗക്കത്ത്	ബ്ലോക്ക് പഞ്ചായത്ത് വൈസ്പ്രസിഡൻറ്
ശ്രീ. വി.വി. ഓമനക്കുട്ടൻ	ബ്ലോക്ക് പഞ്ചായത്ത് മെമ്പർ
ശ്രീ. പി.എൻ. പ്രഭാകരൻ	
ശ്രീ. ദേവസ്യാച്ചൻ വടക്കേൽ	
ശ്രീ. മാത്യു മടുക്കക്കുഴി	
ശ്രീ. എം.ഡി. തോമസ്	
ശ്രീ. വി.പി. ഇസ്മയിൽ	
ശ്രീ. എം.എസ്. ഷംസുദ്ദീൻ	
ശ്രീ. എം. മാധവമേനോൻ	
ശ്രീ. സിറാജ് ഹസ്സൻപിള്ള	
ശ്രീ. എം.എ. ശശീന്ദ്രൻ	
ശ്രീ. വി.എസ്. സലേഷ്	
ശ്രീ. എം.കെ. റെജി	
ശ്രീ. കെ. പ്രഭാകരൻ	
പ്രൊഫ. കെ.എ. ഡോമിനിക്ക്	
ശ്രീ. വി.എൻ. ത്യാഗരാജൻ	ഡയറി എക്സ്റ്റൻഷൻ ഓഫീസർ
ശ്രീ. വി. ശ്രീധരൻ	അസി. എൻജിനീയർ. ഡി.പി.
ഡോ. കെ.വി. സഖറിയാ	VS, RAIC
ശ്രീമതി റ്റെസി ജോസഫ്	അഗ്രിക്കൾച്ചറൽ ഓഫീസർ
ശ്രീ. എം.എസ്. അലിറാവുത്തർ	അസി. എൻജിനീയർ, ഇറിഗേഷൻ
ശ്രീ. എൻ. സുധാകരൻ	അസി. രജിസ്ട്രാർ, കാഞ്ഞിരപ്പള്ളി
ശ്രീ. കെ.ജെ. തോമസ്	AEE, KSEB
ശ്രീ. കെ. രാജേന്ദ്രനാഥൻ നായർ	TEO PVL
ശ്രീമതി അന്നമ്മ ചാണ്ടി	ഡി.ഡി.പി.ഒ., കാഞ്ഞിരപ്പള്ളി
ശ്രീമതി ത്രേസ്യാമ്മ ജെയിംസ്	ഇൻഡസ്ട്രീയൽ എക്സ്റ്റൻഷൻ ഓഫീസർ
ശ്രീ. എം.പി. ശശിധരൻനായർ,	ഡ. തഹസീൽദാർ
ശ്രീ. പി.ജെ. തോമസ്	മാനേജർ SIB
ശ്രീ. ജോസഫ് തോമസ്	മാനേജർ ഫെഡറൽ ബാങ്ക്
ശ്രീ. കെ.ജി. സുകുമാരൻനായർ	AR (A) കാഞ്ഞിരപ്പള്ളി
ശ്രീ. എൻ.ആർ. കെ. മേനോൻ	മാനേജർ BOB
ശ്രീ. കെ.കെ. സോമനാഥൻ	GEO ബ്ലോക്ക് ഓഫീസ്
ശ്രീ. റ്റി.എ. എബ്രഹാം	മാനേജർ IOB
ശ്രീ. പി.സി. ജോസഫ്	മാനേജർ, SBT
ഡോ. വി.എ. ജോസ്	സീനിയർ വെറ്റിനറി സർജൻ
ശ്രീ. വി.കെ. അബ്ദുൾ ജബ്ബാർ	ATSO
ശ്രീ. കെ.എം. മാത്യു	KSHB

നല്ലൊരു നാളെയ്ക്കു വേണ്ടി.....


നല്ലൊരു നാളെയ്ക്കു വേണ്ടി.....
അധികാരം ജനങ്ങളിലേയ്ക്ക് എന്ന മഹത്തായ
മുദ്രാവാക്യവുമായി ജനകീയാസൂത്രണപ്രസ്ഥാനം
മുന്നേറുകയാണ്.

നമ്മുടെ രാഷ്ട്രപിതാവ് മഹാത്മജി വിഭാവനം ചെയ്ത
ഗ്രാമസ്വരാജ് എന്ന സങ്കല്പം യാഥാർത്ഥ്യമാകുന്നു.
അത്യുന്നതങ്ങളിൽ കേന്ദ്രീകൃതമായിരുന്ന
അധികാരം താഴേത്തട്ടിലേയ്ക്ക് പങ്കുവയ്ക്കപ്പെടുന്നു.

ഗ്രാമങ്ങളുടെ ഹൃദയതുടിപ്പുകൾക്കിണങ്ങിയ
പദ്ധതികൾക്ക് രൂപം നൽകപ്പെടുന്നു.

വികസനോന്മുകമായ ഇത്തരം പദ്ധതികളുടെ
നടത്തിപ്പിലെ വിവിധ ഘട്ടങ്ങൾ നിരീക്ഷണ വിധേയ
മാക്കുന്നു, പോരായ്മകൾ പരിഹരിക്കപ്പെടുന്നു.

തുറന്ന കൈകളുമായി ജനപ്രതിനിധികൾ
സേവന രംഗത്തിറങ്ങുന്നു. ഗ്രാമങ്ങൾ ഉണരുന്നു.
ഗ്രാമീണർ ഇളകുന്നു.
ആവേശത്തോടെ ആഹ്ലാദത്തോടെ
പോരാത്ത വിഭവങ്ങൾ സമാഹരിക്കുന്നു.
അർഹമായതു വാങ്ങിയെടുക്കുന്നു.
ഇവിടെ അധികാരം പങ്കുവയ്ക്കപ്പെടുന്നു.
കാഹളധ്വനികൾ ഉയരുന്നു.
ഭാരതത്തിന്റെ ആത്മാവുണരുകയായി.
വരുന്ന തലമുറയ്ക്ക് നമുക്ക് സമ്മാനിക്കാം
ഐശ്വര്യസമൃദ്ധമായൊരു കേരളം.



സാലി ചെറിയാൻ

ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്

പൊതുവിവരങ്ങളും ഭരണപരമായ ചരിത്രവും

പഞ്ചായത്തിന്റെ പേര്	:-	കാഞ്ഞിരപ്പള്ളി
പഞ്ചായത്തിൽ ഉൾപ്പെടുന്ന റവന്യൂ വില്ലേജുകൾ	:-	കാഞ്ഞിരപ്പള്ളി, കൂവപ്പള്ളി
ബ്ലോക്കു പഞ്ചായത്ത്	:-	കാഞ്ഞിരപ്പള്ളി
താലൂക്ക്	:-	കാഞ്ഞിരപ്പള്ളി
ജില്ല	:-	കോട്ടയം
അസംബ്ലി മണ്ഡലം	:-	കാഞ്ഞിരപ്പള്ളി
വിസ്തീർണ്ണം	:-	64. ച.കി.മീ.
ജനസംഖ്യ	:-	37,017 (1991 ലെ സെൻസസ് പ്രകാരം)
വാർഡുകളുടെ എണ്ണം	:-	14
പ്രസിഡൻറ്	:-	ശ്രീ. സാലി ചെറിയാൻ
വൈസ്പ്രസിഡൻറ്	:-	ശ്രീമതി ആൻസമ്മ സെബാസ്റ്റ്യൻ
സ്റ്റാൻഡിംഗ്കമ്മിറ്റി ചെയർപേഴ്സൺ	:-	ശ്രീമതി നെസിഹത്ത് ബഷീർ
വാർഡു മെമ്പറന്മാർ:-		
1-ാം വാർഡ്	:-	ശ്രീ. ബേബി വട്ടയ്ക്കാട്ട്
2-ാം വാർഡ്	:-	ശ്രീ. എം.ആർ. ഗോപാലകൃഷ്ണൻ നായർ
3-ാം വാർഡ്	:-	ശ്രീമതി സാലി ജേക്കബ്
4-ാം വാർഡ്	:-	ശ്രീ. ജേക്കബ് ജോസ്
5-ാം വാർഡ്	:-	ശ്രീ. സാലി ചെറിയാൻ
6-ാം വാർഡ്	:-	ശ്രീമതി നെസീഹത്ത് ബഷീർ
7-ാം വാർഡ്	:-	ശ്രീ. കെ.എം. മുഹമ്മദ് ഇസ്മായിൽ
8-ാം വാർഡ്	:-	ശ്രീ. റ്റി.എസ്. മുഹമ്മദ് സലീം
9-ാം വാർഡ്	:-	ശ്രീ. തോമസ് ജോസഫ്
10-ാം വാർഡ്	:-	ശ്രീമതി ആൻസമ്മ സെബാസ്റ്റ്യൻ
11-ാം വാർഡ്	:-	ശ്രീമതി ബീനാ പോപ്പച്ചൻ
12-ാം വാർഡ്	:-	ശ്രീ. എം.ജി. സാബു
13-ാം വാർഡ്	:-	ശ്രീ. കെ.ആർ. തങ്കപ്പൻ
14-ാം വാർഡ്	:-	ശ്രീമതി ലതാ എബ്രഹാം


ഉള്ളടക്കം

1. വികസനത്തിലേയ്ക്ക്.....15
2. ചരിത്രപശ്ചാത്തലം.....19
3. ഭൂപ്രകൃതി.....27
4. കൃഷിയും ജലസേചനവും.....30
5. മൃഗസംരക്ഷണം.....34
6. വ്യവസായം.....37
7. ഊർജ്ജം.....42
8. ഗതാഗതം.....43
9. പാർപ്പിടം.....46
10. പൊതുജനാരോഗ്യം.....51
11. കുടിവെള്ളം.....53
12. വിദ്യാഭ്യാസം.....55
13. സംസ്കാരം.....61
14. പട്ടികജാതി പട്ടികവർഗ്ഗക്ഷേമം.....66
15. വനിതാക്ഷേമം.....69
16. സഹകരണം.....72
17. യുവജനക്ഷേമം, സ്പോർട്ട്സ്.....76
18. ടൂറിസം.....79
19. വിഭവസമാഹരണം.....81



വികസനത്തിലേയ്ക്ക്.....

ആമുഖം



ബാബു പൂതക്കുഴി
കൺവീനർ.
ജനകീയാസൂത്രണ സമിതി

ഒൻപതാം പഞ്ചവത്സരപദ്ധതി പടിവാതിൽക്കൽ എത്തിക്കഴിഞ്ഞു. നാടും നഗരവുമെല്ലാം ഉണർന്നുകഴിഞ്ഞു, പുതിയൊരുത്സാഹവും പുത്തനൊരാവേശവുമായി! നൂറ്റാണ്ടുകൾക്കുമുൻപേ കനകപ്പള്ളിയായിരുന്ന കാഞ്ഞിരപ്പള്ളി പൂർവ്വൈശ്വര്യപ്രതാപങ്ങൾ വീണ്ടെടുക്കുമെന്ന ദൃഢനിശ്ചയത്തോടെ `വികസനത്തിലേയ്ക്ക്' എന്ന മുദ്രാവാക്യവുമായി ഇരുപത്തൊന്നാം നൂറ്റാണ്ടിനെ സ്വാഗതം ചെയ്യുവാനുള്ള തയ്യാറെടുപ്പിലാണ്.

അംബരചുംബികളുടെ അകത്തളങ്ങളിൽ ആലസ്യത്തിലാണ്ട അധികാരപ്രഭുക്കന്മാർ ആടയുടയാടകൾ അണിയിച്ചൊരുക്കി ആവശ്യമറിയാതെ ആവിഷ്കരിച്ചിരുന്ന ആസൂത്രണപദ്ധതികൾക്ക് അക്ഷരാർത്ഥത്തിൽ അപജയം സംഭവിച്ചുപോയി. നാടിനു നടപ്പാക്കാനാവാത്ത പദ്ധതികൾ നാട്ടിൻപുറങ്ങളിലും നഗരങ്ങൾക്കനുയോജ്യമല്ലാത്ത പദ്ധതികൾ നഗരങ്ങളിലും പ്രാവർത്തികമാക്കുവാൻ ശ്രമിച്ചതിലെ പാകപ്പിഴകളും പാളിച്ചകളും നാമെത്ര കണ്ടുകഴിഞ്ഞു.

കാർഷികരംഗത്ത് കേരളത്തിനുതന്നെ മാതൃകയായി വിപ്ലവാത്മകമായ ആശയങ്ങൾ പ്രവൃത്തിപഥത്തിലെത്തിച്ച കാഞ്ഞിരപ്പള്ളി,

സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ നുകത്തിൻകീഴിൽനിന്നും ഭാരതജനതയെ വിമോചിപ്പിച്ച് വീരേതിഹാസം രചിച്ച അവിസ്മരണീയരായ ത്യാഗികളുടെ നാടായ കാഞ്ഞിരപ്പള്ളി,

ഹൈന്ദവ, മുസ്ലീം, ക്രിസ്ത്യൻ മതവിശ്വാസികൾ ഏകോദരസഹോദരങ്ങളേപ്പോലെ സഹിഷ്ണുതയോടും സഹവർത്തിത്തത്തോടും സൗഹാർദ്ദതയോടുംകൂടി ഒരുമയോടെ വസിച്ചിരുന്ന സംസ്കാരസമ്പന്നയായ കാഞ്ഞിരപ്പള്ളി, ക്രമാതീതമായി സമ്പത്ത് കേന്ദ്രീകരിക്കപ്പെട്ട ഭൂപ്രഭുക്കളുടെ ദുഷ്ചെയ്തികളിൽ പൊറുതിമുട്ടിയ സാധാരണ തൊഴിൽവിഭാഗങ്ങളെ സംഘടിതശക്തിയുടെ മഹത്വമറിയിച്ച മുന്നേറ്റങ്ങൾക്ക് തുടക്കമിട്ട കാഞ്ഞിരപ്പള്ളി, ഇന്ന്, അതിദ്രുതം പുരോഗമിക്കുന്ന അയൽപ്രദേശങ്ങളോടൊപ്പം അണിചേരുകയാണ്.

കാഞ്ഞിരപ്പള്ളി താലൂക്കിന്റെ ആസ്ഥാനമെന്ന നിലയിൽ ഇതരപഞ്ചായത്തുകളേക്കാൾ പ്രാമുഖ്യമുള്ള കാഞ്ഞിരപ്പള്ളിഗ്രാമപഞ്ചായത്ത് അടിയന്തിരമായി പരിഹൃതമാവേണ്ട ഒട്ടേറെ പ്രശ്നങ്ങളെ അഭിമുഖീകരിക്കുകയാണ്. ലഭ്യമായ കുടിവെള്ളത്തിന്റെ വിതരണത്തിലെ അപര്യാപ്തത, മതിയായവോൾട്ടേജിൽ ഊർജ്ജത്തിന്റെ അഭാവം, ഗതാഗതസൗകര്യങ്ങളുടെ കുറവ്, ഉന്നത സാങ്കേതികവിദ്യാഭ്യാസസ്ഥാപനങ്ങളുടെ അഭാവം, ആധുനികസജ്ജീകരണങ്ങളുള്ള ആതുരാലയങ്ങളുടെ അഭാവം, പരിസ്ഥിതി മലിനീകരണപ്രശ്നങ്ങൾ, ടൂറിസസാധ്യതകൾ പ്രയോജനപ്പെടുത്താത്തത്, അസംസ്കൃത വസ്തുക്കൾ സുലഭമാണെങ്കിലും റബ്ബർ അധിഷ്ഠിതവ്യവസായങ്ങൾ ഇല്ലാത്തത്, താലൂക്കാസ്ഥാനത്ത് വിവിധ സർക്കാർ പൊതുമേഖലാസ്ഥാപനങ്ങളെ അധിവസിപ്പിക്കുന്നതിനും, കാഞ്ഞിരപ്പള്ളിയുടെ വൻവികസനത്തിനു സഹായിക്കുന്നതുമായ റവന്യൂടവർ നിർമ്മിക്കാത്തത് എന്നിങ്ങനെ അനേകം പ്രശ്നങ്ങൾക്കും സാധ്യതകൾക്കും പരിഹാരമുണ്ടാവേണ്ടതുണ്ട്.

ലഭ്യമായ വിഭവങ്ങളിലൊതുങ്ങിനിന്നുകൊണ്ട് ജനകീയാവശ്യങ്ങൾക്ക് ജനങ്ങൾ തന്നെ പരിഹാരം നേടുന്ന പ്രക്രിയയാണ് ജനകീയാസൂത്രണ പ്രസ്ഥാനം. ഗ്രാമപഞ്ചായത്തുസംവിധാനത്തിലെ അടിസ്ഥാനഘടകമായ ഗ്രാമസഭകൾ ചേർന്ന് പ്രശ്നങ്ങളും സാധ്യതകളും അവലോകനം നടത്തി പരിഹാരമാർഗ്ഗങ്ങൾ തേടിയതോടെ 9-ാം പഞ്ചവത്സരപദ്ധതിക്കുള്ള തയ്യാറെടുപ്പ് ആരംഭിക്കുകയായി. കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്തിലെ വിവിധഗ്രാമസഭകളിൽ ഉയർന്നു വന്ന സുപ്രധാന നിർദ്ദേശ

ങ്ങൾ വിഷയ ഗ്രൂപ്പുകളുടെ അടിസ്ഥാനത്തിൽ വിശദമായ റിപ്പോർട്ടുകളുടെ രൂപത്തിൽ ഉള്ളടക്കം ചെയ്തിട്ടുണ്ട്. അവയിൽ പ്രാമുഖ്യമുള്ളവയിൽ ചിലത് ചുവടെ ചേർക്കുന്നു.

കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്തിലെ കൃഷിക്കനുയോജ്യമായ ആകെ 5316.60 ഹെക്ടർ സ്ഥലത്തിൽ 4803.0 ഹെക്ടറും റബ്ബർകൃഷിക്കായി വിനിയോഗിക്കപ്പെട്ടിരിക്കുന്നു. ശരാശരി റബ്ബർ ഉൽപാദനത്തിൽ കാഞ്ഞിരപ്പള്ളി മുന്നിലാണെന്നത് അഭിമാനകരമായ വസ്തുതയാണ്. വേനൽക്കാലത്ത് ജലസേചനം നൽകിയാൽ റബ്ബർ ഉൽപാദനം വീണ്ടും വർദ്ധിപ്പിക്കാവുന്നതാണ്. റബ്ബർകൃഷി വ്യാപകമായതോടെ തെങ്ങ്, കവുങ്ങ്, കുരുമുളക്, ജാതി, ഗ്രാമ്പൂ, കൊക്കോ, കപ്പ, ഇഞ്ചി, ചേന, ചേമ്പ്, കാച്ചിൽ തുടങ്ങിയ കൃഷികൾ അപ്രത്യക്ഷമായിരിക്കുന്നു. പച്ചക്കറികൃഷി കാണാനേയില്ല. ഇടത്തരക്കാരുടെയും സമ്പന്നരുടെയും വീടുകളിൽ ഓർക്കിഡ്, ആന്തൂറിയം, തുടങ്ങിയ പൂച്ചെടികളുടെ കൃഷിക്ക് പ്രചാരം ലഭിച്ചു കാണുന്നു.

അത്യുല്പാദനശേഷിയുള്ള കന്നുകാലി സമ്പത്തിനു പ്രസിദ്ധമായ കാഞ്ഞിരപ്പള്ളി ഇന്നും ഈ രംഗത്ത് പിന്നിലല്ലാ. ജംനാപാരി ആടുകൾ, നല്ലയിനം പന്നികൾ, വിവിധയിനം കോഴികൾ, മുയലുകൾ, തേനീച്ച, കൂൺ കൃഷി എന്നിവയും പട്ടുനൂൽപ്പുഴു വളർത്തലും വ്യാപകമാകുന്നുണ്ട്. കേരള കാർഷിക യൂണിവേഴ്സിറ്റി റബ്ബർകൃഷി അധിഷ്ഠിതമായുള്ള ഗവേഷണ കേന്ദ്രവും ആധുനിക മണ്ണുപരിശോധനാ ലാബറട്ടറിയും കാഞ്ഞിരപ്പള്ളിയിൽ സ്ഥാപിക്കേണ്ടതാണ്. റബ്ബറിന്റെ ഇന്ത്യയിലെതന്നെ ഏറ്റവും പ്രമുഖ ഉല്പാദന മേഖലയായ കാഞ്ഞിരപ്പള്ളിയിലെ റബ്ബർകർഷകർ ദശാബ്ദങ്ങളായി അനുഭവിച്ചുവരുന്ന ഉത്തരേന്ത്യൻ വ്യവസായ ലോബിയുടെയും കേന്ദ്രസർക്കാരിന്റെയും അവഗണനക്കും അവഹേളനങ്ങൾക്കുമെതിരെ റബ്ബർ കർഷകരെ ബോധവാന്മാരാക്കുന്നതിനും ആധുനിക റബ്ബർ ഗവേഷണ ഫലങ്ങൾ അവരിൽ എത്തിക്കുന്നതിനും അതിലൂടെ അവരെ ചൂഷണവിമുക്തമാക്കുന്നതിനും ഗ്രാമപഞ്ചായത്തടിസ്ഥാനത്തിൽ ഒരു ഗവേഷണ, ബോധവൽക്കരണകേന്ദ്രം സ്ഥാപിക്കേണ്ടതാണ്.

വിദ്യാഭ്യാസരംഗത്ത് വളരെയേറെ തിളക്കമുള്ള പാരമ്പര്യത്തിനുടമയാണ് കാഞ്ഞിരപ്പള്ളി. യശ്ശഃശ്ശരീരരായ മാർ മാത്യു കാവുകാട്ടു തിരുമേനി, ഭാരത കേസരി മന്നത്ത് പത്മനാഭൻ തുടങ്ങി ഒട്ടേറെ പ്രശസ്ത മഹത്വ്യക്തികളുടെ സേവനം ലഭിച്ച നാടാണിത്. ഉന്നത നിലവാരമുള്ള ധാരാളം പ്രതിഭകളെ ഒരുക്കിയെടുത്തിട്ടുള്ള വിദ്യാലയങ്ങളാൽ നമ്മുടെ നാട് അനുഗ്രഹീതയാണ്. ഗ്രാമപ്രദേശങ്ങളിലെ പല സ്കൂളുകളും പോരായ്മകളിൽ ബുദ്ധിമുട്ടുന്നുണ്ട്. 21-ാം നൂറ്റാണ്ട് പൂർണ്ണമായും കമ്പ്യൂട്ടർ കേന്ദ്രീകൃതമാവുന്നതു മുന്നിൽ കണ്ടുകൊണ്ട് വിദ്യാലയങ്ങളിൽ കമ്പ്യൂട്ടർ പരിശീലനം ഏർപ്പെടുത്തേണ്ടത് അത്യാവശ്യമായിരിക്കുന്നു. പതിറ്റാണ്ടുകളായി വിദ്യാലയങ്ങളിൽ രൂഢമൂലമായിരുന്ന ഗുരുശിഷ്യബന്ധത്തിനും ധാർമ്മികബോധത്തിനും ആധുനികതയുടെ അതിപ്രസരം മൂല്യച്യുതി സംഭവിക്കുവാനിടയാക്കിയിരിക്കുന്നു. 21-ാം നൂറ്റാണ്ടിൽ പ്രാമുഖ്യം നേടുന്ന ഇൻഫർമേഷൻ ടെക്നോളജി വിദ്യാഭ്യാസമേഖലയിൽ പാഠ്യവിഷയമാക്കണം.

വ്യാവസായികമായി ഒന്നും നേടാത്ത കാഞ്ഞിരപ്പള്ളിയിൽ റബ്ബർ അധിഷ്ഠിത വ്യവസായങ്ങളുടെ ഒരു ശൃംഖലയ്ക്കുതന്നെ രൂപം നൽകേണ്ടിയിരിക്കുന്നു. ഇതിനോടകം വികസിപ്പിച്ചെടുത്തിട്ടുള്ള നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് വൻവ്യവസായസംരഭങ്ങൾക്ക് തുടക്കം കുറിക്കണം. റബ്ബർ റിസർച്ച് ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ച് റബ്ബർ കർഷകർക്ക് നൂതന സാങ്കേതികവിദ്യകൾ കൈമാറണം. ഉന്നതസാങ്കേതിക ജ്ഞാനം നേടിയിട്ടുള്ളവരുടെ വിഭവശേഷി പ്രയോജനപ്പെടുത്തിയുള്ള കംപ്യൂട്ടർവ്യവസായങ്ങൾക്കും സാധ്യതയുണ്ട്. മേലരുവി - കരിമ്പുകയം പദ്ധതികൾ ടൂറിസം വ്യവസായത്തിനും സാധ്യത നൽകുന്നു. ശാസ്ത്രീയമായി സംസ്കരിച്ച മാംസകയറ്റുമതി, റബ്ബർതടി കയറ്റുമതി, നാണ്യവിള കയറ്റുമതി, മനുഷ്യവിഭവശേഷി കയറ്റുമതി എന്നിവക്കും മോട്ടോർവാഹന യന്ത്രോപകരണ നിർമ്മാണത്തിനും കാഞ്ഞിരപ്പള്ളിയിൽ ഒട്ടേറെ സാധ്യതകളുണ്ട്. വ്യവസായസംരംഭങ്ങൾക്ക് മതിയായ വോൾട്ടേജോടെ വൈദ്യുതി ലഭ്യമാക്കാനുള്ള നടപടികൾ അടിയന്തിര പ്രാധാന്യമർഹിക്കുന്നു. അനെർട്ട് തുടങ്ങിയ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഊർജ്ജലഭ്യതക്ക് ഇതര പാരമ്പര്യേതര മാർഗ്ഗങ്ങൾ തേടാവുന്നതാണ്. മേലരുവിയിൽ ഒരു മിനി വൈദ്യുതപദ്ധതിക്കും നിർദ്ദേശമുണ്ട്.

കോട്ടയം - കുമളി, ഈരാറ്റുപേട്ട - എരുമേലി, കാഞ്ഞിരപ്പള്ളി - എലിക്കുളം, കാഞ്ഞിരപ്പള്ളി - മണിമല റോഡുകൾ കടന്നുപോകുന്ന കാഞ്ഞിരപ്പള്ളിയിൽ ഇനിയും ഗതാഗതസൗകര്യങ്ങൾ എത്താത്ത മേഖലകളുണ്ട്. അടുത്ത 5 വർഷത്തെ വാഹനവർദ്ധനവിന്റെ ഗതി വിലയിരുത്തിയാൽ നിലവിലുള്ള റോഡുകൾ തീരെ അപര്യാപ്തമാവുമെന്ന വസ്തുത പരിഗണിച്ച് K.K. റോഡിന് സമാന്തര റോഡു നിർമ്മിക്കേണ്ടതാണ്. റോഡുകളുടെ യഥാവസരത്തിലുള്ള അറ്റകുറ്റപണികൾ അടിയന്തിര ശ്രദ്ധ പതിയേണ്ടമേഖലയാണ്. റെയിൽ ഗതാഗതം ഇന്നും വിദൂരസ്വപ്നമായി അവശേഷിക്കുന്നു. നിർദ്ദിഷ്ട കോട്ടയം - ശബരിലൈനും, അങ്കമാലി - ശബരിമല - ഡിൻഡിഗൽ ലൈനും കാഞ്ഞിരപ്പള്ളി വഴി കടന്നുപോകുമെന്ന സ്വപ്നം സാക്ഷാത്കരിക്ക

പ്പെട്ടാൽ അതു കാഞ്ഞിരപ്പള്ളിയുടെ കാർഷിക, വ്യാവസായിക, വ്യാപാര മേഖലകളിൽ അഭൂർപൂർവ്വമായ ഒരു കുതിച്ചുചാട്ടത്തിനു ഇടയാക്കുമെന്നതിൽ രണ്ടുപക്ഷമില്ല.

ഭവനനിർമ്മാണ രംഗത്തെ നൂതനശൈലികൾ ആദ്യം പ്രാവർത്തികമാക്കപ്പെടുന്നതു കാഞ്ഞിരപ്പള്ളിയിലാണ്. പുരാതനവാസ്തുശില്പചാതുരിയും ആധുനികസാങ്കേതിക ജ്ഞാനവും കോർത്തിണക്കിയും, ചെലവുകുറഞ്ഞ നിർമ്മാണരീതികൾ അവലംബിച്ചും ഭവനങ്ങൾ നിർമ്മിക്കപ്പെടുന്നു. കോടികൾ ചെലവഴിച്ചുള്ളവയും കോടികഴുക്കോലുകൾ ഇല്ലാത്തവയും, കോപ്പുകളേതുമില്ലാത്ത കൊച്ചുകുടിലുകളും ഇവിടുണ്ട്. ആറ്റുപുറമ്പോക്കിലും തോട്ടുപുറമ്പോക്കിലുമുള്ളവരുടെ പുനരധിവാസം നടത്തേണ്ടതുണ്ട്. കെട്ടിടനിർമ്മാണ സാധനങ്ങളുടെ ഉൽപാദനവും ചെലവുകുറഞ്ഞ നിർമ്മാണരീതികളും പ്രോത്സാഹിക്കപ്പെടേണ്ട മേഖലകളാണ്.

ആരോഗ്യപരിപാലന രംഗത്ത് ചെറുതും വലുതുമായ ഒട്ടേറെ സ്ഥാപനങ്ങളുണ്ടെങ്കിലും, സ്വകാര്യമേഖലയിൽ, യാതൊരു നിയന്ത്രണങ്ങളുമില്ലാത്ത ഇവയുടെ സേവനം സാധാരണക്കാർക്ക് അപ്രാപ്യമായിരിക്കുന്നു. പഞ്ചായത്തതൃത്തിയിലുള്ള പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ ആധുനികസജ്ജീകരണങ്ങളേർപ്പെടുത്തി വികസിപ്പിക്കേണ്ടതാണ്. കാഞ്ഞിരപ്പള്ളിയുടെ ഐശ്വര്യപ്രദായിനിയായ ചിറ്റാർ പുഴയുടെ ഇന്നത്തെ ദയനീയ അവസ്ഥക്ക് പരിഹാരം ഉണ്ടാവണം. പല പല പകർച്ചവ്യാധികൾക്കും കാരണമാക്കന്ന ജലമലിനീകരണം തടഞ്ഞേ മതിയാവൂ. ഏതാണ്ട് 80% പേരും അലർജിരോഗങ്ങൾക്ക് അടിമകളാകുന്ന സാഹചര്യം കണക്കിലെടുത്ത് സർക്കാരിന്റെ ഒരു അലർജി ഗവേഷണചികിത്സാകേനദ്രം കാഞ്ഞിരപ്പള്ളിയിൽ സ്ഥാപിക്കണം.

ഏതാനും മേഖലകളിൽ കുടിവെള്ളം സുലഭമാണ്. കരിമ്പുകയം, മേലരുവി, കപ്പാട്, മണങ്ങല്ലൂർ, 1-ാംമൈൽ, വണ്ടനാമല ജലവിതരണപദ്ധതികൾ കാര്യക്ഷമമാക്കിയും നിലവിലുള്ള കുളങ്ങൾ, കിണറുകൾ എന്നിവ പുനരുദ്ധരിച്ചും ഏതാനും ചെക്കുഡാമുകൾ നിർമ്മിച്ചും കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്. മുട്ടം മലങ്കര എസ്റ്റേറ്റിലൂടെ പോകുന്ന കനാൽ ഈരാറ്റുപേട്ട വഴി കാഞ്ഞിരപ്പള്ളിക്ക് ദീർഘിപ്പിക്കുകയോ, നിർദ്ദിഷ്ട മീനച്ചിൽ നദീതട പദ്ധതിപ്രകാരമുള്ള കനാൽ കാഞ്ഞിരപ്പള്ളിക്കു ദീർഘിപ്പിക്കുകയോ ചെയ്താൽ ജലപ്രശ്നം ശാശ്വതമായി പരിഹരിക്കാനാവും.

വികലാംഗർ, ബുദ്ധിമാന്ദ്യം സംഭവിച്ചവർ, അന്ധർ, ബധിരർ എന്നിവർക്കായുള്ള സ്ഥാപനങ്ങൾ നമ്മുടെ നാട്ടിൽ സ്തുത്യർഹമായി പ്രവർത്തിക്കുന്നുണ്ട്. എങ്കിലും ഒരു നിശ്ചിത പ്രായപരിധിക്കപ്പുറം ഇക്കൂട്ടരെ പരിരക്ഷിക്കുന്നതിന് സംവിധാനങ്ങൾ ഒന്നും തന്നെ ഈ പഞ്ചായത്തിലില്ല. ഇക്കൂട്ടർക്ക് തൊഴിൽ പരിശീലനം നൽകി പുനരധിവസിപ്പിക്കണം. മാനസികവൈകല്യം ബാധിച്ച മനോരോഗികളെ പുനരധിവസിപ്പിക്കുകയും, വൃദ്ധജന പുനരധിവാസകേന്ദ്രം, വനിതകൾക്ക് അധിവാസകേന്ദ്രം എന്നിവ സ്ഥാപിക്കുകയും വേണം.

പൊതുവെ എല്ലാ മേഖലകളിലും സ്ത്രീകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുവെങ്കിലും സാമൂഹ്യക്ഷേമ, സന്നദ്ധസേവനരംഗങ്ങളിൽ അവരുടെ കൂടുതൽ പങ്കാളിത്തം ഉറപ്പുവരുത്തണം.

കേരളത്തിലേ ഏറ്റവും വലുത് എന്നു കേൾക്കുമ്പോഴെ കാഞ്ഞിരപ്പള്ളിയുടെ നാമം നാവിലുദിച്ചിരുന്ന ഒരു കാലം ഉണ്ടായിരുന്നു. കൂട്ടായ മാർഗ്ഗത്തിലൂടെ കൂടുതൽ നേട്ടങ്ങൾക്കായി പ്രവർത്തിക്കുന്ന കാഞ്ഞിരപ്പള്ളിയിലെ സഹകരണസ്ഥാപനങ്ങൾ ഇതര പൊതുമേഖലാ, സ്വകാര്യമേഖലാ ബാങ്കിംഗ് സ്ഥാപനങ്ങളുടെ കടന്നുകയറ്റ ഭീഷണിയെ നേരിടാൻ ബുദ്ധിമുട്ടുകയാണ്. നാട്ടാർ നാലു കാശ് മിച്ചം വയ്ക്കുന്നത് നാട്ടിൽതന്നെ വിനിയോഗിക്കപ്പെട്ട് നാടിന് പ്രയോജനപ്പെടുത്തണമെങ്കിൽ സഹകരണബാങ്കുകൾ കൂടുതൽ ബോധവൽക്കരണപ്രചാരണ പ്രവർത്തനങ്ങൾ നടത്തണം. നാട്ടിൽനിന്നും സമാഹരിക്കുന്ന നിക്ഷേപ തുകകൾ അയൽനാടുകളിലേക്കും അന്യസംസ്ഥാനങ്ങളിലേക്കും കയറ്റുമതി ചെയ്യുന്നത് തടഞ്ഞേ മതിയാവൂ. ബാങ്കുകളുടെ വായ്പാനിക്ഷേപ അനുപാതം നിലവിൽ നാടിനു ഗുണകരമല്ല. മീനച്ചിൽ സഹകരണ കാർഷിക വികസനബാങ്കും, മീനച്ചിൽ ഈസ്റ്റ് അർബൻ സഹകരണബാങ്കും താലൂക്കടിസ്ഥാനത്തിൽ ബൈഫർക്കേറ്റ് ചെയ്യേണ്ടത് ഈ നാടിന്റെ ഒരടിയന്തിര ആവശ്യമായി കാണണം. സഹകരണനിയമം അടിമുടി മാറ്റിയെഴുതണം. സൃഷ്ടിസ്ഥിതി സംഹാരമൂർത്തിയായ സഹകരണ രജിസ്ട്രാറുടെ അനാവശ്യ നിയന്ത്രണാധികാരങ്ങൾ ഒഴിവാക്കി അംഗങ്ങളുടെ പൊതുയോഗത്തിന് കൂടുതൽ അധികാരങ്ങൾ നൽകിയേ മതിയാവൂ. ഇതര സംസ്ഥാനങ്ങൾ പലതും ഇതിനു തുടക്കമിട്ടു കഴിഞ്ഞു. സഹകരണ മേഖലയിൽ പല വ്യവസായ സംരഭങ്ങൾക്കും ഇവിടെ സാദ്ധ്യതകളേറെയുണ്ട്.

കായികരംഗത്ത് വളരെ പ്രശസ്തമായിരുന്ന കാഞ്ഞിരപ്പള്ളിയുടെ പ്രശസ്തി ഇന്ന് നിലനിർത്തുന്നത് കോരുത്തോട്, കരിയ്ക്കാട്ടൂർ എന്നീ രണ്ടു നാട്ടിൻപുറങ്ങളിൽ ഈ രംഗത്ത് സർവ്വാത്മനാ പ്രവർത്തിക്കുന്ന രണ്ടേ രണ്ടു മഹത്വ്യക്തികളുടെ ത്യാഗത്തിന്റെയും സമർപ്പണത്തിന്റെയും ഫലമാണ്. കോമൺസ് ക്ലബ്ബ്, ജനതാ ക്ലബ്ബ്, എലൈറ്റ് ക്ലബ്ബ്, ക്ലമൻസ് ക്ലബ്ബ് എന്നിവ ഈ രംഗത്ത് പ്രവർത്തിക്കു

ന്നുവെങ്കിലും അവ വേണ്ട വിധത്തിൽ പരിപോഷിപ്പിക്കപ്പെടണം. സ്കൂൾ തല വിദ്യാഭ്യാസം പൂർത്തിയാക്കുന്ന യുവജനങ്ങൾക്ക് തങ്ങളുടെ കായികകഴിവുകൾ മെച്ചപ്പെടുത്തുന്നതിന് അനുയോജ്യമായ യാതൊരുവിധ സംവിധാനങ്ങളും ഇന്ന് നിലവിലില്ല. താലൂക്കാസ്ഥാനമായ കാഞ്ഞിരപ്പള്ളിയിൽ എല്ലാവിധ ആധുനിക സജ്ജീകരണങ്ങളോടും കൂടിയ ഒരു സ്പോർട്ട്സ് കോംപ്ലക്സ് സ്ഥാപിക്കണം. ഗ്രാമപഞ്ചായത്തും ബ്ലോക്കു പഞ്ചായത്തും, ജില്ലാ പഞ്ചായത്തും സംയുക്തമായി പദ്ധതി രൂപകൽപന ചെയ്ത് അടിയന്തിര മുൻഗണന നൽകി ഈ പദ്ധതി നടപ്പിലാക്കേണ്ടതാണ്.

നൂറ്റാണ്ടുകൾക്കു മുമ്പേ കുലീനമായ ഒരു സംസ്കാരസമന്വയത്തിന്റെ നാടായ കാഞ്ഞിരപ്പള്ളി ഇന്നും മഹത്തായ ആ പാരമ്പര്യം നിലനിർത്തിപ്പോരുന്നു. വിവിധ സമുദായസന്നദ്ധസംഘടനകൾ സംയുക്തമായി ആഘോഷിക്കുന്ന ക്രിസ്തുമസ്, ഈദ്, ഓണം ഫെസ്റ്റുകൾ വിശാലമായ വീക്ഷണത്തിന്റെയും പ്രതീക്ഷാനിർഭരമായ പുതിയൊരു മാനവ സൗഹൃദസംസ്കാരത്തിന്റെയും ആണിക്കല്ലുകൾ തന്നെയാണ്.

ഒരുകാലത്ത് കേരളത്തിലെ പ്രശസ്തരായ സാഹിത്യനായകന്മാർ ഒത്തുകൂടിയിരുന്ന സഹൃദയാവായനശാല അക്കാലത്ത് ഏറ്റവും പ്രശസ്തനിലയിലായിരുന്നു. ഇന്ന് കേരളത്തിലെ പുസ്തകപ്രസാധക രംഗത്തെ മുടിചൂടാമന്നനായ ശ്രീ. ഡി.സി. കിഴക്കേമുറി തുടങ്ങിയവർ നട്ടുനനച്ചു വളർത്തിയെടുത്ത പ്രസ്ഥാനം ഇന്ന് പുരാവസ്തു ശേഖരണവകുപ്പിന് ഏൽപ്പിച്ചുകൊടുക്കാവുന്ന അവസ്ഥയിലായിരിക്കുന്നു. കാഞ്ഞിരപ്പള്ളിക്കാർ പൊതുവെ വായനാശീലമേറിയവരാണ്. എല്ലാ ദിനപത്രങ്ങൾക്കും സാമാന്യം വ്യാപകമായ പ്രചാരവുമുണ്ട്. എന്നാൽ ടൈംസ് ഓഫ് ഇന്ത്യ പോലുള്ള ദിനപത്രങ്ങൾ വരിസംഖ്യാനിരക്ക് കുറച്ചുകൊണ്ടുവരികയും മലയാള ഭാഷാപത്രങ്ങൾ നിരക്കു വർദ്ധിപ്പിക്കുകയും ചെയ്യുന്നത് നീതീകരിക്കുവാനാകുന്നില്ല. വസ്തുനിഷ്ഠമായി വിലയിരുത്തിയാൽ ഇന്ന് പത്രവരിസംഖ്യ സാധാരണക്കാരന് താങ്ങാനാവുന്നതിലേറെയാണ്. പൊതു വായനാശാലകളേക്കാൾ സജ്ജീകൃതമായ സ്വകാര്യ ലൈബ്രറികൾ കാഞ്ഞിരപ്പള്ളിയിലെ പല വീടുകളിലുമുണ്ട് എന്നത് യാഥാർത്ഥ്യം മാത്രമാണ്.

കമ്പ്യൂട്ടറുകൾ വീടുകളിൽ വ്യാപകമായി തുടങ്ങിയിരിക്കുന്നു. ആധുനിക ഓഡിയോ വീഡിയോ സംവിധാനങ്ങളും സമയക്കുറവും പുസ്തകവായനാശീലത്തെ ബാധിച്ചിട്ടുണ്ട്. സമൂഹത്തിലെ എല്ലാത്തട്ടിലുള്ളവരിലും വായനാശീലം കുറഞ്ഞിരിക്കുന്നുവെന്ന് മനസ്സിലാക്കാവുന്നതാണ്.

നമ്മുടെ നാടിന്റെ സംസ്ക്കാരത്തെക്കുറിച്ച് പരാമർശിക്കുമ്പോൾ സ്വതന്ത്രഭാരതസൃഷ്ടിക്കായി സമർപ്പിക്കപ്പെട്ട ത്യാഗികളെ വിസ്മരിക്കാനാവില്ല. ഒരു കാലത്ത് കേരളത്തിലെ കോൺഗ്രസ് പ്രസ്ഥാനത്തിന്റെ അദ്ധ്യക്ഷപദം അലങ്കരിച്ച അക്കാമ്മ വർക്കി തുടങ്ങി എത്ര എത്ര ധീര സേനാനികളെ സ്വാതന്ത്ര്യ സമരപ്രസ്ഥാനത്തിനു സമ്മാനിച്ച നാടാണ് നമ്മുടേത്! നാമിന്ന നുഭവിക്കുന്നതും പലപ്പോഴും ദുർവിനിയോഗം ചെയ്യപ്പെടുന്നതുമായ സ്വാതന്ത്ര്യം നമുക്ക് നേടിത്തന്ന ഈ ദേശസ്നേഹികൾക്ക് തിരെ നാമെന്തുനൽകി? ആണ്ടിലൊരു അനുസ്മരണയെങ്കിലും നടത്തുവാൻ നാം മെനക്കെട്ടിട്ടുണ്ടോ? ഈ പഞ്ചായത്തിലെ സ്വാതന്ത്ര്യ സമരസേനാനികൾക്ക് ഉചിതമായ ഒരു അനുസ്മരണാമണ്ഡപം ഉയർത്തുവാൻ സ്വാതന്ത്ര്യത്തിന്റെ അൻപതാം വർഷത്തിൽ എങ്കിലും ഗ്രാമപഞ്ചായത്ത് തയ്യാറാകേണ്ടതാണ്. അതുപോലെതന്നെ ജീവിതത്തിന്റെ നല്ല പങ്കും രാഷ്ട്രസേവനത്തിനു വിനിയോഗിച്ച് മടങ്ങിയെത്തുന്ന എക്സ്സർവ്വീസുകാരെ മാന്യമായി പുനരധിവസിപ്പിക്കുന്ന പദ്ധതികൾക്കും രൂപം നൽകേണ്ടതാണ്.

ഇങ്ങനെ ഒട്ടേറെ ഒട്ടേറെ പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും ഉരുത്തിരിഞ്ഞുവന്നത് മഹത്തായ ഈ ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ നേട്ടം തന്നെയാണ്. നിർദ്ദിഷ്ട സെൻകമ്മറ്റി റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തുകയും അധികാരവികേന്ദ്രീകരണ പരിഷ്കാരനിർദ്ദേശങ്ങൾ അടിയന്തരമായി നടപ്പിലാക്കുകയും സംസ്ഥാന നിയമനിർമ്മാണം ഒഴികെയുള്ള ചുമതലകൾ അപ്പാടെ ത്രിതല പഞ്ചായത്തു സംവിധാനത്തിലൂടെ നടപ്പിലാക്കുകയും ചെയ്തെങ്കിൽ മാത്രമേ സമ്പൂർണ്ണ ലക്ഷ്യ സാക്ഷാത്കാരം ഉണ്ടാവുകയുള്ളു. യഥാർത്ഥ ആവശ്യക്കാരന് തന്റെ ആവശ്യങ്ങൾ ഉന്നയിച്ച് സാധ്യതകൾ വിലയിരുത്തി പരിഹാരമാർഗ്ഗങ്ങൾ നേടുവാൻ ഇതല്ലാതെന്താണ് മാർഗ്ഗം? 9-ാം പഞ്ചവത്സരപദ്ധതിയിൽ ലഭ്യമാവുന്ന വിഹിത തുക ടി നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ രൂപം നൽകുന്ന പദ്ധതികൾക്കായാണ് വിനിയോഗിക്കപ്പെടുന്നത്. പദ്ധതി വിഹിതത്തിനു പുറമെ സ്വരൂപിക്കപ്പെടാവുന്ന മനുഷ്യവിഭവശേഷി, സാങ്കേതിക വിദഗ്ദ്ധരുടെ സേവനം, മൂലധനസമാഹരണം, സന്നദ്ധസേവനം എന്നീ വിധത്തിൽ കൂടുതലായി വളരെയേറെ മുതൽമുടക്കു ഉറപ്പുവരുത്തി നമ്മുടെ നാടിന്റെ വികസനത്തിനായി വിനിയോഗിക്കുവാൻ നമുക്കാവട്ടെ.

ചരിത്ര പശ്ചാത്തലം

അഭിമാനാർഹമായ സംസ്ക്കാരസമ്പത്തിന്റെ ഉടമയായ ഒരു ജനതയുടെ സംഭവബഹുലമായ ചരിത്രമാണ് കാഞ്ഞിരപ്പള്ളി താലൂക്കിന്റെ ആസ്ഥാനമെന്ന സവിശേഷപദവിയുള്ള കാഞ്ഞിരപ്പള്ളി പഞ്ചായത്തിനേറത്. കോട്ടയം നഗരത്തിൽനിന്നും 40 കി.മീ. കിഴക്ക് കോട്ടയം-കുമളി റോഡിന്റെ ഇരുവശങ്ങളിലുമായി തലയുയർത്തിനില്ക്കുന്ന കുന്നും മലകളും കൊണ്ടുനിറഞ്ഞ ഈ പഞ്ചായത്തിന്റെ തെക്കെ അതിരായി മണിമലയാർ ഒഴുകുന്നു. ഇവിടെ ഉത്ഭവിക്കുന്ന അരുവികളും തോടുകളും മണിമലയാറിനെ പരിപോഷിപ്പിക്കുന്നു. വേണ്ടുവോളം മഴയും അനുകൂല കാലാവസ്ഥയും ഉള്ള ഈ പ്രദേശം മനുഷ്യവാസത്തിന് അനുയോജ്യമാണ്. ഉഷ്ണമേഖലയുടെ സവിശേഷതയും, വളക്കൂറുള്ള മണ്ണും ഇവിടെ റബ്ബർ, കൊക്കോ, നാട്ടുമാവ്, പ്ലാവ്, തെങ്ങ്, ആഞ്ഞിലി ആദിയായ വൃക്ഷങ്ങൾ തഴച്ചുവളരുന്നതിനു സഹായിക്കുന്നു. ഹിതകരമായ കാലാവസ്ഥയുള്ള സസ്യസമൃദ്ധമായ ഈ ഗ്രാമപ്രദേശത്തിന് ആഹ്ലാദപൂർവ്വം പൂർവ്വനിവാസികൾ നൽകിയ കാഞ്ചന(കനക)പ്പള്ളിയെന്ന സംജ്ഞാനാമം കാലാന്തരത്തിൽ രൂപഭേദം വന്ന് കാഞ്ഞിരപ്പള്ളിയെന്ന് ആയിത്തീർന്നതായിരിക്കാമെന്ന് ചിലർ അഭിപ്രായപ്പെടുന്നുണ്ട്. ദേവാലയത്തിനുള്ള സ്ഥാനം നാടുവാഴി കാഞ്ഞിരക്കമ്പു നാട്ടി കാണിച്ചുകൊടുത്തതിനാലാണ് കാഞ്ഞിരപ്പള്ളിയെന്ന സ്ഥലനാമം വന്നതെന്ന വാദം, ഈ പേര് ദീർഘകാലമായി പ്രയോഗത്തിലിരിക്കുന്നതിനാൽ, സ്വീകാര്യമല്ല.

ആദിവാസികൾ

ചരിത്രാതീത കാലത്ത് തനി ആദിദ്രാവിഡവർഗ്ഗത്തിൽപെട്ട ഉള്ളാടർ, ഊരാളികൾ, മലമ്പണ്ടാരങ്ങൾ, വേടർ തുടങ്ങിയവരായിരിക്കണം ഇവിടെ പാർത്തിരുന്നത്. വൻതോതിൽ ദ്രാവിഡരും, ചുരുക്കം ചില ആര്യ സങ്കരവർഗ്ഗക്കാരും ഇവിടെ പല കാലങ്ങളിലായി കുടിയേറിയതോടെ ആദിമനിവാസികൾ കിഴക്കൻമലകളിൽ അഭയം പ്രാപിച്ചു. ഈ ശതാബ്ദത്തിന്റെ ആരംഭത്തിൽപോലും ഇവിടെ അങ്ങിങ്ങായി ആദിവാസികളുണ്ടായിരുന്നു. തമിഴ്നാട്ടിൽ നിന്നുണ്ടായ ഗണ്യമായ കുടിയേറ്റത്തിനുമുമ്പ് ഇവിടെ മലയാള ബ്രാഹ്മണരുടെ സങ്കേതം ഉണ്ടായിരുന്നതായി ചില ചരിത്രഗവേഷകർ കണ്ടെത്തിയിട്ടുണ്ട്.

പൂർവ്വികഭാഷ

കേരളത്തിലെ ഇതര ഭാഗങ്ങളിലെന്നതുപോലെ ഇവിടെയും മലയാളഭാഷയും തനതുലിപികളും പടിപടിയായിട്ടാണു പുഷ്ടിപ്രാപിച്ചതെങ്കിലും തമിഴന്മാരായ നാടുവാഴികളുടെ സാന്നിദ്ധ്യവും തമിഴ്നാട്ടിൽനിന്ന് അടിക്കടിയുണ്ടായ കുടിയേറ്റങ്ങളും കാരണം ഇവിടെ ഗാർഹികഭാഷയായിട്ടും, ഭരണഭാഷയായിട്ടും പഴയ തമിഴ് പ്രചരിച്ചിരുന്നു. തമിഴ് ബ്രാഹ്മണരേപ്പോലെ ഇവിടെ കുടിയേറിയ മുസ്ലീങ്ങൾ ദേശ്യഭേദം വന്ന തമിഴ് സജ്ജനങ്ങളുമായുള്ള ആശയവിനിമയത്തിന് ഉപയോഗിച്ചിരുന്നു. തമിഴിലുള്ള ശിലാലിഖിതങ്ങളും, ശാസനങ്ങളും, പ്രമാണങ്ങളും ഇവിടെ ഒട്ടേറെ ലഭ്യമാണ്.

ഹൈന്ദവ കുടിയേറ്റം

സഹ്യസാനുക്കളിലെ ചുരങ്ങൾവഴി നടത്തിയിരുന്ന വൻതോതിലുള്ള വ്യാപാരം കാഞ്ഞിരപ്പള്ളിയിലും പ്രാന്തപ്രദേശങ്ങളിലും തമിഴ്നാട്ടിൽനിന്ന് ജനങ്ങൾ കുടിയേറുന്നതിന് സഹായിച്ചു. മനുഷ്യവാസത്തിനു അനുയോജ്യമായ കാലാവസ്ഥയും കൃഷിയ്ക്കുതകുന്ന മണ്ണും ഇങ്ങോട്ട് ആളുകളെ ആകർഷിച്ചു. വാണിജ്യത്തിനും ഇവിടെ നല്ല സാദ്ധ്യതയുണ്ടായിരുന്നു. ഹിന്ദുക്കളിൽ ആദ്യം ഇവിടെ കുടിയേറിയത് കണ്ണന്നൂർ ചെട്ടിമാരും പിന്നീട് വെള്ളാളരും ആയിരുന്നു. ബ്രിട്ടീഷ് ആധിപത്യം ഭാരതത്തിൽ ഉറച്ചശേഷം കാപ്പി, തേയില, റബ്ബർ, ഏലം എന്നീ നാണ്യവിളകൾ ഉല്പാദിപ്പിക്കുന്ന വിസ്തൃത

ന്നുവെങ്കിലും അവ വേണ്ട വിധത്തിൽ പരിപോഷിപ്പിക്കപ്പെടണം. സ്കൂൾ തല വിദ്യാഭ്യാസം പൂർത്തിയാക്കുന്ന യുവജനങ്ങൾക്ക് തങ്ങളുടെ കായികകഴിവുകൾ മെച്ചപ്പെടുത്തുന്നതിന് അനുയോജ്യമായ യാതൊരുവിധ സംവിധാനങ്ങളും ഇന്ന് നിലവിലില്ല. താലൂക്കാസ്ഥാനമായ കാഞ്ഞിരപ്പള്ളിയിൽ എല്ലാവിധ ആധുനിക സജ്ജീകരണങ്ങളോടും കൂടിയ ഒരു സ്പോർട്ട്സ് കോംപ്ലക്സ് സ്ഥാപിക്കണം. ഗ്രാമപഞ്ചായത്തും ബ്ലോക്കു പഞ്ചായത്തും, ജില്ലാ പഞ്ചായത്തും സംയുക്തമായി പദ്ധതി രൂപകൽപന ചെയ്ത് അടിയന്തിര മുൻഗണന നൽകി ഈ പദ്ധതി നടപ്പിലാക്കേണ്ടതാണ്.

നൂറ്റാണ്ടുകൾക്കു മുമ്പേ കുലീനമായ ഒരു സംസ്കാരസമന്വയത്തിന്റെ നാടായ കാഞ്ഞിരപ്പള്ളി ഇന്നും മഹത്തായ ആ പാരമ്പര്യം നിലനിർത്തിപ്പോരുന്നു. വിവിധ സമുദായസന്നദ്ധസംഘടനകൾ സംയുക്തമായി ആഘോഷിക്കുന്ന ക്രിസ്തുമസ്, ഈദ്, ഓണം ഫെസ്റ്റുകൾ വിശാലമായ വീക്ഷണത്തിന്റെയും പ്രതീക്ഷാനിർഭരമായ പുതിയൊരു മാനവ സൗഹൃദസംസ്കാരത്തിന്റെയും ആണിക്കല്ലുകൾ തന്നെയാണ്.

ഒരുകാലത്ത് കേരളത്തിലെ പ്രശസ്തരായ സാഹിത്യനായകന്മാർ ഒത്തുകൂടിയിരുന്ന സഹൃദയാവായനശാല അക്കാലത്ത് ഏറ്റവും പ്രശസ്തനിലയിലായിരുന്നു. ഇന്ന് കേരളത്തിലെ പുസ്തകപ്രസാധക രംഗത്തെ മുടിചൂടാമന്നനായ ശ്രീ. ഡി.സി. കിഴക്കേമുറി തുടങ്ങിയവർ നട്ടുനനച്ചു വളർത്തിയെടുത്ത പ്രസ്ഥാനം ഇന്ന് പുരാവസ്തു ശേഖരണവകുപ്പിന് ഏൽപ്പിച്ചുകൊടുക്കാവുന്ന അവസ്ഥയിലായിരിക്കുന്നു. കാഞ്ഞിരപ്പള്ളിക്കാർ പൊതുവെ വായനാശീലമേറിയവരാണ്. എല്ലാ ദിനപത്രങ്ങൾക്കും സാമാന്യം വ്യാപകമായ പ്രചാരവുമുണ്ട്. എന്നാൽ ടൈംസ് ഓഫ് ഇന്ത്യ പോലുള്ള ദിനപത്രങ്ങൾ വരിസംഖ്യാനിരക്ക് കുറച്ചുകൊണ്ടുവരികയും മലയാള ഭാഷാപത്രങ്ങൾ നിരക്കു വർദ്ധിപ്പിക്കുകയും ചെയ്യുന്നത് നീതീകരിക്കുവാനാകുന്നില്ല. വസ്തുനിഷ്ഠമായി വിലയിരുത്തിയാൽ ഇന്ന് പത്രവരിസംഖ്യ സാധാരണക്കാരന് താങ്ങാനാവുന്നതിലേറെയാണ്. പൊതു വായനാശാലകളേക്കാൾ സജ്ജീകൃതമായ സ്വകാര്യ ലൈബ്രറികൾ കാഞ്ഞിരപ്പള്ളിയിലെ പല വീടുകളിലുമുണ്ട് എന്നത് യാഥാർത്ഥ്യം മാത്രമാണ്.

കമ്പ്യൂട്ടറുകൾ വീടുകളിൽ വ്യാപകമായി തുടങ്ങിയിരിക്കുന്നു. ആധുനിക ഓഡിയോ വീഡിയോ സംവിധാനങ്ങളും സമയക്കുറവും പുസ്തകവായനാശീലത്തെ ബാധിച്ചിട്ടുണ്ട്. സമൂഹത്തിലെ എല്ലാത്തട്ടിലുള്ളവരിലും വായനാശീലം കുറഞ്ഞിരിക്കുന്നുവെന്ന് മനസ്സിലാക്കാവുന്നതാണ്.

നമ്മുടെ നാടിന്റെ സംസ്ക്കാരത്തെക്കുറിച്ച് പരാമർശിക്കുമ്പോൾ സ്വതന്ത്രഭാരതസൃഷ്ടിക്കായി സമർപ്പിക്കപ്പെട്ട ത്യാഗികളെ വിസ്മരിക്കാനാവില്ല. ഒരു കാലത്ത് കേരളത്തിലെ കോൺഗ്രസ് പ്രസ്ഥാനത്തിന്റെ അദ്ധ്യക്ഷപദം അലങ്കരിച്ച അക്കാമ്മ വർക്കി തുടങ്ങി എത്ര എത്ര ധീര സേനാനികളെ സ്വാതന്ത്ര്യ സമരപ്രസ്ഥാനത്തിനു സമ്മാനിച്ച നാടാണ് നമ്മുടേത്! നാമിന്ന നുഭവിക്കുന്നതും പലപ്പോഴും ദുർവിനിയോഗം ചെയ്യപ്പെടുന്നതുമായ സ്വാതന്ത്ര്യം നമുക്ക് നേടിത്തന്ന ഈ ദേശസ്നേഹികൾക്ക് തിരെ നാമെന്തുനൽകി? ആണ്ടിലൊരു അനുസ്മരണയെങ്കിലും നടത്തുവാൻ നാം മെനക്കെട്ടിട്ടുണ്ടോ? ഈ പഞ്ചായത്തിലെ സ്വാതന്ത്ര്യ സമരസേനാനികൾക്ക് ഉചിതമായ ഒരു അനുസ്മരണാമണ്ഡപം ഉയർത്തുവാൻ സ്വാതന്ത്ര്യത്തിന്റെ അൻപതാം വർഷത്തിൽ എങ്കിലും ഗ്രാമപഞ്ചായത്ത് തയ്യാറാകേണ്ടതാണ്. അതുപോലെതന്നെ ജീവിതത്തിന്റെ നല്ല പങ്കും രാഷ്ട്രസേവനത്തിനു വിനിയോഗിച്ച് മടങ്ങിയെത്തുന്ന എക്സ്സർവ്വീസുകാരെ മാന്യമായി പുനരധിവസിപ്പിക്കുന്ന പദ്ധതികൾക്കും രൂപം നൽകേണ്ടതാണ്.

ഇങ്ങനെ ഒട്ടേറെ ഒട്ടേറെ പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും ഉരുത്തിരിഞ്ഞുവന്നത് മഹത്തായ ഈ ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ നേട്ടം തന്നെയാണ്. നിർദ്ദിഷ്ട സെൻകമ്മറ്റി റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തുകയും അധികാരവികേന്ദ്രീകരണ പരിഷ്കാരനിർദ്ദേശങ്ങൾ അടിയന്തരമായി നടപ്പിലാക്കുകയും സംസ്ഥാന നിയമനിർമ്മാണം ഒഴികെയുള്ള ചുമതലകൾ അപ്പാടെ ത്രിതല പഞ്ചായത്തു സംവിധാനത്തിലൂടെ നടപ്പിലാക്കുകയും ചെയ്തെങ്കിൽ മാത്രമേ സമ്പൂർണ്ണ ലക്ഷ്യ സാക്ഷാത്കാരം ഉണ്ടാവുകയുള്ളു. യഥാർത്ഥ ആവശ്യക്കാരന് തന്റെ ആവശ്യങ്ങൾ ഉന്നയിച്ച് സാധ്യതകൾ വിലയിരുത്തി പരിഹാരമാർഗ്ഗങ്ങൾ നേടുവാൻ ഇതല്ലാതെന്താണ് മാർഗ്ഗം? 9-ാം പഞ്ചവത്സരപദ്ധതിയിൽ ലഭ്യമാവുന്ന വിഹിത തുക ടി നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ രൂപം നൽകുന്ന പദ്ധതികൾക്കായാണ് വിനിയോഗിക്കപ്പെടുന്നത്. പദ്ധതി വിഹിതത്തിനു പുറമെ സ്വരൂപിക്കപ്പെടാവുന്ന മനുഷ്യവിഭവശേഷി, സാങ്കേതിക വിദഗ്ദ്ധരുടെ സേവനം, മൂലധനസമാഹരണം, സന്നദ്ധസേവനം എന്നീ വിധത്തിൽ കൂടുതലായി വളരെയേറെ മുതൽമുടക്കു ഉറപ്പുവരുത്തി നമ്മുടെ നാടിന്റെ വികസനത്തിനായി വിനിയോഗിക്കുവാൻ നമുക്കാവട്ടെ.

ചരിത്ര പശ്ചാത്തലം

അഭിമാനാർഹമായ സംസ്ക്കാരസമ്പത്തിന്റെ ഉടമയായ ഒരു ജനതയുടെ സംഭവബഹുലമായ ചരിത്രമാണ് കാഞ്ഞിരപ്പള്ളി താലൂക്കിന്റെ ആസ്ഥാനമെന്ന സവിശേഷപദവിയുള്ള കാഞ്ഞിരപ്പള്ളി പഞ്ചായത്തിന്റേത്. കോട്ടയം നഗരത്തിൽനിന്നും 40 കി.മീ. കിഴക്ക് കോട്ടയം-കുമളി റോഡിന്റെ ഇരുവശങ്ങളിലുമായി തലയുയർത്തിനില്ക്കുന്ന കുന്നും മലകളും കൊണ്ടുനിറഞ്ഞ ഈ പഞ്ചായത്തിന്റെ തെക്കെ അതിരായി മണിമലയാർ ഒഴുകുന്നു. ഇവിടെ ഉത്ഭവിക്കുന്ന അരുവികളും തോടുകളും മണിമലയാറിനെ പരിപോഷിപ്പിക്കുന്നു. വേണ്ടുവോളം മഴയും അനുകൂല കാലാവസ്ഥയും ഉള്ള ഈ പ്രദേശം മനുഷ്യവാസത്തിന് അനുയോജ്യമാണ്. ഉഷ്ണമേഖലയുടെ സവിശേഷതയും, വളക്കൂറുള്ള മണ്ണും ഇവിടെ റബ്ബർ, കൊക്കോ, നാട്ടുമാവ്, പ്ലാവ്, തെങ്ങ്, ആഞ്ഞിലി ആദിയായ വൃക്ഷങ്ങൾ തഴച്ചുവളരുന്നതിനു സഹായിക്കുന്നു. ഹിതകരമായ കാലാവസ്ഥയുള്ള സസ്യസമൃദ്ധമായ ഈ ഗ്രാമപ്രദേശത്തിന് ആഹ്ലാദപൂർവ്വം പൂർവ്വനിവാസികൾ നൽകിയ കാഞ്ചന(കനക)പ്പള്ളിയെന്ന സംജ്ഞാനാമം കാലാന്തരത്തിൽ രൂപഭേദം വന്ന് കാഞ്ഞിരപ്പള്ളിയെന്ന് ആയിത്തീർന്നതായിരിക്കാമെന്ന് ചിലർ അഭിപ്രായപ്പെടുന്നുണ്ട്. ദേവാലയത്തിനുള്ള സ്ഥാനം നാടുവാഴി കാഞ്ഞിരക്കമ്പു നാട്ടി കാണിച്ചുകൊടുത്തതിനാലാണ് കാഞ്ഞിരപ്പള്ളിയെന്ന സ്ഥലനാമം വന്നതെന്ന വാദം, ഈ പേര് ദീർഘകാലമായി പ്രയോഗത്തിലിരിക്കുന്നതിനാൽ, സ്വീകാര്യമല്ല.

ആദിവാസികൾ

ചരിത്രാതീത കാലത്ത് തനി ആദിദ്രാവിഡവർഗ്ഗത്തിൽപെട്ട ഉള്ളാടർ, ഊരാളികൾ, മലമ്പണ്ടാരങ്ങൾ, വേടർ തുടങ്ങിയവരായിരിക്കണം ഇവിടെ പാർത്തിരുന്നത്. വൻതോതിൽ ദ്രാവിഡരും, ചുരുക്കം ചില ആര്യ സങ്കരവർഗ്ഗക്കാരും ഇവിടെ പല കാലങ്ങളിലായി കുടിയേറിയതോടെ ആദിമനിവാസികൾ കിഴക്കൻമലകളിൽ അഭയം പ്രാപിച്ചു. ഈ ശതാബ്ദത്തിന്റെ ആരംഭത്തിൽപോലും ഇവിടെ അങ്ങിങ്ങായി ആദിവാസികളുണ്ടായിരുന്നു. തമിഴ്നാട്ടിൽ നിന്നുണ്ടായ ഗണ്യമായ കുടിയേറ്റത്തിനുമുമ്പ് ഇവിടെ മലയാള ബ്രാഹ്മണരുടെ സങ്കേതം ഉണ്ടായിരുന്നതായി ചില ചരിത്രഗവേഷകർ കണ്ടെത്തിയിട്ടുണ്ട്.

പൂർവ്വികഭാഷ

കേരളത്തിലെ ഇതര ഭാഗങ്ങളിലെന്നതുപോലെ ഇവിടെയും മലയാളഭാഷയും തനതുലിപികളും പടിപടിയായിട്ടാണു പുഷ്ടിപ്രാപിച്ചതെങ്കിലും തമിഴന്മാരായ നാടുവാഴികളുടെ സാന്നിദ്ധ്യവും തമിഴ്നാട്ടിൽനിന്ന് അടിക്കടിയുണ്ടായ കുടിയേറ്റങ്ങളും കാരണം ഇവിടെ ഗാർഹികഭാഷയായിട്ടും, ഭരണഭാഷയായിട്ടും പഴയ തമിഴ് പ്രചരിച്ചിരുന്നു. തമിഴ് ബ്രാഹ്മണരേപ്പോലെ ഇവിടെ കുടിയേറിയ മുസ്ലീങ്ങൾ ദേശ്യഭേദം വന്ന തമിഴ് സ്വജനങ്ങളുമായുള്ള ആശയവിനിമയത്തിന് ഉപയോഗിച്ചിരുന്നു. തമിഴിലുള്ള ശിലാലിഖിതങ്ങളും, ശാസനങ്ങളും, പ്രമാണങ്ങളും ഇവിടെ ഒട്ടേറെ ലഭ്യമാണ്.

ഹൈന്ദവ കുടിയേറ്റം

സഹ്യസാനുക്കളിലെ ചുരങ്ങൾവഴി നടത്തിയിരുന്ന വൻതോതിലുള്ള വ്യാപാരം കാഞ്ഞിരപ്പള്ളിയിലും പ്രാന്തപ്രദേശങ്ങളിലും തമിഴ്നാട്ടിൽനിന്ന് ജനങ്ങൾ കുടിയേറുന്നതിന് സഹായിച്ചു. മനുഷ്യവാസത്തിനു അനുയോജ്യമായ കാലാവസ്ഥയും കൃഷിയ്ക്കുതകുന്ന മണ്ണും ഇങ്ങോട്ട് ആളുകളെ ആകർഷിച്ചു. വാണിജ്യത്തിനും ഇവിടെ നല്ല സാദ്ധ്യതയുണ്ടായിരുന്നു. ഹിന്ദുക്കളിൽ ആദ്യം ഇവിടെ കുടിയേറിയത് കണ്ണന്നൂർ ചെട്ടിമാരും പിന്നീട് വെള്ളാളരും ആയിരുന്നു. ബ്രിട്ടീഷ് ആധിപത്യം ഭാരതത്തിൽ ഉറച്ചശേഷം കാപ്പി, തേയില, റബ്ബർ, ഏലം എന്നീ നാണ്യവിളകൾ ഉല്പാദിപ്പിക്കുന്ന വിസ്തൃത

മായ തോട്ടങ്ങൾ അനേകം ഉണ്ടാക്കുകയും, കോട്ടയം-കുമളി റോഡ് നിർമ്മിക്കപ്പെടുകയും ചെയ്തപ്പോൾ തോട്ടങ്ങളുടെ സംരക്ഷണത്തിനാവശ്യമായ ഉദ്യോഗസ്ഥന്മാരും, തൊഴിലാളികളു. മറ്റും കേരളത്തിന്റെ നാനാ ഭാഗങ്ങളിൽ നിന്നും മലനാട്ടിലേക്കു പ്രവഹിക്കുകയുണ്ടായി. ഇതിലൊരു അംശം കാഞ്ഞിരപ്പള്ളിയിലും കുടിയേറി വിവിധ തൊഴിലുകളിലും കൃഷിയിലും ഏർപ്പെട്ടു. കാർഷിക-വാണിജ്യതലങ്ങളിലും, അധിവസിക്കുന്ന ജനങ്ങളിലും ഉണ്ടായ പരിവർത്തനം നാഗരീകതയിലും വളർച്ചയുളവാക്കി.

പിറകോട്ടു നോക്കുമ്പോൾ കാണുന്നത് എ.ഡി. 1150 അടുത്ത് മധുരയ്ക്കു സമീപമുള്ള തിണ്ടുക്കൽ (Dindigul) നഗരത്തോട് അടുത്തുള്ള ചെട്ടിനാട്ടിൽ നിന്നു കാഞ്ഞിരപ്പള്ളിയിൽ കുടിയേറി, ഈ പഞ്ചായത്തിന്റെ ഹൃദയഭാഗത്തുതന്നെ തമിഴ്നാട്ടിലേതുപോലെയുള്ള തെരുവിന് രൂപംകൊടുത്ത്, കാഞ്ഞിരപ്പള്ളിയുടെ ചരിത്രത്തിൽ തന്നെ വഴിത്തിരിവുണ്ടാക്കിയ കണ്ണന്നൂർ ചെട്ടിമാരുടെ വൈവിദ്ധ്യമാർന്ന കഥയാണ്. പൊതിമാടുകളുടെ പുറത്ത് (ഭാരം ചുമക്കുന്ന മാട്, കഴുത) തുണി, പുകയില, പയർ തുടങ്ങിയവ ഇങ്ങോട്ടും, കുരുമുളക്, ചുക്ക്, മഞ്ഞൾ, നാളികേരം എന്നിവയെല്ലാം പാണ്ടിയിലേക്കും കടത്തി ഇവർ വ്യാപാരം ചെയ്തിരുന്നു. ക്രമേണ ഇവരുടെ സങ്കേതം കാഞ്ഞിരപ്പള്ളി പേട്ട മുതൽ ഈരാറ്റുപേട്ടയ്ക്കുള്ള പാതയുടെ ഒന്നാംമൈൽവരെ എത്തി.

എ.ഡി. 1399 അടുത്ത് കുംഭകോണത്തുനിന്നും ശൈവ വെള്ളാളർ ഇവിടെ വന്ന് പേട്ട ഭാഗത്തു മാത്രമല്ല മറ്റു പലേടങ്ങളിലുമായി താമസമുറപ്പിച്ചു. വേൾ ആളർ അഥവാ ഭൂമി വാഴുന്നവർ എന്ന ജാതിപ്പേരുള്ള വെള്ളാളപ്പിള്ളമാർ വിദ്യാസമ്പന്നരും, കർഷകരും, സസ്യഭുക്കുകളും ആയിരുന്നു. ദ്രാവിഡ-സുമേറിയൻ സംസ്ക്കാരം ഉൾക്കൊണ്ടിരുന്നയിവർ ജാതിവ്യവസ്ഥ പ്രാബല്യത്തിലായപ്പോൾ സവർണ്ണരായിട്ടാണു അംഗീകരിക്കപ്പെട്ടിരുന്നത്. വിദ്യാസമ്പന്നരായ വെള്ളാളപ്പിള്ളമാരുടെ സേവനം രാജാക്കന്മാർ ഇഷ്ടപ്പെട്ടിരുന്നു. കണ്ണന്നൂർ ചെട്ടികളും, കുംഭകോണം വെള്ളാളരും ഒരുപോലെ ശൈവമതസ്ഥരായിരുന്നുവെങ്കിലും സ്വഗണവിവാഹനിഷ്ഠ ഇരു സമുദായങ്ങളും പാലിച്ചിരുന്നു.

കാഞ്ഞിരപ്പള്ളി പഞ്ചായത്തിന്റെ പരിസരങ്ങളിൽ പാർത്തിരുന്ന ആയോധനപടുക്കളും, സമ്പന്നരും, തമിഴ്നാട്ടിൽനിന്നു ഏതോ കാലഘട്ടത്തിൽ രാജസേവയ്ക്ക് വന്നവരും ആയ കോയിയന്മാർ അഥവാ ഹോയിയന്മാർ തെക്കുംകൂർ രാജഭരണമായപ്പോൾ രാജകല്പനപോലും ധിക്കരിക്കുന്നവരായി. രാജശക്തിയുമായുണ്ടായ ഏറ്റുമുട്ടലിൽ അവർ തീർത്തും നശിക്കുകയോ ചിന്നിച്ചിതറിപ്പോകുകയോ ഉണ്ടായി.

മുസ്ലീം കുടിയേറ്റം

മധുരയിൽനിന്ന് 22 മൈൽ കിഴക്കുള്ള പുളിയൻകുടിയിൽ നിന്നു എ.ഡി. 1373 ലും അതിനടുത്തുള്ള `അയലൂർ' നിന്നു എ.ഡി. 1524 ലും കുടിയേറിയ മുസ്ലീം സമുദായക്കാർ തങ്ങളുടെ നാമങ്ങളോട്, `റാവുത്തർ' എന്ന വിശേഷണം ചേർത്തിരുന്നു. അവരിൽ ചിലർക്ക് മുമ്പുതന്നെ കാഞ്ഞിരപ്പള്ളി അപരിചിതമല്ലായിരുന്നു. കാരണം, മലനാടും തമിഴ്നാടുമായുള്ള വ്യാപാരത്തിൽ അവർ പണ്ടേതന്നെ വ്യാപൃതരായിരുന്നു. പൊതിമാടുകൾ ഉപയോഗിച്ച് മലമ്പാതകളിൽ കൂടി അവരും സാധനങ്ങൾ ഇവിടെ കൊണ്ടുവരികയും ഇവിടെ നിന്നു കൊണ്ടുപോകുകയും ചെയ്തിരുന്നതു കൂടാതെ നാടുവാഴികളുടെയും സമ്പന്നവിഭാഗത്തിന്റെയും ആവശ്യത്തിന് അറബിനാടുകളിൽ നിന്നും വരുത്തിയിരുന്ന കുതിരകളുടെ വില്പനയും ഇവർ നടത്തിയിരുന്നു.

മതാവശ്യങ്ങൾക്കും മറ്റുമായി കൊടുങ്ങല്ലൂരിൽ നിന്നു അറബിവംശജരായ ചിലരും വന്നു താമസമാക്കിയിട്ടുണ്ട്. തദ്ദേശീയരിൽനിന്നു മതപരിവർത്തനം ചെയ്തവരും ഇവിടെ വന്നുകുടിയേറി.

ക്രൈസ്തവ കുടിയേറ്റം

അന്താരാഷ്ട്ര പ്രശസ്തിയാർജിച്ചിരുന്ന കൊടുങ്ങല്ലൂർ തുറമുറം 10-ാം നൂറ്റാണ്ടോടുകൂടി അധഃപതിച്ചു. അവിടെ സുഗന്ധവിളകളുടെ വ്യാപാരത്തിൽ ഏർപ്പെട്ടിരുന്ന കുറെ നസ്രാണികൾക്ക് വാണിജ്യവിളകളുടെ ഉൽപ്പാദന-സംഭരണ കേന്ദ്രമായിരുന്ന കാഞ്ഞിരപ്പള്ളി പരിചിതമായിരുന്നു. കൊടുങ്ങല്ലൂർ നിന്ന് കുറെ ക്രിസ്ത്യാനികൾ കാഞ്ഞിരപ്പള്ളിയിലും, സമീപപ്രദേശങ്ങളും വന്ന് കുടിയേറി കൃഷി, കച്ചവടം, വൈദ്യം മുതലായ പ്രവൃത്തികളിൽ ഏർപ്പെട്ടു.

നാഗരികതയിൽ വളർച്ച പ്രാപിച്ചിരുന്ന ഭിന്നമതസ്തർ അധിവസിച്ചിരുന്ന നിലയ്ക്കൽ, തിരുവമ്പാടി, എരുമകൊല്ലിയെന്ന എരുമേലി, അരുവിത്തുറ, വൈക്കം, ഏറ്റുമാനൂർ എന്നിവിടങ്ങളിൽ അധിവസിച്ചിരുന്നവരും കാഞ്ഞിരപ്പള്ളി സ്വദേശികളും തമ്മിൽ ബന്ധം പുലർത്തിയിരുന്നു. ഒന്നിൽ നിന്ന് മറ്റൊരിടത്തേക്ക് മാറിത്താമസവും ഉണ്ടായിട്ടുണ്ട്. പക്ഷെ അത് ഒരിടത്തും സാമൂഹ്യജീവിതത്തിൽ ചലനം സൃഷ്ടിച്ചില്ല.


ഈ പ്രദേശത്തുള്ള ക്രിസ്ത്യാനികളിൽ ഭൂരിപക്ഷവും നിലയ്ക്കൽ നിന്ന് നിഷ്ക്രമിച്ച് കടമ്പനാട്, കൊടശ്ശനാട് എന്നിവിടങ്ങളിലും മറ്റും ഹ്രസ്വകാലവാസം നടത്തിയശേഷം ഇവിടെ പ്രവാസികളായി വന്നവരാണ്. അശക്തമായ പന്തളം രാജവംശഭരണവേളയിൽ തമിഴ്നാട്ടിൽനിന്നും ശബരിമലയിലും, നിലയ്ക്കൽ താവളത്തിലും മറ്റും ഉണ്ടായ ആക്രമണങ്ങൾ അസഹനീയ

മായപ്പോൾ അവിടെയുണ്ടായിരുന്ന ഹിന്ദുക്കളും ക്രിസ്ത്യാനികളും ഒന്നടങ്കം അവിടം വിട്ടുപോയി. പ്രസ്തുത ക്രിസ്ത്യാനികളിൽ ഒരു സംഘമാണ് ഇവിടെ വന്നുകൂടിയത്. `റബ്ബർ നാഗരികത' വളർച്ച പ്രാപിച്ചപ്പോൾ ഇവിടെ നിലയ്ക്കൽ നിന്നു വന്നവരായിരുന്നു ക്രൈസ്തവസമൂഹത്തിൽ മുന്നിട്ടുനിന്നത്. കാർഷിക മേഖലയിൽ അവർ പ്രഥമസ്ഥാനമാണ് കാഞ്ഞിരപ്പള്ളി പഞ്ചായത്തിന് നേടിയെടുത്തത്. കേരളത്തിലെ ക്രിസ്തീയ സഭയിൽ ഉണ്ടായ പിളർപ്പ് ഇവിടെ സംഭവിച്ചില്ല.

ആരാധനാലയങ്ങൾ

(1) ഹൈന്ദവക്ഷേത്രങ്ങൾ

പൂർണ്ണമായി കരിങ്കല്ലിൽ നിർമ്മിച്ചതും, കല്ലിൽകൊത്തിയ കവിതപോലെ ചേതോഹരമായ കൊത്തുപണികളാൽ അലംകൃതവും, അനിതരസാധാരണമായ ശിൽപകലാവിരുതോടെയും നിർമ്മിച്ച ശ്രീ ഗണപതിയാർ വിഗ്രഹം പ്രതിഷ്ഠിച്ചിരിക്കുന്നതും ആയ ശ്രീ ഗണപതിയാർ കോവിൽ ആണ് ഈ പഞ്ചായത്തിലെ ഏറ്റവും പുരാതീന ആരാധനാലയം. ചെട്ടിനാട്ടിൽ നിന്ന് ഇവിടെ വന്ന ധനാഢ്യരും, കലാപ്രേമികളും ആയ കണ്ണന്നൂർ ചെട്ടിമാർ ഉദ്ദേശം 835 സംവത്സരങ്ങൾക്കുമുമ്പ് തങ്ങളുടെ പരദേവതയായ `പിള്ളയാരെ' അഥവാ `വിനായകനെ' പ്രതിഷ്ഠിക്കുന്നതിന് നിർമ്മിച്ച ഈ ക്ഷേത്രം അറിയപ്പെടുന്നത് `ആദിഗണപതിയാർ കോവിൽ' എന്നാണ്. ഈ ക്ഷേത്രത്തിന്റെ തെക്കുവശത്തുകൂടി മധുരമീനാക്ഷി കോവിൽ വരെ ഉണ്ടായിരുന്ന തെരുവീഥിയുടെ അവിശിഷ്ടങ്ങൾ കാണാനുണ്ട്. തമിഴ്നാട്ടിൽ നിന്നു കൊണ്ടുവന്നിരുന്ന രത്നങ്ങളും, പവിഴങ്ങളും, പട്ടുവസ്ത്രങ്ങളും, കസവുതുണികളും



ശ്രീ ഗണപതിയാർ കോവിൽ കാഞ്ഞിരപ്പള്ളി

ഇവിടെത്തന്നെ നിർമ്മിച്ചിരുന്ന പുകൾപെറ്റ `കാഞ്ഞിരപ്പള്ളി കച്ച'യും ഈ ക്ഷേത്രത്തിന്റെ സമീപം ഉണ്ടായിരുന്ന തെരുവിലാണു വിറ്റിരുന്നത്.

കാലാന്തരത്തിൽ ക്ഷേത്രവിശ്വാസികളുടെ എണ്ണം ഇവിടെ ശുഷ്ക്കമായപ്പോൾ ഈ ക്ഷേത്രം മിക്കവാറും ഉപേക്ഷിക്കപ്പെടുകയും, ആരാധന ഇല്ലാതാകുകയും, ഇടിഞ്ഞുപൊളിഞ്ഞ് കേവലം കൽക്കൂമ്പാരംപോലെയാകുകയും ചെയ്തു. എന്നാൽ 1974 അടുത്തു രൂപംകൊണ്ട ശ്രീ ഗണപതിയാർ കോവിൽ ജീർണ്ണോദ്ധാരണസമിതിയുടെ അക്ഷീണപ്രയത്നഫലവും, ശ്രീ. ആനിക്കാട് പി.കെ. ശങ്കരപ്പിള്ളയുടെ തീഷ്ണതയേറിയ പ്രവർത്തനഫലവും, തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ സഹായവും കൊണ്ട് ശ്രീ ഗണപതിയാർ കോവിൽ സമ്പൂർണ്ണമായി ജീർണ്ണോദ്ധാരണം നടത്തി 1993 ജൂലൈ 1 ന് ശുഭമുഹൂർത്തത്തിൽ പുനഃപ്രതിഷ്ഠ നടത്തി.

ശൈവമതക്കാരായ വെള്ളാളപ്പിള്ളമാരും ഏകദേശം അരനൂറ്റാണ്ടുകാലം ശ്രീ ഗണപതിയാർ കോവിലിൽ തന്നെയാണു ആരാധന നടത്തിയിരുന്നത്. പിന്നീടവർക്ക് കണ്ണന്നൂർ ചെട്ടിമാരുമായി ഭരണകാര്യത്തിൽ അഭിപ്രായവ്യത്യാസം ഉണ്ടായി. നാടുവാഴി വെള്ളാളപിള്ളമാർക്ക് തനതായി ശ്രീ ഗണപതിയാർ കോവിലിനു വടക്കുവശത്തു ഒരു ക്ഷേത്രം പണിയുന്നതിനു അനുവാദം നൽകി. കേരളക്ഷേത്ര നിർമ്മാണരീതി അവലംബിച്ചു കൊ.വ. 621 മേടമാസം 10-ാം തീയതി (എ.ഡി. 1446) പണിയാരംഭിച്ച ഈ ക്ഷേത്രത്തിൽ ഒരേ പീഠത്തിൽ പരമശിവനേയും, ഇടതും വലതുമായി ബാലഗണപതിയേയും സുബ്രഹ്മണ്യനേയും പ്രതിഷ്ഠിച്ചിരിക്കുന്നു. ഇതാണ് വടക്കേ ഗണപതിയാർ കോവിൽ എന്നും ശിവൻ കോവിൽ എന്നും അറിയപ്പെടുന്നത്. ഈ ക്ഷേത്രത്തോടു ചേർന്നു ഉണ്ടായിരുന്ന ശാസ്താക്ഷേത്രം കല്ലിന്മേൽ കല്ലുശേഷിക്കാതെ നശിച്ചുപോയി.

ഈ ക്ഷേത്രങ്ങളുടെ അങ്കണത്തിൽ രവിപാഠശാലയും കേന്ദ്രസർക്കാരിന്റെ ഗ്രാന്റോടുകൂടി പുരോഗമിച്ചുവരുന്നു.

കേരളക്ഷേത്ര ശില്പകലാ മാതൃകയിൽ രണ്ടു പുരാതീനക്ഷേത്രങ്ങൾ കാഞ്ഞിരപ്പള്ളി പഞ്ചായത്തിന്റെ ഭാഗമായ തമ്പലക്കാടു കരയിലുണ്ട്. അവയുടെ ഭരണം ആ പ്രദേശത്തുള്ള N.S.S. കരയോഗങ്ങളിൽ നിക്ഷിപ്തമാണ്. ഈ ക്ഷേത്രങ്ങൾ തമ്മിൽ ഏകദേശം ഒരു കി.മീ. ദൂരം മാത്രമേയുള്ളൂ. ഈ ക്ഷേത്ര സങ്കേതത്തിൽ നായർ സമുദായങ്ങൾ ധാരാളമായി നിവസിക്കുന്നുണ്ട്. ഇവയിലൊന്ന് മഹാദേവക്ഷേത്രമാണ്. ശ്രീകൃഷ്ണനും, ശാസ്താവിനും, ഗണപതിയ്ക്കും, മഹാവിഷ്ണുവിനും ഉപദേവാലയങ്ങൾ അവിടെയുണ്ട്. ഇവിടെ ആദ്യം ദേവപ്രതിഷ്ഠ നടത്തിയത് നാറാണത്തുഭ്രാന്ത

നാണെന്നൊരു ഐതിഹ്യമുണ്ട്. മറ്റൊന്ന് ഭദ്രകാളിയുടെയും ശാസ്താവിന്റെയും വിഗ്രഹങ്ങൾ പ്രതിഷ്ഠിച്ചിട്ടുള്ള മഹാകാളിപാറ ക്ഷേത്രമാണ്. ഈ ക്ഷേത്രപരിസരം പാറകൾ നിറഞ്ഞതാണ്.


മുൻപറഞ്ഞ ഗണപതിയാർ കോവിലുകളുടെ സങ്കേതത്തിൽ ശ്രീ പാർവ്വതിയേയും ആരാധിച്ചിരുന്നു. ഈ ദേവിയെ കാഞ്ഞിരപ്പള്ളിയിലെ ചിറ്റാറിനു സമീപം നിർമ്മിച്ച ക്ഷേത്രത്തിൽ പ്രതിഷ്ഠിച്ചു. അതാണു സുപ്രസിദ്ധ മധുരമീനാക്ഷികോവിൽ. പണ്ടുകാലത്ത് ശ്രീഗണപതിയുടെ വിഗ്രഹം തോളിലേറ്റികൊണ്ടുവന്ന് മീനാക്ഷികോവിൽ കടവിൽ നീരാടിച്ചിരുന്നു. മധുരമീനാക്ഷിക്ഷേത്രം ഇടക്കര ചെറുകര കുടുംബങ്ങൾ ഉൾപ്പെട്ട സമുദായങ്ങളുടെ ധർമ്മ ദൈവ സങ്കേതമായിരുന്നതായി രേഖയിലുണ്ട്.

കാഞ്ഞിരപ്പള്ളി പട്ടണത്തിന്റെ പശ്ചിമഭാഗത്ത് കോട്ടയം-കുമളി റോഡരികിൽ കാണുന്ന ചെറുതെങ്കിലും മനോഹരമായ ഗുരുമന്ദിരം സ്ഥാപിച്ചത് എസ്.എൻ.ഡി.പി. യാണ്. 1970 ൽ ഉൽഘാടനം ചെയ്ത ഈ ഭജനമഠം 1976 ൽ ആണ് പുതുക്കിപ്പണിതത്. ഈഴവരെ സംബന്ധിച്ചിടത്തോളം എടുത്തുപറയാവുന്ന രണ്ടു കുടിയേറ്റങ്ങൾ 1907 ൽ ഏറ്റുമാനൂർ നിന്നു കൊരട്ടിയിലേയ്ക്കും, പിന്നീട് മീനച്ചിൽ താലൂക്കിൽനിന്ന് തമ്പലക്കാട്ടേയ്ക്കും ഉണ്ടായവയാണ്. ഇവിടെ കാർഷിക-വാണിജ്യ-തൊഴിൽ രംഗങ്ങളിലുണ്ടായ സമഗ്രമായ വളർച്ച നാനാജാതിമതസ്ഥരെ ഇങ്ങോട്ടാകർഷിച്ചു. ഇപ്പോൾ വർഗ്ഗവ്യത്യാസം കൂടാതെ മേൽപ്പറഞ്ഞ എല്ലാ ക്ഷേത്രങ്ങളിലും ഹൈന്ദവ ആരാധന നടത്തുന്നു. ഈ ക്ഷേത്രങ്ങളിലെ ഉത്സവങ്ങളിൽ എല്ലാവിഭാഗം ഹിന്ദുക്കളും പങ്കെടുക്കുന്നുവെന്നു മാത്രമല്ല ക്രൈസ്തവ-മുസ്ലീം മതങ്ങളിൽപെട്ടവരുടെ സഹകരണവും അവയ്ക്കുണ്ടാകുന്നുണ്ട്.

(1) മുസ്ലീം പള്ളികൾ

കാഞ്ഞിരപ്പള്ളിയിലെ മുസ്ലീം സമുദായത്തിന് ഉദ്ദേശം അറുനൂറ് സംവസരങ്ങളുടെ ചരിത്രപാരമ്പര്യമുണ്ട്. മുസ്ലീം സങ്കേതമായിരുന്ന കാഞ്ഞിരപ്പള്ളി പേട്ട കെ.കെ. റോഡിന്റെ ആവിർഭാവത്തോടുകൂടി വ്യാപാരശാലകളും, ഭോജനശാലകളും, വാഹനസങ്കേതങ്ങളും ചെറുതും വലുതുമായ നിരവധി കെട്ടിടങ്ങളും, മുസ്ലീം ദേവാലയങ്ങളും, ആശുപത്രികളും കൊണ്ട് നിറയുകയും ജനസാന്ദ്രത ഏറെ വർദ്ധിക്കുകയും ഉണ്ടായി. ഹൈസ്ക്കൂളും, അറബിവിദ്യാലയവും നഴ്സറിസ്ക്കൂളും, മിഡിൽസ്ക്കൂളും കൂടാതെ ഇപ്പോൾ ബി.എഡ്. കോളജും കൂടി ഇവിടെ സ്ഥാപിതമായിരിക്കുകയാണ്.

'നൈനാർ' എന്ന ദിവ്യന്റെ സ്മരണ നിലനിർത്തുന്ന പള്ളിയാണ് തലപ്പള്ളി. ഈ മുസ്ലീം ദൈവാലയം നൂറ്റാണ്ടുകൾക്കു മുമ്പ് സ്ഥാപിതമായതാണ്. കൊ.വ. 100 ൽ (എ.ഡി. 1825) പഴയപള്ളി പൊളിച്ചു നീക്കി രണ്ടുനിലയുള്ള ഒരു പള്ളി 1865 ൽ പൂർത്തിയാക്കി, മുസ്ലീം പ്രാർത്ഥനാലയങ്ങൾ ഈ പഞ്ചായത്തിൽ പലതുണ്ടായിട്ടും അവയുടെ കേന്ദ്രമെന്ന നിലയിൽ ബൃഹത്തായ ഈ മസ്ജിദ് പ്രഥമസ്ഥാനം വഹിച്ചുകൊണ്ട് നിലകൊള്ളുന്നു. ഈ പ്രാധാന്യം കണക്കിലെടുത്തുകൊണ്ടായിരിക്കണം തികഞ്ഞ മതപണ്ഡിതന്മാർ ഇവിടെ ഇമാം സ്ഥാനത്തു വരുന്നത്. വിശ്വാസികളുടെ സംഖ്യയിൽ വലിയ വർദ്ധനവുണ്ടായതിനാൽ കൊ. വ. 1125 ൽ (എ.ഡി. 1950) ഹാജി വി.എം. സെയ്ദു മുഹമ്മദു റാവുത്തരുടെ നേതൃത്വത്തിൽ പഴയ പള്ളി വീണ്ടും പുതുക്കി ചോതോഹരമായ മസ്ജിദ് പണിതു. പള്ളിയിൽനിന്നും പ്രധാനപാതയിലേക്ക് വിശാലമായ റോഡും,പാതയരുകിൽ പള്ളിക്കനുയോജ്യമായ വിധം മഹാകവാടവും തീരത്ത് പരിസരം ആകർഷണീയമാക്കി. കാലാന്തരത്തിൽ പള്ളിയിൽ ആരാധനയ്ക്കുള്ള ഇടം മതിയാകാതെവന്നപ്പോൾ 1980 ൽ പള്ളി പാടെ പൊളിച്ചു മാറ്റി തൽസ്ഥാനത്ത് അംബരചുംബികളായ സ്തൂപങ്ങളോടുകൂടി അതിമനോഹരവും ഗംഭീരവുമായ മസ്ജിദ് നിർമ്മിച്ചു. ഇതിന്റെ ശ്മശാനത്തിൽ കല്ലറകൾ അനുവദനീയമല്ലാത്തതിനാൽ ഒറ്റക്കല്ലറപോലും ശ്മശാനത്തിൽ കാണാനില്ല. ഈ സമ്പ്രദായം അനുകരണീയമാണെന്ന് അഭിപ്രായമുണ്ട്. പൂതക്കുഴി, പേട്ട, പേട്ടക്കവല, തൊട്ടുമുഖം, ആനക്കൽ, പട്ടിമറ്റം, അഞ്ചിലിപ്പ, മേലാട്ടുതികിടി എന്നിവിടങ്ങളിൽ മസ്ജിദുകൾ ഉണ്ട്.




കാഞ്ഞിരപ്പള്ളി നൈനാർ പള്ളി

(3) ക്രിസ്ത്യൻ ദേവാലയങ്ങൾ

എ.ഡി. 1425 നു മുമ്പുതന്നെ നില്യ്ക്കൽ താവളത്തിൽ നിന്ന് എത്തിയ ഒരു വലിയ ക്രൈസ്തവ സമൂഹം ഇവിടെ ഉണ്ടായിരുന്നു. ശ്രീ ഗണപതിയാർ കോവിലിനു സമീപം ശിവൻകോവിൽ (വടക്കേ ഗണപതിയാർ ക്ഷേത്രം) പണിയുന്നതിനുള്ള സ്ഥാന നിർണ്ണയം കൊ.വ. 624 മേടമാസത്തിൽ നടത്തിയപ്പോൾ ക്രിസ്ത്യാനികൾ രാജാവിനെ സമീപിച്ച് "കോവിലരികെ കുടിവാഴുക വിഷമം" എന്നറിയിച്ചു. പ്രജാവത്സലനായ രാജാവ് ക്രിസ്ത്യാനികൾക്കൊരു പള്ളിയും അങ്ങാടിയും സ്ഥാപിക്കുന്നതിന് പയിനാപ്പള്ളി ചെട്ടിയാരുടെ `തേട്ടമുള്ള' പടിഞ്ഞാറേമുറി 1200 രാശി പൊന്നും വിലയായി നിശ്ചയിച്ചുകൊണ്ടു നൽകി. ഇതു സംബന്ധമായി വീരകേരളവർമ്മ രാജാവിൽനിന്നും പള്ളി പ്രതിനിധിയ്ക്ക് ലഭിച്ച രേഖയിൽ കാണുന്നത് `നമ്മുടെ തൊമ്മി മാപ്പിള കണ്ടെന്നാൽ, പയിനാപ്പള്ളി ചെട്ടിയാരോട് താങ്കൾക്കു തേട്ടമുള്ള പയിനാപ്പള്ളി പടിഞ്ഞാറെമുറിപ്പറമ്പിൽ പള്ളിയും അങ്ങാടിയും വയ്പ്പിച്ചു കൊള്ളുമാറ് കല്പിച്ച വേക്ക്, ഇതു കൊല്ലം 624-ാമാണ്ട് മേടം ഞായർ 21--ാംതീയതി കാഞ്ഞിരപ്പള്ളി ഇടത്തിൽ ഇരുന്നു കല്പിച്ചവേക്ക് ....." എന്നിത്യാദിയാണ്. ചരിത്രപ്രധാനമായ ഈ പുരാതീനരേഖ കൊല്ലവർഷം 624 ലെ തീട്ടൂരം എന്നാണ് അറിയപ്പെടുന്നത്. ഈ ദൈവാലയം 1449 സെപ്റ്റംബർ 8--ാം തീയതി, മാർ യൗസേപ്പ് എന്ന സുറിയാനി മെത്രാൻ പുറപ്പെടുവിച്ച കല്പനപ്രകാരം വെഞ്ചരിപ്പു കർമ്മം നിർവഹിക്കുകയും ദിവ്യപൂജ അർപ്പിക്കുകയും ഉണ്ടായി.

വീരകേരളവർമ്മ തമ്പുരാന്റെ ഒരു പിൻഗാമി ഈ പള്ളിയിൽ കെടാവിളക്കു വയ്ക്കുന്നതിന് ആവശ്യമായ എണ്ണ ലഭിയ്ക്കുന്നതിനായി തിരുവെഴുത്തുവഴി ഏർപ്പെടുത്തിയ നടപടി ചരിത്രപ്രധാനമാണ്. ഇതനുസരിച്ച് പള്ളിക്കാർക്ക് ഒരു അളവു ചോദന അങ്ങാടിയിൽ വച്ച് നിശ്ചിത അളവ് വെളിച്ചെണ്ണ അളവുകൂലിയായി വാങ്ങാമായിരുന്നു. പള്ളിപൂട്ടിൽ സൂക്ഷിച്ചിരിക്കുന്ന പുരാതന രേഖകളുടെ കൂടെ ഈ തിരുവെഴുത്തിന്റെ ദ്രവിച്ചു തുടങ്ങിയ അസ്സലും ശരിപ്പകർപ്പും ഉണ്ട്.

വി. കന്യക മറിയത്തിന്റെ നാമത്തിലുള്ള ഈ ദേവാലയം അക്കരപ്പള്ളിയെന്നും പഴയപള്ളിയെന്നും അറിയപ്പെടുന്നു. തദ്ദേശവാസികളായ കത്തോലിക്കരുടെ ജനസംഖ്യ വർദ്ധിച്ചതിനാൽ വലിയ ദേവാലയം ആവശ്യമായി വന്നു. അതിനു നടത്തിയ നിവേദനത്തിന്റെ ഫലമായി ദിവാൻ വെങ്കിട്ടരായ 1000-ാം ആണ്ട് കർക്കടകമാസം 21-ാം തീയ്യതി ചങ്ങനാശ്ശേരി `മണ്ടപത്തും വാതുക്കൽ' തഹശീൽദാർക്ക് നൽകിയ ഉത്തരവനുസരിച്ച് കൊ.വ. 1000-ാംമാണ്ട് കർക്കടകമാസം 21-ാം



സെൻറ് മേരീസ് പഴയപള്ളി കാഞ്ഞിരപ്പള്ളി

തീയ്യതി (എ.ഡി. 1825 ഓഗസ്റ്റ് 4) വയമ്പു പുരയിടത്തിൽ വി. ദുമ്മിനിംകോസിന്റെ നാമത്തിൽ ഒരു പള്ളി പണിയുന്നതിനു തറക്കല്ലിട്ടു. ഈ പള്ളിയാണ് പുത്തൻപള്ളി എന്നറിയപ്പെടുന്ന സെൻറ് ഡൊമിനിക്സ് ചർച്ച്. ഇതു സ്ഥാപിതമായ ശേഷം 140 വർഷങ്ങൾക്കുള്ളിൽ വിസ്തീർണ്ണം വർദ്ധിപ്പിക്കുന്നതിനായി പലപ്രാവിശ്യം പുതുക്കിപ്പണിയേണ്ടിവന്നിട്ടുണ്ട്.

1951 ൽ ഇതു `ഫൊറോന' പള്ളിയായി പ്രഖ്യാപിച്ചതോടെ കിഴക്കു കുമളിവരെയുള്ള പള്ളികൾ ഇതിന്റെ ഭരണത്തിൻകീഴിലായി. 1977 മാർച്ച് 17-ാം തിയതി കാഞ്ഞിരപ്പള്ളി രൂപതയായതോടെ ഈ ദേവാലയം കത്തീഡ്രൽ പള്ളിയെന്ന പദവിയിലെത്തി. പ്രഥമമെത്രാൻ മാർ ജോസഫ് പവ്വത്തിൽ ആയിരുന്നു.



സെൻറ് ഡോമിനിക്സ് കത്തിഡ്രൽ
കാഞ്ഞിരപ്പള്ളി

ചില പുരാവസ്തുക്കൾ

കാഞ്ഞിരപ്പള്ളിയുടെ പൂർവ്വചരിത്രത്തിലേക്കു വെളിച്ചം വീശുന്ന പല താളിയോല രേഖകളും, ചരിത്രഗ്രന്ഥങ്ങളും ഇവിടെ ചില ഭവനങ്ങളിലും പള്ളികളിലും ലഭ്യമാണ്. മുമ്പു സൂചിപ്പിച്ച `ചോതന'യും ഒരു `അളപ്പന'യും പള്ളിപ്പൂട്ടിലുണ്ട്. ഇവ രണ്ടും രാജദത്തവും ചരിത്രപ്രാധാന്യമുള്ള അളവുപാത്രങ്ങളും ആണ്. `മത്സ്യമുദ്ര' (പാണ്ഡ്യവംശ നാടുവാഴിയുടെ) ചോതനയിൽ കാണാം.

ശിലാരേഖകൾ


(1) കോവിൽ കടവിനു സമീപമുള്ള ശ്രീ മധുര മീനാക്ഷിക്ഷേത്രത്തിന്റെ വലതുവശത്ത് പഴയ തമിഴിൽ രാജകല്പന ശിലാരേഖയായിട്ടുണ്ട്. ഇതിനെ `കാഞ്ഞിരപ്പള്ളി മീനാക്ഷികോവിൽ ശാസനം' എന്നാണു പുരാവസ്തു ഗവേഷകർ നാമകരണം ചെയ്തിരിക്കുന്നത്. കൊ.വ. 1099 ൽ (എ.ഡി. 1924) തിരുവിതാംകൂർ ആർക്കിയോളജിക്കൽ രേഖയായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. രേഖ മലയാള ലിപികളിലാക്കിയാൽ,

"ചമര കോലാകലൻ,
മതിയാന മന്ന മണവാളൻ
മാവേളി വാണാതിരായൻ
പകവതിക്കു വിചം ഉരു ഒന്നുക്ക്
---------" എന്നു വായിക്കാം


രാജാവ് പൊതിമാടിനു, നികുതി ഏർപ്പെടുത്തുന്നതാണ് ഈ ശാസനത്തിൽ വിളംബരം ചെയ്യുന്നത്.

(2) ശ്രീഗണപതിയാർ കോവിലിൽ മണ്ഡപ തൂണിന്മേലും വടക്കേഭിത്തിയിലും മറ്റും, "ചങ്കുമുത്തു വീരൻ, അമച്ചന ചെട്ടിയാർ, ചീ വല്ലപൻ, ചി വല്ലപൻ നമശിവായ ഉടയാൾ നല്ലതമ്പി" എന്നും സപ്തമാതൃക്ഷേത്രത്തിന്റെ ഭിത്തിയിൽ `കുപ്പന ചെട്ടിയാർ ചതാചേതൈ', `മരുത ചെട്ടിയാർ ചന്താചേവൈ' എന്നിങ്ങനെയുമുണ്ടെന്ന് ആനിക്കാട്ട് പി.കെ. ശങ്കരപ്പിള്ള ഗവേഷണസിദ്ധമായ വിവരങ്ങൾ വച്ച് എഴുതിയിരിക്കുന്നു.

(3) പഴയപള്ളിയിലെ കൽക്കുരിശിന്റെ അടിഭാഗത്ത് അതിന്റെ സ്ഥാപിതവർഷവും മറ്റും നാനം മൂനം ലിപികളിൽ കൊത്തിവച്ചിരിക്കുന്നതു മണ്ണിനടിയിലായെന്നു, കൊ.വ. 716 എന്നും കൊത്തിയ കരിങ്കൽ തളിരവും, പള്ളിയുടെ ആനവാതിലിൽ മുമ്പുണ്ടായിരുന്ന ശിലാലിഖിതവും മൂടിക്കളഞ്ഞതായി റവ. ഫാ. ജേക്കബ് ഏർത്തയിൽ പറയുന്നു. എന്തായാലും പഴയ കൽക്കുരിശ് പുരാതീന ശിലാനിർമ്മിതവസ്തു തന്നെയാണെന്നത് ശരിയാണ്.



ശ്രീമധുരമീനാക്ഷി ക്ഷേത്രത്തിലെ ശിലാലിഖിതം



ശ്രീമധുരമീനാക്ഷി ക്ഷേത്രത്തിലെ ശിലാലിഖിതം

നാടുവാഴികൾ

കാഞ്ഞിരപ്പള്ളി പ്രദേശം ചേരനാട്ടിൽ പെട്ടിരുന്ന നാടുവാഴികളുടെ മാത്രമല്ല പാണ്ഡ്യദേശക്കാരായ സ്വതന്ത്രരോ സാമന്തരോ ആയ വൻനാടുവാഴികളുടേയും ഭരണത്തിൽ ആയിരുന്നുവെന്നതിന് മീനാക്ഷികോവിൽ ശാസനം തെളിവാണ്. 1750 ൽ കാഞ്ഞിരപ്പള്ളി പ്രദേശം മാർത്താണ്ഡവർമ്മ മഹാരാജാവ് പിടിച്ചടക്കി തിരുവിതാംകൂർ സംസ്ഥാനത്തിൽ ലയിപ്പിക്കുന്നതിനുമുമ്പ് ഇവിടം തെക്കുകൂർ രാജഭരണത്തിൽപെട്ടിരുന്നു. ഇതിനു തെക്ക് പന്തളം രാജ്യത്തിലെ നിലയ്ക്കൽ താലൂക്ക് സ്ഥിതി ചെയ്തിരുന്നുവെന്ന് `ചെമ്പഴന്നൂർ ചെമ്പു പട്ടയം' തെളിയിക്കുന്നു. തെക്കുംകൂർ രാജാവിന്റെ കാഞ്ഞിരപ്പള്ളിയിലുണ്ടായിരുന്ന കൊട്ടാരവും മറ്റും നശിച്ചിരിക്കയാണ്. വെള്ളാളപിള്ളമാരിൽ പ്രസിദ്ധമായ ചെറുകര കുടുംബത്തിൽ പെട്ടവർക്ക് പ്രത്യേക ആനുകൂല്യങ്ങളും, ഉണ്ണിത്താൻ, തരകൻ മുതലായ സ്ഥാനങ്ങളും നൽകിയെങ്കിലും തദ്ദേശവാസികളുടെ ശത്രുതനിമിത്തം അവർ വിവിധ പ്രദേശങ്ങളിൽ പോയി ചിന്നിച്ചിതറി വസിക്കുന്നതിനിടയായി.

കാർഷികവിപ്ലവം

റബ്ബർകൃഷി വ്യാപകമായതോടെ കാഞ്ഞിരപ്പള്ളിയുടെ മുഖച്ഛായ തന്നെ മാറിപ്പോയി. `മലരണിക്കാടുകൾ തിങ്ങിവിങ്ങി മരതകകാന്തിയിൽ മുങ്ങിമുങ്ങി നിന്ന് ഈ മലനാട്, കണ്ടാൽ ചന്തമില്ലാത്ത പൂക്കളും ഭക്ഷ്യയോഗ്യമല്ലാത്ത കായ്കളും കറയൊലിക്കുന്ന തൊലിയും ഉള്ള അസുരവൃക്ഷങ്ങൾ കൊണ്ടു നിറഞ്ഞു. പാശ്ചാത്യ പ്ലാൻററന്മാരുടെ റബ്ബർതോട്ടം വച്ചുപിടിപ്പിക്കൽ സമ്പ്രദായം അനുകരിച്ച ചിലർ സമ്പന്നരായി. 1929-39 കാലഘട്ടത്തിൽ റബ്ബർ വാങ്ങാനാരുമില്ലാതെ തോട്ടങ്ങൾ പൂട്ടിയിടപ്പെട്ടെങ്കിലും രണ്ടാം ലോകമഹായുദ്ധം തുടങ്ങിയതോടെ റബ്ബറിനു ആവശ്യം വർദ്ധിച്ചു. റബ്ബർ അസംസ്കൃതസാധനമായി ഉപയോഗിക്കുന്ന ചില ചെറുകിടവ്യവസായങ്ങൾ ഇവിടെ ഉണ്ട്. ഏതായാലും റബ്ബറിനെ തന്നെ ആശ്രയിക്കുന്ന ഒരു സ്ഥിതിവിശേഷം ഇവിടെ ഉളവായിരിക്കുകയാണ്. ഈ പഞ്ചായത്തിലെ സമ്പന്നവിഭാഗം റബ്ബർ പ്ലാൻററന്മാരും റബ്ബർ വ്യാപാരികളുമാണ്. റബ്ബർതോട്ടങ്ങളിൽ തൊഴിലെടുക്കുന്നവരും വളരെയാണ്. അക്കാരണത്താൽ ഒരു `റബ്ബർ നാഗരികത' തന്നെ ഇവിടെ ഉദയം ചെയ്തിട്ടുണ്ട്.

ഈ നാട്ടിലില്ലാത്തതും, കേട്ടുകേൾവിപോലും ഇല്ലാതിരുന്നതും ആയ പലതരം ഫലവൃക്ഷങ്ങളും, എണ്ണപ്പനയും ഇവിടെ മലയാ,സിലോൺ എന്നിവിടങ്ങളിൽ നിന്ന് കൊണ്ടുവന്നു നട്ടുപിടിപ്പിച്ചത് ബഹുമുഖ പ്രതിഭാശാലിയായിരുന്ന ഡോമിനിക് തൊമ്മൻ വക്കീലാണ്. അക്കാലത്ത് എണ്ണപ്പനക്കായിൽ നിന്നു `പാമോയിൽ' സംസ്ക്കരിച്ചെടുക്കുന്നതിനു ആവശ്യമായ ഉപകരണങ്ങൾ ഈ നാട്ടിൽ ലഭ്യമല്ലാതിരുന്നതിനാൽ എണ്ണപ്പന കൃഷി ഉപേക്ഷിക്കേണ്ടി വന്നു. ഈ പഞ്ചായത്തിൽപെട്ട ചിലർ തങ്ങളുടെ അനുഭവസമ്പത്ത് ഉപയോഗിച്ച് ദൂരെ ദിക്കുകളിൽപോയി റബ്ബർ, ഏലം, കാപ്പി എന്നിവ വിപുലമായ തോതിൽ കൃഷിചെയ്തു അഭിവൃദ്ധി പ്രാപിച്ചിട്ടുണ്ട്.

ധവളവിപ്ലവം

ഈ റിപ്പോർട്ടിൽ ഇതരഭാഗത്ത് പ്രത്യേകം പ്രതിപാദിക്കപ്പെടുന്ന വിഷയമാണ് ക്ഷീരോല്പാദനം. എന്നാലും കാഞ്ഞിരപ്പള്ളിയെ സംബന്ധിച്ചിടത്തോളം ക്ഷീരോല്പാദനരംഗത്ത് അവിസ്മരണീയനായ ഒരു വ്യക്തിയാണ് ഡോ. എ.എം. പോൾ എന്നത് ഇവിടെ രേഖപ്പെടുത്താതിരിക്കാൻ നിവൃത്തിയില്ല. ഇവിടെ ആരംഭിച്ച ഹിൽകാറ്റിൽ ഡെവല്പ്പ്മെൻറ് സ്ക്കീം അതിൻെറ ലക്ഷ്യത്തിൻെറ പതിന്മടങ്ങ് സങ്കരയിനം ജേഴ്സി പശുക്കുട്ടികളുടെ ഉല്പാദനം നടത്തിയെന്നതൊരു അത്ഭുതാവഹമായ റെക്കോർഡാണ്. പലേടങ്ങളിൽ നിന്നും ജഴ്സി സങ്കരയിനം പശുക്കളെത്തേടി കന്നുകാലിസംരക്ഷകർ ഇങ്ങോട്ടാണ് വന്നിരുന്നത്. ഇപ്പോൾ മിൽമാവകയായി ത്തീർന്നിരിക്കുന്ന കോട്ടയം ഡെയറിയുടെ സ്ഥാപനത്തിൽ മുൻകൈയെടുത്തത് ഈ പഞ്ചായത്തിലുള്ള ക്ഷീരോല്പാദകരും സഹകരണപ്രവർത്തകരുമാണ്.

സർക്കാർ സ്ഥാപനങ്ങൾ

കാഞ്ഞിരപ്പള്ളിയിൽ ഒരു അഞ്ചൽ ഓഫീസ് അനുവദിച്ചു കിട്ടിയത് 1860 ൽ ആണ്. പിന്നീട് ഒരു തപാലാഫീസും ഉണ്ടായി. ഇപ്പോൾ സ്വന്തം കെട്ടിടവും, സ്റ്റാഫ് ക്വാർട്ടേഴ്സും ഉള്ള ഹെഡ് പോസ്റ്റോഫീസിനു കളമൊരുക്കിയത് മേൽപറഞ്ഞ സ്ഥാപനങ്ങളാണ്.

രജിസ്റ്റർ കച്ചേരി അഥവാ സബ് രജിസ്ട്രാർ ഓഫീസ് ആരംഭിച്ചത് 1867 ൽ ചങ്ങനാശ്ശേരി താലൂക്ക് കച്ചേരിയുടെ അനുബന്ധമായിട്ടാണ്. പൊൻകുന്നത്തു പ്രവർത്തിക്കുന്ന കാഞ്ഞിരപ്പള്ളി സബ് രജിസ്ട്രാർ ഓഫീസ് സ്ഥാപിതമായത് 1892 ൽ ആണ്. സർക്കാർ ആശുപത്രി 1890 ലും, പല പരിഷ്ക്കാരങ്ങൾക്കു ശേഷം മജിസ്ട്രേറ്റ്, മുൻസിഫ്, കോടതികൾ 1892 ലും സർക്കാർ സ്ക്കൂൾ 1909 ലും അനുവദിച്ചു കിട്ടി.

1956 ൽ കാഞ്ഞിരപ്പള്ളി കേന്ദ്രമാക്കി സ്ഥാപിതമായ താലൂക്ക് കച്ചേരിയ്ക്കുശേഷമാണ് സപ്ലൈ ഓഫീസ്. ടെലിഫോൺ എക്സ്ചേഞ്ച്, എൻ.ഇ.എസ്. ബ്ലോക്ക്, റബ്ബർ ബോർഡ് ഓഫീസ്, ഇലക്ട്രിസിറ്റി സബ്ഗ്രൂപ്പ് ആഫീസ്, ദൂരദർശൻ റിലേ ഓഫീസ്, സുഗന്ധവ്യഞ്ജന ബോർഡ് ഓഫീസ് എന്നിവയെല്ലാം ഉണ്ടായത്. നിർഭാഗ്യവശാൽ കെട്ടിടങ്ങളുടെ അഭാവം നിമിത്തം ഈ നാടിൻെറ പേരിലുള്ള കോടതികളും, രജിസ്റ്റർ കച്ചേരിയും, താലൂക്ക് ആശുപത്രിയും ചിറക്കടവ് പഞ്ചായത്തിലാണ് സ്ഥിതി ചെയ്യുന്നത്.

കാഞ്ഞിരപ്പള്ളി പഞ്ചായത്ത്.

1942 മുതൽ ഒരു വില്ലേജ് യൂണിയൻ മാത്രമാണ് കാഞ്ഞിരപ്പള്ളിയിലുണ്ടായിരുന്നത്. പഞ്ചായത്ത് ആക്ട്റ്റനുസരിച്ച് ഒരു പഞ്ചായത്ത് 1958 ൽ രൂപീകൃതമായി. ഗാന്ധിജി വിഭാവനം ചെയ്ത ഗ്രാമസ്വരാജ് സംജാതമാകുന്നതിന് ഇതൊരു ചവിട്ടുപടിയായി കണക്കാക്കാം.

ആദ്യം പഞ്ചായത്തുപ്രസിഡൻറായി തെരഞ്ഞെടുക്കപ്പെട്ട ശ്രീ. കെ.റ്റി. തോമസ് ബി.എ.ബി.എൽ 10 വർഷക്കാലം ആ പദവി വഹിച്ചു, അദ്ദേഹത്തിൻെറ ഭരണകാലത്താണ് കെ.കെ. റോഡരുകിൽ കരിക്കാട്ടുപറമ്പിൽ പുരയിടത്തിൻെറ ഒരു ഭാഗം വാങ്ങി പഞ്ചായത്തിനുവേണ്ടി സർവ്വവിധസൗകര്യങ്ങളോടുകൂടിയ ഒരു കെട്ടിടം പണിതത്. 1964 ൽ മുഖ്യമന്ത്രിയായിരുന്ന യശഃശരീരനായ പട്ടം താണുപിള്ളയാണ് ഈ കെട്ടിടം

ഉത്ഘാടനം ചെയ്തത്. അദ്ദേഹത്തിന്റെ പിൻഗാമികളായി പഞ്ചായത്തുപ്രസിഡൻറന്മാരായിരുന്നത് താഴെ പറയുന്നവരാണ്:-

1	കെ.ജെ. തോമസ് പൊട്ടംകുളം	- 1964/65
2	സി.ജെ. ആൻറണി ബി.എ.ബി.എൽ	- 1965/79
3	വി.പി. മുഹമ്മദ് ഇസ്മായേൽ	- 1979/80
4	പി.ജെ. ജോസഫ്, ബി.എ. പൂതക്കുഴി	- 1980/81
5	ഹാജി റ്റി.എം. സെയ്തു മുഹമ്മദ് റാവുത്തർ കണ്ടത്തിൽ	- 1981/84
6	കെ. ജോർജ് വർഗീസ് പൊട്ടംകുളം	- 1984/95
7	കെ.എം. മുഹമ്മദ് ഇസ്മായേൽ, കുറ്റിക്കാട്ടിൽ	- 1995/96
8	സാലി ചെറിയാൻ, ചീരംവേലിൽ	- 1996/97 മുതൽ

പഞ്ചായത്ത് നടത്തിയ ക്ഷേമപ്രവർത്തനങ്ങളിൽ പെട്ടതാണ് ചന്ത പരിഷ്ക്കരിച്ചത്, തെരുവുവിളക്കുകൾ വച്ചത്, പുതുതായി ടാർ റോഡുകൾ, പാലങ്ങൾ, വെയിറ്റിംഗു ഷെഡുകൾ, കുളിക്കടവുകൾ ഇവ നിർമ്മിച്ചത് എന്നതെല്ലാം. വേനൽക്കാലത്ത് ജലക്ഷാമം പരിഹരിക്കുന്നതിനാണു മേലരുവി ജലവിതരണപദ്ധതി ആരംഭിച്ചത്. അതു മതിയാകയില്ലെന്നു കണ്ടതിനാലാണ് കരിമ്പുകയം പദ്ധതിയ്ക്ക് രൂപം നൽകിയത്.

സൈനികസേവനം

തെക്കുംകൂർ രാജാക്കന്മാരുടെ സൈന്യത്തിൽ ഈ പഞ്ചായത്തിൽപെട്ടവർ ജാതി, മത, ഭേദമന്യേ സേവനം നടത്തിയിട്ടുണ്ട്. പാണ്ടിയിൽ നിന്നു തമിഴ് വംശജരായ രാജാക്കന്മാരുടെ പടയാളികളായി കാഞ്ഞിരപ്പള്ളി പഞ്ചായത്തിന്റെ പരിസരങ്ങളിൽ വന്നുചേർന്ന കോയിയന്മാർ തെക്കുംകൂർ രാജാവിനോട് എതിർത്തതിനാൽ നാമാവശേഷമാക്കപ്പെട്ടു. ഒന്നും രണ്ടും ലോകമഹായുദ്ധങ്ങളിലും ചൈനാ, പാക്കിസ്ഥാൻ യുദ്ധങ്ങളിലും കാഞ്ഞിരപ്പള്ളിക്കാർ മുന്നണിപ്പോരാളികളായിരുന്നിട്ടുണ്ട്. രണ്ടാം ലോകമഹായുദ്ധത്തിൽ ചേർന്ന് ഇറാക്കിൽ സേവനമനുഷ്ഠിക്കുമ്പോൾ ലഫ്. ഡൊമിനിക് സെബാസ്റ്റ്യൻ ബി.എ, എം.ബി.ബി.എസ്, ഐ.എം.എസ് നിര്യാതനായതും, അതേ യുദ്ധത്തിൽ വെസ്റ്റേൺ ഫ്രണ്ടിൽ (യൂറോപ്പ്) സേവനം അനുഷ്ഠിച്ചശേഷം ഇൻഡ്യയിൽ തിരിച്ചെത്തി ആഗ്രായിൽ വച്ച് അദ്ദേഹത്തിന്റെ സഹോദരി ക്യാപ്റ്റൻ തെരേസാ ഡോമിനിക് എം.ബി.ബി.എസ്. മരണമടഞ്ഞതും വേദനാജനകമായ സ്മരണയുയർത്തുന്നു. കാഞ്ഞിരപ്പള്ളിക്കാരായ അനേകം പേർ സൈനിക സേവനരംഗത്തുണ്ട്.

സ്വാതന്ത്ര്യസമരം


സ്വാതന്ത്ര്യസമരകാലത്ത് ധീരധീരം പോരാടിയ യശ്ശഃശരീരയായ അക്കാമ്മ ചെറിയാൻ (പിന്നീട് അക്കാമ്മ വർക്കി) തിരുവിതാംകൂർ സംസ്ഥാന രാഷ്ട്രീയത്തിൽ അക്കാലത്ത് കോളിളക്കം സൃഷ്ടിച്ചു. കാഞ്ഞിരപ്പള്ളി പഞ്ചായത്തിന്റെ ഈ പുത്രി കേരള ചരിത്രത്തിൽ സ്ഥിരപ്രതിഷ്ഠ നേടിയിരിക്കയാണ്. സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത് ജയിൽവാസവും, അജ്ഞാതവാസവും, മർദ്ദനവും, സാമ്പത്തികക്ലേശങ്ങളും അനുഭവിക്കേണ്ടി വന്ന അനേകർ ഈ പഞ്ചായത്തിന്റെ സന്തതികളായിട്ടുണ്ട്.

നാനാവിധത്തിലും പുരോഗമിക്കുന്ന സമാധാനാന്തരീക്ഷം കാംക്ഷിക്കുന്ന, വിദ്യാസമ്പന്നരായ പൗരജനങ്ങളാണു കാഞ്ഞിരപ്പള്ളി പഞ്ചായത്തിൽ അധിവസിക്കുന്നത്.

"ലക്ഷ്യം നന്നെങ്കിൽ ഏതു മാർഗ്ഗം ഉപയോഗിച്ചും അതു നേടാം എന്ന വിചാരം തെറ്റാണ്.

—ഗാന്ധിജി

ഭൂപ്രകൃതി



കാഞ്ഞിരപ്പള്ളി പഞ്ചായത്ത്

മലകളും, പുഴകളും സമതലപ്രദേശങ്ങളും കൊണ്ട് സമ്പന്നമായ കോട്ടയം ജില്ലയുടെ തെക്കേ അറ്റത്ത് 5316.6 ഹെക്ടർ വിസ്തീർണ്ണത്തിൽ വ്യാപിച്ചു കിടക്കുന്ന പ്രദേശമാണ് കാഞ്ഞിരപ്പള്ളി പഞ്ചായത്ത്. കേരളത്തിന്റെ ഭൂപ്രകൃതിയനുസരിച്ച് മലനാട് വിഭാഗത്തിൽ പെടുന്ന പഞ്ചായത്തിന്റെ തെക്കേ അതിർത്തിയിൽ മണിമലയാറ് കിഴക്കുനിന്നും പടിഞ്ഞാറോട്ട് ഒഴുകുന്നു. 8,9,10 വാർഡുകളിൽ കൂടി ചിറ്റാർപുഴ വടക്കു നിന്നും തെക്കോട്ട് ഒഴുകുന്നു. പാറത്തോട്, എരുമേലി, മണിമല, ചിറക്കടവ്, എലിക്കുളം, തിടനാട് എന്നീ പഞ്ചായത്തുകളാൽ ചുറ്റപ്പെട്ടു കിടക്കുന്നു. മുഴുവൻ പ്രദേശങ്ങളും നിലവിൽ പുരയിടങ്ങളാണ്. നാമമാത്രമായി വയലുകളും ഉണ്ട്. നെൽകൃഷി ഒട്ടുമേ ഇല്ല.

പുരയിടം വിസ്തീർണ്ണം :- 3337.4 ഹെക്ടർ
പുറംപോക്ക് :- 161 ഹെക്ടർ

പഞ്ചായത്തിലെ പ്രധാനപ്പെട്ട കുന്നുകളും അവ സ്ഥിതി ചെയ്യുന്ന വാർഡുകളും

കൈപ്പള്ളിക്കുന്ന്	I
വഞ്ചിമല	II
വണ്ടനാമല	II
വണ്ടമ്പുറം	III
ഞാവള്ളിക്കുന്ന്	III
മഞ്ഞപ്പള്ളിക്കുന്ന്	IV
മിച്ചഭൂമി	IV
മേലേട്ടുതകിടി	VII
വട്ടകപ്പാറ	VIII
കുന്നുംഭാഗം	IX
പാമ്പൂരിപാറ	X
നെടുങ്ങാട്	X
പനച്ചിക്കപിള്ളി കോളനി	X
മലങ്കോട്ട	XII
നെടുമല	XIII
ആമക്കുന്ന്	XIV

കുന്നുകളും ചെരിവുകളും പാറക്കെട്ടുകളും കൂടി പഞ്ചായത്തിന്റെ വിസ്തൃതിയിൽ 45% വരും. ബാക്കി 55% നിരപ്പുള്ള ഫലഭൂയിഷ്ടമായ മണ്ണോടുകൂടിയതാണ്. പഞ്ചായത്തിന്റെ മിക്ക പ്രദേശവും ചരിവുള്ളതാണെങ്കിലും ഫലഭൂയിഷ്ടമായതും റബ്ബർ കൃഷിക്ക് അനുയോജ്യവുമായ മണ്ണാണ്. കൃഷിക്കാർ അദ്ധ്വാനശീലരും റബ്ബർകൃഷിയിൽ പ്രാവീണ്യം ലഭിച്ചവരുമാണ്. തെങ്ങ്, കമുക്, കൊക്കൊ, കുരുമുളക് എന്നിവയും കൃഷി ചെയ്തുവരുന്നു. തെങ്ങുകൃഷി പൊതുവെ രോഗം ബാധിച്ച നിലയിലാണ്. റബ്ബർ കൃഷിയിൽ കൂടിയ നിലയിൽ ഉത്പാദനം ലഭിക്കുന്നു. ഇടത്തരം കർഷകരാണ് ഭൂരിഭാഗവും.

ജലപ്രകൃതി

ഒരിക്കലും വറ്റാത്ത ജലസമ്പത്തുകൊണ്ട് പൂർണ്ണമായും അനുഗൃഹീതമല്ലെങ്കിലും മണിമലയാറിലെ ജലം വേണ്ടവിധം സംഭരിച്ചാൽ വർഷാന്ത്യത്തോളം, പരസഹായം കൂടാതെ കഴിഞ്ഞു കൂടുവാനുള്ള ഇതര ജല ശ്രോതസ്സുകളും നമുക്കുണ്ട്. എങ്കിലും പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും കുറെ വർഷങ്ങളായി രൂക്ഷമായ വരൾച്ച ബാധിക്കുന്നുണ്ട്.

പ്രധാന തോടുകൾ

1. കുടിത്തോട്:-

ഒന്ന്, രണ്ട്, നാല് വാർഡുകളിൽ കൂടി ഒഴുകുന്നു.

2. മാന്ത്രത്തോട്:-

ഒന്ന്, രണ്ട്, അഞ്ച് എന്നീവാർഡുകളിൽ കൂടി പടിഞ്ഞാറു നിന്നും കിഴക്കോട്ട് ഒഴുകുന്നു.

3. ചിറ്റാർ പുഴയോട് ചേരുന്ന മഞ്ഞപ്പള്ളിത്തോട് 4-ാം വാർഡിൽ കൂടി ഒഴുകുന്നു.

കുന്നുകളും, ചരിവുകളും, നിരപ്പുകളും കൊണ്ട് നിറഞ്ഞതാണ് പഞ്ചായത്തിലെ ഭൂവിന്യാസം. വർഷകാലങ്ങളിൽ ചെറിയ തോടുകളിൽ നീരൊഴുക്കുണ്ടെ

ങ്കിലും വേനൽക്കാലത്തോടെ മുഴുവനും വറ്റി വരളുന്നു. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും കുടിവെള്ള ക്ഷാമം രൂക്ഷമാണ്. മണിമല, ചിറ്റാർ പുഴകളിൽ മണൽവാരൽ മൂലം പുഴയുടെ ആഴം വർദ്ധിക്കുകയും കരകൾ ഇടിയുകയും സമീപത്തുള്ള കിണറുകളിൽ ഉറവ വറ്റുകയും ചെയ്യുന്നു. ഒന്നും രണ്ടും വാർഡുകളിൽ രണ്ടു കുളങ്ങൾ ഉണ്ടെങ്കിലും വേനൽക്കാലത്ത് വറ്റി വരളുന്നവയാണ്.

ജനപ്രകൃതി

1991 ലെ കാനേഷുകുമാരി കണക്കനുസരിച്ച് പഞ്ചായത്തിലെ ജനസംഖ്യ 37017 ആണ്.

പുരുഷന്മാർ - 18756

സ്ത്രീകൾ - 18261

1991 ലെ ഗ്രാമതല ജനസാന്ദ്രത 905 ആണ്

1996 ലെ കണക്കനുസരിച്ച് 801

വീടുകൾ പൊതുവെ ഉറപ്പുള്ളതും, വൃത്തിയുള്ളതും സിമൻറുപയോഗിച്ച് പണിതിട്ടുള്ളതുമാണ്. കോളനി പ്രദേശങ്ങളിൽ ധാരാളം കുടിലുകൾ ഉണ്ട്.

നിലവിലുള്ള കപ്പാടു കുഴൽക്കിണർ പദ്ധതികൊണ്ട് പരിമിതമായ പ്രദേശങ്ങളിൽ മാത്രമെ കുടിവെള്ളം എത്തിക്കുവാൻ സാധിക്കൂ. എന്നാൽ വണ്ടനാമല പ്രദേശത്ത് വിസ്തൃതമായ ഒരു കുളം തീർത്താൽ 1,2,3,4 വാർഡുകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാം.

നിലവിലുള്ള കരിമ്പുകയം പദ്ധതി വിപുലീകരിച്ചാൽ 5,9,10,11,12,13,14 എന്നീ വാർഡുകളിൽ കുടിവെള്ളക്ഷാമം പരിഹരിക്കാം.


കാഞ്ഞിരപ്പള്ളി പേട്ടക്കവലയ്ക്ക് അടുത്ത് ഗണപതിയാർ കോവിലിനു സമീപം കുളം തീർത്താൽ 6,7,8 വാർഡുകളിലേയ്ക്ക് ആവശ്യമുള്ള കുടിവെള്ളം ലഭിക്കുവാൻ സാധ്യതയുണ്ട്.

കുടിത്തോട്, മാന്ത്രത്തോട്, മഞ്ഞപ്പള്ളിത്തോട്, ചിറ്റാർ മുതലായ തോടുകളിൽ ചെക്കുഡാം നിർമ്മിച്ചും ജലക്ഷാമം ഒരളവോളം പരിഹരിക്കാവുന്നതാണ്.

മേലരുവി ഡാം തീർത്താൽ 9,5,1,2,3 വാർഡുകളിൽ ജലവിതരണം നടത്താം.

"സത്യം, അഹിംസ എന്നീ മാർഗ്ഗങ്ങളിലൂടെ മാത്രമാണ് സ്വരാജ് നേടേണ്ടതെന്നും അങ്ങനെ വേണം അതിനെ പരിരക്ഷിക്കേണ്ടതെന്നും ഉള്ള വിശ്വാസം നമുക്കെല്ലാവർക്കും ഉണ്ടാകുമ്പോൾ മാത്രമേ എന്റെ ഭവനയിലുള്ള സ്വരാജ് രൂപമെടുക്കയുള്ളൂ"

—ഗാന്ധിജി



1	2	3	4	5	6	7	8	9	10	11	12	13	14
കുന്നിൻ ചരിവ്	കുന്നിൻ ചെരിവ്	ചെറിയ ചെരിവും സമതലവും	നിരപ്പ്	നിരപ്പ്	ചെറിയ ചെരിവ് നിരപ്പ്	കുന്നിൻ ചെരിവ്	കുന്നിൻ ചെരിവ്	ചെറിയ കുന്നും നിരപ്പും	കുന്നിൻ ചെരിവ്	നിരപ്പ്	ചെറിയ കുന്നും നിരപ്പും	ചെറിയ കുന്നും സമതലവും	കുന്നിൻ ചെരിവ്
പാറക്കെട്ടോടുകൂടിയമണ്ണ്	പാറക്കെട്ടും മണ്ണും	പശിമയുള്ള മണ്ണ്	പശിമയുള്ള മണ്ണ്	പശിമയുള്ള മണ്ണ്	ഫലഭൂയിഷ്ഠമണ്ണ്	ഫലഭൂയിഷ്ഠമണ്ണ്	ഫലഭൂയിഷ്ഠമണ്ണ്	പാറക്കെട്ടും മണ്ണും	പാറക്കെട്ടും മണ്ണും	ഫലഭൂയിഷ്ഠമണ്ണ്	പാറക്കെട്ടും മണ്ണും	ഫലഭൂയിഷ്ഠമണ്ണ്	പാറക്കെട്ടും മണ്ണും
റബ്ബർ തെങ്ങ് കൊക്കൊ കമുക്	റബ്ബർ തെങ്ങ് കൊക്കോ കമുക്	റബ്ബർ കൊക്കോ കമുക് തെങ്ങ് കുരുമുളക്	റബ്ബർ കൊക്കോ കമുക് തെങ്ങ്	റബ്ബർ കുരുമുളക് കൊക്കോ തെങ്ങ്	റബ്ബർ കൊക്കോ കുരുമുളക് തെങ്ങ് കമുക്	റബ്ബർ കുരുമുളക് കൊക്കോ തെങ്ങ് കമുക്	റബ്ബർ കുരുമുളക് കൊക്കോ തെങ്ങ് കമുക്	റബ്ബർ കുരുമുളക് കൊക്കോ കമുക് തെങ്ങ്	റബ്ബർ കുരുമുളക് കമുക് കൊക്കോ തെങ്ങ്	റബ്ബർ തെങ്ങ് കമുക് കുരുമുളക്	റബ്ബർ തെങ്ങ് കമുക് കുരുമുളക് കൊക്കോ	റബ്ബർ തെങ്ങ് കമുക് കുരുമുളക് കൊക്കോ	റബ്ബർ കമുക് കുരുമുളക് തെങ്ങ് കൊക്കോ
മണ്ണൊലിപ്പ്	മണ്ണൊലിപ്പ് (പാറമട)	മണ്ണൊലിപ്പ്	മണ്ണൊലിപ്പ്			മണ്ണൊലിപ്പ്	മണ്ണൊലിപ്പ്	മണ്ണൊലിപ്പ്	മണ്ണൊലിപ്പ്	മണൽവാരൽ	മണൽവാരൽ	മണ്ണൊലിപ്പ്	മണ്ണൊലിപ്പ്



കൃഷിയും ജലസേചനവും

കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത് മുഖ്യമായും ഒരു കാർഷിക മേഖലയാണ്. 5316.6 ഹെക്ടർ വിസ്തീർണ്ണം ഉണ്ട്, പഞ്ചായത്തിന്. 4803 ഹെക്ടർ സ്ഥലത്ത് റബ്ബർകൃഷി വ്യാപിച്ചു കിടക്കുന്നു. 1970 കാലഘട്ടംവരെ ജന്മികുടിയാൻ ബന്ധം ഈ മേഖലയിലും പ്രാബല്യത്തിൽ ഉണ്ടായിരുന്നു. ഇത് അവസാനിച്ചതോടുകൂടി കാർഷിക മേഖലയിൽ ഒരു പുത്തൻ ഉണർവ്വ് ഉണ്ടാവുകയും ഉൽപ്പാദനത്തിൽ സാരമായ വർദ്ധനവ് ഉണ്ടാവുകയും ചെയ്തിട്ടുണ്ട്.

ഈ മേഖലയിൽ പ്രധാനകൃഷി റബ്ബർ ആണ്. റബ്ബർകൃഷി വ്യാപകമായതോടുകൂടി ഒട്ടനവധി സസ്യലതാദികൾ അന്യം നിന്ന് പോകാൻ ഇടയായിട്ടുണ്ട്. ഇതു പ്രകൃതിയുടെ സന്തുലിതാവസ്ഥയെ ബാധിക്കുവാൻ ഇടയുണ്ട്. 513.6 ഹെക്ടർ സ്ഥലത്താണ് മറ്റു കൃഷികളായ തെങ്ങ്, കമുക്, കുരുമുളക്, കാപ്പി, കൊക്കൊ, ഇഞ്ചി മുതലായവ കൃഷി ചെയ്തുവരുന്നത്. ധാന്യവിളകൾ ഒന്നുംതന്നെ കൃഷിചെയ്യുന്നില്ല. മുൻകാലങ്ങളിൽ ചേമ്പ്, ചേന, കുരുമുളക്, ഇഞ്ചി, മഞ്ഞൾ, കപ്പ, കാച്ചിൽ, തെങ്ങ്, കമുക്, നെല്ല് മുതലായവ വ്യാപകമായി കൃഷി ചെയ്തിരുന്നു.

പണ്ടു കാലങ്ങളിൽ തൊഴിലാളികളിൽ ബഹുഭൂരിപക്ഷവും കാർഷിക മേഖലകളിൽ പണി എടുത്തിരുന്നു. എന്നാൽ കർഷകതൊഴിലാളി മേഖലയിലെ പുതിയ തലമുറയ്ക്ക് വിദ്യാഭ്യാസപരമായ ഉയർച്ചലഭിക്കുകയും നാട്ടിൽ വ്യാവസായിക സംരംഭങ്ങൾ ഉണ്ടാവുകയും ചെയ്തതിന്റെ ഫലമായി പുതിയ തലമുറയിൽപ്പെട്ട ആളുകൾ മറ്റ് തൊഴിലുകൾ തേടിപ്പോയത് നിമിത്തം കാർഷിക മേഖലയിൽ തൊഴിലാളികളെ കിട്ടാൻ ബുദ്ധിമുട്ടു അനുഭവപ്പെടുന്നുണ്ട്. അതുകൊണ്ട് യഥാസമയം കൃഷി ജോലികൾ ചെയ്തുതീർക്കാൻ കഴിയാത്ത അവസ്ഥ വ്യാപകമാണ്.

മണ്ണ് സംരക്ഷണം

മണ്ണും മനുഷ്യരും തമ്മിലുള്ള ബന്ധം അനാദികാലം മുതൽ നിലനിന്നു പോരുന്നു. മണ്ണ്, ജലം, സസ്യലതാദികൾ ഇവ മൂന്നിന്റെയും സംരക്ഷണം മുൻനിർത്തിയുള്ള വികസനങ്ങൾക്കാണ് പ്രാധാന്യം നൽകേണ്ടത്. വികസനപ്രവർത്തനങ്ങൾ പ്രകൃതിയുടെ സന്തുലിതാവസ്ഥയ്ക്ക് കോട്ടം വരാത്ത നിലയിൽ ആയിരിക്കേണ്ടതാണ്. പഞ്ചായത്തിലെ കൃഷിക്കാരിൽ ഭൂരിപക്ഷവും ചെറുകിട ഇടത്തരം നാമമാത്ര കൃഷിക്കാരാണ്. ഈ കൃഷിക്കാരുടെ സമഗ്രമായ അഭിവൃദ്ധിക്ക് വേണ്ടിയുള്ള സമഗ്ര പദ്ധതിയാണ് ആവിഷ്ക്കരിച്ചു നടപ്പാക്കേണ്ടിയിരിക്കുന്നത്.

മണ്ണ് എന്ന പ്രതിഭാസം പ്രകൃതിയുടെ വരദാനം ആണ്. അത് ഒരിക്കലും നശിക്കുവാൻ ഇടയാകരുത്. അതിനാൽ മണ്ണുസംരക്ഷണപ്രവർത്തനം കാര്യക്ഷമമാക്കണം. വർഷകാലത്ത് മഴ ധാരാളം ലഭിക്കുന്നുണ്ടെങ്കിലും വേനൽക്കാലത്ത് ജലക്ഷാമം രൂക്ഷമാണ്. ഇതിനുള്ള പ്രതിവിധി മഴവെള്ളം അതാത് പുരയിടങ്ങളിൽ താഴുന്നതിനുള്ള സംവിധാനം ഉണ്ടാക്കുകയാണ്. ചരിവിന് അനുസൃതമായി ഇടകയ്യാലകൾ നിർമ്മിക്കുന്നതിലൂടെ മണ്ണൊലിപ്പും നീരൊഴുക്കും തടയുവാൻ സാധിക്കും. വൻകിടകൃഷിക്കാർ ഈ വക പ്രവർത്തനങ്ങൾ ഏറക്കുറെ നടത്തുണ്ട്. പൂർണ്ണമായും സർക്കാർ സഹായത്തോടെ പഞ്ചായത്ത് ഒട്ടാകെ കയ്യാല നിർമ്മിയ്ക്കാൻ കഴിഞ്ഞാൽ ജലത്തിന്റെ കുത്തൊഴുക്കും മണ്ണൊലിപ്പും തടയാൻ കഴിയും. ഇങ്ങനെ നിർമ്മിക്കുന്ന കയ്യാലയിലൂടെ രാമച്ചം, തീറ്റപ്പുല്ല്, ഇവ കൃഷി ചെയ്താൽ കൃഷിക്കാർക്ക് വരുമാനവും ആകും. തോട്, ആറ് എന്നിവയ്ക്ക് സംരക്ഷണ ഭിത്തി നിർമ്മിച്ചാൽ അതിലൂടെയും മണ്ണൊലിപ്പ് തടയാൻ കഴിയും.

പുരയിടങ്ങളിൽ കാനകളും കുഴികളും നിർമ്മിച്ച് മണ്ണിലെ ജലനിരപ്പ് ഉയർത്താനും, ജലം പാഴാകുന്നതു തടയാനും കഴിയും.

വർഷകാലത്ത് അധികമായി ലഭിക്കുന്ന ജലം ടാങ്കുകളിൽ സംഭരിക്കുവാൻ കഴിഞ്ഞാൽ കൃഷിക്ക് ജല സേചനം, നടത്താൻ കഴിയുന്നതാണ്.

നിലവിൽ ഉള്ള കുളങ്ങളും ജല ശ്രോതസ്സുകളും സംരക്ഷിക്കുകയും പുതുതായി വാർഡുകളിൽ കുളങ്ങൾ നിർമ്മിക്കുകയും ചെയ്യണം.

മേലരുവിയിൽ മുടങ്ങിക്കിടക്കുന്ന ജലവിതരണ പദ്ധതി പുനരാരംഭിച്ചാൽ 1,2,3,4,5,6,7,8,9 വാർഡുകളിൽ ജലം എത്തിക്കാൻ കഴിയും. അങ്ങനെ ഈ മേഖലയിൽ കൃഷിയ്ക്ക് ജലസേചനം നടത്താൻ കഴിയും. കൊരട്ടി, അമ്പലക്കടവിന് സമീപം ഉള്ള കയത്തിൽ തടയണകെട്ടി ആ ജലം മണങ്ങല്ലൂർ സ്കൂൾ പരിസരത്ത് ടാങ്ക് നിർമ്മിച്ച് ടാങ്കിൽ ജലം എത്തിച്ച് 10,11,12,13,14, വാർഡുകളിൽ കൃഷിയ്ക്ക് ജലം എത്തിക്കുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിച്ചു നടപ്പിലാക്കണം. കൊരട്ടിയിൽ പൂർത്തിയായിക്കിടക്കുന്ന സാമൂഹ്യ ജലസേചനപദ്ധതി എത്രയും വേഗം കമ്മീഷൻ ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു.

വളപ്രയോഗം

രാസവളത്തിന്റെ അധികമായ വിലവർദ്ധനവ് സാധാരണ ആൾക്കാർക്ക് താങ്ങാൻ ആവാത്തതാണ്. തത്വദീക്ഷയില്ലാത്തതും അനിയന്ത്രിതവും ആയ രാസവള പ്രയോഗം മൂലം പ്രകൃതിയുടെ സന്തുലിതാവസ്ഥയ്ക്കു തന്നെ കോട്ടം തട്ടുന്നുണ്ട്. ജൈവവളപ്രയോഗമാണ് നമ്മുടെ കൃഷിയ്ക്കു പറ്റിയത്. വളക്കുഴി നിർമ്മാണവും കംപോസ്റ്റ് വള നിർമ്മാണവും പ്രോത്സാഹിപ്പിക്കണം. സഹകരണാടിസ്ഥാനത്തിൽ യൂണിറ്റുകൾ സ്ഥാപിച്ച് ജൈവവള നിർമ്മാണത്തിന് പ്രോത്സാഹനം നൽകണം. പഞ്ചായത്ത് നീക്കം ചെയ്യുന്ന ചപ്പുചവറുകളും, ഹോട്ടൽ മുതലായ സ്ഥലങ്ങളിൽനിന്നും പുറന്തള്ളുന്ന അവശിഷ്ടങ്ങളും ഉപയോഗിച്ചു വളം നിർമ്മിയ്ക്കാൻ കഴിഞ്ഞാൽ പരിസരമലിനീകരണം ഒഴിവാക്കാനും കഴിയും.

പച്ചക്കറിയും പഴവർഗ്ഗങ്ങളും

പച്ചക്കറികൾക്കും പഴവർഗ്ഗങ്ങൾക്കും നാം അന്യ സംസ്ഥാനങ്ങളെയാണ് ആശ്രയിക്കുന്നത്. കോടിക്കണക്കിനു രൂപ നമ്മുടെ സംസ്ഥാനത്ത് നിന്നും അന്യ സംസ്ഥാനങ്ങളിലേയ്ക്ക് ഒഴുകുന്നു. സാമ്പത്തികനഷ്ടം ഉണ്ടാകുന്നു എന്നു മാത്രമല്ല വിഷലിപ്തമായ ഉല്പന്നങ്ങളാണ് അവിടെനിന്നും നമ്മുടെ നാട്ടിലേക്ക് എത്തുന്നത്. ഇത് നമ്മുടെ ആരോഗ്യത്തെ സാരമായി ബാധിക്കുന്നു. ഇതിനു പരിഹാരം ആയി ഓരോ വീട്ടിലും ചെറിയതോതിൽ പച്ചക്കറി തോട്ടങ്ങൾ സ്ഥാപിക്കുകയും മാങ്കോസ്റ്റിൻ, ചാമ്പ, മാവ്, പേര, ചീമനെല്ലി, പപ്പായം മുതലായവ കൃഷി ചെയ്യാവുന്നതാണ്.

റബ്ബർതോട്ടങ്ങൾ ആവർത്തനകൃഷി നടത്തുന്ന സമയത്ത് മൂന്ന് വർഷത്തേയ്ക്ക് പച്ചക്കറിത്തോട്ടം സ്ഥാപിക്കാവുന്നതാണ്. അങ്ങനെ സ്ഥാപിക്കാൻ താല്പര്യം എടുക്കുന്ന ആൾക്ക് ബാങ്ക് വായ്പ എടുക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കേണ്ടതാണ്.

പച്ചക്കറി കൃഷിക്കു പുറമേ പൈനാപ്പിൾ, വാഴ, ചേന, കപ്പ, ചേമ്പ്, കാച്ചിൽ, ഇഞ്ചി, മഞ്ഞൾ തുടങ്ങിയവ കൃഷിചെയ്യുന്നതിന് ആവശ്യമായ പ്രോത്സാഹനം നൽകേണ്ടതാണ്.

ഇടവിളകൃഷി

റബ്ബറിന്റെ ഇടവിളയായി അധിക സൂര്യപ്രകാശം ആവശ്യമില്ലാത്ത കൃഷികൾ നടത്താൻ കഴിയും. നമ്മുടെ നാട്ടിൽ പച്ചമരുന്നുകൾ പലതും അന്യം നിന്നു പോകുന്ന അവസ്ഥയിൽ എത്തിയിരിക്കുന്നു. ആയുർവേദ മരുന്നുകൾക്ക് തീവില നൽകേണ്ട സ്ഥിതിയും ഉണ്ടാകുന്നു. റബ്ബർ മരങ്ങൾക്കിടയിൽ കൂവ, കച്ചോലം, കറുക, തിപ്പലി, മലയിഞ്ചി മുതലായവ കൃഷിചെയ്യാവുന്നതാണ്.

തേൻ, പട്ടുനൂൽപുഴു കൃഷി

ധനകാര്യസ്ഥാപനങ്ങളിൽ നിന്നും സാമ്പത്തിക സഹായവും കൃഷിഭവനുകളിൽ നിന്ന് സാങ്കേതികസഹായവും ലഭിച്ചാൽ ആദായകരമായ നിലയിൽ വ്യാപകമായി പട്ടുനൂൽപുഴു വളർത്തലും തേനീച്ചവളർത്തലും നടത്താൻ കഴിയുന്നതാണ്.

കൂൺകൃഷി

വളരെയധികം പോഷകമൂല്യമുള്ള ഒന്നാണ് കൂൺ. സാധാരണ ആളുകൾക്ക് സാമ്പത്തികസഹായവും സാങ്കേതികസഹായവും നൽകാൻ കഴിഞ്ഞാൽ കൂൺകൃഷി വ്യാപകമാക്കി നല്ലൊരു വരുമാനമാർഗ്ഗമാക്കി മാറ്റാവുന്നതാണ്.

പുഷ്പ കൃഷി

ഓർക്കിഡ്, ആന്തൂറിയം, മുല്ല മുതലായ പൂക്കൾക്ക് നമ്മുടെ നാട്ടിലും വിദേശത്തും ആവശ്യക്കാർ ധാരാളം ഉണ്ട്. അധികം മുതൽമുടക്കു വരുന്ന കൃഷി ആയതുകൊണ്ട് സാമ്പത്തികശേഷിയുള്ള കുറെ ആളുകൾ മാത്രമാണ് ഈ കൃഷിയിൽ ഏർപ്പെട്ടിരിക്കുന്നത്. ഇടത്തരം, സാധാരണ ആളുകൾക്ക് സാമ്പത്തികവും സാങ്കേതികവും ആയ സഹായം ചെയ്യാൻ കഴിഞ്ഞാൽ

അവർക്കും സാധാരണക്കാരായ വീട്ടമ്മമാർക്കും നല്ല ആദായമുള്ള ഒരു തൊഴിലാക്കി ഇതിനെ മാറ്റാൻ കഴിയുന്നതാണ്.

തെങ്ങ്കൃഷി

റബ്ബർകൃഷി വ്യാപകമായതോടുകൂടി തെങ്ങിന്റെ കൃഷി തീരെ ഇല്ലാതായിരിക്കുകയാണ്. ഏതാണ്ട് 195 ഹെക്ടർ സ്ഥലത്ത് മാത്രമാണ് തെങ്ങ് കൃഷിയുള്ളത്. വേരുരോഗം, ഇലരോഗം, കൂമ്പുചീയൽ, തടിചീയൽ മുതലായ രോഗങ്ങൾ നിമിത്തം ഭൂരിപക്ഷം തെങ്ങുകളും വെട്ടിമാറ്റേണ്ട അവസ്ഥയിൽ എത്തിയിരിക്കുന്നു. സർക്കാരിന്റെ പൂർണ്ണമായ സാമ്പത്തിക സഹായത്തോടെ ഇതെല്ലാം വെട്ടിമാറ്റി ഉല്പാദനശേഷിയുള്ളതും രോഗപ്രതിരോധശേഷിയുള്ളതുമായ തെങ്ങിൻതൈകൾ കൃഷിഭവൻ മുഖാന്തിരം വിതരണം ചെയ്തു തെങ്ങ്കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നടപടികൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

കുരുമുളക് കൃഷി

ഏതാണ്ട് 162 ഹെക്ടർ സ്ഥലത്ത് കുരുമുളക് കൃഷിയുണ്ട്. ഇലപൊഴിച്ചിൽ, തണ്ടുചീയൽ തുടങ്ങിയ രോഗങ്ങളാൽ കുരുമുളക്ചെടി പൂർണ്ണമായും നശിച്ചുകൊണ്ടിരിക്കുന്നു. കേടായ കൊടിവള്ളികൾ നശിപ്പിച്ചുകളഞ്ഞ് രോഗപ്രതിരോധശേഷിയുള്ള തൈകൾ കൃഷിക്കാർക്ക് കൃഷിഭവനിലൂടെ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു.

സമ്മിശ്രകൃഷി

നമ്മുടെ നാട്ടിൽ പലവിധത്തിലുള്ള വൃക്ഷങ്ങളും, ചെടികളും ഇല്ലാതായികൊണ്ടിരിക്കുകയാണ്. ഇതിന് പരിഹാരം കാണണമെങ്കിൽ സമ്മിശ്രമായ കൃഷിസമ്പ്രദായം പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. മാവ്, പ്ലാവ്, ജാതി, കറുവ, പുളി, ഗ്രാമ്പൂ തുടങ്ങിയവയും. തെങ്ങ്, കമുക്, കുരുമുളക്, കൊക്കോ മുതലായവയും സ്ഥലത്തിന്റെ സ്വഭാവവും കൃഷിക്കാരന്റെ താല്പര്യവും അനുസരിച്ച് കൃഷിചെയ്യുവാൻ കഴിഞ്ഞാൽ ചെറുകിട ഇടത്തരം കൃഷിക്കാരുടെ വരുമാനത്തിൽ വർദ്ധനവ് ഉണ്ടാക്കാൻ കഴിയും.

കേരള കാർഷികയൂണിവേഴ്സിറ്റിയുടെ ആഭിമുഖ്യത്തിൽ റബ്ബർകൃഷി അധിഷ്ഠിതമായുള്ള ഗവേഷണകേന്ദ്രവും ആധുനികരീതിയിലുള്ള ലബോറട്ടറിയും ഏറ്റവും കൂടുതൽ റബ്ബർ ഉത്പാദിപ്പിക്കുന്ന മേഖലയായ കാഞ്ഞിരപ്പള്ളിയിൽ സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ ഉണ്ടാകണം.

ഇന്ത്യയിൽ ഏറ്റവും കൂടുതൽ റബ്ബർ ഉത്പാദിപ്പിക്കുന്നത് കാഞ്ഞിരപ്പള്ളിയിലാണ്. ഉത്പാദനത്തിന്റെയും സംസ്കരണത്തിന്റെയും ശാസ്ത്രസാങ്കേതിക വിദ്യകൾ അഭ്യസിപ്പിക്കുന്ന റബ്ബർ ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ട് കാഞ്ഞിരപ്പള്ളിയിൽ സ്ഥാപിക്കണം.

നേഴ്സറി

നല്ലയിനം നടീൽ വസ്തുക്കൾ കുറഞ്ഞവിലയ്ക്ക് ലഭിക്കത്തക്കനിലയിൽ കൃഷിഭവനോട് അനബന്ധിച്ചോ, ആഭിമുഖ്യത്തിലോ നേഴ്സറികൾ സ്ഥാപിക്കുന്നത് സാധാരണക്കാരായ കൃഷിക്കാർക്ക് പ്രയോജനകരം ആയിരിയ്ക്കും.

ഇൻഷ്വറൻസ്

1 ഹെക്ടറിൽ താഴെയുള്ള എല്ലാ കൃഷിക്കാർക്കും പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന നഷ്ടത്തിന് പൂർണ്ണമായ നഷ്ടപരിഹാരം ലഭിക്കത്തക്ക നിലയിൽ സർക്കാരിന്റെ ചെലവിൽ ഇൻഷ്വറൻസ് പദ്ധതി ആവിഷ്ക്കരിച്ചു നടപ്പിലാക്കണം.

നിർദ്ദേശങ്ങൾ

1. നിലവിൽ ഉള്ള കുളങ്ങളുടെ അറ്റകുറ്റപണികൾ തീർത്ത് ഉപയോഗയോഗ്യമാക്കുകയും ഒരു വാർഡിൽ ഒന്ന് എന്ന ക്രമത്തിൽ പുതിയ കുളങ്ങൾ നിർമ്മിക്കുകയും ചെയ്യുക.
2. പഞ്ചായത്തിന്റെ വിവിധമേഖലകളിലായി 50-ൽ കുറയാത്ത ജലസംഭരണികൾ നിർമ്മിച്ച് ജലസേചനസൗകര്യം വർദ്ധിപ്പിക്കുക.
3. കൊരട്ടി അമ്പലകടവിൽ പമ്പുഹൗസ് സ്ഥാപിച്ച് മണങ്ങല്ലൂർ സ്കൂൾ ഗ്രൗണ്ടിൽ വാട്ടർ ടാങ്ക് നിർമ്മിച്ച് 10, 11, 12 13, 14 വാർഡുകളിൽ ജലസേചന സൗകര്യം ഉണ്ടാക്കുക.
4. മേലരുവിയിൽ പമ്പുഹൗസ് സ്ഥാപിച്ച് 1,2,3,4, 5, 6, 7, 8, 9, വാർഡുകളിൽ ജലം എത്തിയ്ക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുക.
5. പൂതക്കുഴിയിലെ തടയണ പൂർത്തീകരിച്ചു പമ്പുഹൗസ് സ്ഥാപിച്ചു വട്ടകപ്പാറമലയുടെ മുകളിൽ ടാങ്കുനിർമ്മിച്ചു ജലം ശേഖരിച്ചാൽ ഈ പഞ്ചായത്തിന്റെ എല്ലാ മേഖലയിലും പാറത്തോടു പഞ്ചായത്തിന്റെ വിവിധമേഖലകളിലും ജലം എത്തിയ്ക്കാൻ കഴിയും.
6. ചിറ്റാറിൽ ആനക്കല്ലും, ടൗൺ ഹാളിന് മുൻവശവും, മണിമലയാറ്റിൽ കൊരട്ടി അമ്പലക്കടവിനു താഴെയും, ഓരുങ്കൽ ഭാഗത്തും തടയണ നിർമ്മിയ്ക്കുക.
7. ഇടവര കയ്യാലകൾ നിർമ്മിയ്ക്കുക.

8. നീർക്കുഴി നിർമ്മാണം.
9. ജൈവവള നിർമ്മാണം.
10. പച്ചക്കറി തോട്ടങ്ങൾ.
11. ഫലവൃക്ഷതൈകൾ.
12. പൈനാപ്പിൾകൃഷി.
13. കുരുമുളകുകൃഷി
14. തെങ്ങുകൃഷി.
15. പുഷ്പകൃഷി.
16. കൂൺകൃഷി.
17. തീറ്റപ്പുല്ലുകൃഷി.
18. ഔഷധസസ്യങ്ങളുടെ കൃഷി.
19. നടീൽ വസ്തുക്കളുടെ ഉല്പാദനം.
20. തേനീച്ച വളർത്തൽ.
21. മൃഗസംരക്ഷണം.
22. ഇടവിളകൃഷി.
23. സമ്മിശ്ര കൃഷി.
24. ഇൻഷ്വറൻസ് സ്കീം.
25. എലിനശീകരണം.
26. കാർഷികയൂണിവേഴ്സിറ്റിയുടെ ആഭിമുഖ്യത്തിൽ കൃഷിയധിഷ്ഠിത ഗവേഷണകേന്ദ്രവും ലബോറട്ടറിയും തുടങ്ങുക.
27. റബ്ബർ ഉത്പാദനവും സംസ്ക്കരണവും സംബന്ധിച്ചു നൂതന ശാസ്ത്രസാങ്കേതികവിദ്യകൾ അഭ്യസിപ്പിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുക.
28. നിലവിലുള്ള കപ്പാട് ജലസേചനപദ്ധതി കേന്ദ്രീകരിച്ച് വണ്ടനാമല കുടിതോടിനു സമീപം ഒരു വലിയ കുളം കുഴിച്ച് ഇപ്പോൾ നിലവിലുള്ള വഞ്ചിമല ടാങ്കുമായി യോജിപ്പിച്ച്, വിപുലമായ ജലസേചനം നടത്താം. ഇതുവഴി 1, 2, 3, 4 എന്നീ വാർഡുകൾക്ക് വളരെ പ്രയോജനം ലഭിക്കുകയും ചെയ്യും.
29. മുട്ടം മലങ്കര എസ്റ്റേറ്റുവഴി പോകുന്ന കനാൽ ഈരാട്ടുപേട്ട വഴി കാഞ്ഞിരപ്പള്ളിക്കു ദീർഘിപ്പിക്കണം.
30. നിർദ്ദിഷ്ട മീനച്ചിൽ നദീതടപദ്ധതി പ്രകാരമുള്ള കനാൽ കാഞ്ഞിരപ്പള്ളിക്കു നീട്ടണം.
31. അഞ്ചിലിപ്പ പാലത്തിനു സമീപം ചെക്കുഡാം തീർത്തു ജലവിഭവശേഷി വർദ്ധിപ്പിക്കണം.

"ഗ്രാമം നശിച്ചാൽ ഇന്ത്യയും നശിക്കും
പിന്നെ ഇന്ത്യ ഇന്ത്യയായിരിക്കുകയില്ല."

—ഗാന്ധിജി.



മൃഗസംരക്ഷണം

ഒൻപതാം പഞ്ചവത്സരപദ്ധതി ആസൂത്രണപ്രക്രിയയിൽ മൃഗസംരക്ഷണ മേഖലക്ക് വലിയ പ്രസക്തി ഉണ്ട്. സാധാരണയായി വികസനത്തെക്കുറിച്ച് പറയുമ്പോൾ റോഡ്, പാലം ഓഫീസ്കെട്ടിടങ്ങൾ, എന്നിവയെക്കുറിച്ചാണു ചിന്തിക്കുന്നത്.

പഴയ കാലങ്ങളിൽ എല്ലാ സമ്പന്നകുടുംബങ്ങളിലും തൊഴുത്തുനിറയെ കന്നുകാലികൾ ഉണ്ടായിരുന്നു. അക്കാലത്ത് കന്നുകാലികളുടെ എണ്ണം, സമ്പന്നതയെ വിളിച്ചറിയിക്കുന്ന ഒരു ഘടകമായിരുന്നു. പാൽ ഉല്പാദനത്തിന് പശു, ആട്, എരുമ എന്നിവയേയും കൃഷി ആവശ്യത്തിന് പോത്ത്, കാള എന്നിവയേയും ധാരാളമായി വളർത്തിയിരുന്നു. ഇതുകൂടാതെ മാംസത്തിനായി പന്നിയേയും വളർത്തിയിരുന്നു. അക്കാലത്ത് മേച്ചിൽപുറങ്ങൾ ധാരാളം ഉണ്ടായിരുന്നതിനാൽ ഇവയുടെ സംരക്ഷണം ക്ലേശരഹിതവും ചിലവു കുറഞ്ഞതുമായിരുന്നു. മൃഗചികിത്സക്ക്, നാടൻ മരുന്നുകളാണ് ഉപയോഗിച്ചിരുന്നത്. ഇവയുടെ പ്രജനനത്തിന് പ്രകൃതിദത്തമായ രീതിയാണ് അവലംബിച്ചിരുന്നത്. ധവളവിപ്ലവത്തിന്റെ ഫലമായി കുറവുകുറഞ്ഞ നാടൻ ഇനങ്ങൾക്കു പകരം സങ്കരയിനങ്ങൾ രംഗപ്രവേശം ചെയ്തു.

പാൽ, മുട്ട, മാംസം എന്നിവയ്ക്കും, കൃഷിക്കാവശ്യമുള്ള ജൈവവളത്തിനുവേണ്ടിയും, ബയോഗ്യാസ് കൊണ്ടുള്ള ഊർജ്ജ ഉൽപാദനം എന്നിവക്കും നമ്മൾ മൃഗങ്ങളെ ആശ്രയിക്കുന്നു. ഇതുകൂടാതെ വ്യവസായത്തിന് തുകൽ, എല്ല്, ജലാറ്റിൽ, ഓസിൻ, കൊഴുപ്പ് എന്നിവക്കും മൃഗങ്ങളെ ആശ്രയിക്കുന്നു. ഈ കാരണങ്ങളാൽ മൃഗസംരക്ഷണ മേഖലയുടെ സമഗ്രമായ വികസനം ആസൂത്രണം ചെയ്യേണ്ടിയിരിക്കുന്നു.

പാൽ, മുട്ട, മാംസം മുതലായവ ഏറ്റം സമ്പൂർണ്ണാഹാരമായതിനാൽ വേണ്ട അളവിൽ ഉപയോഗിക്കാൻ സാധിച്ചാൽ ആരോഗ്യം സംരക്ഷിച്ച് ചികിത്സാചിലവുകൾ ഗണ്യമായി കുറയ്ക്കാൻ സാധിക്കും. പാൽ, മുട്ട, മാംസം എന്നിവയ്ക്ക് നാം ഇന്ന് അയൽസംസ്ഥാനങ്ങളെ ആശ്രയിക്കുകയാണ്. ഈ രീതിയ്ക്ക് മാറ്റം വരുത്തേണ്ടിയിരിക്കുന്നു.

മൃഗസംരക്ഷണ രംഗത്ത് കൂടുതലായും സ്ത്രീകളാണ് പ്രവർത്തിക്കുന്നത്. ഇവരുടെ സേവനം നാടിന്റെ നന്മയ്ക്ക് സുപ്രധാനഘടകമാണ്. ആയതിനാൽ കാഞ്ഞിരപ്പള്ളി പഞ്ചായത്തിൽ മൃഗസംരക്ഷണത്തിലേർപ്പെട്ടിരിക്കുന്ന വീട്ടമ്മമാരുടെ സമഗ്രവികസനത്തിനുവേണ്ട നടപടികൾ സ്വീകരിക്കണം.

ഈ മേഖലയിലെ പ്രശ്നങ്ങളിലേക്ക് ശ്രദ്ധതിരിച്ച് സ്ഥിതി വിലയിരുത്താം.

പാൽ ഉല്പാദനം

ഇന്നത്തെ കാലിതീറ്റയുടെ വിലയും പാലിന്റെ വിലയും താരതമ്യപ്പെടുത്തുമ്പോൾ കന്നുകാലി വളർത്തൽ കർഷകനു ലാഭകരമല്ലാതായിരിക്കുന്നു. ഈ പഞ്ചായത്തിലെ 80% പേർ കൃഷിക്കാരാണ്. റബ്ബർ കൃഷിയിൽ മുൻപന്തിയിൽ നിൽക്കുന്ന പ്രദേശമാണ് കാഞ്ഞിരപ്പള്ളി പഞ്ചായത്ത്. ആയതിനാൽ തീറ്റപ്പുല്ലിന്റെ ദൗർലഭ്യം മൃഗസംരക്ഷണത്തെ ഗണ്യമായി ബാധിക്കുന്നു. പഞ്ചായത്തു തലത്തിൽ മൃഗസംരക്ഷണ വകുപ്പുമായി ബന്ധപ്പെട്ടു ബോധവൽക്കരണപരിപാടികൾ നടത്തേണ്ടിയിരിക്കുന്നു.

മുട്ട ഉല്പാദനം

മുട്ട ഉല്പാദനത്തിന് ആവശ്യമായ മേൽത്തരം കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യണം. ആയതിനാവശ്യമായ സാമ്പത്തികസഹായം ഈ രംഗത്തുണ്ടാവണം.

ഇറച്ചി ഉല്പാദനം:

അയൽ സംസ്ഥാനങ്ങളെ ആശ്രയിക്കുന്ന രീതി മാറ്റുന്നതിന് ആട്, മുരിക്കിടാവ്, മുയൽ എന്നിവയേയും കോഴി, പന്നി, താറാവ്, കാട തുടങ്ങിയവയേയും ശാസ്ത്രീയമായ രീതിയിൽ വളർത്തുന്നതിന് ഈ പഞ്ചായത്തിലെ ജനങ്ങളെ ബോധവാന്മാരാക്കണം.

ഇനം	1987 ലെ എണ്ണം	1996 ലെ എണ്ണം
സങ്കരഇനം പശു	2196	2710
നാടൻ പശു	268	ഇല്ല
എരുമ	20	28
ആട്	3000	4200
കിടാക്കൾ	500	1318
കോഴി	14030	18000
പട്ടി	4000	4800
പന്നി	350	550

കേരളത്തിലെ മൊത്തം ഉല്പാദനം

	1960	1996
പാൽ	2.5 ലക്ഷം മെട്രിക്ടൺ ദേശീയവരുമാനം	23.73 ലക്ഷം മെട്രിക്ടൺ 2616 കോടി
മുട്ട	30 കോടി ദേശീയവരുമാനം	207 കോടി 350 കോടി
ഇറച്ചി	50,000 മെ. ടൺ ദേശീയവരുമാനം	1,42,000 മെ. ടൺ 142 കോടി

പാലിന്റെ പ്രതിശീർഷ ഉപയോഗം ഇപ്പോൾ	192 ഗ്രാം/പ്രതിദിനം
ആയിരിക്കേണ്ടത്	250 ഗ്രാം / പ്രതിദിനം
മുട്ട പ്രതിശീർഷ ഉപയോഗം	50 മുട്ട / പ്രതിദിനം
ആയിരിക്കേണ്ടത്	200 മുട്ട / പ്രതിദിനം
ഇറച്ചി പ്രതിശീർഷ ഉപയോഗം	35 ഗ്രാം / പ്രതിദിനം
ആയിരിക്കേണ്ടത്	150 ഗ്രാം / പ്രതിദിനം

മൃഗസംരക്ഷണവകുപ്പ് മുഖേന നടപ്പാക്കാവുന്ന ഇതരപദ്ധതികൾ

1. കറവപശുക്കൾക്ക് കാലിതീറ്റ നൽകുന്ന പദ്ധതി

2. 2 പശുക്കളുടെ യൂണിറ്റ്:-

ആകെ മൂലധനതുകയായ 27000 രൂപായിൽ 9000 രൂപാ സബ്സിഡി നൽകും. പശുതൊഴുത്തും 2 പശുക്കളേയും ദുർബലവിഭാഗങ്ങൾക്കു വാങ്ങി കൊടുക്കും. ഈ പഞ്ചായത്തിൽനിന്നും 50 കർഷകരെ ഈ പദ്ധതിയിൽ ഉൾപ്പെടുത്താം.

3. കിടാരി വിതരണ പരിപാടി

2 വയസ്സുപ്രായമുള്ള കിടാരികളെ 3000 രൂപയ്ക്ക് വാങ്ങി പകുതിവിലയ്ക്ക് കർഷകർക്കു നൽകും. സബ്സിഡി 1500 രൂപ. 100 കർഷകരെ ഈ പദ്ധതിയിൽ പെടുത്താം.

4. കന്നുകുട്ടി പരിപാലന പരിപാടി

4 മാസത്തിനും 9 മാസത്തിനും ഇടയ്ക്ക് പ്രായമുള്ള പശുക്കുട്ടികളെ, ഈ സ്കീമിൽപെടുത്തി, പ്രസവിക്കുന്നതുവരെ പകുതിവിലയ്ക്ക് തീറ്റ നൽകുന്നു. എല്ലാ കന്നുകുട്ടികളെയും ഇൻഷർ ചെയ്യുന്നു. 150 കർഷകരെ ഈ സ്കീമിൽ പെടുത്താം.

5. മൂരിക്കിടാവു വളർത്തൽ:-

ധാരാളം സ്ഥലസൗകര്യമുള്ള കർഷകർക്ക് മൂരിക്കിടാങ്ങളെ വാങ്ങിച്ചുകൊടുത്തു വളർത്തുന്നു. ഒരു കിടാവിന് 1000 രൂപ, വിലകൊടുത്തു വാങ്ങി 500 രൂപയ്ക്ക് കർഷകർക്ക് കൊടുക്കും. ഈ പദ്ധതിയിൽ 25 കർഷകരെ ഉൾപ്പെടുത്താം.

6. കർഷകർക്കു പഠന പരിശീലനപരിപാടി:-

ഒരോ വാർഡിലും ഒഴിവുദിവസം മൃഗാശുപത്രി വിദഗ്ധർ കർഷകരുമായി പ്രശ്നങ്ങൾ ചർച്ചചെയ്യുന്നു. ദിനബത്ത, ഭക്ഷണം മുതലായി വരുന്ന ചിലവുകൾ പഞ്ചായത്തു വഹിക്കണം. ഏകദേശം 50 കർഷകരെ ഓരോ വാർഡിലും പങ്കെടുപ്പിക്കാം.

7. അകിടുവീക്ക നിയന്ത്രണപദ്ധതി:-

അകിടുവീക്ക നിയന്ത്രണകിറ്റ് എല്ലാ കർഷകർക്കും സൗജന്യമായി നൽകുന്നു. ഒരു കിറ്റിനു 300 രൂപാ ചിലവുവരും.

8. ആടുവളർത്തൽ പദ്ധതി 2– ആടുകളുടെ യൂണിറ്റ്

1400 രൂപാ വിലയായ 2 ആട്ടിൻകുട്ടികൾക്കും 700 രൂപാ സബ്സിഡി നൽകുന്നതാണ്. ഈ സ്കീമിൽ 100 വനിതകളെ ഉൾപ്പെടുത്താം.

9. 10 പെണ്ണാടുകളുടെ യൂണിറ്റ്:-

ധാരാളം സ്ഥലസൗകര്യമുള്ളവർക്ക് 10 പെണ്ണാടുകളേയും 1 മുട്ടനാടിനേയും നൽകുന്നു. ആകെ മുടക്കുമുതലിന്റെ 1/3 ആയ 5000 രൂപാ സബ്സിഡി നൽകാം. 10 കർഷകരെ ഇതിൽപെടുത്താം.

10. പന്നിവളർത്തൽ പ്രജനനയൂണിറ്റ്:-

5 പെൺപന്നിയേയും ഒരു ആൺപന്നിയേയും, കൂടിന്റെ ചിലവിന്റെ 1/3 ആയ 7000 രൂപാ സബ്സിഡിയും നൽകുന്നു. പന്നികളെ 5 വർഷം വളർത്തി ആവശ്യക്കാർക്കു നൽകാം. 10 കർഷകരെ ഉൾപ്പെടുത്താം.

11. ഇറച്ചിക്കാവശ്യമുള്ള ചെറിയ യൂണിറ്റ്:-

2 പന്നിക്കുഞ്ഞുങ്ങളെ പകുതിവിലക്കു നൽകി ഇറച്ചി വിൽക്കുന്നു. 100 കർഷകരെ ഈ പദ്ധതിയിൽ പെടുത്താം. 300 രൂപ ചിലവു വരും.

12. (1) കോഴിവളർത്തൽ

മിനി ഹാച്ചറി ബ്ലോക്ക് അടിസ്ഥാനത്തിൽ. 2 ലക്ഷം രൂപാ ചിലവുവരും.

(2) എഗ്ഗർ നേഴ്സറി

1 ദിവസം പ്രായമായ കുഞ്ഞിനെ 2 മാസംവരെ വളർത്തി കർഷകർക്കു നൽകുന്നു. 10 യൂണിറ്റു സ്ഥാപിക്കാം. അതിന്റെ മൊത്തം ചിലവായ 30000 രൂപായുടെ 1/3 ആയ 10000 രൂപാ സബ്സിഡി നൽകും.

ഈ പഞ്ചായത്തിലെ XI-ാം വാർഡിൽ പ്രവർത്തിക്കുന്ന വില്ലേജ് എക്സ്റ്റൻഷൻ ഓഫീസിനോടു ചേർന്നു മൃഗാശുപത്രിയുടെ ഒരു സബ്സെന്റർ ആരംഭിച്ചാൽ IX, X, XI, XII എന്നീ വാർഡുകളിലെ കർഷകർക്കു പ്രയോജനമാകും.


കർഷകർ ഉല്പാദിപ്പിക്കുന്ന പാൽ, മാംസം, മുട്ട എന്നിവക്ക് ന്യായമായ വില ലഭിക്കുന്നതിനു വാർഡു തലത്തിൽ സംഭരണവിതരണകേന്ദ്രം തുടങ്ങണം. വെറ്റിനറി ഹോസ്പിറ്റൽ നവീകരിക്കണം. മൃഗാശുപത്രിയിൽ ആധുനികരീതിയിലുള്ള ക്ലിനിക്കുകളും ലബോറട്ടറികളും സ്ഥാപിച്ചു ആരോഗ്യനിയന്ത്രണസൗകര്യമുണ്ടാക്കുക. ആവശ്യത്തിനു മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കണം. മൃഗാശുപത്രിയുടെ അറ്റകുറ്റപണികൾ പഞ്ചായത്തു ചെയ്യണം. ഫോൺസൗകര്യം അത്യാവശ്യമാണ്.

പേപ്പട്ടിനിർമ്മാർജ്ജനപരിപാടികൾ പഞ്ചായത്തിൽ നടപ്പാക്കണം. ശാസ്ത്രീയ അറവുശാലകൾ സ്ഥാപിച്ചു ഇറച്ചിവിതരണം നടത്തുക, കാട വളർത്തൽ, ടർക്കി ക്കോഴി വളർത്തൽ, മുയൽ വളർത്തൽ എന്നിവ ശാസ്ത്രീയമായി നടത്തുവാനുള്ള പരിശീലനം നൽകുക. പ്രതിരോധ കുത്തിവെയ്പ്, സമഗ്രകാലിരോഗ നിയന്ത്രണപദ്ധതികൾ എന്നിവ പഞ്ചായത്തുതലത്തിൽ നടപ്പിലാക്കുക. ഇന്നു സ്വന്തമായി സ്ഥലത്തിന്റെ കുറവും, മൂലധനക്കുറവും മൂലം ബുദ്ധിമുട്ടുന്ന സാധാരണ കർഷകർക്കും, യുവജനങ്ങൾക്കും, വനിതകൾക്കും, തൊഴിൽനേടുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും ഉല്പാദനമേഖലയായ മൃഗസംരക്ഷണപ്രോത്സാഹനം കൊണ്ടുമാത്രമേ സാധിക്കുകയുള്ളൂ.

"ഈശ്വരനെ ആരാധിച്ചാൽ കിട്ടുന്ന ഫലം ചെകുത്താന്റെ മുമ്പിൽ സാഷ്ടാംഗം നമസ്കരിച്ചാൽ കിട്ടില്ല"

—ഗാന്ധിജി

വ്യവസായം



വ്യവസായങ്ങൾക്ക് അനുകൂലമായ പല സാഹചര്യങ്ങളും കാഞ്ഞിരപ്പള്ളിക്കുണ്ട്, എങ്കിലും അതിനനുസൃതമായ വ്യവസായവളർച്ച ഉണ്ടാകുന്നില്ലെന്നുള്ളത് ഖേദകരമായ ഒരു വസ്തുതയാണ്. കാഞ്ഞിരപ്പള്ളി പഞ്ചായത്ത് ഒരു കാർഷികമേഖലയാണ്. പ്രധാന കാർഷികോല്പന്നമായ റബ്ബർ അധിഷ്ഠിതമായ ഏതാനും വ്യവസായയൂണിറ്റുകൾ ഉണ്ട്, എങ്കിലും ഈ മേഖലയിൽ കൂടുതൽ വ്യവസായങ്ങൾ തുടങ്ങേണ്ടത് അത്യാവശ്യമാണ്. ഇപ്പോഴുള്ള റബ്ബർ വ്യവസായങ്ങളിൽ കൂടുതലും റബ്ബർപാൽ ഉപയോഗിച്ചുള്ള ഉത്പന്നങ്ങളുടെ നിർമ്മാണമാണ്. റബ്ബർപശ, റബ്ബർ ബാൻഡ്, കൈയുറ, ഇലാസ്റ്റിക് ത്രഡ് മുതലായവ ആണ് പ്രധാനമായും ഉത്പാദിപ്പിക്കപ്പെടുന്നത്. ലാറ്റക്സ് ഉപയോഗിച്ചുള്ള ഫോംബഡ്, സർജിക്കൽ ഗ്ലൗസ് -ബലൂൺ എന്നിങ്ങനെയുള്ള റബ്ബർ ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കുന്ന ഫാക്ടറികൾ കൂടുതലായി സ്ഥാപിക്കാവുന്നതാണ്.

ഉണക്ക് റബ്ബറുമായി ബന്ധപ്പെട്ട വ്യവസായങ്ങളൊന്നും കാഞ്ഞിരപ്പള്ളിയിൽ ഇല്ല. ഈ മേഖലയിലും കാഞ്ഞിരപ്പള്ളിയിൽ വ്യവസായങ്ങൾ ആരംഭിക്കണം. പൊതുമേഖലയിലോ സഹകരണമേഖലയിലോ വൻകിടവ്യവസായങ്ങൾ തുടങ്ങുവാനുള്ള സാഹചര്യങ്ങൾ ഉണ്ട്. എങ്കിലും ഇതുവരെ അതിനുള്ള നടപടികളൊന്നും ഉണ്ടായിട്ടില്ല. പൊതുമേഖലയിലും സഹകരണമേഖലയിലും വൻകിടറബ്ബർ വ്യവസായങ്ങൾ കാഞ്ഞിരപ്പള്ളിയിൽ ആരംഭിക്കുവാൻ വേണ്ട നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

റബ്ബർതടി സംസ്കരണം അനന്തസാദ്ധ്യതകളുള്ള ഒരു വ്യവസായമാണ്. ഈ മേഖലയിൽ വ്യവസായം ആരംഭിക്കേണ്ടത് വ്യവസായ പുരോഗതിക്ക് അത്യന്താപേക്ഷിതമാണ്.

സ്ത്രീകളുടെ പങ്കാളിത്തം

വിവിധ വ്യവസായസ്ഥാപനങ്ങളിലായി ആയിരത്തോളംപേർ തൊഴിൽ ചെയ്യുന്നുണ്ട്. മൊത്തമായി തൊഴിൽ മേഖലയിൽ പുരുഷന്മാർക്ക് ആധിപത്യമുണ്ടെങ്കിലും ചില വ്യവസായതൊഴിൽ രംഗങ്ങളിൽ സ്ത്രീകൾക്ക് വ്യക്തമായ പങ്കുണ്ട്. ചെറുകിടമേഖലയിലുള്ള വസ്ത്രനിർമ്മാണ യൂണിറ്റുകളിലും, റബ്ബർ വ്യവസായയൂണിറ്റുകളിലും അച്ചടിരംഗത്തും സ്ത്രീകൾ മുൻപന്തിയിൽ നില്ക്കുന്നു. എങ്കിലും വിപണനസാദ്ധ്യതയുള്ള വനിതവ്യവസായയൂണിറ്റുകൾ ഒന്നും തന്നെ നമ്മുടെ പഞ്ചായത്തിൽ സംഘടിക്കപ്പെട്ടിട്ടില്ല. പല വ്യവസായസ്ഥാപനങ്ങളും വനിതകളുടെ പേരിലാണ് ലൈസൻസ് എടുത്തിട്ടുള്ളതെങ്കിലും പുരുഷന്മാരാണ് പ്രസ്തുത വ്യവസായ സ്ഥാപനങ്ങൾ മുമ്പോട്ടു കൊണ്ടു പോകുന്നത്. നമ്മുടെ പഞ്ചായത്തിലെ വിപണികളെ മാത്രം ആശ്രയിച്ചാൽ പോലും വളരുവാൻ സാദ്ധ്യതയുള്ള നിത്യോപയോഗസാധനങ്ങളുടെ ഉത്പാദനയൂണിറ്റുകൾ തുടങ്ങണം. നമ്മുടെ നാട്ടിലെ സ്ത്രീകളുടെ ഇടയിൽ പുതിയൊരു വ്യവസായ വികസനബോധം വളർത്തിയെടുക്കുവാൻ പൊതുരംഗത്തു പ്രവർത്തിക്കുന്ന വനിതകൾ മുന്നോട്ടിറങ്ങണം.

മൂലധനം മുടക്കുവാൻ ശേഷിയുള്ളവർ രംഗത്തിറങ്ങുവാൻ മടിക്കുന്നു. കേരളത്തിന്റെ അതിരുകളിൽ അന്യസംസ്ഥാനങ്ങളിൽ മലയാളികൾ വൻതുക മുടക്കി വ്യവസായശാലകൾ ആരംഭിക്കുന്നതിന്റെ കാരണങ്ങൾ പലതാണ്. മതിയായ വോൾട്ടേജോടെ സൗജന്യനിരക്കിൽ വൈദ്യുതി, വെള്ളം, തൊഴിൽരംഗത്തെ സമാധാനം, താരതമ്യേന കുറഞ്ഞ കൂലി ഇവയെല്ലാം പ്രധാനഘടകങ്ങളാണ്. അതിനാവശ്യമായ സാഹചര്യം ഒരുക്കിക്കൊടുക്കുവാനുള്ള ബാദ്ധ്യത ഗവൺമെന്റിനും പഞ്ചായത്തിനുമുണ്ട്. കേരളത്തിൽ മാറിവരുന്ന തൊഴിൽ സംസ്കാരം നല്ലൊരു നാളെയിലേയ്ക്കു വിരൽ ചൂണ്ടുന്നു.

പട്ടിക 1. ചെറുകിട വ്യവസായങ്ങൾ

ക്രമ നമ്പർ	വിഭാഗം	എണ്ണം	തൊഴിലാളികളുടെ എണ്ണം		ആകെ
			പുരുഷന്മാർ	സ്ത്രീകൾ	
1.	റബ്ബറധിഷ്ഠിതവ്യവസായങ്ങൾ (റബ്ബർ പാൽ)	12	74	46	120
2.	എൻജിനീയറിംഗ്	8	40	–	40
3.	അച്ചടി	9	23	31	54
4.	വസ്ത്രനിർമ്മാണം	18	64	26	90
5.	സിമൻറ് ഇഷ്ടിക + ഹോളോബ്രിക്സ്	6	34	8	42
6.	ഫ്ളവർമിൽ + കറിപൗഡർ	11	11	3	14
7.	ഫർണിച്ചർ	4	17	–	17
8.	തടിമില്ല്	1	11	–	11
9.	വാഹനബോഡിനിർമ്മാണം	1	6	–	6
10.	ബാരൽ റീകണ്ടീഷനിംഗ്	1	3	-	3
11.	വാഹന സർവ്വീസിംഗ്	2	8	–	8
12.	കോൺക്രീറ്റ് കട്ടളജനൽ	1	4	2	6
13.	ബേക്കറി	12	24	7	31
14.	ഹോട്ടൽ	21	91	11	102
15.	Food Products അരിയുടെ മറ്റു പലഹാരങ്ങൾ	2	2	4	6
16.	സ്വർണ്ണാഭരണം	11	27	4	31
17.	Tyre Re-Treading	6	16	–	16
18.	തുകൽ സംസ്കരണം	2	4	–	4
19.	റബ്ബർ മുദ്രകൾ	1	2	–	2
20.	നോട്ടുബുക്ക് നിർമ്മാണം	1	3	4	7
21.	മിഠായി നിർമ്മാണം	1	1	2	3
22.	പ്ലാസ്റ്റിക് ഉത്പന്നങ്ങൾ	1	7	2	9
23.	മെഴുകുതിരി നിർമ്മാണം	1	2	2	4
24.	ആയുർവ്വേദ മരുന്നുനിർമ്മാണം	6	8	8	16
25.	കരകൗശല വസ്തുക്കൾ	1	2	3	5
26.	പേപ്പർ കവർ	2	1	4	5
27.	ഓയിൽ മിൽ	5	8	–	8
28.	T.V. ആൻറിന നിർമ്മാണം	1	4	–	4
29.	പപ്പടം	4	4	7	11
30.	സ്വിച്ച് ബോർഡ്	1	5	–	5
31.	ത്രീഫേസ് സെലക്ടർ	1	5	–	5
32.	ഏത്തയ്ക്കാ ചിപ്സ്	2	2	2	4
33.	സോഡാ നിർമ്മാണം	3	9	3	12

പട്ടിക 2. പരമ്പരാഗത കുടിൽ വ്യവസായങ്ങൾ

ക്രമ നമ്പർ	ഇനം	തൊഴിലാളികളുടെ എണ്ണം		ആകെ
		പുരുഷന്മാർ	സ്ത്രീകൾ	
1.	ഇരുമ്പു പണി (ആല)	18	16	34
2.	സ്വർണ്ണപണി	11	3	8

പഞ്ചായത്തിൽ നിലവിലുള്ള വ്യവസായങ്ങൾ

പട്ടിക 3. മുതൽമുടക്കു കൂടുതലുള്ള വ്യവസായങ്ങൾ

ക്രമ നമ്പർ	ഇനം	എണ്ണം	തൊഴിലാളികളുടെ എണ്ണം		ആകെ
			പുരുഷന്മാർ	സ്ത്രീകൾ	
1.	ക്രംബ് റബ്ബർ	1	30	6	36
2.	ക്രീപ്പ് റബ്ബർ	5	70	8	78
3.	മെറ്റൽ ക്രഷർ	2	60	18	78

നിലവിലുള്ള വ്യവസായങ്ങൾ സംബന്ധിച്ച് വിലയിരുത്തുമ്പോൾ ചെറുകിട വ്യവസായമേഖലയ്ക്ക് കാർഷികമേഖലയുമായി വളരെ ചെറിയൊരു ബന്ധം മാത്രമേയുള്ളൂ എന്ന് മനസ്സിലാക്കാവുന്നതാണ്. റബ്ബർ മേഖലയിൽ ഏതാനും ചെറുകിട റബ്ബർ ഫാക്ടറികൾ ഉണ്ട് എന്നുള്ളത് മാത്രമാണ് ഒരാശ്വാസം. കാർഷികമേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കാവുന്ന ഒട്ടനവധി ചെറുകിട വ്യവസായങ്ങൾക്ക് സാദ്ധ്യതയുള്ള പ്രദേശമാണിത്.

ഉദാ:- (1) റബ്ബറധിഷ്ഠിതമായ വ്യവസായങ്ങൾ
(2) നാളികേര അധിഷ്ഠിത വ്യവസായങ്ങൾ
(3) പഴവർഗ്ഗ സംസ്ക്കരണം
(4) ഫ്ലോറിക്കൾച്ചറും കയറ്റുമതിയും

റബ്ബറധിഷ്ഠിതം

റബ്ബർബാൻഡ്, ഇൻഡസ്ട്രിയൽ ഗ്ലൗസ്, പോസ്റ്റുമോർട്ടം ഗ്ലൗസ്, സർജിക്കൽ ഗ്ലൗസ്, ബലൂൺ, റബ്ബർ കളിപ്പാട്ടങ്ങൾ, റബ്ബർപശ, ഇലാസ്റ്റിക് നൂൽ, ട്രെഡ് റബ്ബർ, വിവിധയിനം ബുഷുകൾ, റബ്ബർ ട്യൂബുകൾ, ടയർ, റബ്ബർ മാറ്റ്, റബ്ബർതടി ഉപയോഗിച്ചുള്ള വ്യവസായങ്ങൾ.

നാളികേര അധിഷ്ഠിതം:

തേങ്ങാപൗഡറും ക്രീമും, വെളിച്ചെണ്ണ, തേങ്ങാവെള്ളം ഉപയോഗിച്ചുള്ള ശീതളപാനീയങ്ങൾ, തെങ്ങിൻതടി ഉപയോഗിച്ചുള്ള ഫർണിച്ചറുകൾ, Etc.

പഴവർഗ്ഗങ്ങൾ ഉപയോഗിച്ചുള്ള ഉത്പന്നങ്ങൾ

പഴം സംസ്കരണം, ജാമുകൾ, സ്ക്വാഷുകൾ, വൈൻ തുടങ്ങിയവ (ഏത്തക്കായ്, പൈനാപ്പിൾ, വാഴപ്പഴങ്ങൾ) നേന്ത്രക്കായ, കപ്പ, ചിപ്പ്സ് നിർമ്മാണം തുടങ്ങിയവ.

പ്രശ്നങ്ങൾ

കാഞ്ഞിരപ്പള്ളി പഞ്ചായത്തിനെ സംബന്ധിച്ച് വ്യവസായ വളർച്ചയ്ക്ക് ആവശ്യമായിട്ടുള്ള അനുകൂല ഘടകങ്ങളായ ഉയർന്നതോതിലുള്ള വിദ്യാഭ്യാസ നിലവാരം, സാങ്കേതിക പരിജ്ഞാനം സിദ്ധിച്ചവർ, വാർത്താവിനിമയസൗകര്യങ്ങൾ, ഗതാഗതസൗകര്യങ്ങൾ, ജനക്ഷേമപ്രവർത്തനങ്ങൾ, ഉയർന്ന സാമ്പത്തികനിലവാരം, വർദ്ധിച്ച ഉപഭോഗനിലവാരം, സുഖസൗകര്യങ്ങളോടെ ജീവിക്കുവാനുള്ള തത്പരത എന്നിവയെല്ലാം ഉണ്ടെങ്കിലും വേണ്ടതോതിൽ വ്യവസായ വളർച്ച കൈവരിക്കാൻ കഴിയാത്തത് പ്രധാനമായും താഴെ പറയുന്ന കാരണങ്ങൾ കൊണ്ടാണ്.

1. വൈദ്യുതി കണക്ഷൻ ലഭിക്കുവാനുള്ള ബുദ്ധിമുട്ട്, വോൾട്ടേജ് പ്രശ്നം.
2. വ്യവസായ സംരഭകർക്ക് ആവശ്യമായ ക്ലിയറൻസ് സർട്ടിഫിക്കറ്റുകൾ ബന്ധപ്പെട്ട ഓഫീസുകളിൽ നിന്നും കിട്ടുവാനുള്ള കാലതാമസം.
3. ധനസഹായസ്ഥാപനങ്ങളിൽ നിന്നുമുണ്ടാകുന്ന നിരുത്സാഹപ്പെടുത്തൽ

ഉദാ:- വ്യവസായ വായ്പകൾക്ക് ആവശ്യപ്പെടുന്ന വലിയ ഈടുകൾ

4. വ്യവസായ മേഖലയിലുള്ള സമ്പർക്കക്കുറവ്.
5. വ്യവസായ ഉത്പന്നങ്ങൾക്കുണ്ടാകുന്ന വിപണന പ്രശ്നങ്ങൾ.
6. അമിതമായ തൊഴിൽ കൂലിയും ഇതര തൊഴിൽപ്രശ്നങ്ങളും.
7. ശാസ്ത്രീയമായ ബോധവത്കരണകുറവ്.
8. ഒരു സംരഭകന് അത്യാവശ്യമായി വേണ്ടുന്ന മാനസിക തയ്യാറെടുപ്പിന്റെ ശക്തമായിട്ടുള്ള പ്രേരണ കുറവ്.
9. വനിതാവ്യവസായ സംരംഭകരുടെ കുറവ്.
10. പരിചയസമ്പന്നരായ തൊഴിലാളികളുടെ കുറവ്.
11. പരിസ്ഥിതി പ്രശ്നങ്ങൾ.

സാദ്ധ്യതകൾ

വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനത്തിൽ നോക്കിയാൽ പഞ്ചായത്തിലെ യുവതീയുവാക്കൾ വിദ്യാസമ്പന്നരാണ്. ഇവരിൽ കുറെ പേരെങ്കിലും സ്വന്തമായി വ്യവസായം ആരംഭിക്കുവാൻ തയ്യാറുള്ളവരാണ്. അവരെ സംഘടിപ്പിച്ച് വേണ്ട വിധത്തിൽ ബോധവത്കരണം നടത്തിയാൽ വ്യവസായരംഗത്ത് വളരെയധികം നേട്ടങ്ങളുണ്ടാക്കാൻ കഴിയും.

റബ്ബർ വ്യവസായം

റബ്ബറിന്റെ കാര്യത്തിൽ വളരെ പ്രസിദ്ധമായ പഞ്ചായത്താണ് കാഞ്ഞിരപ്പള്ളി. അതുകൊണ്ടുതന്നെ റബ്ബറധിഷ്ഠിത വ്യവസായമേഖലയിൽ വളരെയധികം സാദ്ധ്യതകളുണ്ട്.

നാം ഉത്പാദിപ്പിക്കുന്ന അസംസ്കൃത റബ്ബർ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽപോയി സംസ്ക്കരിച്ച് പുതിയ ഉത്പന്നങ്ങളായി കേരളത്തിലേയ്ക്ക് തിരിച്ചു വരുന്ന ദുരവസ്ഥയാണിന്നുള്ളത്. നമ്മുടെ അസംസ്കൃത റബ്ബറിന് വില ലഭിക്കാതിരിക്കുകയും ഉത്തരേന്ത്യൻ വ്യവസായികളുടെ ഉത്പന്നങ്ങൾക്ക് വൻവില നൽകേണ്ടിവരികയും ചെയ്യുന്ന ഒരു ഉപഭോഗസംസ്ഥാനമായി നാം മാറിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ റബ്ബറിന് ന്യായമായ വില ലഭിക്കേണ്ടതിന് അടിയന്തിര നടപടികൾ ആവശ്യമാണ്. റബ്ബറിന് ന്യായമായ വില ലഭിക്കണമെങ്കിൽ അസംസ്കൃത റബ്ബർ സംസ്കരിച്ച് ഉത്പന്നങ്ങളാക്കി നാംതന്നെ വിപണി പിടിച്ചടക്കണം. എങ്കിൽ മാത്രമേ റബ്ബർ കാർഷികരംഗത്തും പുരോഗതിക്ക് സാദ്ധ്യതയുണ്ടാകൂ.

റബ്ബർ ഉപയോഗിച്ചുള്ള വ്യവസായങ്ങളെക്കുറിച്ച് റബ്ബർബോർഡ് ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ട് വ്യവസായസംരഭകർക്ക് പഠനക്ലാസ്സുകൾ കൊടുക്കേണ്ടിയിരിക്കുന്നു.

ഇതുകൂടാതെ ചുരുങ്ങിയ മുതൽമുടക്കിൽ കമ്പോളം ലഭിക്കുവാൻ സാദ്ധ്യതയുള്ള വ്യവസായങ്ങൾ തരംതിരിച്ചെടുത്ത് അവയെക്കുറിച്ച് അഭ്യസ്തവിദ്യരുടെ ഇടയിൽ ശരിയായ ബോധവത്ക്കരണപരിശീലനം കൊടുക്കണം.

ഗ്രാമസഭാനിർദ്ദേശങ്ങൾ

1. റബ്ബറധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങുന്നതിന് പ്രോത്സാഹനം നല്കുക.
2. പരമ്പരാഗത വ്യവസായങ്ങളെ പുനരുദ്ധരിക്കുക.
3. വ്യവസായ സംരംഭകരെ നിരുത്സാഹപ്പെടുത്തുന്ന വിധം ഉദ്യോഗസ്ഥരിൽനിന്നും ഉണ്ടാകുന്ന സമീപനങ്ങൾ ഒഴിവാക്കുക.
4. പഞ്ചായത്ത് അടിസ്ഥാനത്തിൽ രണ്ടോ മൂന്നോ വാർഡുകൾ വീതം കേന്ദ്രീകരിച്ച് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുക.
5. ചെറുകിടവ്യവസായ സംരംഭകർക്ക് ആവശ്യമായ പ്രത്യേക പ്രോത്സാഹനം നല്കുക.
6. പൊതുമേഖലയിൽ വൻകിട വ്യവസായങ്ങൾ കൊണ്ടുവരുന്നതിന് ജനപ്രതിനിധികൾ പ്രത്യേകം താത്പര്യം എടുക്കുക.
7. സഹകരണ മേഖലയിൽ കൂടുതൽ വ്യവസായങ്ങൾ ഉണ്ടാകുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുക.

നിർദ്ദേശങ്ങൾ

1. വ്യവസായ സംരംഭകരെ സംബന്ധിച്ചിടത്തോളം പൊതുവെ സാമ്പത്തികസ്ഥാപനങ്ങളിൽ നിന്നും ഉദ്യോഗസ്ഥരിൽനിന്നും അനുകൂലസമീപനം ഉണ്ടാകാറില്ല. ഇക്കാരണത്താൽ വ്യവസായമേഖലകളിലേയ്ക്ക് കടന്നുവരുവാൻ പലരും മടിച്ചുനില്ക്കുന്നു. വ്യവസായങ്ങൾ തുടങ്ങിയവർ പലരും പിന്തിരിയുന്നു. ഇതിന് അടിയന്തിരമായി പരിഹാരം കാണേണ്ടിയിരിക്കുന്നു. അതിനുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

വ്യവസായങ്ങൾ തുടങ്ങുവാൻ താത്പര്യമുള്ളവരേയും, പഞ്ചായത്തതിർത്തിയിലെ വ്യവസായവുമായി

ബന്ധപ്പെട്ട സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരേയും, പങ്കെടുപ്പിച്ചുകൊണ്ട് സെമിനാറുകൾ സംഘടിപ്പിക്കുക. പ്രസ്തുത സെമിനാറിൽ തന്നെ വ്യവസായ സംരംഭകർക്ക് ആവശ്യമായ സഹായങ്ങൾ നല്കുന്നതിനുള്ള തീരുമാനങ്ങളെടുക്കുക.

2. നിലവിൽ വ്യവസായം നടത്തുന്നവരെ സംഘടിപ്പിച്ച് അവരുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനും പരിഹാരങ്ങൾ നിർദ്ദേശിക്കുന്നതിനും പഞ്ചായത്തുതലത്തിൽ ഒരു സമിതി രൂപീകരിക്കുക.

വൈദ്യുതി, വെള്ളം, സ്ഥാപനം തുടങ്ങുവാനുള്ള സ്ഥലത്തിന്റെ അഭാവം ഇവ പലപ്പോഴും വ്യവസായ സംരംഭകരെ വലയ്ക്കുന്നു. ഇക്കാരണങ്ങൾ കൊണ്ട് വ്യവസായം തുടങ്ങുവാൻ മടിച്ചുനില്ക്കുന്നവരെ കണ്ടെത്തുകയും അവരെ വ്യവസായമേഖലയിലേയ്ക്ക് കൊണ്ടുവരികയും വേണം. അതിനായി പഞ്ചായത്തടിസ്ഥാനത്തിൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റു ഉണ്ടാക്കാവുന്നതാണ്.

റബ്ബർ മേഖലയിൽ കുടിൽ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുക. പഞ്ചായത്തിന്റെ ചുമതലയിൽ കുടിൽവ്യവസായങ്ങൾക്ക് അസംസ്കൃതവസ്തുക്കൾ വിതരണം ചെയ്യുക.

ഉണക്ക് റബ്ബറധിഷ്ഠിതം

ഉണക്ക് റബ്ബർ ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ സംസ്കൃത റബ്ബർ നിർമ്മിക്കുന്നതിനുള്ള മിക്സിംഗ്മിൽ പഞ്ചായത്തിന്റെ ചുമതലയിൽ സ്ഥാപിക്കുക. മിക്സ് ചെയ്ത റബ്ബർ കുടിൽവ്യവസായ യൂണിറ്റുകൾക്ക് വിതരണം ചെയ്യുക. ഇങ്ങനെ വിതരണം ചെയ്യുന്ന റബ്ബർ ഉപയോഗിച്ച് വിവിധയിനം ബുഷുകൾ, ട്രെഡ് റബ്ബർ, ട്യൂബുകൾ, കളിപ്പാട്ടങ്ങൾ തുടങ്ങിയ ഉത്പന്നങ്ങൾ നിർമ്മിക്കുകയും അതിന് വിപണി കണ്ടെത്തുകയും ചെയ്യുക.

റബ്ബർപാൽ ഉപയോഗിച്ചുള്ള ഉത്പന്നങ്ങൾ


റബ്ബർ പാൽ ഉത്പന്നങ്ങൾക്ക് ആവശ്യമായ കോമ്പൗണ്ടുകൾ നിർമ്മിക്കുന്ന ഫാക്ടറി പൊതുമേഖലയിൽ ആരംഭിക്കുക. ഈ കോമ്പൗണ്ടുകൾ (റബ്ബർ ക്രീം, മറ്റു കെമിക്കൽ കോമ്പൗണ്ടുകൾ) കുടിൽ വ്യവസായയൂണിറ്റുകൾക്ക് വിതരണം ചെയ്യുക. ഇവ ഉപയോഗിച്ച്, റബ്ബർ ബാൻഡ്, കൈയുറ, റബ്ബർ പശ, വിവിധയിനം ഗ്ലൗസുകൾ മുതലായവ നിർമ്മിച്ച് വിപണനത്തിനുള്ള സൗകര്യങ്ങളും ഏർപ്പെടുത്തി കൊടുക്കുക. റബ്ബർ പാൽ സെൻട്രിഫ്യൂജ് ചെയ്ത് ക്രീമാക്കിയെടുക്കുന്ന പദ്ധതി നടപ്പാക്കുക. അതുവഴി സെൻട്രിഫ്യൂജ്ഡ് ലാറ്റക്സ് ഉപയോഗിച്ചുള്ള ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിന് പ്രോത്സാഹനം നൽകുക.

ഉദാ:- ഫോം ബെഡ്ഡുകൾ, ഇലാസ്റ്റിക് ത്രെഡ്, സർജിക്കൽ ഗ്ലൗസ് (Etc.)

മേൽ വിവരിച്ച തരത്തിലുള്ള കുടിൽ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുകയാണെങ്കിൽ വളരെയേറെ വനിതകൾക്ക് തൊഴിൽ നല്കുവാൻ സാധിക്കും. അതുപോലെതന്നെ റബ്ബർവില കുറയാതെ നിയന്ത്രിക്കുവാനും സാധിക്കും. റബ്ബർതടി സംസ്കരിച്ച് കെട്ടിടനിർമ്മാണത്തിനും കയറ്റുമതിക്കും ഉപയോഗിക്കാം.

സിമൻറ് ഉപയോഗിച്ചുള്ള കെട്ടിടനിർമ്മാണ സാമഗ്രികളുടെ ഉത്പാദനം വർദ്ധിച്ചുവരുന്ന കാലഘട്ടമാണ് ഇത്. ഈ മേഖലയിലും കൂടുതൽ വ്യവസായങ്ങൾ ആരംഭിക്കുവാൻ വേണ്ട നടപടികളെടുക്കണം.

കാർഷികമേഖലയിലുള്ള മുന്നേറ്റത്തോടൊപ്പം വ്യാവസായിക മേഖലയിലും നാം വളരേണ്ടിയിരിക്കുന്നു. അതുവഴി അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് തൊഴിൽ നൽകുന്നതിനും വ്യാവസായിക പുരോഗതിയിലൂടെ കാഞ്ഞിരപ്പള്ളിയുടെ സമ്പത്ഘടന കൂടുതൽ ശോഭനമാക്കുവാനും നമുക്ക് സാധിക്കട്ടെ. ഈ ലക്ഷ്യത്തിനുവേണ്ടി എല്ലാവരും കൂട്ടായി യത്നിച്ച് മുന്നേറാം. 21-ാം നൂറ്റാണ്ടിന്റെ ആരംഭം കാഞ്ഞിരപ്പള്ളിക്ക് പുതിയ ഒരു വ്യവസായ സംസ്കാരത്തിന്റെ തുടക്കം കൂടിയാകട്ടെ.







ഊർജ്ജം

കേരളം ഇരുട്ടിലേയ്ക്ക് എന്ന പല്ലവി ഇന്ന് എവിടെയും മുഴങ്ങിക്കേൾക്കുന്നു. ഈ ദുരവസ്ഥ എങ്ങനെ തരണം ചെയ്യും എന്നതിനെപ്പറ്റി ഗൗരവമായി ചിന്തിച്ചിട്ടുണ്ടോ എന്ന് മനസ്സിലാകുന്നില്ല. നമുക്ക് വളരെയധികം പദ്ധതികൾ മാദ്ധ്യമങ്ങളിലൂടെ പ്രഖ്യാപിച്ചുകാണുന്നുണ്ട്. എന്നാൽ ഒന്നും തന്നെ സമയബന്ധിതമായി തീർക്കുന്നതിന് കർമ്മ പരിപാടികൾ ആസൂത്രണം ചെയ്തു കാണുന്നില്ല. പ്രഖ്യാപിച്ച പദ്ധതികളുടെ നടത്തിപ്പിലുണ്ടാകുന്ന തടസ്സങ്ങൾ നീക്കുവാൻ കൂട്ടായ പരിശ്രമങ്ങൾ ജനങ്ങളുടെ ഭാഗത്തു നിന്നും ഉണ്ടാകണം.

ഈ പഞ്ചായത്തിലെ 90% വീടുകളിലും പാചകാവശ്യത്തിന് വിറക് ആണ് ഉപയോഗിക്കുന്നത്. ബാക്കി വീടുകളിൽ ഗ്യാസ്, മണ്ണെണ്ണ, ഇലക്ട്രിക് ഹീറ്ററുകൾ എന്നിവയാണ് ഉപയോഗിക്കുന്നത്. അപൂർവ്വം ചില വീടുകളിൽ ഗോബർഗ്യാസ് ഉപയോഗിക്കുന്നു. 5% വീടുകളിൽ പരിഷത്ത് അടുപ്പ്, സ്റ്റൗ, പ്രഷർകുക്കർ എന്നിവ ഉപയോഗിക്കുന്നു.


ഊർജ്ജ രംഗത്തെ പ്രതിസന്ധികൾ

ഇന്ന് ഈ രംഗത്തെ പ്രധാനപ്രശ്നം വോൾട്ടേജ് ക്ഷാമം തന്നെയാണ്. ഇതിനു പരിഹാരം നമ്മുടെ ഉപയോഗത്തിൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും വിതരണ, പ്രസരണ മേഖലകളിലെ ചോർച്ചയും, പ്രസരണ നഷ്ടവും പരമാവധി കുറയ്ക്കുകയും ചെയ്യുക എന്നതാണ്. ഇവിടെ പ്രഖ്യാപിത വോൾട്ടേജ് 230 V ആണെങ്കിലും സാധാരണ ഇത് 160, 180 V ആകുന്നു. ആ സമയങ്ങളിൽ കുട്ടികൾക്ക് പഠിക്കുന്നതിന് മെഴുകുതിരിയെ ആശ്രയിക്കേണ്ടി വരുന്നു. ഇപ്പോൾ പ്രഖ്യാപിത പവർക്കട്ട് അരമണിക്കൂറും അപ്രഖ്യാപിതമായി പല സമയങ്ങളിലും ഉണ്ടാകുന്ന നീയന്ത്രണങ്ങളും സഹിതം ശരാശരി ദിവസം നാലുമണിക്കൂർ എങ്കിലും വൈദ്യുതി ലഭിക്കാറില്ല. നമ്മുടെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് കൂടുതൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുകയും ക്ഷമത കുറഞ്ഞവ നീക്കം ചെയ്യുകയും വേണം. വിതരണ രംഗത്ത് മരച്ചില്ലകളിലൂടെയും മറ്റു പല തരത്തിലുണ്ടാകുന്ന നഷ്ടവും വൈദ്യുതിയുടെ ചോർച്ചയും മറ്റും തടയാൻ വേണ്ട നടപടികൾ ഉണ്ടാകണം. സാധാരണ ഭക്ഷ്യപാചക ആവശ്യത്തിന് വൈദ്യുതി ഉപയോഗിക്കുന്നതിന് മറ്റ് ഉപാധികൾ, അതായത് പുകയില്ലാത്ത അടുപ്പുകൾ, കച്ചിപ്പെട്ടി, മണ്ണെണ്ണ സ്റ്റൗ, ഗോബർഗ്യാസ്, കുക്കിംഗ് ഗ്യാസ് എന്നീ മാർഗ്ഗങ്ങൾ ഉപയോഗപ്പെടുത്തുകയും വേണം.

ഇന്ന് തെരുവ് വിളക്കുകളും മറ്റ് ആർഭാടത്തിന് ഉപയോഗിക്കുന്ന വൈദ്യുതി വിളക്കുകളും മാറ്റി ഫ്ലൂറസെൻറ് ലാംബുകൾ സ്ഥാപിക്കണം. എല്ലാ വീടുകളിലും ഫ്ലൂറസെൻറ് ലാംബുകൾ നിർബന്ധമായും ഉപയോഗിക്കുക. ഗവണ്മെൻറിൽ നിന്നും വൈദ്യുതി വിതരണത്തിനായി നല്കുന്ന ബൾബ്, ട്യൂബ്, ഫ്യൂസ്, കമ്പികൾ, പോസ്റ്റുകൾ എന്നിവയുടെ ഗുണനിലവാരം ഉറപ്പുവരുത്തണം. കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിൽ മുണ്ടക്കയത്ത് ഒരു താപനിലയവും, എരുമേലിയിൽ പാറക്കടവ് എന്ന സ്ഥലത്ത് വൈദ്യുതി നിലയം സ്ഥാപിക്കുന്നതിന് അനുമതിയും പദ്ധതിയുടെ ടെൻഡറും കണ്ടിരുന്നു. ഈ പദ്ധതികളുടെ ഗതി എന്തെന്ന് മനസ്സിലാക്കുവാൻ സാധിക്കുന്നില്ല. ഈ പദ്ധതികൾ എത്രയും പെട്ടെന്ന് നിലവിൽ വന്നിരുന്നു എങ്കിൽ കാഞ്ഞിരപ്പള്ളി പ്രദേശത്തിൻെറ വൈദ്യുതി രംഗത്തേയും, വ്യാവസായിക രംഗത്തേയും തൊഴിൽ രംഗത്തേയും നിരവധി പ്രശ്നങ്ങൾക്കു പരിഹാരം ഉണ്ടാകും.

പഞ്ചായത്തു പ്രദേശത്തു സ്ട്രീറ്റുലൈറ്റുകൾ അനുവദിക്കുന്നതിന് കൂടുതൽ തുക നൽകുകയും ഗവണ്മെൻറിൽ നിന്ന് നൽകാവുന്ന സാമ്പത്തികസഹായങ്ങളും നൂതനസങ്കേതിക വിദ്യയും നല്കി ഈ ഗ്രാമപഞ്ചായത്തിനെ സ്വയം പര്യാപ്തതയിലേയ്ക്കും പുരോഗതിയിലേയ്ക്കും നയിക്കണമെന്ന് താല്പര്യപ്പെടുന്നു.

അനെർട്ട് തുടങ്ങിയ സർക്കാർ ഏജൻസികളുടെ പ്രവർത്തനം ഗ്രാമപഞ്ചായത്തിൽ വ്യാപിപ്പിക്കണം. ജനങ്ങൾക്കു മതിയായ ബോധവൽക്കരണം നടത്തേണ്ടതുമുണ്ട്. ഇലക്ട്രിസിറ്റി ബോർഡും ഗ്രാമപഞ്ചായത്തും സംയുക്തമായി ജനകീയ സമിതിയുടെ മേൽനോട്ടത്തിൽ ഊർജ്ജപദ്ധതികൾ ആവിഷ്ക്കരിക്കുകയും പോരായ്മകൾ പരിഹരിക്കുകയും ചെയ്യണം.



ആമുഖം

കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ ഏക മാർഗ്ഗം കരവഴിയുള്ള ഗതാഗതം മാത്രമാകുന്നു. റോഡുകളുടെ കാര്യത്തിൽ കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത് ഒരു പരിധിവരെ മുൻപോട്ടുപോയിട്ടുണ്ട്. എങ്കിലും പതിനാല് വാർഡുകളുള്ള ഈ പഞ്ചായത്തിൽ ഇനിയും വളരെയധികം റോഡുകൾ അത്യാവശ്യമായി ടാറിംഗ് നടത്തുകയും, പുതിയ ചില റോഡുകൾ നിർമ്മിക്കുകയും ചെയ്യേണ്ടതാണ്. കാഞ്ഞിരപ്പള്ളി ടൗണിലെ ഗതാഗത കുരുക്ക് മാറ്റുവാൻ ഒരു ബൈപാസ് നിർമ്മിക്കേണ്ടത് അത്യാവശ്യമാണ്. റോഡുകളുടെ സംരക്ഷണാർത്ഥം ഓടകൾ നിർമ്മിക്കുകയും, കാലാകാലങ്ങളിൽ അത് വൃത്തിയാക്കുകയും ചെയ്യണം. പഞ്ചായത്തിലെ P.W.D. റോഡുകളിൽ പലതിന്റെയും സ്ഥിതി വളരെ ശോചനീയമാണ്. സർക്കാർ തലത്തിൽ അവയുടെ അറ്റകുറ്റപണികൾ എത്രയുംവേഗം പൂർത്തീകരിക്കണം. പഞ്ചായത്തുകൾക്ക് റോഡുകളുടെ വികസനത്തിന് കൂടുതൽ തുക അനുവദിക്കണം. കാഞ്ഞിരപ്പള്ളിയുടെ വികസനത്തിന് അങ്കമാലി - ശബരി കോട്ടയം-ശബരി റെയിൽ പാതകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ അടുത്ത പഞ്ചവത്സരപദ്ധതിയിൽപെടുത്തി തുക അനുവദിച്ച് റെയിൽവെ ബോർഡിനെകൊണ്ട് എത്രയും പെട്ടെന്ന് പൂർത്തീകരിക്കണം. പ്രത്യക്ഷമായും പരോക്ഷമായും ഈ റെയിൽവെ ലൈനുകൾവഴി കാഞ്ഞിരപ്പള്ളി പഞ്ചായത്തിന്റെ ഗതാഗത പ്രശ്നങ്ങൾക്ക് ഒരു അളവ് വരെ പരിഹാരമുണ്ടാക്കാനും നാടിന്റെ വികസനത്തിനും പുറംലോകവുമായി ഉള്ള വ്യാപാരവ്യവസായങ്ങൾക്കും ഒരു വൻമുന്നേറ്റമുണ്ടാക്കുവാനും സാധിക്കും.

ടൗണിലെ പ്രധാന ജംഗ്ഷനുകളിൽ നടപ്പാതയും കൈവരികളും നിർമ്മിക്കണം. ഇതിനു കൂടുതലായി വ്യാപാരിവ്യവസായികളെ ആശ്രയിക്കാവുന്നതാണ്. അവർക്ക് പരസ്യത്തിന് സൗകര്യം നൽകാവുന്നതാണ്.

ഗതാഗതരംഗത്തെ പോരായ്മകളും അപാകതകളും

ടൗൺപ്രദേശത്തെ ഗതാഗത തടസ്സം എടുത്തുപറയേണ്ടതാണ്. കെ.കെ. റോഡിലെയും പരിസരങ്ങളിലെയും പാർക്കിംഗ് ഒരു പ്രധാന കാരണമാണ്. ഇത് ഒഴിവാക്കുവാൻ ഓട്ടോ, ലോറി എന്നിവയ്ക്ക് പ്രത്യേക പാർക്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുകയും കുരിശുകവലയിൽ ടാക്സി സ്റ്റാൻഡിനുള്ള സ്ഥലത്ത് എത്രയും പെട്ടെന്ന് സ്റ്റാൻഡ് പണി പൂർത്തിയാക്കുകയും വേണം. ചന്തക്കവല, പേട്ടകവല എന്നിവിടങ്ങളിലും ഓരോ സ്റ്റാൻഡ് പണിയേണ്ടതാണ്. ജനങ്ങളുടെ സൗകര്യാർത്ഥം എത്രയും വേഗം ബസ് സ്റ്റാൻഡ് തുറന്നു പ്രവർത്തിക്കേണ്ടതാണ്. ബസ് സ്റ്റാൻഡിന് സമീപം കെ.കെ. റോഡിൽ യാതൊരു കാരണവശാലും വാഹനങ്ങൾ പാർക്കിംഗ് നടത്തുവാൻ അനുവദിച്ചുകൂടാ.

ടൗണിലെ ഗതാഗത തടസ്സം നീക്കുവാൻ ഒരു ബൈപാസ് (പാരലൽ റോഡ്) നിർമ്മിക്കണം.

നമ്മുടെ റോഡുകൾ ടാറിംഗ് നടത്തിയാൽ വളരെ പെട്ടെന്ന് മോശമായ നിലയിൽ ആകുന്നതിന്റെ കാരണങ്ങൾ ശരിയായി വിലയിരുത്തുകയും പഠിക്കുകയും ചെയ്യണം. ശരിയായ അളവിൽ ടാർ,മെറ്റൽ,ചിപ്സ്, അവയുടെ മിക്സിംഗ്, റോഡ് റോളർ ഉപയോഗിച്ചുള്ള പണികൾ എന്നിവ ജനകീയ സമിതികളുടെ മേൽനോട്ടത്തിലും സഹകരണത്തിലും നടത്തുവാൻ ശ്രദ്ധിക്കണം. എല്ലാ രംഗത്തേയും അഴിമതി പരമാവധി കുറയ്ക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണം. കാലാകാലങ്ങളിൽ കരാറുകാർക്ക് നിരക്കുകൾ വർദ്ധിപ്പിച്ച് നൽകി പണികളുടെ ഗുണമേന്മ ഉറപ്പു വരുത്തണം.

പഞ്ചായത്തുപ്രദേശത്ത് വാട്ടർ സപ്ലൈ ലൈൻ, ടെലിഫോൺ കേബിൾ എന്നിവ ഇടുന്നതിന് റോഡുകൾ കുഴിക്കുന്നത് എത്രയും പെട്ടെന്ന് വീണ്ടും ടാർ ചെയ്യുക. പ്രധാന കേന്ദ്രങ്ങളിൽ റോഡുകൾ മുറിച്ചുകടക്കുന്നതിന് സീബ്രാ ലൈൻ ഇടുക. ഇതുവഴി അപകടങ്ങൾ ഒഴിവാക്കുവാൻ സാധിക്കും. പ്രധാന റോഡുകളുടെ ഇരുവശവും ഓടകൾ നിർമ്മിക്കുകയും അവ

യഥാസമയം വൃത്തിയാക്കുകയും ചെയ്യുക. ഓടകളിൽ ശുചീകരണത്തിന്റെ ഭാഗമായി മരുന്നുകൾ തളിച്ച് പകർച്ച വ്യാധികളും മറ്റും നിയന്ത്രിക്കണം. കെ.കെ. റോഡിന് സമാന്തര റോഡ് നിർമ്മിച്ചോ, വൺവെ സംവിധാനം ഏർപ്പെടുത്തിയൊ ടൗണിലെ ഗതാഗത സ്തംഭനം ഒഴിവാക്കണം. ബസ് സ്റ്റാൻഡിന് പരിസരത്ത് K.K.റോഡിൽ ലോറികൾ നിർത്തി ലോഡു കയറ്റിയിറക്കുന്നത് നിർബന്ധമായും നിരോധിക്കണം. പഞ്ചായത്തിന്റെ ഹൃദയഭാഗത്തു പണി പൂർത്തിയാക്കിയ ബസ് സ്റ്റാൻഡ് ഉടൻ ഉപയോഗപ്രദമാക്കുക. അനേകായിരം പേർ വന്നു പോകുന്ന കാഞ്ഞിരപ്പള്ളി ടൗണിൽ ഒരു കംഫർട്ട് സ്റ്റേഷൻ ഇല്ല. പഞ്ചായത്ത് അധികൃതർ ഈ കാര്യത്തിൽ കൂടുതൽ ശ്രദ്ധ പതിക്കണം. റോഡുകൾ റബ്ബറൈസ്ഡ് ടാറിംഗ് നടത്തണം.

പഞ്ചായത്തിന്റെ നിലവിലുള്ള റോഡുകൾ പട്ടിക തിരിച്ച്

പ്രധാന റോഡുകൾ

1. കെ.കെ. റോഡ്
2. കെ.ഇ. റോഡ്
3. കാഞ്ഞിരപ്പള്ളി - തമ്പലക്കാട്- പാലാ
4. മണിമല റോഡ്
5. എരുമേലി റോഡ്
6. മണ്ണാറക്കയം- കൂവപ്പള്ളി- പനച്ചേപ്പള്ളി
7. അഞ്ചിലിപ്പ, വിഴിക്കിത്തോട്- കുറുവാമൂഴി റോഡ്.
8. D.T.റോഡ് (T.B)
9. കുറുക്ക് റോഡ്

പഞ്ചായത്തിലെ 14-വാർഡുകളിലായി പഞ്ചായത്ത് ഏറ്റെടുത്തതും, ടാർ ചെയ്യുന്നതും, റീടാർ ചെയ്യുന്നതുമായ റോഡുകൾ വാർഡ് തിരിച്ച്.

വാർഡ് 1

1. മാനിടുംകുഴി-കരിങ്കണംപൊയ്ക റോഡ്
2. കതയനാട്ട് പടി റോഡ്
3. തമ്പലക്കാട്-തൊണ്ടുവേലി റോഡ്

വാർഡ് 2

1. കാഞ്ഞിരപ്പള്ളി-എലിക്കുളം P.W.D. റോഡ്
2. വണ്ടനാമല-മാന്തറ റോഡ്
3. മഹാകാളിപാറ-ടെമ്പിൾ റോഡ്
4. തുമ്പമട-വണ്ണൻപുറം-തമ്പലക്കാട് റോഡ്
5. മൂഴിക്കാട്-വഞ്ചിമല റോഡ്
6. നാലാംമൈൽ-വഞ്ചിമല റോഡ്
7. പന്നമാവ്-മറ്റത്തിപ്പാറ റോഡ്
8. M.N. Road
9. പള്ളിക്കവല-തേക്കട കവല റോഡ്
10. മന്നം മെമ്മോറിയൽ റോഡ്
11. തേക്കടകവല-നരിയനാനി റോഡ്
12. വണ്ണനാമല-കോളനിക്കാവ് റോഡ്
13. അരുവിക്കുഴി-വെള്ളമറ്റം റോഡ്
14. മഹാകാളിപാറ-അമ്പിയിൽ റോഡ്

വാർഡ് 3

1. പരയ്ക്കപുറം-മൂഴിക്കാട് റോഡ്
2. മാഞ്ഞൂക്കുളം-മൂഴിക്കാട് റോഡ്
3. മൂഴിക്കാട്-എറികാട് റോഡ്
4. കപ്പാട്-വണ്ടനാമല-സെമിനാരി റോഡ്
5. 3-ാം മൈൽ-തുമ്പമട റോഡ്
6. കപ്പാട്-കോഴിയാനി റോഡ്
7. കപ്പാട്-വടവംകുളം റോഡ്
8. കപ്പാട്-മാഞ്ഞൂക്കുളം റോഡ്
9. കാളകെട്ടി-മാഞ്ഞൂക്കുളം റോഡ്

വാർഡ് 4

1. വെട്ടത്തുകവല പള്ളിപ്പടി, എറികാട് തുമ്പമട റോഡ്
2. മഞ്ഞപ്പള്ളി-എറികാട് റോഡ്
3. തുമ്പമട-മഞ്ഞപ്പള്ളി തേയിലപുര-മഞ്ഞപ്പള്ളി-കോഴികുത്തി-എറികാട് റോഡ്
4. വില്ലണി കോളനി റോഡ്
5. വില്ലണി-തെക്കുംതല റോഡ്
6. ആനക്കല്ല്-എറികാട് റോഡ്

വാർഡ് 5

1. പുത്തനങ്ങാടി-ചന്തക്കവല റോഡ്
2. പുത്തനങ്ങാടി-സെൻറ്മേരീസ് റോഡ്
3. പുത്തൻപള്ളി-TVS റോഡ്
4. പുത്തൻപള്ളി-കോവിൽകടവ് റോഡ്
5. ബിഷപ്സ്ഹൗസ്-ആനിത്തോട്ടം റോഡ്
6. പുളിമാവ്-ആനക്കല്ല് റോഡ്
7. പുളിമാവ്-കാരിക്കുന്ന് റോഡ്
8. കോമൺസ്ക്ലബ്ബ്-ആനിത്തോട്ടം റോഡ്

വാർഡ് 6

1. തോട്ടുമുഖം-പാറക്കടവ് റോഡ്
2. പാറക്കടവ്-നരിവേലി റോഡ്
3. ഒന്നാംമൈൽ കുന്നം റോഡ്

വാർഡ് 7

1. നൈനാർപള്ളി റോഡ്
2. പാറക്കടവ്-കല്ലുങ്കൽ കോളനി റോഡ്
3. K.M.A ഇട്ടിയംപാറ റോഡ്
4. പേട്ട-കൊടുവന്താനം റോഡ്
5. പാറക്കടവ് മെഴുകനാമല റോഡ്

വാർഡ് 8

1. റാണി ആശുപത്രിപടി-പിച്ചകപള്ളി റോഡ്
2. വട്ടകപ്പാറ-26ാംമൈൽ കുറുക്ക് റോഡ്
3. ഇടപ്പള്ളി വാഴേപ്പറമ്പ് റോഡ്
4. പൂതക്കുഴി-വളവനാപാറ റോഡ്

വാർഡ് 9

1. മാനിടുംകുഴി കോളനി റോഡ്
2. സുഖോദയാ ലിങ്ക് റോഡ്
3. പുത്തൻപള്ളി ഗ്വ. ആശുപത്രി റോഡ്
4. ഉലകുവീട്ടിൽപടി-മണ്ണാറക്കയം റോഡ്
5. നേതാജി റോഡ്
6. സഞ്ചയൻ റോഡ്
7. അടിച്ചിലാവ് റോഡ്
8. ബർമ്മാ റോഡ്
9. ജനതാക്ലബ്ബ്-ചിറക്കടവ് റോഡ്
10. T.K. റോഡ്
11. T.C. റോഡ്
12. കുറുക്കു റോഡ്-കെ.കെ. റോഡ്
13. D.T. റോഡ്
14. D.T. റോഡ് K.K. റോഡ് ലിങ്ക് റോഡ്

വാർഡ് 10

1. നെടുമങ്ങാടി-അഞ്ചിലിപ്പ റോഡ്
2. കറിപ്ലാവ്-പട്ടിമറ്റം റോഡ്
3. പനച്ചേപ്പള്ളി-കുറുങ്കണ്ണി റോഡ്
4. പട്ടിമറ്റം-പൂതക്കുഴി റോഡ്
5. ബ്ലോക്ക് റോഡ്
6. പടിഞ്ഞാറേക്കരതോട്ടം-കുറുങ്കണ്ണി റോഡ്
7. മണ്ണാറക്കയം-അഞ്ചിലിപ്പ റോഡ്
8. പട്ടിമറ്റം-പനച്ചേപ്പള്ളി റോഡ്
9. മണ്ണാറക്കയം-കറിപ്ലാവ് റോഡ്

വാർഡ് 11

1. അഞ്ചിലിപ്പ-ഞള്ളമറ്റം റോഡ്
2. കരുമ്പുകയം-കല്ലറക്കാവ് റോഡ്
3. വള്ളികാട്-കരുമ്പുകയം റോഡ്
4. അഴകൻകാട്-ചിറക്കടവ് റോഡ്
5. കുറുങ്കണ്ണി-ഞള്ളമറ്റം റോഡ്
6. ഫിൽറ്റർടാങ്ക് റോഡ്
7. കരുമ്പുകയം-ചിറ്റാർ റോഡ്
8. അഞ്ചിലിപ്പ-നെടുങ്ങാട് റോഡ്
9. അഞ്ചിലിപ്പ-കോളനി റോഡ്
10. കോളനി-സെമിത്തേരി റോഡ്
11. നെടുങ്ങാട്-കുറുങ്കണ്ണി റോഡ്
12. പുന്നാംപറമ്പ്-പടിഞ്ഞാറേക്കര റോഡ്
13. കോടങ്കയം റോഡ്

വാർഡ് 12

1. വിഴിക്കിത്തോട്-മലബാർതോട്ടം റോഡ്
2. വിഴിക്കിത്തോട്-വഞ്ചിത്താഴത്തു റോഡ്
3. കടവനാൽക്കടവ് റോഡ്
4. തോട്ടംകവല കുറുങ്കണ്ണി റോഡ്
5. ചിറക്കടവ്-എരുമേലി റോഡ്
6. കുറുങ്കണ്ണി-തവിട്ടനാംകുഴി റോഡ്
7. കടവനാൽക്കടവ്-കരിമ്പുകയം റോഡ്
8. തോട്ടംകവല-തവിട്ടനാംകുഴി റോഡ്
9. തവിട്ടനാംകുഴി-ആശുപത്രി റോഡ്
10. സ്ക്കൂൾ റോഡ്
11. മലങ്കോട്ട റോഡ്

വാർഡ് 13

1. മണങ്ങല്ലൂർ- വിഴിക്കിത്തോട് റോഡ്
2. മണങ്ങല്ലൂർ-പനിച്ചേപ്പാറ റോഡ്
3. പട്ടിമറ്റം-പനച്ചേപ്പള്ളി റോഡ്
4. പട്ടിമറ്റം-മണ്ണാറക്കയം റോഡ്
5. പട്ടിമറ്റം-ഹരിജൻകോളനി റോഡ്
6. പട്ടിമറ്റം-മോതിയപറമ്പ് റോഡ്
7. പുന്നാംപറമ്പ്-കുളമാംകുഴി റോഡ്
8. മലബാർകവല-പനിച്ചേപ്പള്ളി റോഡ്

വാർഡ് 14

1. അമ്പലവളവ് റോഡ്
2. അമ്പലവളവ്-4ാംമൈൽ റോഡ്
3. വെട്ടിയ്ക്കാപ്പള്ളിസിറ്റി റോഡ്
4. ഓരങ്കുൽ റോഡ്
5. അമ്പലവളവ്-പ്ലാക്കയം റോഡ്

വിവിധ ഘട്ടങ്ങളിലെത്തി നിൽക്കുന്ന റോഡുകൾ

വാർഡ് 1

1. മാനിടുംകുഴികോളനി റോഡ്
2. തൊണ്ടുവേലി-ലക്ഷംവീട്കോളനി റോഡ്
3. തോട്ടുവാ കോളനി റോഡ്
4. മുണ്ടത്താനം കോളനിയിലേക്കുള്ള ഇടവഴി റോഡ്

വാർഡ് 9

1. പടിഞ്ഞാറ്റ കോളനിറോഡ്
2. പൈനുമൂട്ടിൽ ഇടവഴി റോഡ്
3. ആവക്കുന്നു കോളനി റോഡ്

വാർഡ് 14

1. ആലംപരപ്പ് റോഡ്
2. കട്ടപ്പനാകുഴി റോഡ്
3. വഞ്ചിമല റോഡ്
4. വെളിച്ചവയൽ കോളനി നടപ്പാത

പുതുതായി നിർമ്മിക്കേണ്ട റോഡുകൾ

വാർഡ് 9

1. മേലരുവി റോഡ്
2. പൊന്മലപടി പഞ്ചായത്തു പടി റോഡ്
3. D.T Road
4. ലിങ്ക് റോഡ്

സാമൂഹ്യക്ഷേമം



പാർപ്പിടം

കേരളസംസ്ഥാനത്തിലെ സമ്പന്ന ജില്ലയായ കോട്ടയത്തിന്റെ കിഴക്കുഭാഗത്തായി കാർഷിക മേഖലയിൽ പേരുകേട്ട പ്രദേശമാണ് കാഞ്ഞിരപ്പള്ളി. ഇടത്തരം കൃഷിക്കാരും തൊഴിലാളികളും വസിക്കുന്ന പഞ്ചായത്താണ് നമ്മുടേത്. റബ്ബറിനെ ആശ്രയിച്ചു ജീവിക്കുന്നവരാണ് ഭൂരിഭാഗവും

നമ്മുടെ പഞ്ചായത്തിന് പതിനാലു വാർഡുകളാണ് ഉള്ളത്. പതിനാലു വാർഡുകളിലായി 10472 കുടുംബങ്ങൾ അധിവസിക്കുന്നു. അതിൽ 4661 കുടുംബങ്ങൾക്ക് വാസയോഗ്യമായ പാർപ്പിടങ്ങളില്ല.

ശുചിത്വമുള്ള പരിസരം, വായു, ജലം, പാർപ്പിടം എന്നിവ ആരോഗ്യപൂർണ്ണമായ സമൂഹനിർമ്മിതിക്ക് അനുപേക്ഷണീയമായ ഘടകങ്ങളാണ്. ആ നിലയ്ക്ക് ഭവനനിർമ്മാണത്തിന് വലിയ പ്രാധാന്യമുണ്ട്. ഗ്രാമങ്ങളിൽ പലയിടങ്ങളിലും സമ്പൽസമൃദ്ധിയുടെ പ്രതീകമായി കോൺക്രീറ്റ് സൗധങ്ങൾ ഉയരുമ്പോഴും അന്തിയുറങ്ങാൻ കിടപ്പാടം ഇല്ലാതെ ദാരിദ്ര്യതുരുത്തിൽ കഴിയുന്ന ഒരു വിഭാഗം ജനങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട് എന്നതു വസ്തുത മാത്രമാണ്. സാമൂഹ്യപുരോഗതിക്ക് വാസയോഗ്യമായ ഭവനങ്ങൾ അനിവാര്യമാണ്. നമ്മുടെ പഞ്ചായത്തിൽ എല്ലാ വാർഡുകളിലും വാസയോഗ്യമായ ഭവനങ്ങൾ സാധാരണ വിഭാഗത്തിന് പൂർണ്ണമായും സാധ്യമായിട്ടില്ല എന്നുള്ളതാണ് സത്യം.

1-ാം വാർഡിൽ തൊണ്ടുവേലികോളനിയും 13-ാം വാർഡിൽ കൂവപ്പള്ളി ലക്ഷംവീട് കോളനിയും മാത്രമാണ് പഞ്ചായത്ത് കോളനിയായി അംഗീകരിക്കപ്പെട്ടിട്ടുള്ളത്. മറ്റു പതിനാറു കോളനികൾ നമ്മുടെ പഞ്ചായത്തിൽ ഇപ്പോൾ ഉണ്ട്. എന്നാൽ കോളനികളുടെ ആനുകൂല്യങ്ങൾ ഇവയ്ക്ക് ലഭിക്കുന്നില്ല. 2-ാം വാർഡിലുള്ള വണ്ടൻപുറം കോളനിയിലും 13-ാം വാർഡിൽ ഉള്ള പട്ടിമറ്റം കോളനിയിലും കൂടുതലായി അധിവസിക്കുന്നവർ SC/ST വിഭാഗത്തിൽ പെട്ടവരാണ്. ഈ കോളനികൾ IHDP കോളനികളായി പ്രഖ്യാപിക്കുവാനും അവർക്കു ലഭ്യമാകാവുന്ന ആനുകൂല്യങ്ങൾ നേടിയെടുക്കുവാനും സാധിച്ചിട്ടില്ല.

2-ാം വാർഡിലുള്ള ഇലഞ്ഞികുളങ്ങര കോളനിയിലും, വണ്ടനാമല കോളനിയിലും 4-ാം വാർഡിലുള്ള വെട്ടുവേലി കോളനിയിലും താമസിക്കുന്ന കുടുംബങ്ങൾക്ക് അവരുടെ കൈവശഭൂമിക്ക് പട്ടയം ലഭിക്കാത്തതിനാൽ ഗവണ്മെൻറിൽ നിന്നും മറ്റ് ഭവനനിർമ്മാണ ഏജൻസികളിൽ നിന്നും വീട് വയ്ക്കുന്നതിനുള്ള സഹായം ലഭ്യമാക്കാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.

എല്ലാ വാർഡുകളിലും ഭൂരഹിതരായ കുടുംബങ്ങൾ ആറ്, തോട്, റോഡ് പുറംപോക്കുകളിൽ താമസിക്കുന്നു. പല ഭവനങ്ങളിലും ഒന്നിൽ കൂടുതൽ കുടുംബങ്ങൾ കൂട്ടായി താമസിക്കുന്നുണ്ട്.

നമ്മുടെ പഞ്ചായത്തിൽ ആകെയുള്ള കുടുംബങ്ങളിൽ പഞ്ചായത്തിന്റെ കണക്കനുസരിച്ച് 4500-നും മേൽ കുടുംബങ്ങൾക്ക് സാനിറ്റേഷൻ സൗകര്യം ഇല്ല. വീടില്ലാത്തവർക്ക് സ്വന്തമായി വീടും, സാനിറ്റേഷൻ സൗകര്യവും ഏർപ്പെടുത്തി ഐശ്വര്യപൂർണ്ണമായ ജീവിതം സഫലീകൃതമാക്കുവാനും സാമൂഹ്യക്ഷേമ കർമ്മ പദ്ധതികൾക്ക് രൂപം നൽകുവാനും നമ്മുടെ പഞ്ചായത്തിന് സാദ്ധ്യമാകട്ടെ.

സാമ്പത്തിക സഹായം

പഞ്ചായത്തിൽ ഒരു ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയും സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ താലൂക്ക് ആഫീസും, ഭവനനിർമ്മാണ നഗരവികസന ഏജൻസി, മലനാട് ഡവലപ്പ്മെൻറ് സൊസൈറ്റി, സിഡാ എന്നീ സന്നദ്ധ സംഘടനകളും പ്രവർത്തിക്കുന്നു.. ബ്ലോക്ക്, പഞ്ചായത്ത് എന്നിവകൾ വഴി കേന്ദ്രഗവൺമെൻറിന്റെയും കേരളഗവണ്മെന്റിന്റേയും സഹായത്തോടുകൂടി നടത്തുന്ന പദ്ധതികളും റബ്ബർ ബോർഡിൽ നിന്നും ടാപ്പിംഗ് തൊഴിലാളികൾക്ക് വീടു വെയ്ക്കുന്നതിന് നല്കുന്ന സഹായവും ഈ പ്രദേശത്തെ ജനങ്ങൾക്ക് ഭവനനിർമ്മാണത്തിന് സഹായിക്കുന്നുണ്ട്.

ആവശ്യങ്ങൾ

1. വാസയോഗ്യമായ വീടുകൾ ഇല്ലാത്ത എല്ലാവർക്കും വീടുകൾ വയ്ക്കുന്നതിന് സഹായം നൽകണം.
2. ഭൂമിയും വീടും ഇല്ലാത്ത കുടുംബങ്ങളെ പുനരധി

വസിപ്പിക്കുവാൻ ഗവണ്മെൻറിന്റെ സഹായത്താൽ പഞ്ചായത്ത് ഭൂമി ഏറ്റെടുത്ത് ഭവനങ്ങൾ നിർമ്മിച്ച് കൊടുക്കണം.

3. ലക്ഷംവീട് കോളനികളുടെ അറ്റുകുറ്റ പണികൾ നടത്തുന്നതിന് ആവശ്യമായ തുക സബ്സിഡിയായി നൽകുക.
4. വീട് നിർമ്മാണത്തിനും മറ്റ് ആവശ്യങ്ങൾക്കും പട്ടയം ഉപാധി കൂടാതെ വായ്പ നൽകുക.
5. ഭവനനിർമ്മാണ പദ്ധതികൾ കൂടുതൽ ജനകീയവത്ക്കരിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യുക.
6. കെട്ടിട നിർമ്മാണത്തിന് ആവശ്യമായ ചെറുകിട വ്യവസായ യൂണിറ്റുകൾ സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കുക.
7. ചിലവ് കുറഞ്ഞ കക്കൂസ് നിർമ്മിക്കുന്നതിന് ധനസഹായം നൽകുക.
8. വൻതുക മുതൽമുടക്കി വീട് നിർമ്മിക്കുന്നവരിൽ നിന്നും ഉയർന്ന നികുതി ഈടാക്കുകയും അസ്സസ്മെൻറ് നീതിപൂർവ്വമാക്കുകയും ചെയ്യുക.
9. ഭവനനിർമ്മാണ വായ്പ നടപടികൾ ലഘൂകരിക്കുക.
10. കുറഞ്ഞ നിരക്കിൽ ഭവനനിർമ്മാണ സാമഗ്രികൾ ലഭിക്കുന്നതിനുള്ള വ്യാപാരസ്ഥാപനങ്ങൾ ആരംഭിക്കുക.
11. സ്റ്റേജ് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യാൻ പഞ്ചായത്തു മെമ്പറന്മാരെ ചുമതലപ്പെടുത്തുക.
12. LIC ഭവനനിർമ്മാണ വായ്പകൾ പഞ്ചായത്ത് തലത്തിൽ സംഖ്യാക്രമത്തിൽ നിർണ്ണയിക്കുക
13. ലക്ഷംവീടുകോളനിയിലുള്ള വീടുകൾ പഞ്ചായത്ത് ഇൻഷ്വർ ചെയ്യുക

നിർദ്ദേശങ്ങൾ

1. ദുർബല വിഭാഗങ്ങൾക്കുള്ള ഭവനനിർമ്മാണപദ്ധതികൾ പഞ്ചായത്തു തലത്തിൽ നടപ്പാക്കുക.
2. കോളനിപ്രദേശത്തും സാധാരണക്കാർ തിങ്ങിപാർക്കുന്ന സ്ഥലത്തും സ്ത്രീൾക്കും കുട്ടികൾക്കും ബോധവത്ക്കരണ സെമിനാറുകൾ സംഘടിപ്പിക്കുക.
3. നിലവിൽ പഞ്ചായത്തിനു ലഭിക്കുന്ന കെട്ടിടനികുതി യഥാർത്ഥത്തിൽ ലഭിക്കേണ്ടതിൽ കുറവാണ്. നികുതികൾ കാലോചിതമായി പുതുക്കണം.
4. കുടിലുകൾ ഒഴിച്ചുള്ള എല്ലാ വീടുകൾക്കും നികുതികൾ ഈടാക്കി വരുമാനം വർദ്ധിപ്പിക്കണം.
5. ഭവനനിർമ്മാണ വായ്പകളുടെ ദുരുപയോഗം ഒഴിവാക്കുന്നതിന് പഞ്ചായത്ത് മേൽനോട്ടം വഹിക്കണം.
6. ഭവനങ്ങൾ നിർമ്മിക്കാൻ പഞ്ചായത്ത് ലൈസൻസ് അനുവദിക്കുമ്പോൾ റോഡിൽ നിന്നും 3 മീറ്റർ ദൂരം നിർബ്ബന്ധമായും മാറ്റി പണിയുന്നതിന് പഞ്ചായത്ത് നിർദ്ദേശം നൽകുക.
7. പഞ്ചായത്തിലെ എല്ലാ കോളനികലിലും വൈദ്യുതി എത്തിക്കുന്നതിനും വീടുകൾ വയറിംഗ് ചെയ്ത് കൊടുക്കുന്നതിനും പഞ്ചായത്ത് സാമ്പത്തിക സഹായം നൽകി സഹായിക്കണം.
8. സാനിറ്റേഷൻ സൗകര്യം ഇല്ലാത്ത പഞ്ചായത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മുഴുവൻ കുടുംബങ്ങൾക്കും കക്കൂസ് നിർമ്മിക്കുന്നതിന് സഹായം നൽകുക.

ഭവനനിർമ്മാണ പദ്ധതി നടപ്പിലാക്കുമ്പോൾ പഞ്ചായത്ത് നിർവ്വഹിക്കേണ്ട സമയബന്ധിത പരിപാടി

കാഞ്ഞിരപ്പള്ളി പഞ്ചായത്തിൽ വാസയോഗ്യമല്ലാത്ത ഭവനങ്ങൾ 4600-ഓളം ഉണ്ട്.
പഞ്ചായത്തിലെ വാസയോഗ്യമല്ലാത്ത ഭവനങ്ങൾ 4600

1 വർഷം	920	ഭൂമിയില്ലാത്ത100 കുടുംബങ്ങൾ	
2 "	920	(പുരുഷന്മാർ നയിക്കുന്നു.)	
3 "	920	5 വർഷം കൊണ്ട് സൗജന്യ ഭവനം നിർമ്മിച്ചു നല്കണം.	
4 "	920		
5 "	920		

ചുവടെ ചേർക്കുന്ന മുൻഗണനാക്രമം സ്വീകരിക്കണം.

1. സ്ത്രീകൾ നയിക്കുന്ന കുടുംബം
2. സ്വന്തമായി ഭൂമിയില്ലാത്തവർ
3. 5 സെൻറ് സ്ഥലവും അതിൽ കുറവുമുള്ളവർ
4. 10 സെൻറ് സ്ഥലവും അതിനു താഴെയുമുള്ളവർ സ്ത്രീകൾ നയിക്കുന്ന കുടുംബം

വാർഡ്	സ്ഥലംഇല്ലാത്തവർ	5 സെൻറ് സ്ഥലമുള്ളർ	10 സെൻറ് സ്ഥലമുള്ളർ
1 2 3 4 5 6 7 8 9 10 11 12 13 14	സ്ത്രീകൾ നയിക്കുന്ന ഭൂമിയില്ലാത്ത കുടുംബങ്ങൾക്ക് പഞ്ചായത്തു ഭൂമിയും വീടും നല്കണം.	സാമ്പത്തിക സഹായം ചെയ്യണം പങ്കുതി സബ്സിഡി നല്കണം	സാമ്പത്തിക സഹായം നല്കണം. തവണക ളായി അഞ്ചുവർഷം കൊണ്ട് ഈടാക്കണം.
	20	70	50 140

4600 - 140 = 4360

ആകെ	ഭൂമിയില്ലാത്തവർ	5 സെൻറിൽ കുറവു ഭൂമിയുള്ളവർ	10 സെൻറിന് താഴെ ഭൂമിയുള്ളവർ
4360 =	100 -	2500	1760

5 സെൻറു സ്ഥലവും അതിനു താഴെ ഭൂമിയുമുള്ള പഞ്ചായത്തിലെ 2500 പേർക്ക് അഞ്ചു വർഷം കൊണ്ട് 500/ എന്ന ക്രമത്തിൽ വീടുകൾ നല്കി പാർപ്പിട സൗകര്യം ഉണ്ടാക്കണം.

10 സെൻറ് സ്ഥലവും അതിനു താഴെ സ്ഥലവുമുള്ള 1760 പേർക്ക് 1 വർഷം 352 പേർക്ക് എന്ന ക്രമത്തിൽ സാമ്പത്തിക സഹായം നല്കി സഹായിക്കണം.

വരുമാന മാർഗ്ഗം

JRY	200000 (2 ലക്ഷം)
ഹഡ്കോ	300000 (3 ലക്ഷം)
അൺടയിഡ്	1000000 (10 ലക്ഷം)
കെട്ടിടനികുതി	100000 (1 ലക്ഷം)
സന്നദ്ധസംഘടന പ്രതീക്ഷിക്കുന്നത്	400000 (4 ലക്ഷം)
	2000000 (20 ലക്ഷം)

സ്ത്രീകൾ നയിക്കുന്ന കുടുംബം	4	24
പുരുഷന് ഭൂമിയില്ലാത്ത കുടുംബം	20	
5 സെൻറിനു താഴെ ഭൂമിയില്ലാത്ത സ്ത്രീകൾ	14	514
5 സെൻറിനു താഴെ ഭൂമിയില്ലാത്ത പുരുഷന്മാർ	500	
10 സെൻറിനു താഴെ ഭൂമിയില്ലാത്ത സ്ത്രീകൾ	10	362
10 സെൻറിനു താഴെ ഭൂമിയില്ലാത്ത പുരുഷന്മാർ	352	

ഭൂമിയില്ലാത്തവർക്ക് ഒന്നാം വർഷം 4,80,000 രൂപാ വീതം നല്കി സ്വന്തമായി വീട് വയ്ക്കാവുന്നതാണ്.

" ഓരോ വീടും ഓരോ വിദ്യാലയമാണ്. മാതാപിതാക്കൾ അദ്ധ്യാപകരും"

—ഗാന്ധിജി

പുതിയ കെട്ടിട നികുതി ഘടന

താമസത്തിനുള്ള കെട്ടിടം			മറ്റുള്ള കെട്ടിടങ്ങൾ		
	പഞ്ചായത്ത് പ്രദേശത്ത്	സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്ത്/ മുനിസിപ്പാലിറ്റികൾ		പഞ്ചായത്ത് പ്രദേശത്ത്	സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്ത്/ മുനിസിപ്പാലിറ്റികൾ
	1	2		1	2
ഓലമേഞ്ഞ കെട്ടിടങ്ങൾ മറ്റുള്ളവ	ഇല്ല	ഇല്ല	50 ച.മി. മുകളിൽ 75 ച.മി. മുകളിൽ	500	1000
100 ച.മി. മുകളിൽ 150 ച.മി. വരെ	500 രൂപ	900രൂപ	75 ച.മി. മുകളിൽ 100 ച.മി. വരെ	750	1500
150 ച.മി. മുകളിൽ 200 ച.മി. വരെ	1000 രൂപ	1800 രൂപ	100 ച.മി. മുകളിൽ 150 ച.മി. മുകളിൽ	1500	3000
			150 ച.മി. മുകളിൽ 200 ച.മി.. വരെ	3000	6000
200 ച.മി. മുകളിൽ 250 ച.മി. വരെ	2000 രൂപ	3600 രൂപ	200 ച.മി. മുകളിൽ 250 ച.മി. വരെ	6000	12000
250 ച.മി. മുകളിൽ	2000+ കൂടുതലായി വരുന്ന ഓരോ 10 ച.മി. ന് 400 രൂപ	3600+ കൂടുതലായി വരുന്ന ഓരോ 10 ച.മി. ന് 800 രൂപ	250 ച.മി. മുകളിൽ	2000+ കൂടുതലായി വരുന്ന ഓരോ 10 ച.മി. ന് 600 രൂപ	2000+ കൂടുതലായി വരുന്ന ഓരോ 10 ച.മി. ന് 1200 രൂപ

വാർഡു തിരിച്ചുള്ള കെട്ടിടങ്ങളുടെ കണക്ക്.

വാർഡ്	കെട്ടിടങ്ങളുടെ എണ്ണം	ബഹുനില കെട്ടിടങ്ങൾ	മേൽപുരയുടെ സ്വഭാവം			
			കോൺക്രീറ്റ്	ഓട്	ഓല	മറ്റുള്ളവ
I	645	5	32	284	90	239
II	622	10	43	247	120	212
III	830	22	141	396	91	202
IV	868	23	89	490	88	201
V	1087	96	293	688	53	53
VI	364	11	74	199	39	52
VII	737	21	56	374	85	219
VIII	947	32	99	630	90	128
IX	683	39	141	355	86	101
X	877	27	78	359	211	229
XI	616	13	48	315	110	143
XII	765	15	27	469	78	191
XIII	571	8	19	221	129	202
XIV	797	9	65	264	168	300
ആകെ	10409	331	1208	5288	1438	2472

പൊതുജനാരോഗ്യം

ആരോഗ്യമെന്നാൽ ശരീരത്തിന്റെയും, സമൂഹത്തിന്റെ ആകയും രോഗവിമുക്തമായ അവസ്ഥയാണ്. ഭക്ഷണം, പാർപ്പിടം, വായു, ജീവിക്കുന്ന ചുറ്റുപാടുകൾ എന്നിവയെല്ലാം മനുഷ്യന്റെ ആരോഗ്യത്തെ സ്വാധീനിക്കുന്ന ചുറ്റുപാടുകളാണ്. ആദ്യകാലത്ത് മനുഷ്യൻ പ്രകൃതിയുമായി ഇണങ്ങിചേർന്ന ജീവിതരീതിയാണ് സ്വീകരിച്ചിരുന്നത്. കാലക്രമത്തിൽ ഈ സ്ഥിതിയ്ക്ക് മാറ്റം വരുത്തുകയും തൽഫലമായി ആരോഗ്യത്തിന് ഹാനികരമാവുകയും ചെയ്തു. പരിസ്ഥിതി മലിനീകരണം മനുഷ്യന്റെ ആരോഗ്യസ്ഥിതിയെ കാര്യമായി ബാധിച്ചിട്ടുണ്ട്. രോഗവിമുക്തിക്ക് ആദ്യകാലത്ത് നാട്ടു ചികിത്സാരീതിയാണ് സ്വീകരിച്ചിരുന്നത്. ഇപ്പോൾ ആധുനികരീതി പ്രാബല്യത്തിൽ വന്നു. നമ്മുടെ പഞ്ചായത്തിൽ സർക്കാരിന്റെ PH സെന്റർ രണ്ടെണ്ണം പ്രവർത്തിക്കുന്നു. (XII- ാം വാർഡിലും III -- ാം വാർഡിലും) കൂടാതെ ഈ പഞ്ചായത്തിൽ 2- സബ് സെന്റർ X, II എന്നീ വാർഡുകളിൽ പ്രവർത്തിക്കുന്നു.

1. ചികിത്സാകേന്ദ്രം

1955-ൽ കാളകെട്ടിയിലും, 1972- ൽ വിഴിക്കിത്തോട്ടിലും PHC പ്രവർത്തനം ആരംഭിച്ചു. രണ്ടു PHC ക്കും സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ട്. എന്നാൽ വേണ്ടത്ര ഓഫീസ് സൗകര്യം ഇല്ല. കെട്ടിടങ്ങൾ വളരെ പഴക്കം ചെന്നതാണ്. ആവശ്യമുള്ള സൗകര്യമൊന്നുംതന്നെ ഇല്ല. വേണ്ടത്ര ഉപകരണങ്ങളോ ഫർണിച്ചറുകളോ ഇവിടെ ഇല്ല. ഇപ്പോൾ പരിമിതമായ ജീവനക്കാരെ ഉള്ളൂ. ഇവിടെ വേണ്ടത്ര സൗകര്യങ്ങൾ നല്കി വിപുലീകരിക്കേണ്ടതു അത്യാവശ്യമാണ്. രണ്ട് PHC ഉണ്ടെങ്കിലും കാഞ്ഞിരപ്പള്ളി പഞ്ചായത്തിലുള്ളവർക്കെല്ലാം പ്രയോജനപ്പെടുന്നില്ല. പഞ്ചായത്തിൽ നിലവിൽ PHC യും sub-center- ഉം ഇല്ലാത്ത വാർഡുകളിൽ PHC-യും sub-center-ഉം ആരംഭിക്കണം.

ഹരിജനങ്ങൾ തിങ്ങിപ്പാർക്കുന്ന പഞ്ചായത്തിലെ XIII -ാം വാർഡിൽ നിർത്തലാക്കിയ Govt. L.P. School ഒരു PHC തുടങ്ങുന്നതിന് അനുയോജ്യമായ പ്രദേശമാണ്. പഞ്ചായത്തിലെ XI -ാം വാർഡിൽ പ്രവർത്തിക്കുന്ന എക്സ്റ്റൻഷൻ ഓഫീസിനോടു അനുബന്ധമായി ഒരു sub-center തുടങ്ങുന്നതിനുള്ള എല്ലാ സൗകര്യവും ഉണ്ട്. ഈ പഞ്ചായത്തിലുള്ളവർ ഭൂരിപക്ഷവും സ്വകാര്യാശുപത്രിയെ ആശ്രയിക്കുന്നു. ചികിത്സാ സൗകര്യത്തിന് സ്വകാര്യസ്ഥാപനങ്ങളെ വേണം കാഞ്ഞിരപ്പള്ളി നിവാസികൾ പ്രധാനമായും ആശ്രയിക്കേണ്ടത്. സർക്കാരിന്റെ സാമ്പത്തികസഹായത്തോടെ ആയുർവേദ, ഹോമിയോ ചികിത്സാ കേന്ദ്രങ്ങൾ പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ ആരംഭിക്കേണ്ടതാണ്.

കാളകെട്ടി ഭാഗത്തുള്ള ഹെൽത്ത് സെന്റർ സ്ഥിതിചെയ്യുന്ന സർക്കാർ സ്ഥലത്ത് ഹോമിയോ ചികിത്സാകേന്ദ്രം പ്രവർത്തനം ആരംഭിച്ചാൽ സാധാരണക്കാർക്ക് ഒരു അനുഗ്രഹം ആകും. പഞ്ചായത്തിലുള്ള II -ാംവാർഡിൽ (തമ്പലക്കാട്) പ്രവർത്തിക്കുന്ന sub-center ഉയർത്തി PHC ആക്കണം. V, VI, VII, VIII എന്നീ വാർഡുകൾ ടൗൺപ്രദേശവുമായി ബന്ധപ്പെട്ടു കിടക്കുന്നതിനാൽ ചികിത്സക്കുവേണ്ടി സ്വകാര്യചികിത്സാകേന്ദ്രങ്ങളെ ആശ്രയിക്കുന്നു. ഈ പഞ്ചായത്ത് അതിർത്തിയിലുള്ള താലൂക്ക് ആശുപത്രി ചിറക്കടവ് പഞ്ചായത്തിൽ സ്ഥിതിചെയ്യുന്നു.

2. ആരോഗ്യവും മലിനീകരണവും

ആരോഗ്യം നിലനിർത്തുന്നതിന് ശുചിത്വം വളരെ ആവശ്യമാണ്. ഇതിനായി സമ്പൂർണ്ണ സാനിട്ടേഷനാണ് പ്രധാന ഘടകം. ഓരോ കുടുംബത്തിനും വൃത്തിയും വെടിപ്പുമുള്ള കക്കൂസ് അത്യാവശ്യമാണ്. ശുദ്ധജലം ആരോഗ്യത്തിന് സുരക്ഷിതമായി കൈകാര്യം ചെയ്യുകയും മലിനജലം ഓടകളിൽകൂടി ഒഴുക്കിക്കളയുവാനുള്ള സംവിധാനം പഞ്ചായത്തുതലത്തിലുണ്ടാക്കുകയും വേണം. പരിസരമലിനീകരണത്തിന് റബ്ബർ ഫാക്ടറികൾ കാരണമാകുന്നുണ്ട്. ഫാക്ടറികളിൽ നിന്നും ഒഴുക്കിവിടുന്ന രാസവസ്തുക്കൾ ചേർന്നുള്ള ജലം

ആരോഗ്യത്തിന് ഹാനികരമാണ്. ഫാക്ടറികൾക്ക് സമീപം ടാങ്കുകൾ നിർമ്മിച്ച് മലിനീകരണം ഒഴിവാക്കാം. ഹോട്ടലുകൾ, പച്ചക്കറി, മത്സ്യം, മാംസം, വ്യാപാരസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും ജലാശയങ്ങളിൽ ഒഴുക്കിവിടുന്ന അവശിഷ്ടങ്ങൾ ജലമലിനീകരണത്തിന് ഇടയാകുന്നു. പഞ്ചായത്ത്, ബ്ലോക്ക് തലത്തിൽ അംഗീകൃത അറവുശാല നടത്തി പരിസരമലിനീകരണം തടയാം. ഹോട്ടലുകളിലും, മാർക്കറ്റിലും വില്ക്കുന്ന ഭക്ഷ്യവസ്തുക്കൾ ഒരു ഹെൽത്തു ഇൻസ്പെക്ടറുടെ പരിശോധനക്ക് വിധേയമാക്കണം. ആയതിന് പഞ്ചായത്തിൽ ഒരു ഹെൽത്ത് ഇൻസ്പെക്ടറെ നിയമിക്കണം.

3. മാതൃശിശു സംരക്ഷണം

കുട്ടികളുടെ നിലനില്പ്, സംരക്ഷണം, വികസനം എന്നീ ലക്ഷ്യത്തോടുകൂടി മാതൃശിശു സംരക്ഷണസമിതി രൂപീകരിച്ച് അംഗൻവാടികൾ, ബാലവാടികൾ തുടങ്ങിയവയിൽക്കൂടി സ്ത്രീകളുടേയും, കുട്ടികളുടേയും സംരക്ഷണം ഉറപ്പുവരുത്താൻ ബാധിക്കും. ഈ പഞ്ചായത്തിൽ സ്വന്തമായി കെട്ടിടമോ സ്ഥലമോ ഉള്ള അംഗൻവാടിയും ബാലവാടിയും ഇല്ല. കുട്ടികളെയും സ്ത്രീകളെയും ആരോഗ്യത്തിന്റെ കാര്യത്തിൽ ബോധവൽക്കരിക്കണം. ബാലവാടികൾ കേന്ദ്രീകരിച്ച് ആരോഗ്യബോധവൽക്കരണ ക്ലാസ്സുകൾ നടത്തണം.

നിങ്ങളുടെ ഉള്ളിലുള്ള ശബ്ദം എന്താണോ പറയുന്നത്
അതു തന്നെയാണ് സത്യം

—ഗാന്ധിജി



കുടിവെള്ളം

മുഴുവൻ ജനങ്ങൾക്കും ശുദ്ധജലം ലഭ്യമാക്കുക എന്നുള്ളത് പഞ്ചായത്തിന്റെ ചുമതലയിൽ വരുന്നു. ശുദ്ധജലക്ഷാമം പരിഹരിക്കുവാൻ പൈപ്പിൽകൂടി ശുദ്ധ ജലം എത്തിക്കുക എന്ന നടപടിയാണ് സ്വീകരിച്ചുവ രുന്നത്. എന്നാൽ ഈ പ്രവർത്തനത്തിലൂടെ കുടിവെള്ള പ്രശ്നം പൂർണ്ണമായും പരിഹരിക്കുവാൻ കഴിയുകയി ല്ല. പരമ്പരാഗത ജലസ്രോതസ്സുകൾ പരിപാലിച്ച് വിക സനം നടത്തി ഉപയോഗിച്ച് പ്രശ്നം പരിഹരിക്കേണ്ട രീതിയായിരിക്കണം ഇനി അവലംബിക്കേണ്ടത്. ഇത് പരമാവധി ജനപങ്കാളിത്തത്തോടെ നടപ്പാക്കേണ്ടതാ ണ്. വരുന്ന അഞ്ചുവർഷത്തോടുകൂടി 200-മീറ്റർ പരി ധിക്കുള്ളിൽ ശുദ്ധജലം എത്തിക്കാനുള്ള സംവിധാനം ഏർപ്പെടുത്തണം.

പരിഹാരമാർഗ്ഗങ്ങൾ

കാഞ്ഞിരപ്പള്ളി പഞ്ചായത്ത് അതിർത്തിയിലൂടെ മണിമലയാർ ഒഴുകുന്നു. അഞ്ചിലിപ്പ, മണ്ണാറക്കയം, ടൗൺപ്രദേശം എന്നിവിടങ്ങളിലൂടെ ചിറ്റാർ ഒഴുകുന്നു. കരുമ്പുകയം പദ്ധതിയിലൂടെ 1-ാം വാർഡിന്റെ ചില ഭാഗങ്ങളിലും 9, 10, 5, 6, 7, 8 എന്നീ വാർഡുകളിലും ജലവിതരണം നടത്തുന്നു. 2-ാം വാർഡിൽ കപ്പാട് കുഴൽകിണർ ജലവിതരണപദ്ധതിപ്രകാരം വാർഡിലെ ചില പ്രദേശങ്ങളിൽ കുടിവെള്ളം എത്തുന്നുണ്ട്. ഇപ്പോൾ നിലവിലുള്ള കപ്പാട് ശുദ്ധജലപദ്ധതി പ്ര യോജനപ്പെടുന്നില്ല. 2-ാം വാർഡിലുള്ള വഞ്ചിമലയിൽ വാട്ടർടാങ്ക് നിർമ്മിച്ചിട്ടുണ്ട്. എന്നാൽ മതിയായ ശുദ്ധ ജലം ലഭിക്കുന്നില്ല. 2-ാം വാർഡിലെ വണ്ടനാമല ഭാഗത്ത് കൊടിതോടിനു സമീപത്തായി ഒരു കുളം നിർമ്മിച്ചാൽ 1, 2, 3, 4, 5 വാർഡുകളിൽ ശുദ്ധജലം എത്തിക്കാം.

കാഞ്ഞിരപ്പള്ളി പഞ്ചായത്തിൽ 4-ാം വാർഡിൽ പൈപ്പുലൈൻ എത്തിയിട്ടില്ല. കരുമ്പുകയം പദ്ധതിയുടെ ലൈൻ 5-ാം വാർഡിൽ കാവുകാട്ടുനഗർവരെ എത്തി യിട്ടുണ്ട്. ടൗൺവാർഡായ 5-ാം വാർഡിൽ മറ്റു മേഖല കളിലേക്കും പൈപ്പ്ലൈൻ നീട്ടേണ്ടതാണ്. പ്രസ്തുത ലൈൻ 4-ാംവാർഡിൽ തുമ്പമടവരെ നീട്ടുവാനുള്ള നട പടി ഉണ്ടാകണം. നാലുകോളനികൾ ഈ വാർഡിൽ ഉണ്ട്. ഈ കോളനികളിൽ വേനൽക്കാലത്തു ജല ക്ഷാമം ഉണ്ടാകുന്നു. തുമ്പമട കോളനിയുടെ താഴ്ന്ന പ്രദേശത്ത് വറ്റാത്ത കുളം ഉണ്ട്. പ്രസ്തുത കുള ത്തിൽ നിന്നും ജലം പമ്പുചെയ്താൽ ഈ കോളനിക ളുടെ പല ഭാഗത്തും ജലം എത്തിക്കുവാൻ സാധി ക്കും.

വെട്ടുവേലി, വില്ലണി മിച്ചഭൂമി മേഖലയിലും കുള ങ്ങൾ നിർമ്മിക്കുവാനുള്ള സൗകര്യം ഉണ്ട്. മഞ്ഞപ്പള്ളി ഭാഗത്ത് വലിയ കുളം കുത്തിയാൽ 4-ാം വാർഡിലും തൊട്ടടുത്തുള്ള വാർഡിലും കുടിവെള്ളം എത്തിക്കാം. ചിറ്റാർ, ആനക്കല്ല് ഭാഗത്തും പുല്ലാട്ട് തോട്ടിൽ പാല മൂട്ടിൽ കടവിലും ഓരോ ചെക്കുഡാം നിർമ്മിച്ചാൽ ജലത്തിന്റെ പ്രശ്നം പൂർണ്ണമായി പരിഹരിക്കാം.

9-ാം വാർഡിൽ വാട്ടർസപ്ലൈയുടെ ലൈൻ മാനി ടുകുഴി കോളനി, സുഖോദയ ലിങ്ക്റോഡ്, പുത്തൻപള്ളി ഗവ: ഹോസ്പിറ്റൽ റോഡ്, കുറുക്കുറോഡ് എന്നിവിട ങ്ങളിലും മണിമലറോഡിൽ മണ്ണാറക്കയം ഉലകുവീട്ടിൽ ഭാഗത്തും പൈപ്പ് ലൈൻ ആരംഭിക്കണം.

XII-ാം വാർഡിൽ മലങ്കോട്ട പ്രദേശത്തുള്ളവർ ഒരു കിലോമീറ്റർ ദൂരം പോയി വേണം കുടിവെള്ളം സംഭരി ക്കുവാൻ. മണിമലയാറ്റിൽ ചെക്ക്ഡാം കെട്ടി കുടിവെ ള്ളക്ഷാമം പരിഹരിക്കാം. XI-ാം വാർഡിലെ വള്ളികാട് പ്രദേശത്തുള്ളവർ ജലത്തിനുവേണ്ടി വളരെയധികം ബുദ്ധിമുട്ടുന്നു. വള്ളികാട് കുന്നിൽമുകളിൽ സ്ഥാപി ച്ചിട്ടുള്ള ഫിൽറ്റർടാങ്കിന്റെ ശേഷി വർദ്ധിപ്പിച്ച് ഈ പ്രദേശത്തു പൈപ്പ് ലൈൻ സ്ഥാപിച്ച് കുടിവെള്ള ക്ഷാമം പരിഹരിക്കാം.

കരുമ്പുകയം പദ്ധതി വിപുലീകരിച്ചാൽ കുടിവെ

ള്ളക്ഷാമം പരിഹരിക്കാം. അഞ്ചിലിപ്പ കോളനിയിൽ കുടിവെള്ളത്തിന് ഏക ആശ്രയം രണ്ട് കുഴൽകിണർ ആകുന്നു. ഞള്ളമറ്റം വയലിൽ ഉള്ള രണ്ട് പൊതുക്കിണറും ഒരു കുഴൽകിണറും ഈ പ്രദേശത്ത് കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് സഹായിക്കുന്നു.

ഒന്നാം മൈൽ ഭാഗത്ത് ഒരു കുഴൽകിണറും 6-ാം വാർഡിൽ കുതിരാംകാവ് ഭാഗത്ത് കുഴൽകിണറും സ്ഥാപിക്കണം. ലക്ഷംവീട് കോളനി പ്രദേശമായ കൂവപ്പള്ളിയിൽ പാറത്തോട് പഞ്ചായത്തിൽ നിന്നുള്ള പൈപ്പ്ലൈൻ കോളനിഭാഗത്തേക്ക് നീട്ടി കുടിവെള്ളക്ഷാമം പരിഹരിക്കണം.

മണ്ണാറക്കയം പദ്ധതി വിപുലീകരിച്ച് നിലവിലുള്ള ടാങ്ക് ഉയർത്തികെട്ടി പട്ടിമറ്റം ഭാഗത്ത് ജലവിതരണം നടത്തണം. ടാപ്പുകളുടെ എണ്ണം വിപുലീകരിക്കണം.

ഈ പഞ്ചായത്തിലെ XIV-ാം വാർഡിലെ ജനങ്ങൾക്ക് കുടിവെള്ളം സംഭരിക്കുവാനുള്ള ഏക പൊതുകിണർ കൊരട്ടിയിൽ സ്ഥിതിചെയ്യുന്നു. പൈപ്പുലൈനോ, കുഴൽകിണറോ ഇല്ല. എരുമേലി പഞ്ചായത്തിന്റെയോ, പാറത്തോടു പഞ്ചായത്തിന്റെയോ പൈപ്പുലൈൻ ഈ പ്രദേശത്തേക്ക് നീട്ടി ജലം എത്തിക്കുകയോ, കൊരട്ടി പാലത്തിനു സമീപത്തുനിന്നോ ഓരുങ്കൽ കടവിൽ നിന്നോ ജലം പമ്പു ചെയ്ത് കുടിവെള്ളക്ഷാമം പരിഹരിക്കാം.

കൊരട്ടിഭാഗത്തും, ഓരുങ്കൽ ഭാഗത്തും, ചെറുവള്ളി എസ്റ്റേറ്റ് പമ്പ്ഹൗസ് ഭാഗത്തും കുറുവാമൂഴി ഭാഗത്തും ചെക്ക്ഡാം നിർമ്മിച്ച് കുടിവെള്ളം സംഭരിച്ച് ജലക്ഷാമം പരിഹരിക്കാം. വേട്ടോംകുന്ന് കോളനി, ആമക്കുന്നു കോളനി, നെടുമല, മണങ്ങല്ലൂർ പ്രദേശങ്ങളിൽ കുഴൽകിണർ നിർമ്മിച്ച് കുടിവെള്ളക്ഷാമം പരിഹരിക്കാം.

കൊടുവന്താനം കോളനിയുടെയും ഗണപതിയാർ കോവിലിന്റെയും ഇടഭാഗത്തുള്ള ജലശ്രോതസ്സുള്ള "കപ്പപറമ്പ്" ഭാഗത്ത് കുളംകുത്തി കല്ലുങ്കൽ കോളിനിയുടെ മുകൾഭാഗത്തായി (7-ാം വാർഡിൽ) ടാങ്ക് കെട്ടി ഒരു മിനി ജലവിതരണപദ്ധതി ആരംഭിച്ച് രൂക്ഷമായ ജലക്ഷാമമുള്ള പ്രദേശമായ 5, 6, 7, 8 വാർഡുകളിലെ വിവിധ പ്രദേശങ്ങളിൽ സ്ഥിരമായി വെള്ളം എത്തിക്കാൻ കഴിയും. കൊടുവന്താനം, നാച്ചി, കല്ലുങ്കൽ, മേലേട്ടുതകിടി, പത്തേക്കർ എന്നീ കോളനികളിൽ ഏതാനും കുഴൽകിണറുകൾക്കൂടി സ്ഥാപിക്കണം.

ഒൻപതാം വാർഡിൽപെട്ട മേലരുവിഭാഗത്ത് ചെക്ക്ഡാം നിർമ്മിച്ച് വാട്ടർ അതോറിറ്റിയുടെ അധീനതയിലുള്ള മേലരുവി പമ്പ്ഹൗസ് ഉപയോഗിച്ച് ഒന്നാം വാർഡിലെ ഏറ്റവും ഉയർന്ന പ്രദേശമായ കൈപ്പള്ളി ഭാഗത്ത് വാട്ടർ ടാങ്ക് നിർമ്മിച്ച് നിലവിലുള്ള പൈപ്പ് ലൈനിൽകൂടി ശുദ്ധജലമെത്തിക്കണം.

ഒന്നാം വാർഡിൽപ്പെട്ട ഓശാനമൗണ്ട് കോളനി, തോട്ടുവാ ജംഗ്ഷൽ, തൊണ്ടുവേലി ലക്ഷംവീടു കോളനി എന്നിവിടങ്ങളിൽ കുഴൽകിണർ നിർമ്മിക്കുക, മാന്തറ തോട്ടിൽ മാന്തറഭാഗത്ത് ഒരു ചെക്ക്ഡാം നിർമ്മിക്കുകയും വേണം.

മണങ്ങല്ലൂർ 13-ാം വാർഡിൽ മലബാർ തോട്ടിൽ മിനി ചെക്ക്ഡാം നിർമ്മിച്ച് മണങ്ങല്ലൂർ ഭാഗത്ത് ടാങ്ക് നിർമ്മിച്ച് മണങ്ങല്ലൂർ, അഞ്ചാംമൈൽ, കൊരട്ടി, നെടുമല ഭാഗത്ത് കുടിവെള്ളം എത്തിക്കണം.

മണങ്ങല്ലൂർ, നെടുമല, കോരട്ടി, അമ്പലവളവ്, കുറുവാമൂഴി കവല എന്നിവിടങ്ങളിൽ ഓരോ കുഴൽകിണർ നിർമ്മിക്കുക.

മുട്ടം മലങ്കര എസ്റ്റേറ്റിലൂടെ തീർത്തിട്ടുള്ള കനാൽ ഈരാറ്റുപേട്ട വഴി കാഞ്ഞിരപ്പള്ളിയ്ക്ക് ദീർഘിപ്പിച്ചാൽ നമ്മുടെ ജലപ്രശ്നത്തിനു ശാശ്വതപരിഹാരം കാണാം. അല്ലാത്തപക്ഷം തീക്കോയി അടുക്കംഭാഗത്തു നിർമ്മിക്കുന്ന നിർദ്ദിഷ്ട ജലസേചനപദ്ധതിയുടെ കനാൽ കാഞ്ഞിരപ്പള്ളിയ്ക്ക് ദീർഘിപ്പിക്കാവുന്നതാണ്.

അഞ്ചിലിപ്പ പാലത്തിനു സമീപം ചിറ്റാറിൽ ചെക്കുഡാം നിർമ്മിച്ചു ശുദ്ധജലക്ഷാമം പരിഹരിക്കാവുന്നതാണ്.

അറിവെന്നത് മനുഷ്യവർഗ്ഗത്തിന്റെ സേവനത്തിന് പറ്റുന്ന എല്ലാ ശിക്ഷണവും ഉൾക്കൊള്ളുന്ന ഒന്നാണ്.

—ഗാന്ധിജി



വിദ്യാഭ്യാസം

കോട്ടയം ജില്ലയിൽ വിദ്യാഭ്യാസരംഗത്ത് മുൻപന്തിയിൽ നിൽക്കുന്ന പഞ്ചായത്താണ് കാഞ്ഞിരപ്പള്ളി. സ്വകാര്യവിദ്യാഭ്യാസസ്ഥാപനങ്ങൾ കൂടുതലുള്ള ഈ പഞ്ചായത്തിൽ ദൂരെസ്ഥലങ്ങളിൽ നിന്നു വരെ വിദ്യാർത്ഥികൾ വന്നു പഠിക്കുന്നു. സംസ്ഥാനത്തെ വിദ്യാഭ്യാസ ചരിത്രത്തിൽ സമുന്നതസ്ഥാനം കാഞ്ഞിരപ്പള്ളി പഞ്ചായത്തിനുണ്ട്. അച്ചടക്കവും, രാജ്യസ്നേഹവും, സാമൂഹ്യപ്രതിബദ്ധതയും ഉള്ള തലമുറകളെ വാർത്തെടുക്കുന്നതിൽ ഈ പഞ്ചായത്ത് മുഖ്യപങ്കുവഹിക്കുന്നു.

സ്ക്കൂളുകൾ:

മലയാളം മീഡിയം:

	സ്ക്കൂൾ	ഉടമസ്ഥത
1.	Govt. L.P.S. ആനക്കല്ല്	ഗവ:
2.	Govt. L.P.S. പനിച്ചേപ്പള്ളി	ഗവ:
3.	Govt. L.P.S. തമ്പലക്കാട്	ഗവ:
4.	Govt. U.P.S. കപ്പാട്	ഗവ:
5.	Petta Govt. H.S. കാഞ്ഞിരപ്പള്ളി	ഗവ:
6.	സെൻറ് റീത്താസ് എൽ.പി.എസ്. തമ്പലക്കാട്	സ്വകാര്യം
7.	എം.എം.എൽ.പി.എസ്. എറികാട്	സ്വകാര്യം

	സ്ക്കൂൾ	ഉടമസ്ഥത
8.	സെൻറ് മേരീസ് യു.പി.എസ്. കൊരട്ടി	സ്വകാര്യം
9.	എൻ.എസ്.എസ്. യു.പി.എസ്. തമ്പലക്കാട്	സ്വകാര്യം
10.	എൻ.എച്ച്.എ.യു.പി.എസ്. കാഞ്ഞിരപ്പള്ളി	സ്വകാര്യം
11.	ആർ.വി.ജി.എച്ച്.എസ്. ചേനപ്പാടി	ഗവ:
12.	സെൻറ് ഡൊമിനിക് എച്ച്.എസ്. കാഞ്ഞിരപ്പള്ളി	സ്വകാര്യം
13.	സെൻറ്. ജോസഫ്സ് എച്ച്.എസ്. കൂവപ്പള്ളി	സ്വകാര്യം
14.	സെൻറ് മേരീസ് ഗേൾസ് എച്ച്.എസ്. കാഞ്ഞിരപ്പള്ളി	സ്വകാര്യം

ഇംഗ്ലീഷ്മീഡിയം

	സ്കൂൾ	ഉടമസ്ഥത
1.	A.K.J.M. H.S. കാഞ്ഞിരപ്പള്ളി	സ്വകാര്യം
2.	ഇൻഫൻറ് ജീസസ് എൽ.പി.എസ്. കാഞ്ഞിരപ്പള്ളി	സ്വകാര്യം
3.	മൈക്കാ എൽ.പി.എസ്. കാഞ്ഞിരപ്പള്ളി	സ്വകാര്യം

മൂന്ന് ഗവ. എൽ.പി.സ്കൂളുകൾ, ഒരു ഗവ. യു.പി.സ്കൂൾ, രണ്ട് ഗവ. ഹൈസ്കൂൾ, രണ്ട് സ്വകാര്യ എൽ.പി.സ്കൂളുകൾ, മൂന്ന് സ്വകാര്യ യു.പി. സ്കൂളുകൾ, മൂന്ന് സ്വകാര്യ ഹൈസ്കൂളുകൾ ഉൾപ്പടെ 14 മലയാളം മീഡിയംസ്കൂളുകളും രണ്ട് എൽ.പി., ഒരു ഹൈസ്കൂൾ ഉൾപ്പടെ മൂന്ന് സ്വകാര്യ ഇംഗ്ലീഷ് സ്കൂളുകളും ആണ് ഈ പഞ്ചായത്തിലുള്ളത്. 1263 കുട്ടികൾ ഗവ. സ്കൂളുകളിലും 5165 കുട്ടികൾ സ്വകാര്യസ്കൂളുകളിലും പഠിക്കുന്നു. ഇത്രയും സ്കൂളുകളിലായി 230 അദ്ധ്യാപകരും ജോലി ചെയ്യുന്നു.

	സ്കൂൾ	അദ്ധ്യാപകർ	കുട്ടികൾ			SC/ST	Div.
			ആൺ	പെൺ	ആകെ	ആകെ	
1.	ഗവ. L.P.S., ആനക്കല്ല്	6	61	68	129	5	4
2.	ഗവ. L.P.S., പനിച്ചേപ്പള്ളി	6	18	14	32	17	5
3.	ഗവ. L.P.S., തമ്പലക്കാട്	4	41	44	85	2	4
4.	ഗവ. U.P.S., കപ്പാട്	11	160	166	326	38	11
5.	പേട്ട ഗവ. H.S., കാഞ്ഞിരപ്പള്ളി	15	132	143	275	36	11
6.	സെൻറ് റീത്താസ് L.P.S., തമ്പലക്കാട്	4	55	60	115	7	4
7.	M.M. L.P.S., എറികാട്	4	44	37	81	4	4
8.	സെൻറ് മേരീസ് U.P.S, കൊരട്ടി	9	89	86	175	48	7
9.	N.S.S. U.P.S, തമ്പലക്കാട്	12	129	110	239	21	9
10.	N.H.A. U.P.S, കാഞ്ഞിരപള്ളി	14	145	132	277	–	9
11.	R.V. Govt. H.S., ചേനപ്പാടി	18	236	180	416	31	14
12.	സെൻറ് ഡൊമിനിക് H.S., കാഞ്ഞിരപ്പള്ളി	47	1150	440	1590	3	37
13.	സെൻറ് ജോസഫ്സ് H.S., കൂവപ്പള്ളി	10	160	162	322	29	8
14.	സെൻറ്. മേരീസ് ഗേൾസ് H.S., കാഞ്ഞിരപ്പള്ളി	38	–	1214	1214	79	26
15.	A.K.J.M. H.S., കാഞ്ഞിരപ്പള്ളി	20	667	–	667	21	20
16.	ഇൻഫൻറ് ജീസസ് L.PS, കാഞ്ഞിരപ്പള്ളി	5	159	146	305	3	7
17.	മൈക്കാ L.P.S., കാഞ്ഞിരപ്പള്ളി	7	84	86	180	–	4

SC/ST കുട്ടികളുടെ ആകെ എണ്ണം 341 മാത്രമാണ്. ആകെ വിദ്യാർത്ഥികളുടെ 5.4% മാത്രമാണ്. SC/ST കുട്ടികൾ. സ്വകാര്യസ്കൂളുകളിലാണ് പൊതുവെ SC/ST കുട്ടികൾ കുറവുള്ളത്. ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ പഠിക്കുന്ന 1152 കുട്ടികളിൽ 24 SC/ST കുട്ടികളാണുള്ളത്. ആകെ കുട്ടികളുടെ 2% മാത്രമാണിത്.

സ്വകാര്യസ്കൂളുകൾ വിദ്യാഭ്യാസപരമായി പൊതുവെ നല്ല നിലവാരം പുലർത്തുന്നു. കുട്ടികളിൽ അച്ചടക്ക ബോധവും, സംസ്ക്കാരവും വളർത്തുവാൻ അദ്ധ്യാപകർക്ക് ഒരു പരിധിവരെ സാധിക്കുന്നുണ്ട്. ഈ സ്കൂളുകളിൽ വേണ്ടത്ര പഠനസൗകര്യങ്ങൾ ഉള്ളതിനാൽ ഇവിടെ പഠിക്കുന്ന വിദ്യാർത്ഥികൾ മറ്റു കുട്ടികളേക്കാൾ പൊതുവെ മികച്ച നിലവാരം പുലർത്തുന്നുണ്ട്.

ഈ പഞ്ചായത്തിൽ ആറ് ഗവ: സ്കൂളുകളാണ് ഉള്ളത്. ഗവ. സ്കൂളുകളിൽ ഒന്നും തന്നെ വേണ്ടത്ര പഠന ഉപകരണങ്ങളോ, കെട്ടിടസൗകര്യങ്ങളോ, കളിസ്ഥലമോ, ഫർണിച്ചറുകളോ, മൂത്രപ്പുരകളോ ഇല്ല. ഇതിൽ മൂന്ന് എൽ.പി. സ്കൂളുകളിലും വളരെ കുറച്ച് കുട്ടികൾ മാത്രമാണ് പഠിക്കുന്നത്. മുമ്പ് പ്രവർത്തിച്ചുകൊണ്ടിരുന്ന മണങ്ങല്ലൂർ ഗവ. എൽ.പി. സ്കൂൾ, കാഞ്ഞിരപ്പള്ളി ഗവ. ഗേൾസ് എൽ.പി. സ്ക്കൂൾ എന്നിവ വിദ്യാർത്ഥികളുടെ കുറവ് മൂലം നിന്നുപോയതാണ്. പനിച്ചേപ്പള്ളി, തമ്പലക്കാട് ഗവ. എൽ.പി. സ്കൂളുകൾ വിദ്യാർത്ഥികളുടെ കുറവ് മൂലം ഭീഷണി നേരിടുകയാണ്. പൊതുവെ, ഗവ. സ്കൂളുകളിൽ കുട്ടികളെ ചേർക്കുവാൻ രക്ഷകർത്താക്കൾ തയ്യാറാകാത്തത് ഈ സ്കൂളുകളിലെ പഠനനിലവാരത്തിലുള്ള തകർച്ചയും നിരന്തരമായ സമരഭീഷണിയും മൂലമാണ്.

പല സ്കൂളുകളിലും വേണ്ടത്ര പഠനസൗകര്യങ്ങളുടെ കുറവ് വിദ്യാർത്ഥികളുടെ നിലവാര തകർച്ചയ്ക്ക് കാരണമാകുന്നുണ്ട്. ഈ സ്കൂളുകളിൽ ഉറപ്പുള്ള കെട്ടിടങ്ങൾ, പഠന ഉപകരണങ്ങളായ ബഞ്ച്, ഡസ്ക്ക്, ബ്ളാക്ക്ബോർഡുകൾ, സ്റ്റാഫ്റൂം, പാചകമുറി, കളിസ്ഥലം, ലൈബ്രറി, ലബോറട്ടറി മുതലായവ ഇല്ല. മിക്ക സ്കൂളുകൾക്കും ചുറ്റുമതിൽ നിലവിലില്ല.

ആരോഗ്യകരമായ ഒരു ഗുരുശിഷ്യബന്ധം വിദ്യാഭ്യാസമേഖലയിൽ നിന്ന് അപ്രത്യക്ഷമാകുന്നതായി കാണുന്നു. അദ്ധ്യാപകരിൽ വേണ്ട അർപ്പണമനോഭാവം മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി വളരെ കുറഞ്ഞു. ടെലിവിഷൻ, സിനിമ തുടങ്ങിയ വാർത്താമാധ്യമങ്ങൾ വിദ്യാർത്ഥികളെ വഴിതെറ്റിക്കുന്നത് ഈ കാലഘട്ടത്തിന്റെ പ്രത്യേകതയാണ്. വായനാശീലം കുട്ടികളിൽ പൊതുവെ കുറഞ്ഞു കാണുന്നു. മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി പാഠ്യേതര പ്രവർത്തനങ്ങളിൽ കുട്ടികൾ ശ്രദ്ധിക്കാതെയും, അദ്ധ്യാപകർ അവർക്കു വേണ്ടത്ര ഉപദേശങ്ങൾ നൽകാതെയും വരുന്നു.

ഗവ. സ്കൂളുകളിലെ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കണക്ക്:-

ഗവ. സ്കൂളുകളിലെ വിദ്യാർത്ഥികളുടെ എണ്ണം	ആകെ ഡിവിഷനുകൾ	ആകെ അദ്ധ്യാപകർ	SC/ST കുട്ടികൾ
1263	38	60	129

പഠനനിലവാരം

പൊതുവെ സ്വകാര്യ സ്കൂളുകൾ വിദ്യാഭ്യാസരംഗത്ത് മികച്ച നിലവാരം പുലർത്തുന്നു. ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ 75% വും 100% വും വിജയശതമാനം ഉണ്ട്. 25% കുട്ടികൾക്കും സ്വകാര്യ ട്യൂഷൻ ലഭിക്കുന്നുണ്ട്. പല സ്ക്കൂളുകളിലെയും അദ്ധ്യാപകരുടെ അർപ്പണമനോഭാവം എടുത്തു പറയേണ്ടതാണ്. ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളിൽ പഠന രംഗത്ത് മത്സരബുദ്ധി കാണുന്നുണ്ട്. കുട്ടികളേക്കാളേറെ മാതാപിതാക്കളിലേയ്ക്കും ഈ മാത്സര്യമനോഭാവം കടന്നിരിക്കുന്നു. എന്നാൽ ഗവ സ്ക്കൂളുകളിലും ചില മാനേജ്മെൻറ് സ്കൂളുകളിലും ആവറേജിൽ താഴെ പഠനനിലവാരമാണ് കാണുന്നത്. സ്കൂളുകളിലെ സൗകര്യക്കുറവും അദ്ധ്യാപകരുടെയും, സാധാരണക്കാരും തൊഴിലാളികളുമായ രക്ഷകർത്താക്കളുടെ അശ്രദ്ധയും ഇതിന് കാരണമാണ്. സാമ്പത്തിക പിന്നോക്കാവസ്ഥ ഒരു വിഭാഗം കുട്ടികളുടെ പഠനനിലവാരത്തെയും, പ്രവർത്തനമേഖലയേയും നന്നായി ബാധിക്കുന്നുണ്ട്.

എസ്.എസ്.എൽ.സി. വിജയശതമാനം:

സ്കൂൾ	S.S.L.C. വിജയശതമാനം				
	91-92	92-93	93-94	94-95	95-96
1. A.K.J.M. ഹൈസ്കൂൾ	100	100	100	100	100
2. സെൻറ്. ജോസഫ്സ് കൂവപ്പള്ളി	66.6	58.2	50.6	47	41
3. സെൻറ്. മേരീസ് ഗേൾസ് ഹൈസ്ക്കൂൾ	91	91	87	91	81
4. R.V. Govt. H.S. ചേനപ്പാടി	44	27	30	25	41
5. പേട്ട ഗവ. ഹൈസ്ക്കൂൾ	11	16	10	3	17
6. സെൻറ് ഡോമിനിക്സ് ഹൈസ്ക്കൂൾ	81	81	64	59	54

ഗവ. ഹൈസ്കൂളുകളിലും, ചില സ്വകാര്യ മലയാളം മീഡിയം ഹൈസ്കൂളുകളിലും വർഷംതോറും S.S.L.C. വിജയശതമാനം കുറഞ്ഞു വരുന്നതായി കാണാം.

അദ്ധ്യാപക രക്ഷാകർത്തൃസംഘടനയുടെ പ്രവർത്തനം

ഏതൊരു സ്കൂളിന്റെയും വികസനപ്രക്രിയയിൽ അദ്ധ്യാപകരക്ഷാകർത്തൃസംഘടനയുടെ പങ്ക് നിസ്തുലമാണ്. കാഞ്ഞിരപ്പള്ളി പഞ്ചായത്തിലെ മിക്കസ്കൂളുകളിലും അദ്ധ്യാപക രക്ഷാകർത്തൃസംഘടന സജീവമായി പ്രവർത്തിക്കുന്നു. ചില ഗവ. സ്കൂളുകളിലെ സംഘടനയുടെ പ്രവർത്തനം വേണ്ടത്ര പുരോഗമിക്കുന്നില്ല. കാഞ്ഞിരപ്പള്ളിയിലെ N.H.A.U.P. സ്കൂളിൽ അദ്ധ്യാപകരക്ഷാകർത്തൃ സംഘടന പ്രവർത്തനരഹിതമാണ്. തമ്പലക്കാട് ഗവ. എൽ.പി.സ്കൂൾ, പനിച്ചേപ്പള്ളി ഗവ. എൽ.പി. സ്കൂൾ, കൊരട്ടി സെൻറ്. മേരീസ് യു.പി. സ്കൂൾ, കപ്പാട് ഗവ. യു.പി. സ്കൂൾ, കൂവപ്പള്ളി സെൻറ് ജോസഫ്സ് ഹൈസ്കൂൾ, തമ്പലക്കാട് സെൻറ് റീത്താസ്, എറികാട് എം.എം. എൽ.പി. സ്കൂൾ എന്നിവിടങ്ങളിലൊക്കെ വേണ്ട രീതിയിൽ P.T.A. പ്രവർത്തിച്ചാൽ വിദ്യാഭ്യാസ സൗകര്യവും, നിലവാരവും കൂടുതൽ മെച്ചപ്പെടുത്താം. P.T.A. പ്രവർത്തനം കൊണ്ട് കുറെയൊക്കെ പുരോഗതികൾ സ്കൂളുകൾക്കും, വിദ്യാർത്ഥികൾക്കും ഉണ്ടായിട്ടുണ്ട്. അദ്ധ്യാപകരുടെയും, രക്ഷകർത്താക്കളുടെയും സഹകരണമനോഭാവം കൊണ്ട് ചില സ്കൂളുകളിൽ വിജയശതമാനം ഉയർത്താൻ സാധിച്ചിട്ടുണ്ട്. കേരളത്തിലെ ഇംഗ്ലീഷ് മീഡിയം സ്കൂളുകൾക്ക് എല്ലാം മാതൃകയായി ദശാബ്ദങ്ങളുടെ പാരമ്പര്യവുമായി പരിലസിക്കുന്ന എ.കെ.ജെ.എം. സ്കൂൾ കാഞ്ഞിരപ്പള്ളിക്ക് അഭിമാനമാണ്. വ്യക്തിത്വവികസനമാണവിടുത്തെ പ്രധാന ലക്ഷ്യം. വ്യക്തമായ നിബന്ധനകളോടെ ജനാധിപത്യപരമായ രീതിയിൽ തെരഞ്ഞെടുക്കപ്പെടുന്ന പി.റ്റി.എ. മാനേജ്മെൻറും അദ്ധ്യാപകരും വിദ്യാർത്ഥികളും തമ്മിൽ സ്വരുമയും സഹകരണവും ഉറപ്പാക്കി നല്ലൊരു തലമുറയെ നാടിനു സംഭാവന ചെയ്യുവാൻ ആത്മാർത്ഥതയോടെ സഹകരിച്ചു പ്രവർത്തിക്കുന്നു.

പഠനസൗകര്യങ്ങൾ

കാഞ്ഞിരപ്പള്ളി പഞ്ചായത്തിലെ മിക്ക സ്കൂളുകൾക്കും വേണ്ടത്ര കളിസ്ഥലങ്ങൾ ഇല്ല. അതുകൊണ്ട് തന്നെ കുട്ടികളുടെ കലാകായിക നിലവാരം ഉയർത്തുവാൻ സാധിക്കുന്നുമില്ല. വേണ്ടത്ര ഫർണിച്ചറുകൾ, ബ്ലാക്ക്ബോർഡുകൾ, കളിസ്ഥലം, ക്ലാസ്മുറികൾ, മൂത്രപ്പുര, പാചകമുറി, ഓഫീസ് ഫർണിച്ചർ, പഠന ഉപകരണങ്ങളായ ഗ്ലോബ്, മാപ്പുകൾ, ചാർട്ടുകൾ, ലബോറട്ടറി, ലൈബ്രറി എന്നിവ മിക്ക സ്കൂളുകളിലും ഇല്ല. റേഡിയോ ഒഴികെയുള്ള ഇലക്ട്രോണിക് മാധ്യമങ്ങൾ സ്കൂളുകളിൽ നിലവിലില്ല. കളിസ്ഥലത്തിന്റെ കുറവും, കായികാധ്യാപകരുടെ പരിശീലനക്കുറവും കായികരംഗത്തെ തകർക്കുന്നു. കലാരംഗത്ത് ചില വിദ്യാർത്ഥി - വിദ്യാർത്ഥിനികൾ സ്വപ്രയത്നം കൊണ്ടും സ്വകാര്യപരിശീലനം കൊണ്ടും ഉയർന്നുവരുന്നു. കായികരംഗത്ത് കാഞ്ഞിരപ്പള്ളി കേരളത്തിൽ തന്നെ ഒന്നാം സ്ഥാനത്താണ്. സംസ്ഥാനസ്കൂൾ കായികമേളകളിൽ വിജയം വരിച്ച ധാരാളം കുട്ടികൾ ഈ പഞ്ചായത്തിലുണ്ട്. എന്നാൽ കാഞ്ഞിരപ്പള്ളിയിലെ സ്കൂളുകളിൽ വിദ്യാർത്ഥികൾക്ക് വേണ്ടത്ര കായിക പരിശീലനം നൽകുന്ന സ്കൂളുകൾ, വളരെ കുറവാണ്. ഇക്കാര്യത്തിൽ എ.കെ.ജെ.എം. സ്ക്കൂൾ പ്രത്യേകം സുസ്സജ്ജമാണ്. ഒരു മികച്ച സ്പോർട്സ് സ്റ്റേഡിയത്തിന്റെ അഭാവം വിദ്യാർത്ഥികളുടെ കായിക വളർച്ചയെ തകർക്കുന്നു.

സ്കൂളുകൾക്ക് ആവശ്യമായ പഠനസൗകര്യങ്ങൾ

		വൈദ്യുതി	പാചകമുറി	മൂത്രപ്പുര	കിണർ	സ്റ്റാഫ്റൂം	ഡസ്ക്	ബഞ്ച്	മേശ	കസേര	അലമാര	ബ്ലാക്ക് ബോർഡ്
ഗവ.	ഒരു സ്കൂളിൽ ഇല്ല	2	11	2	3	59	32	26	37	8	13	
സ്വകാര്യം	ഒരു സ്കൂളിൽ ഇല്ല	2	13	1	2	36	20	2	23	5	25	

മിക്ക സ്കൂളുകൾക്കും ചുറ്റുമതിൽ ഇല്ല.

മാതൃസംഗമം

കാഞ്ഞിരപ്പള്ളിയിലെ ഭൂരിഭാഗം സ്കൂളുകളിലും മാതൃസംഗമം സജീവമാണ്. കൂവപ്പള്ളി സെൻറ്. ജോസഫ്സ് ഹൈസ്ക്കൂൾ കാഞ്ഞിരപ്പള്ളി സെൻറ് മേരീസ് ഗേൾസ് ഹൈസ്ക്കൂൾ എന്നിവിടങ്ങളിൽ മാതൃസംഗമം ഉണ്ടെങ്കിലും വേണ്ടത്ര സജീവമായി കൂടാറില്ല. വിദ്യാർത്ഥികളുടെ മാനസികവും, കായികവും, വിദ്യാഭ്യാസപരവുമായ പ്രശ്നങ്ങൾ ഒരു പരിധിവരെ മനസ്സിലാക്കി പരിഹരിക്കുവാൻ മാതൃസംഗമങ്ങൾക്ക്

കഴിയുന്നുണ്ട്. രക്ഷിതാക്കളും, അദ്ധ്യാപകരും മാതൃ സംഗമങ്ങൾക്ക് വേണ്ടത്ര പ്രാധാന്യം കൊടുക്കുന്നില്ലാ എന്ന് മനസ്സിലാക്കാൻ കഴിയുന്നു. വിദ്യാർത്ഥികളുടെ നാനാമുഖമായ വികസനത്തിനു ഊന്നൽ നൽകുന്ന വിദ്യാഭ്യാസസമ്പ്രദായമാണ് A.K.J.M. സ്കൂളിലുള്ളത്. വർഷംതോറും അവിടെ നടത്തുന്ന ഏകദിന സ്കൂൾ മേള കുടുംബമേളയായി മാറുന്നു. ഇത് മറ്റു സ്കൂളുകൾക്കെല്ലാം അനുകരിക്കാവുന്നതാണ്.

സ്വകാര്യതൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങൾ

ഒരു. ഗവ. ഐ.ടി.ഐ. പഞ്ചായത്തിൽ ഇല്ലാത്തതിന്റെ കുറവ് കാര്യമായി അനുഭവപ്പെടുന്നുണ്ട്. വിദ്യാർത്ഥികൾ സാങ്കേതിക വിദ്യാഭ്യാസത്തിനായി ഇപ്പോൾ ദൂരെ സ്ഥലങ്ങളെ ആശ്രയിക്കേണ്ടിവരുന്നു. എന്നാൽ, സ്വകാര്യ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒട്ടേറെയുണ്ടുതാനും. നല്ല രീതിയിൽ പ്രവർത്തിക്കുന്ന സ്വകാര്യ ഐ.ടി.സി. യാണ് മഡോണ. ഇവിടെ നല്ല അച്ചടക്കബോധവും, പരിശീലനവും ലഭ്യമാണ്. കൂടാതെ, National Technical Institute, St. George Technical Institute, Tronix Institute, St. Antony's Computer College, Manjooran's തുടങ്ങി അനേകം സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ കാഞ്ഞിരപ്പള്ളി പട്ടണത്തിൽ തന്നെയുണ്ട്.

മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങൾ

കാഞ്ഞിരപ്പള്ളി ടൗണിൽ തന്നെ നൂറു കണക്കിന് വിദ്യാർത്ഥികൾ പഠിക്കുന്ന പാരലൽ കോളേജുകൾ അനേകമുണ്ട്. അഞ്ജലി, പ്രീമിയർ, യുവശക്തി, സെൻറ് മേരീസ്, സെൻറ് ആൻറണീസ് തുടങ്ങിയവ അതിൽ പ്രധാനപ്പെട്ടവയാണ്. ടൈപ്പ് റൈറ്റിംങ്ങ് ഇൻസ്റ്റിട്ട്യൂട്ടുകളും കാഞ്ഞിരപ്പള്ളിയിൽ സമൃദ്ധമാണ്.

മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ കോളേജ് ഓഫ് റ്റീച്ചർ എഡ്യൂക്കേഷൻ കാഞ്ഞിരപ്പള്ളി പേട്ട സ്കൂളിനോട് ചേർന്ന് പ്രവർത്തിക്കുന്നു. ഇവിടെ ടീച്ചിങ്ങ് ബിരുദകോഴ്സുകൾക്ക് നൂറുകണക്കിന് വിദ്യാർത്ഥികൾ പഠിക്കുന്നു. നാട്ടുകാർ മുന്നിട്ടിറങ്ങി ലക്ഷക്കണക്കിനു രൂപാ സമാഹരിച്ച് മുതൽ മുടക്കി ആരംഭിച്ച പ്രസ്തുത സ്ഥാപനം ഇന്ന് അഭിമാനകരമായ നിലയിലെത്തിയിരിക്കുന്നു. ജനകീയാസൂത്രണത്തിന്റെ വിജയത്തിനു ഉത്തമ ഉദാഹരണമാണ് ഈ കോളേജ്.

സ്വകാര്യ തൊഴിലധിഷ്ഠിത വിദ്യാഭ്യാസസ്ഥാപനങ്ങളിലും, ബി.എഡ്. സെൻററിലും സാധാരണക്കാരായ വിദ്യാർത്ഥികൾക്ക് താങ്ങാനാവാത്ത ഫീസാണ് നിലവിലുള്ളത്. എന്നാൽ ലക്ഷക്കണക്കിനു രൂപാ അയൽസംസ്ഥാനങ്ങളിൽ കാപിറ്റേഷൻ ഫീസും മറ്റുമായി നൽകി യാതൊരുവിധ സൗകര്യങ്ങളുമില്ലാത്ത ഷെഡ്ഡുകളിൽ പ്രൊഫഷണൽ വിദ്യാഭ്യാസത്തിന് പോകേണ്ടിവരുന്ന വിദ്യാർത്ഥികൾക്ക് നാട്ടിലെ ഇത്തരം സ്ഥാപനങ്ങൾ ഒരനുഗ്രഹം തന്നെയാണ്. ആയതിനാൽ, ഗവ. ഉടമസ്ഥതയിൽ ഒരു ഐ.ടി.ഐ- യോ, പോളിടെക്നിക്കോ താലൂക്കാസ്ഥാനമായ കാഞ്ഞിരപ്പള്ളിയിൽ സ്ഥാപിക്കണം. ഈ പഞ്ചായത്തിൽ തന്നെ ഗവ. ഉടമസ്ഥതയിൽ സ്ഥലവും കെട്ടിടവും ലഭ്യമാണ്.

വിദ്യാഭ്യാസരംഗത്ത് ഗുണപരത വർദ്ധിപ്പിക്കുന്നതിനു്, പിന്നോക്കം നിൽക്കുന്ന കുട്ടികളെ വളർത്തിയെടുക്കുന്നതിനും, വിദ്യാർത്ഥികളുടെ കൊഴിഞ്ഞ് പോക്ക് തടയുന്നതിനും, വിദ്യാർത്ഥികളുടെ കേന്ദ്രീകരണത്തിനും പഞ്ചായത്ത് തലത്തിൽ സ്കൂൾ കോംപ്ലക്സ് സ്ഥാപിക്കണം. പഞ്ചായത്ത്-സ്കൂൾ തലത്തിൽ വിദ്യാഭ്യാസസമിതികൾ ഉണ്ടാകുകയും വേണം.


ആവശ്യകതകൾ, നിർദ്ദേശങ്ങൾ

1. മുൻപ് പ്രവർത്തിച്ചുകൊണ്ടിരുന്ന മണങ്ങല്ലൂർ ഗവ. എൽ.പി.സ്കൂൾ വർഷങ്ങളായി പ്രവർത്തനം നിലച്ച് കെട്ടിടവും, 1½ ഏക്കർ സ്ഥലവും ഉപയോഗ ശൂന്യമായി കിടക്കുകയാണ്. ഇപ്പോൾ കൂവപ്പള്ളിയിൽ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന താലൂക്ക് ഗവഃ ടെക്നിക്കൽ ഹൈസ്ക്കൂൾ മണങ്ങല്ലൂരിലെ സർക്കാർവക കെട്ടിടത്തിലേയ്ക്ക് മാറ്റുവാനുള്ള നടപടി സ്വീകരിക്കണം. കൂവപ്പള്ളിയിൽ ഇപ്പോൾ മൂന്ന് സ്വകാര്യകെട്ടിടങ്ങൾക്കായി പ്രതിവർഷം 5500/- രൂപാ സർക്കാർ വാടകയിനത്തിൽ ചിലവഴിക്കുന്നുണ്ട്.
2. തമ്പലക്കാട് പ്രദേശത്ത് ഒരു ഹൈസ്ക്കൂൾ സ്ഥാപിക്കണം.
3 പനിച്ചേപ്പള്ളി ഗവഃ എൽ.പി. സ്കൂളിന്റെ കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തി ചുറ്റുമതിൽ കെട്ടണം.
4. ആനക്കല്ല് ഗവഃ എൽ.പി. സ്കൂളിന് പാചകമുറിയും, ഗ്രൗണ്ടും നിർമ്മിക്കുക. കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി പൂർത്തിയാക്കുക.
5. എല്ലാ സ്കൂളുകൾക്കും ആവശ്യമായ പഠനോപകരണങ്ങൾ, ഫർണിച്ചറുകൾ, ലൈബ്രറികൾ, ലബോറട്ടറി ഉപകരണങ്ങൾ, കുടിവെള്ളം, മൂത്രപ്പുര, ബ്ലാക്ബോർഡുകൾ മുതലായവ ലഭിക്കുവാനുള്ള നടപടി സ്വീകരിക്കുക.
6. കളിസ്ഥലമില്ലാത്ത സ്കൂളുകൾക്ക് കളിസ്ഥലം ഉണ്ടാക്കുവാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക.
7. കാഞ്ഞിരപ്പള്ളിയിൽ ആധുനിക സജ്ജീകരണങ്ങളോടെ ഒരു സ്പോർട്സ് കോംപ്ലക്സ് സ്ഥാപിക്കുക.

8. താലൂക്കാസ്ഥാനമായ കാഞ്ഞിരപ്പള്ളിയിൽ ഒരു ഗവ: ഐ.ടി.ഐ- യോ, പോളിടെക്നിക്കോ സ്ഥാപിക്കുവാനുള്ള നടപടി സ്വീകരിക്കുക.
9. റബ്ബർ മേഖലയായ കാഞ്ഞിരപള്ളിയിൽ റബ്ബറധിഷ്ഠിത സാങ്കേതിക വിദ്യാഭ്യാസസ്ഥാപനം തുടങ്ങുക.
10. കാഞ്ഞിരപ്പള്ളിയിലെ താലൂക്ക് ഗവ: ആശുപത്രിയോടനുബന്ധിച്ച് ഫിസിയോ തെറാപ്പി, ബി.എസ്.സി, നേഴ്സിങ്ങ്, റേഡിയോളജി തുടങ്ങിയ കോഴ്സുകളുള്ള പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുക.
11. ലബോറട്ടറികളും, ലൈബ്രറികളുമില്ലാത്ത സ്കൂളുകളിൽ അതിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കണം.
12. കാഞ്ഞിരപ്പള്ളി പഞ്ചായത്തിൽ ഒരു റഗുലർ കോളേജ് അനുവദിക്കുക.
13. കാഞ്ഞിരപ്പള്ളി പഞ്ചായത്തിലെ സ്വകാര്യമേഖലയിലെയും പൊതുമേഖലയിലെയും എല്ലാ ഹൈസ്ക്കൂളുകളിലും പ്ലസ് ടൂ ആരംഭിക്കുക. എല്ലാ സഞ്ജീകരണസൗകര്യങ്ങളുമുള്ള. എ.കെ.ജെ.എം. സ്കൂളിലും പ്ലസ് ടൂ അനുവദിക്കുക.

"കുട്ടികൾക്ക് കക്ഷി രാഷ്ട്രീയം അരുത്. അവർ എല്ലാത്തരം പുസ്തകങ്ങളും വായിക്കുന്നതുപോലെ എല്ലാ കക്ഷികളും പറയുന്നതു ശ്രദ്ധിക്കണം. എല്ലാത്തിന്റെയും സത്യാംശങ്ങൾ ഉൾക്കൊള്ളുകയും ബാക്കിയുള്ളത് തള്ളിക്കളയുകയുമാണ് കുട്ടികളുടെ കർത്തവ്യം"

—ഗാന്ധിജി





സംസ്കാരം

ക്രിസ്തുവർഷത്തിന് മുമ്പുള്ള നൂറ്റാണ്ടുകൾവരെ എത്തിനില്ക്കുന്ന ഒരു പൗരാണികതയാണ് കാഞ്ഞിരപ്പള്ളിക്കുള്ളത്. അതിന് അനന്യമായ ഒരു ചരിത്രമുണ്ട്, പാരമ്പര്യമുണ്ട്, പൈതൃകമുണ്ട്. നൂറ്റാണ്ടുകളിലൂടെ സമൂഹത്തിനും രാഷ്ട്രത്തിനും മതവിശ്വാസത്തിനും ഇവിടുത്തെ ജനത കാഴ്ചവച്ച സംഭാവനകൾ വിലപ്പെട്ടതാണ്. മതസൗഹാർദ്ദത്തിന് പേരുകേട്ട നാടാണ് കാഞ്ഞിരപ്പള്ളി. പുരാതനകാലങ്ങളിൽ വിഭവസമ്പന്നതയിലും കച്ചവടത്തിലും പ്രസിദ്ധിയാർജ്ജിച്ചിരുന്ന നിലയ്ക്കലുമായുണ്ടായിരുന്ന അടുപ്പത്തിലും കച്ചവടബന്ധത്തിലും പുറംനാടുകളിൽ അറിയപ്പെട്ടിരുന്ന കച്ചവടകേന്ദ്രമായിരുന്നു കാഞ്ഞിരപ്പള്ളി. പ്രകൃതിരമണീയമാണ് കാഞ്ഞിരപ്പള്ളി പ്രദേശം. അദ്ധ്വാനശീലരായ കർഷകപിതാക്കന്മാരുടെ കഠിനാദ്ധ്വാനം കാഞ്ഞിരപ്പള്ളിയെ പ്രസിദ്ധമായ റബ്ബറിന്റെ നാടാക്കി മാറ്റി. കാഞ്ഞിരപ്പള്ളിക്കാരൻ കർഷകൻ കലാ-സാഹിത്യ-സാംസ്കാരിക രംഗങ്ങളിലെല്ലാം ശ്രദ്ധയാകർഷിച്ചുകൊണ്ടിരിക്കുന്ന കാലഘട്ടമാണിത്.

കേരളത്തിന്റെ ബ്രസീൽ എന്നറിയപ്പെടുന്ന കാഞ്ഞിരപ്പള്ളി ഇന്ന് റബ്ബർകർഷകരുടെയും കർഷകരുടെയും കർഷകതൊഴിലാളികളുടെയും നാടാണ് എന്നാൽ കാഞ്ഞിരപ്പള്ളിക്കാരുടെ സാംസ്കാരികപ്രവർത്തനങ്ങൾക്ക് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. വിദ്യാഭ്യാസത്തിലധിഷ്ഠിതമായ, ജ്ഞാനത്തിലുളവാകുന്ന സാമൂഹിക ജീവിതവെളിച്ചമാണ് സംസ്കാരം. സാമൂഹ്യ പുരോഗമനം സംസ്കാരത്തിന്റെ ഉറവുചാലാണ്. കലയും ബോധവും സമന്വയിക്കപ്പെടുമ്പോൾ സംസ്കാരം പിറക്കുന്നു.

ഈശ്വരവിശ്വാസത്തിന്റെ പ്രതീകമായ അക്കരപ്പള്ളിയും, ഗണപതിയാർ കോവിലും, നൈനാർ പള്ളിയും നമ്മുടെ സാസ്കാരത്തിന്റെ ഭാഗമാണ്. വായ്മൊഴിയും വരമൊഴിയും കാഞ്ഞിരപ്പള്ളിയുടെ സാംസ്കാരിക പാരമ്പര്യത്തിന് അടിവരയിടുന്നു.

സഹൃദയ വായനശാല

ആധുനിക കാഞ്ഞിരപ്പള്ളിയുടെ സാംസ്കാരിക പാരമ്പര്യത്തിന് സഹൃദയ വായനശാല അടിവരയിടുന്നു കാഞ്ഞിരപ്പള്ളിയുടെ സാംസ്കാരിക മേഖലയുടെ പ്രതീകമായി സഹൃദയാ, പരിവർത്തനങ്ങളുടെ പുത്തൻവീഥിയൊരുക്കി. നിവർത്തന പ്രക്ഷോഭണവും, സ്വാതന്ത്ര്യസമരവും കാഞ്ഞിരപ്പള്ളിയുടെ ചരിത്രത്തിന്റെ ഭാഗമായിരുന്നു. പഴയ തലമുറയിലെ സാഹിത്യകാരന്മാരുടെ അരങ്ങായിരുന്നു, സഹൃദയാ. കലയും സാമൂഹ്യപ്രവർത്തനവും സമഞ്ജസമായി സമ്മേളിച്ചിരുന്ന സഹൃദയായുടെ കളിയരങ്ങ് ഇന്ന് ഓർമ്മമാത്രമായി മാറിയിരിക്കുകയാണ്. ലോകത്തിലെ ഏറ്റവും വലിയ പുസ്തകപ്രസാധനകേന്ദ്രമായ സാഹിത്യപ്രവർത്തക സഹകരണ സംഘത്തിന്റെ തുടക്കവും ശ്രീ. ഡി.സി. കിഴക്കെമുറിയെന്ന ഒരു കാഞ്ഞിരപ്പള്ളിക്കാരന്റെ ബുദ്ധിയിൽനിന്ന് തന്നെ. ആദ്ദേഹം തന്നെയാണ് പ്രസിദ്ധമായ നാഷണൽ ബുക്ക്സ്റ്റാളിന്റെയും ഡി.സി. ബുക്ക്സിന്റെയും വളർത്തുപിതാവ്.

ഇന്ന് 21973 പുസ്തകങ്ങളുള്ള 'എ' ഗ്രേഡിൽപെടുന്ന വായനശാലയാണിത്. 10 ദിനപത്രങ്ങളും 16 മറ്റു പ്രസിദ്ധീകരണങ്ങളും ഇവിടെ വരുത്തുന്നുണ്ട്. ഈ വായനശാലയോടനുബന്ധിച്ച് പഞ്ചായത്ത് സാംസ്ക്കാരികനിലയവും പ്രവർത്തിക്കുന്നുണ്ട്. പൊതുജനങ്ങൾക്ക് ടെലിവിഷൻ കാണുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. റേഡിയോ ഉണ്ടെങ്കിലും പ്രവർത്തനക്ഷമമല്ല. വളരെ ഉന്നതനിലവാരം പുലർത്തുന്ന ഒരു വായനശാലയായിരുന്നു ഇത്. എന്നാൽ ഇന്ന് പൊതുജനങ്ങൾ ഇതിനെ വേണ്ടവിധം പ്രയോജനപ്പെടുത്തുന്നില്ല എന്നാണ് മനസ്സിലാക്കേണ്ടത്. ഇതിന് കാരണം പൊതുവെ ജനങ്ങളുടെ വായനാശീലം കുറഞ്ഞുവരുന്നു എന്നുള്ളതാണ്.

ഇപ്പോൾ ഇവിടെ കേവലം 375 പേർ മാത്രമാണ് അംഗങ്ങളായിട്ടുള്ളത്. ഇതിൽ സ്ത്രീകൾ 100 പേരോളം വരും. ജനങ്ങളുടെ വായനാശീലം വർദ്ധിപ്പിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണം. വായനക്കാരുടെ അഭിരുചിക്കനുസരിച്ചുള്ള പുസ്തകങ്ങൾ വാങ്ങുവാൻ അധികൃതർ തയ്യാറാകണം. സഹൃദയാ വായനശാല അടിയന്തിരമായി സമുദ്ധരിക്കുകയും പുസ്തകശേഖരങ്ങൾ കംപ്യൂട്ടറൈസ് ചെയ്യുകയും ആധുനികപുസ്തകപ്രസാധകരുടെ പുസ്തകങ്ങൾ പ്രത്യേകിച്ച് ശാസ്ത്ര സാങ്കേതിക രംഗങ്ങളിലേത് വാങ്ങി സൂക്ഷിക്കുകയും വേണം.

സാമൂഹ്യ സാംസ്കാരിക പ്രവർത്തകർ, എഴുത്തുകാർ, പത്രപ്രവർത്തകർ തുടങ്ങി ജീവിതത്തിന്റെ വിവിധ കർമ്മ മേഖലകളിൽ പണിയെടുക്കുന്നവരും കാഞ്ഞിരപ്പള്ളിയുടെ തനത് സംസ്കാരം പരിപാലിക്കുവാൻ ശ്രമിക്കുന്നു. എന്നിട്ടും ഇവിടെ സാംസ്കാരികപ്രവർത്തനങ്ങൾക്ക് ഉദ്ദേശിക്കുന്ന ഫലം ലഭിക്കുന്നില്ല.

പഞ്ചായത്തിൽ നിലവിലുള്ള സാംസ്ക്കാരിക സ്ഥാപനങ്ങൾ

വായനശാലകൾ

സഹൃദയ വായനശാല	–	കാഞ്ഞിരപ്പള്ളി
പി.വൈ.എം.എ.	–	വിഴിക്കിത്തോട്
എലൈറ്റ് ലൈബ്രറി	–	ഞള്ളമറ്റം
സി.എസ്. വായനശാല	–	തമ്പലക്കാട്
ഉദയകേരള	–	എറികാട്
പബ്ലിക് ലൈബ്രറി	–	കൊരട്ടി
നവജീവൻ	–	കുറുങ്കണ്ണി

ക്ലബ്ബുകൾ

ജനതാക്ലബ്ബ്	–	മണ്ണാറക്കയം
കോമൺസ് ക്ലബ്ബ്	–	കാഞ്ഞിരപ്പള്ളി
സംഘവേദി	–	കാഞ്ഞിരപ്പള്ളി
ക്ലമൻസ് ക്ലബ്ബ്	–	കപ്പാട്
നവജീവൻ ആർട്സ് & സ്പോർട്സ് ക്ലബ്ബ്	–	കുറുങ്കണ്ണി
എലൈറ്റ് ക്ലബ്ബ്	–	ഞള്ളമറ്റം
സന്തോഷ് ആർട്സ് & സ്പോർട്സ് ക്ലബ്ബ്	–	പട്ടിമറ്റം
ഫ്രണ്ട്സ് ആർട്സ് & സ്പോർട്സ് ക്ലബ്ബ്	–	പരുന്തുംമല
റൂറൽ വെൽഫെയർ ഓർഗനൈസേഷൻ	–	കരുമ്പുകയം
ഉദയകേരള	–	എറികാട്
മാനവ സൗഹൃദവേദി	–	കാഞ്ഞിരപ്പള്ളി

സാംസ്കാരിക സംഘടനകൾ നിരവധിയുണ്ടെങ്കിലും മിക്ക സംഘടനകളും വാർഷിക സമ്മേളനങ്ങളിലും ഓണാഘോഷ കലാപരിപാടികളിലും ഒതുങ്ങുന്നു. സാംസ്കാരിക പ്രവർത്തനങ്ങളോടൊപ്പം ലൈബ്രറിയും പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ ദൈനംദിന പ്രവർത്തനങ്ങൾ ഉണ്ട്.

വർഷംതോറും ലക്ഷക്കണക്കിന് രൂപാ ജീവകാരുണ്യപ്രവർത്തനങ്ങൾക്ക് മുടക്കുന്ന ഒരു ക്ലബ്ബാണ് കപ്പാട് ക്ലെമൻസ് ക്ലബ്ബ്.

കരിമ്പുകയം ജലമേള

പഞ്ചായത്തിന്റെ 11-ാം വാർഡിൽ കരിമ്പുകയത്ത് മണിമലയാറ്റിൽ നടത്തുന്ന കിഴക്കൻകേരളത്തിലെ ജലമേള നാടിന്റെ ഉത്സവമാക്കി മാറ്റാൻ അതിന്റെ സംഘാടകർക്ക് കഴിഞ്ഞിട്ടുണ്ട്. കരിമ്പുകയം റൂറൽ വെൽഫെയർ ഓർഗനൈസേഷനാണ് ഈ ജലമേള സംഘടിപ്പിക്കുന്നത്. ഓരോ വർഷവും ഈ ജലമേളയ്ക്ക് അഭൂതപൂർവ്വമായ ജനത്തിരക്ക് ഉണ്ടാകുന്നു. കിഴക്കൻ മേഖലയിൽ ഏകദേശം രണ്ടുകിലോമീറ്ററോളം നേരെ കിടക്കുന്ന ജലാശയമുള്ള ഏക പ്രദേശമാണ് കരിമ്പുകയം. കേരളത്തിന്റെ കായൽമേഖലകൾക്കുമാത്രം സ്വന്തമായിരുന്ന വള്ളംകളി കിഴക്കൻമേഖലയിലെ ജനങ്ങൾക്ക് ദർശിക്കുവാനാവുംവിധം ഈ ജലമേളയെ വളർത്തേണ്ടത് ഈ നാടിന്റെ പുരോഗതിക്ക് അത്യന്താപേക്ഷിതമാണ്. ജലമേളയോടനുബന്ധിച്ച് സാംസ്കാരിക ഘോഷയാത്ര, ജലഘോഷയാത്ര, സ്പീഡ് ബോട്ട് പ്രദർശനം, വാട്ടർ സ്കൂട്ടർ, വാട്ടർ സ്കേറ്റിംഗ് തുടങ്ങിയവയുടെ പ്രദർശനങ്ങളും, മറ്റു കലാപരിപാടികളും അവതരിപ്പിക്കാറുണ്ട്. ഈ ജലമേള കേരള സർക്കാരിന്റെ സാംസ്കാരിക വകുപ്പ് ഏറ്റെടുത്ത് നടത്തുവാൻ വേണ്ട നടപടികളെടുക്കണം.

കൊരട്ടി ജലമേള

ഓണാഘോഷത്തോടനുബന്ധിച്ച് കാഞ്ഞിരപ്പള്ളി പഞ്ചായത്തിന്റെ അതിർത്തിയായ കൊരട്ടിയാറ്റിൽ നടത്തുന്ന ജലമേളയും ആയിരക്കണക്കിനു ജനങ്ങളെ ആകർഷിക്കുന്നതാണ്.

തിരുനാളുകൾ

വിവിധമതങ്ങളിലെ തിരുനാളുകൾ കാഞ്ഞിരപ്പള്ളിയുടെ ആഘോഷമാക്കി മാറ്റുവാൻ ഇവിടുത്തെ മതസൗഹാർദ്ദം വഴിയൊരുക്കുന്നു, പഴയപള്ളി തിരുനാൾ, ശ്രീ ഗണപതിയാർകോവിൽ, മധുരമീനാക്ഷി കോവിൽ ഉത്സവങ്ങൾ, നബിദിനാഘോഷം, ചതയ ദിനാഘോഷം എന്നിവ നാടിന്റെ ഉത്സവമായി മാറുന്നു. ഹൈന്ദവ ക്രിസ്ത്യൻ ദേവാലയങ്ങളിലെ ഉത്സവനാളുകളിലെ രാത്രികൾ കലാപരിപാടികളാൽ സമ്പുഷ്ടമാണ്. ഇളങ്കാവ് ദേവീക്ഷേത്രത്തിലെ കുംഭഭരണി ഉത്സവം സ്ത്രീജനങ്ങളെ പ്രത്യേകം ആകർഷിക്കുന്നു.

ദേവാലയങ്ങൾ

ക്രൈസ്തവ ദേവാലയങ്ങൾ	10
ഹൈന്ദവക്ഷേത്രങ്ങൾ	6
മുസ്ലീം ദേവാലയങ്ങൾ	10

പഞ്ചായത്തിൽ നിലവിലുള്ള പത്രമാധ്യമങ്ങളുടെ സ്ഥിതിവിവരകണക്ക്

ക്രമ നമ്പർ	പത്രങ്ങൾ		ആഴ്ചപ്പതിപ്പുകൾ		ബാലസാഹിത്യം	
1.	മലയാള മനോരമ	2756	മനോരമ	1350	കളിക്കുടുക്ക	2000
2.	ദീപിക	1470	മംഗളം	700	ബോബനും മോളിയും	85
3.	മാതൃഭൂമി	385	മാതൃഭൂമി	80	ബാലരമ	1560
4.	മംഗളം	250	മനോരാജ്യം	150	ഉണ്ണിക്കുട്ടൻ	75
5.	കേരളകൗമുദി	60	രാഷ്ട്രദീപിക	150	ബാലമംഗളം	250
6	ദേശാഭിമാനി	92	കർഷകൻ	50	പൂമ്പാറ്റ	120
7.	ഇന്ത്യൻ എക്സ്പ്രസ്സ്	195	വനിത	3008	വിദ്യാരംഭം	45
8.	ഹിന്ദു	104	സ്ത്രീ	32	ബാലഭൂമി	80
9.	രാഷ്ട്രദീപിക (സായാഹ്നപത്രം)	112	കന്യക	260	മുത്തശ്ശി	35
10.	എക്സ്പ്രസ്സ്	18	ഗൃഹലക്ഷ്മി	44	കുട്ടികളുടെ ദീപിക	148
11.	മാധ്യമം	396	സഖി	18	ചിത്രകഥകൾ മൊത്തം	750
12.	ജന്മഭൂമി	175	ചിത്രഭൂമി	15	ക്രാസ്റ്റിൻ	160
			കേരളശബ്ദം	35	മിഷൻ	35
			കലാകൗമുദി	41	കുഞ്ഞുമിഷനറി	38
			യുക്തിരാജ്യം	8	ശാസ്ത്രപഥം	50
			വചനോത്സവം	3650		
			ശാലോം	1880		
			ജീവജ്വാല	760		
			യൂത്ത്സ്റ്റാർ	21		
			നാന	350		
			സിനിമ	28		
			വിജയവീഥി	100		
			കരിയർ ദീപിക	3650		
			ബിസിനസ്സ് ദീപിക	78		
			സത്യദീപം	320		

അഭിപ്രായങ്ങൾ

1. പത്രമാധ്യമങ്ങളുടെ വരിക്കാരാകുന്നതിൽ സാമുദായിക രുചിഭേദങ്ങൾ ഉണ്ടെങ്കിലും രാഷ്ട്രീയലൈൻ അടിസ്ഥാനമാക്കി പത്രം വായനയിൽ ഭൂരിപക്ഷത്തിനും താത്പര്യമില്ല. ഇത് സ്വതന്ത്രചിന്തയുടെ ലക്ഷണം ആണ്. ടി.വി., റേഡിയോ തുടങ്ങിയ ദൃശ്യശ്രാവ്യ മാധ്യമങ്ങളുടെ തരംഗം വായനയെ ഏറെ പിന്നോക്കം തള്ളിയിരിക്കുന്നു.
2. വീട്ടമ്മമാരും, തൊഴിലാളി സ്ത്രീകളും പത്രപാരായണത്തിൽ വളരെ പിന്നോക്കം നില്ക്കുന്നു. ഹൈസ്ക്കൂൾ തല വിദ്യാർത്ഥികൾ വരെയുള്ളവരും പത്രവായനയിൽ പിന്നോക്കമാണ്. വർത്തമാനകാലത്തിന്റെ അറിവുകൾ പകരുന്ന സ്കൂൾ റീഡിംഗ് റൂം ഓരോ സ്കൂളിലും അനിവാര്യമാണ്.

3. ദിനപത്രങ്ങളുടെ വിലവർദ്ധനവും അതോടൊപ്പം തന്നെ പരസ്യങ്ങളുടെ ആധിക്യവും വായനക്കാരെ മടുപ്പിക്കുന്നു. ഒരു ദിവസം പത്രം വായിക്കാൻ കഴിഞ്ഞില്ലെങ്കിൽ ആ ദിവസം നഷ്ടമായെന്ന് കരുതുന്ന വായനക്കാരും ഇവിടെയുണ്ട്.
4. കയ്യിൽ കിട്ടുന്നതെന്തും വായിക്കാതെ മാധ്യമങ്ങൾ തെരഞ്ഞെടുത്ത് വായിക്കുന്ന ഒരു വിഭാഗമുണ്ട്. മൂല്യച്യുതിയും ധാർമ്മികാധപതനവും സൃഷ്ടിക്കുന്ന മാധ്യമങ്ങൾക്കും വായനക്കാരുണ്ട്. നിലവാരമുള്ള വാരികകൾക്ക് വായനക്കാർ നന്നേ കുറവ്.
5. വനിതകൾക്കായുള്ള മാധ്യമങ്ങളിൽ സ്ത്രീകൾ താത്പര്യം കാണിക്കുന്നുണ്ട്. ഇത് സ്വാഗതാർഹമായ ഒരു കാര്യമാണ്.
6. ആത്മീയ പ്രസിദ്ധീകരണങ്ങൾക്ക് വായനക്കാർ ഏറെയുള്ള നാടാണിത്. സദാചാരസംസ്കാരം വളർത്തുന്നതിൽ ഈ പ്രസിദ്ധീകരണങ്ങൾ ജനങ്ങളെ സഹായിക്കുന്നു എന്ന് കണക്കുകൾ വ്യക്തമാക്കുന്നു.

ദൃശ്യശ്രാവ്യ മാധ്യമങ്ങൾ

കാഞ്ഞിരപ്പള്ളി പഞ്ചായത്തിൽ രണ്ടു സിനിമാ തീയേറ്ററുകൾ പ്രവർത്തിക്കുന്നു. 80% വീടുകളിലും റേഡിയോ ഉണ്ടെങ്കിലും ശ്രോതാക്കളുടെ എണ്ണം കുറവാണ്. പഞ്ചായത്തിൽ ടെലിവിഷന്റെ സ്വാധീനം വളരെ കൂടുതലാണ്. ആധുനികശാസ്ത്രസാങ്കേതിക രംഗത്തെ വിജ്ഞാനപ്രദവും, മൂല്യബോധമുള്ളതുമായ പരിപാടികളും ടെലിവിഷൻ നല്കുന്നുവെങ്കിലും, യുവജനങ്ങൾ ഈ പരിപാടികളിൽ താത്പര്യം കാണിക്കുന്നില്ല. എന്നാൽ ക്രിക്കറ്റ്, ബ്രേക്ക്-റോക്ക് ഡാൻസ്, കരാട്ടേ, സിനിമ, സീരിയലുകൾ തുടങ്ങിയവ യുവജനങ്ങളെ ഏറെ സ്വാധീനിക്കുന്നു. അടിപൊളി സിനിമകൾക്കും പാട്ടുകൾക്കും മാത്രമാണ് പ്രേക്ഷകർ ഏറെയുള്ളത്. ആധുനിക ശാസ്ത്ര സാങ്കേതിക, ബൗദ്ധിക, ഉപഗ്രഹ, ശൂന്യാകാശ വിജ്ഞാനം ടെലിവിഷൻ വഴി ലഭ്യമാണെന്നുള്ളത് വിസ്മരിക്കുന്നില്ല.

ഇരുപത്തിയഞ്ചോളം ആർട്സ് ആൻറ് സ്പോർട്ട്സ് ക്ലബ്ബുകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ബഹുഭൂരിപക്ഷം ക്ലബ്ബുകൾക്കും സ്വന്തമായി കെട്ടിടമോ ഓഫീസോ ഇല്ലത്രേ! കായികരംഗത്ത് മികവു കാട്ടിയ ഒരു മുൻതലമുറ നമുക്കുണ്ടായിരുന്നു. വോളിബോൾ രംഗത്ത് കാഞ്ഞിരപ്പള്ളിയുടെ സംഭാവന നിസ്തുലമാണ്. സ്കൂൾ കോളേജ് കായികമേളകളിൽ കാഞ്ഞിരപ്പള്ളി പഞ്ചായത്തിലെ വിദ്യാർത്ഥികൾ മികച്ച നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്.

പഞ്ചായത്ത് ബ്ലോക്ക്തല യുവജനമേളകൾക്ക് യുവജനങ്ങൾ പ്രാധാന്യം നൽകിയിട്ടില്ലെന്നുള്ളത് കണക്കുകളിൽ നിന്ന് വ്യക്തമാകുന്നു.

നിർദ്ദേശങ്ങൾ

നിരന്തരമായ പഠനങ്ങളിലൂടെയും ചർച്ചകളിലൂടെയും കണ്ടെത്തിയ ചില നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. നിലവിലുള്ള ലൈബ്രറികളുടെ പ്രവർത്തനം ശക്തമാക്കുകയും ഒരു വാർഡിൽ ഒരു വായനശാല എന്ന മുദ്രാവാക്യം പ്രവർത്തിപഥത്തിലെത്തിക്കുകയും വേണം.
2. ഓരോ വാർഡിലേയും മെമ്പറന്മാർ നേതൃത്വം വഹിക്കുന്ന ക്ലബ്ബുകളും ലൈബ്രറികളും ഉണ്ടാവണം. അതാത് വാർഡുകളിലെ പ്രശ്നങ്ങൾ ചർച്ചചെയ്യുകയും സാക്ഷരത സാദ്യശപ്രശ്നങ്ങൾ പഠിച്ച് പരിഹാരമുണ്ടാക്കണം.
3. ഓരോ വാർഡിലെ കായിക താരങ്ങൾ, കലാകാരന്മാർ എന്നിവരെ പ്രോത്സാഹിപ്പിക്കുവാൻ പദ്ധതികൾ ആവിഷ്ക്കരിക്കണം.
4. വാർഡുതലങ്ങളിൽ ഇവർക്കായി കലാ-കായിക ക്ലബ്ബുകളും കോച്ചിംഗ് ക്ലാസ്സുകളും സംഘടിപ്പിക്കണം.
5. അതാത് വാർഡുകളിലെ ഉദ്യോഗസ്ഥന്മാരെ ക്ലബ്ബുകളുടെയും വായനശാലകളുടെയും ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചും ഉദ്യോഗസ്ഥസംഗമം നടത്തണം.
6. ചർച്ചകൾ, സിമ്പോസിയങ്ങൾ, സംവാദങ്ങൾ എന്നിവ നടത്തി ഗ്രാമീണജനതയെ ബോധവത്ക്കരിക്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കണം.
7. പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ ഇന്നും അക്ഷരം അറിയാത്തവർ നിരവധിയുണ്ട്. അവർക്ക് സാക്ഷരതാക്ലാസ്സുകൾ നടത്താൻ വാർഡുകൾ തോറും സാക്ഷരതാ പരിപാടി ആവിഷ്ക്കരിക്കണം.
8. കോളനികളിൽ സംസ്കാരികകേന്ദ്രങ്ങൾ തുറക്കുക, അഞ്ചലിപ്പ കോളനിയിൽ നിർദ്ദിഷ്ട സ്ഥലത്ത് ഓപ്പൺ എയർ തീയറ്റർ സ്ഥാപിക്കുക.
9. പഞ്ചായത്ത് ആസ്ഥാനത്ത് എല്ലാ സജ്ജീകരണങ്ങളോടും കൂടി ഒരു സ്പോർട്ട്സ് കോംപളക്സ് സ്ഥാപിക്കുക.
10. കരിമ്പുകയം ജലമേള സാംസ്കാരികവകുപ്പിനെ കൊണ്ട് ഏറെടുപ്പിച്ച് നടത്തുക.
11. കരിമ്പുകയത്ത് അക്വാട്ടിക് സ്പോർട്ട്സ് കോംപ്ലക്സ് സ്ഥാപിക്കുക.

ക്ലബ്ബുകൾ ഏറ്റെടുക്കേണ്ട ചുമതലകൾ

1. നന്മതിന്മകളെ തിരിച്ചറിയാനും, സാമൂഹികപ്രശ്നങ്ങൾ പഠിച്ച് കക്ഷിരാഷ്ട്രീയങ്ങൾക്കതീതമായി പ്രതികരിക്കാനും കഴിയുന്ന ഒരു ജനതയ്ക്ക് രൂപം നല്കുന്നതിനും വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നല്കു

കയും പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുക.

2. മദ്യത്തിനും മയക്കുമരുന്നിനുമെതിരെ ബോധവത്ക്കരണം നടത്തുക.
3. അഴിമതി, കൈക്കൂലി, മായം ചേർക്കൽ തുടങ്ങിയ സാമൂഹിക തിന്മകൾക്കെതിരെ ശക്തമായി പ്രതികരിക്കുക.
4. സ്ത്രീപീഡനങ്ങൾക്കും, അരാജകത്വങ്ങൾക്കുമെതിരെ ശക്തമായ നടപടി സ്വീകരിക്കുക. മൂല്യച്യുതിക്കും, ധാർമ്മികാധപതനത്തിനുമെതിരെ പഞ്ചായത്തിലുടനീളം കലാജാഥകൾ സംഘടിപ്പിക്കുക.
5. ആറു പുറമ്പോക്കിലും, റോഡുപുറമ്പോക്കിലും താമസിക്കുന്ന നിർധനരായ കുടുംബങ്ങൾക്കും അക്ഷരമറിയാത്തവർക്കും സാക്ഷരതാപ്രവർത്തനത്തിലൂടെ അറിവ് നല്കുക.
6. ഗ്രാമപഞ്ചായത്ത് ആവിഷ്ക്കരിക്കുന്ന മുഴുവൻ വികസന പ്രവർത്തനങ്ങളും എല്ലാ വാർഡുകളിലും നടപ്പിലാക്കുക.
7. ക്ലബ്ബുകൾക്ക് സ്വന്തമായി വരുമാനം ഉണ്ടാക്കുവാനുള്ള പദ്ധതികൾ നടപ്പിലാക്കുകയും, രക്തദാനം, നേത്രദാനം മറ്റു ജീവകാരുണ്യപ്രവർത്തനങ്ങൾ എന്നിവയിൽ സഹായിക്കുകയും ചെയ്യുക.
8. ഓരോ വാർഡിലും നടപ്പിലാക്കേണ്ട വികസനപ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ ക്ലബ്ബുകൾ നടപ്പിലാക്കുക.
9. ഗ്രാമപഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങൾ വിലയിരുത്തിക്കൊണ്ടുള്ള റിപ്പോർട്ടുകൾ ഗ്രാമസഭകളിൽ അവതരിപ്പിക്കുക.

"ലോകത്തിലെ എല്ലാ ശ്രേഷ്ഠ മതങ്ങളുടെയും മൗലിക സത്യത്തിൽ ഞാൻ വിശ്വസിക്കുന്നു. അവയെല്ലാം ഈശ്വരദത്തങ്ങളാണെന്നും ഞാൻ വിശ്വസിക്കുന്നു"

—ഗാന്ധിജി



പട്ടികജാതി പട്ടികവർഗ്ഗം

താലൂക്കാസ്ഥാനമായ കാഞ്ഞിരപ്പള്ളി പഞ്ചായത്തിൽ പതിനാല് വാർഡുകളാണുള്ളത്. ഈ പതിനാലു വാർഡുകളിലായി IRDP സർവ്വേ പ്രകാരം 200 ഓളം പട്ടികജാതി കുടുംബങ്ങളുണ്ട്. എന്നാൽ കാഞ്ഞിരപ്പള്ളി പഞ്ചായത്തിൽ സർക്കാർ അംഗീകൃത സെറ്റിൽമെൻറ് കോളനികളില്ല. പഞ്ചായത്തിലുള്ള പട്ടികവർഗ്ഗക്കാരെ മുഴുവൻ പട്ടികജാതിയിൽ ഉൾപ്പെടുത്തയിരിക്കുന്നതിനാൽ പട്ടികവർഗ്ഗക്കാർക്കുള്ള പ്രത്യേക ആനുകൂല്യങ്ങളൊന്നും ഇവർക്ക് ലഭിക്കുന്നില്ല. പട്ടികജാതിക്കാർ ഏറ്റവും കൂടുതൽ താമസിക്കുന്നത് കൂവപ്പള്ളി കോളനി, പട്ടിമറ്റം, തമ്പലക്കാട്, വണ്ടൻപുറം, മണ്ണാറക്കയം, മലങ്കോട്ട, അഞ്ചിലിപ്പ, ആലുംപരപ്പ്, കൊരട്ടി, വില്ലണി മിച്ചഭൂമി എന്നിവിടങ്ങളിലാണ്.

ഈ പ്രദേശങ്ങളിലെ SC-ST വിഭാഗങ്ങൾക്ക് സാമൂഹ്യ, സാമ്പത്തിക, വിദ്യാഭ്യാസ രംഗങ്ങളിൽ ഒട്ടും തന്നെ വളരുവാൻ സാധിച്ചിട്ടില്ല. ഇവരെല്ലാം തന്നെ നിർമ്മാണ തൊഴിലാളികളും, കർഷക തൊഴിലാളികളും റബ്ബർ ടാപ്പിങ്ങ്കാരുമാണ്. കേന്ദ്രസംസ്ഥാനസർക്കാരുകൾ നടപ്പിലാക്കി വരുന്ന പല പദ്ധതികളെക്കുറിച്ചുമുള്ള അറിവില്ലായ്മ മൂലം പല ആനുകൂല്യങ്ങളും നേടിയെടുക്കുവാൻ ഈ വിഭാഗക്കാർക്ക് കഴിയുന്നില്ല. പൊതുവെ വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന കൂട്ടരാണിവർ.

കാഞ്ഞിരപ്പള്ളി ബ്ലോക്കിന് പ്രധാനമന്ത്രിയുടെ തൊഴിൽദാനപദ്ധതിയിൽ നിന്ന് ഒരു കോടി രൂപാ ലഭിക്കുന്നുണ്ടെങ്കിലും SC-ST വിഭാഗങ്ങളുടെ ക്ഷേമത്തിനായി അതു ചിലവഴിക്കപ്പെടുന്നില്ല. LVEO, VEO മാരും ജനപ്രതിനിധികളും വേണ്ട രീതിയിൽ പ്രവർത്തിക്കാത്തതുകൊണ്ട് പല പദ്ധതികളും പ്രയോജനകരമായി സമയാസമയങ്ങളിൽ ഈ വിഭാഗക്കാർക്ക് ലഭിക്കുന്നില്ല. മാറിമാറി വരുന്ന പഞ്ചായത്ത് ഭരണസമിതികളും പഞ്ചായത്തിലെ SC-ST വിഭാഗങ്ങൾക്കായി ഫണ്ടുകൾ നീക്കിവെച്ച് പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുന്നില്ല സാമൂഹിക സാംസ്ക്കാരിക ചടങ്ങുകളിലും വിവാഹങ്ങളിലും മുൻകാലങ്ങളെ അപേക്ഷിച്ച് ഈ വിഭാഗക്കാർ മറ്റുള്ളവരോടൊപ്പം പങ്കെടുക്കുന്നു എന്നത് ശുഭോദർക്കമായ വസ്തുതയാണ്.

പാർപ്പിടം

ഈ പഞ്ചായത്തിലെ SC-ST വിഭാഗങ്ങളിൽ 75% പേരും കേന്ദ്രസംസ്ഥാന സർക്കാരുകളുടെയും, മറ്റു സന്നദ്ധസംഘടനകളുടെയും സഹായത്തോടെ വീടുവെച്ചു കഴിയുന്നവരാണ്. ബാക്കി വരുന്ന 25% പേർക്ക് വീട് വെയ്ക്കുവാൻ പഞ്ചായത്തിന്റെ വിവിധ പദ്ധതികളിൽ നിന്ന് ഗ്രാൻറുകൾ പ്രയോജനപ്പെടുത്തണം. കേന്ദ്ര-സംസ്ഥാന ഗവൺമെൻറുകൾ നടപ്പിലാക്കുന്ന പദ്ധതികളിൽ SC-ST വിഭാഗക്കാർക്ക് വീടുകൾ നിർമ്മിക്കുന്നതിനായി കൂടുതൽ പണം നീക്കി വെക്കണം.

ഈ വിഭാഗക്കാരിൽ 60% കുടുംബങ്ങൾക്കും സ്വന്തമായി കക്കൂസ് ഇല്ല. കേന്ദ്ര-സംസ്ഥാനസർക്കാരുകളുടെ J.R.Y. അൺടൈഡ്ഫണ്ടുകളിൽ കൂടുതൽ തുക ഈ വിഭാഗങ്ങൾക്ക് കക്കൂസ് നിർമ്മിക്കുന്നതിനായി ചിലവഴിക്കണം.

പട്ടികജാതിക്കാർ താമസിക്കുന്ന പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുവാനുള്ള ചെറുകിട ജലസേചനപദ്ധതികൾ നടപ്പിലാക്കണം. കൂടാതെ കുഴൽകിണർ, കുളം എന്നിവ കുത്തുവാൻ പണം അനുവദിക്കണം. SC-ST വിഭാഗക്കാരുടെ വീടുകൾ വൈദ്യുതീകരിക്കാൻ വേണ്ട നടപടികൾ കൈക്കൊള്ളണം

വിദ്യാഭ്യാസം

വിദ്യാഭ്യാസപരമായി ഏറ്റവും പിന്നോക്കം നിൽക്കുന്ന വിഭാഗമാണിത്. സാമ്പത്തിക ബുദ്ധിമുട്ടുകളും, സ്വകാര്യസ്ക്കൂളുകളിൽ അഡ്മിഷൻ ലഭിക്കുവാനുള്ള പ്രയാസവും രക്ഷകർത്താക്കളുടെ ശ്രദ്ധക്കുറവും ഈ പഞ്ചായത്തിലെ SC-ST വിദ്യാർത്ഥികളുടെ പഠനനിലവാരത്തെ തകർക്കുന്നു. ഗവ. സ്ക്കൂളുകളിലാണ് കൂടുതലായും ഇവർ പഠിക്കുന്നത്. ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളിൽ SC-ST വിദ്യാർത്ഥികളുടെ എണ്ണം വെറും 2% മാത്രമാണ്. പഞ്ചായത്തിൽ റഗുലർ കോളേജില്ലാത്തത് ഈ വിഭാഗക്കാരുടെ ഉന്നത

വിദ്യാഭ്യാസത്തിന് തടസ്സമാകുന്നു.

തൊഴിലാളികളായ രക്ഷകർത്താക്കൾക്ക് കുട്ടികളുടെ വിദ്യാഭ്യാസത്തിലും ആരോഗ്യത്തിലും വേണ്ടത്ര ശ്രദ്ധിക്കുവാൻ കഴിയുന്നില്ല. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തി അവർക്ക് പ്രത്യേകം പരിശീലനം നൽകി അവരെ മറ്റു കുട്ടികൾക്കൊപ്പം കൊണ്ടുവരാൻ സഹായിക്കണം.

പഞ്ചായത്തിലെ സ്ക്കൂളുകളിൽ പഠിക്കുന്ന SC-ST കുട്ടികളുടെ വിവരം

ഉടമസ്ഥത	ആകെ കുട്ടികൾ	SC-ST കുട്ടികൾ
ഗവ. സ്ക്കൂളുകൾ	1263	129
മലയാളം മീഡിയം സ്വകാര്യസ്ക്കൂളുകൾ	2342	184
ഇംഗ്ലീഷ് മീഡിയം സ്വകാര്യസ്ക്കൂളുകൾ	1162	24
ആകെ	4767	337

തൊഴിൽ

സീസണനുസരിച്ചുള്ള തൊഴിലുകളാണ് ഈ വിഭാഗക്കാരുടേത്. ഇവർക്ക് സ്ഥിരമായി തൊഴിൽ ലഭിക്കുവാൻ വേണ്ട സംരംഭങ്ങൾ തുടങ്ങേണ്ടതുണ്ട്. SC-ST വിഭാഗക്കാർക്ക് സാങ്കേതിക പരിശീലനം ലഭ്യമാക്കുവാൻ പഞ്ചായത്ത് തലത്തിൽ പ്രവർത്തന കേന്ദ്രങ്ങൾ തുടങ്ങണം.

കോളനികളുടെ പൊതുസ്ഥിതി

ഈ പഞ്ചായത്തിലെ കോളനികൾ ഒന്നും തന്നെ പട്ടികജാതി-പട്ടികവർഗ്ഗ കോളനികളായി ഗവ. അംഗീകരിക്കാത്തതിനാൽ യാതൊരു വിധ ആനുകൂല്യങ്ങളും ഇവർക്ക് ലഭിക്കുന്നില്ല. അതിനാൽ ഈ പഞ്ചായത്തിലെ വണ്ടൻപുറംകോളനി, പട്ടിമറ്റം ഹരിജൻകോളനി, അഞ്ചിലിപ്പ കോളനി, മണ്ണാറക്കയം കോളനി തുടങ്ങിയവ IHDP കോളനികളായി പ്രഖ്യാപിക്കുവാൻ ഗ്രാമപഞ്ചായത്ത് മുൻകൈയെടുക്കണം. വൈദ്യുതി, കുടിവെള്ളം, കക്കൂസ് എന്നിവ ഇല്ലാത്തവർക്ക് അവ നൽകുവാൻ ജില്ലാ-ബ്ലോക്ക്-ഗ്രാമപഞ്ചായത്തുകൾ പദ്ധതികൾ ആവിഷ്ക്കരിക്കണം.

നിർദ്ദേശങ്ങൾ

1. പട്ടികജാതിക്കാരുടെ വീടുകൾ പുനരുദ്ധരിക്കുന്നതിന് ഗ്രാമബ്ലോക്ക് പഞ്ചായത്തുകൾ പദ്ധതി തയ്യാറാക്കണം.
2. പട്ടിമറ്റം ഹരിജൻ ശ്മശാനം (വാർഡ് 13) റോഡ് ടാർ ചെയ്യുകയും ശ്മശാനത്തിന് ചുറ്റുമതിൽ കെട്ടുകയും വേണം.
3. കോളനികളിലെ പൊതുവഴികൾ കെട്ടുവാൻ പഞ്ചായത്തുതലത്തിൽ ഫണ്ട് ലഭ്യമാക്കണം.
4. പട്ടികജാതി-വർഗ്ഗ വിഭാഗക്കാരുടെ പ്രശ്നങ്ങൾ പഠിച്ച് പരിഹരിക്കുവാൻ പഞ്ചായത്ത് തലത്തിൽ സമിതി രൂപീകരിക്കണം.
5. അഞ്ചിലിപ്പ കോളനി ശ്മശാനം ചുറ്റുമതിൽ കെട്ടി സംരക്ഷിക്കണം
6. പട്ടികജാതി കുടംബങ്ങളിലെ പ്രായം ചെന്ന കർഷക തൊഴിലാളികൾക്ക് പെൻഷൻ നൽകണം.
7. ഈ പഞ്ചായത്തിലെ പട്ടികവർഗ്ഗക്കാരെ ഇപ്പോൾ പട്ടികജാതിയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അവരെ ST വിഭാഗത്തിൽ പെടുത്തി അവർക്കു ലഭിക്കേണ്ട അനുകൂല്യങ്ങൾ നൽകണം.
8. 1991 ലെ IRDP ലിസ്റ്റ് പൂർണ്ണമല്ല. അർഹതപ്പെട്ട മുഴുൻ ആളുകളെയും ഉൾപ്പെടുത്തി ലിസ്റ്റ് പുതുക്കണം.
9. SC-ST വിഭാഗങ്ങൾക്ക് IRDP ലോണുകൾ അനുവദിക്കുന്നുണ്ടെങ്കിലും ബാങ്കുകൾ നൽകുവാൻ വിസമ്മതിക്കുന്നു. ബാങ്കുകളുടെ അവഗണന അവസാനിപ്പിക്കണം.
10. മണങ്ങല്ലൂരിലെ പട്ടികജാതി വിവിധോദ്ദേശ സഹകരണസംഘം, തമ്പലക്കാട് ഹരിജൻ സൊസൈറ്റി എന്നിവ വിപുലീകരിച്ച് കൂടുതൽ ആളുകളെ ചേർത്ത് പ്രവർത്തനം പുനഃസംഘടിപ്പിക്കണം
11. SC/ST വിഭാഗങ്ങൾക്കായി സർക്കാർ വക കെട്ടിടങ്ങളിൽ വ്യവസായങ്ങൾ നടത്തുന്നതിന് സംവരണം ചെയ്തിരിക്കുന്ന മുറികൾ അവർക്കു തന്നെ നൽകുവാൻ നടപടി സ്വീകരിക്കണം. സർക്കാർ ഉദ്യോഗസ്ഥർ തന്നെയാണ് ഈ വിഭാഗങ്ങൾക്ക് അർഹതപ്പെട്ട പല ജീവിതമാർഗ്ഗങ്ങളും ഇല്ലാതാക്കുന്നത്.
12. പഞ്ചായത്തിലെ 13.14 വാർഡുകൾ കേന്ദ്രീകരിച്ച് ഒരു ഹരിജൻ സൊസൈറ്റി സ്ഥാപിക്കണം.
13 പട്ടികജാതി വിദ്യാർത്ഥികൾക്കായി താലൂക്കാസ്ഥാനമായ കാഞ്ഞിരപ്പള്ളിയിൽ ഒരു പ്രീ-മെട്രിക് ഹോസ്റ്റൽ സ്ഥാപിക്കണം.
14. കൂട്ടുകുടംബങ്ങളായി താമസിക്കുന്ന പട്ടികജാതിക്കാരെ മാറ്റിപ്പാർപ്പിക്കുവാൻ ഭൂമിയെടുത്ത് വീടു വെച്ചുകൊടുക്കുന്ന പദ്ധതി നടപ്പിലാക്കണം.
15. SC-ST വിഭാഗങ്ങൾക്കായി ആട്, കോഴി വളർത്തൽ നടത്താൻ സാമ്പത്തിക സഹായം ഉണ്ടാകണം.
16. SC-ST വിദ്യാർത്ഥികൾക്ക് പഠനാവശ്യത്തിന് സാമ്പത്തിക സഹായം പഞ്ചായത്തിൽ നിന്ന് നൽകണം.

17. L.V.E.O., V.E.O, മാരുടെ പ്രവർത്തനം ഉറപ്പു വരുത്തി, SC-ST വിഭാഗങ്ങൾക്ക് ലഭ്യമാകേണ്ട ആനുകൂല്യങ്ങൾ അവർക്കു തന്നെ നൽകുവാൻ നടപടി ഉണ്ടാവണം.
18. SC-ST വനിതകൾക്കായി വസ്ത്രനിർമ്മാണയൂണിറ്റുകൾ, കറിപൗഡർ യൂണിറ്റ്, സോപ്പ് നിർമ്മാണയൂണിറ്റ്, ക്ഷീരവികസന ഡയറി, ബുക്ക് ബൈൻറിങ്ങ്, തുകൽ ബാഗ് നിർമ്മാണം എന്നിവ തുടങ്ങുവാൻ ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകൾ സഹകരണസംഘങ്ങളുടെ സഹകരണത്തോടെ പദ്ധതി ഉണ്ടാക്കണം.
19. പട്ടികജാതി യുവാക്കൾക്ക് തൊഴിൽരംഗത്ത് പരിശീലനം നൽകുവാൻ പഞ്ചായത്തു തലത്തിൽ ഒരു പരിശീലനകേന്ദ്രം തുടങ്ങണം.
20. പട്ടികജാതി കോളനികളിൽ വായനശാലകൾ, വയോജനവിദ്യാഭ്യാസകേന്ദ്രങ്ങൾ, പൊതു ടെലിവിഷൻ എന്നിവ സ്ഥാപിക്കണം.
21. ട്രൈസം തൊഴിൽ പരിശീലനത്തിന് ആളുകളെ തെരഞ്ഞെടുക്കാൻ പഞ്ചായത്തുകൾക്ക് അധികാരം നല്കണം.
22. സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ കോർപ്പറേഷനുകൾ നടത്തുന്ന വിവിധ തൊഴിൽ പദ്ധതികളെ സംബന്ധിക്കുന്ന വിവരങ്ങൾ മനസ്സിലാക്കുവാൻ ജനപ്രതിനിധികൾക്ക്, പ്രത്യേകിച്ച് SC-ST ജനപ്രതിനിധികൾക്ക് ബോധവല്ക്കരണം നടത്തുന്നതിന് ബ്ലോക്കു തലത്തിൽ സെമിനാറുകളും ശില്പശാലകളും മൂന്നുമാസത്തിലൊരിക്കൽ നടത്തണം.
23. കാഞ്ഞിരപ്പള്ളി പഞ്ചായത്ത് ആസ്ഥാനമാക്കി പട്ടികജാതി പട്ടികവർഗ്ഗ സഹകരണസംഘം സ്ഥാപിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുകയും, അതിനുവേണ്ട ഓഹരി മൂലധനത്തിൻെറ 50% ഗവണ്മെൻറ് മുടക്കുകയും വേണം.
24. SC-ST വിഭാഗങ്ങൾക്ക് സൗജന്യവൈദ്യുതി എത്തിക്കുന്ന ദൂരപരിധി ഇപ്പോൾ 200 മീറ്റർ ആണ്. അതുകൊണ്ട് ഈ വിഭാഗങ്ങൾക്ക് പ്രയോജനം ലഭിക്കുന്നില്ല. അതിനാൽ ഏറ്റവും കുറഞ്ഞ ദൂരപരിധി 500 മീറ്റർ ആക്കണം.

അഹിംസ മനുഷ്യവർഗ്ഗത്തിൻെറ നിയമമാണ്. ഹിംസ മൃഗത്തിൻറ നിയമവും

—ഗാന്ധിജി

വനിതാക്ഷേമം



സമൂഹത്തിൽ സ്ത്രീകൾക്ക് കല്പിക്കപ്പെട്ടിരിക്കുന്ന വിലക്കുകളും, ബന്ധനങ്ങളും ശക്തമായിരുന്ന കാലഘട്ടത്തിൽ ചുരുക്കം ചില സ്ത്രീകൾ മാത്രമാണ് അടിമച്ചങ്ങല പൊട്ടിച്ചെറിഞ്ഞ് സമൂഹമദ്ധ്യത്തിലേയ്ക്ക് ഇറങ്ങി വന്നത്. സ്വാതന്ത്ര്യസമരകാലത്ത് കേരളത്തിലെ സ്ത്രീകൾ കർമ്മരംഗത്തിറങ്ങുവാൻ മടിച്ചു നിന്ന സമയത്ത് അവരുടെ നേതൃത്വം ഏറ്റെടുത്ത് ജനമദ്ധ്യത്തിലിറങ്ങിയ കാഞ്ഞിരപ്പള്ളിയുടെ ധീരവനിത അക്കാമ്മ വർക്കിയെ അഭിമാനത്തോടെ നമുക്കു സ്മരിക്കാം.

ആദ്യത്തെ കുഞ്ഞ് ജനിച്ചാൽ പോലും സ്വന്തം ഭർത്താവിന്റെ മുഖം ദർശിക്കുവാൻ കഴിയാതിരുന്ന അവസ്ഥ മാറി സമൂഹത്തിൽ വനിതകൾ ബഹുദൂരം മുന്നോട്ടുപോയി കഴിഞ്ഞു. എങ്കിലും, ബഹുഭൂരിപക്ഷം പുരുഷന്മാർക്കും സ്ത്രീകൾ ഇന്നും മാതൃത്വത്തിനു വേണ്ടിയുള്ള ഉപകരണം മാത്രമാണ്. ഭർത്താവ് മദ്യപാനിയും നീചനുമാണെങ്കിലും അതൊക്കെ മറന്ന് സ്വന്തം ഭർത്താവിന്റെ തണലിൽ ഒതുങ്ങികൂടാൻ സ്ത്രീകൾ ആഗ്രഹിക്കുന്നു. സ്ത്രീകൾ സമൂഹമദ്ധ്യത്തിൽ ഇറങ്ങിവന്നാൽ തങ്ങളുടെ സിംഹാസനം ഇളകും എന്ന് മനസ്സിലാക്കിയ സമൂഹം അപവാദങ്ങൾ പറഞ്ഞ് പരത്തി അവരെ അടുക്കളയന്ത്രമാക്കി തളച്ചിടുന്നു. പാർലമെൻറിൽ പല തവണ അവതരിപ്പിച്ച് പരാജയമറിഞ്ഞ 'വനിതാസംവരണബിൽ' അതിനൊരുദാഹരണം മാത്രം. രാഷ്ട്രീയ നേതൃത്വത്തിലിരിക്കുന്ന പുരുഷന്മാർ സ്ത്രീകൾക്ക് 33 ശതമാനം സംവരണം വന്നാൽ തങ്ങളുടെ പണി വീട്ടിലാകുമെന്ന് അറിഞ്ഞ് അവർക്കെതിരെ കക്ഷിരാഷ്ട്രീയം മറന്ന് പ്രവർത്തിക്കുന്നു. എന്നാൽ, കേരളാ ഗവൺമെൻറും, നമ്മുടെ എം.പി. മാരും വനിതാസംവരണ ബില്ലിനോട് സഹകരിക്കുവാൻ തീരുമാനിച്ചത് അല്പം ആശ്വാസം തരുന്നു.

കാഞ്ഞിരപ്പള്ളി പഞ്ചായത്തിൽ വളരെക്കാലം മുമ്പു തന്നെ സ്ത്രീകൾ വിദ്യാഭ്യാസ-സാമൂഹ്യ-സാംസ്ക്കാരിക രംഗങ്ങളിൽ മുൻനിരയിൽ ഉണ്ടായിരുന്നു എന്നതിൽ നമുക്കഭിമാനിക്കാം. വിമോചനസമരകാലഘട്ടം ഇതിനൊരുദാഹരണമാണ്. പരോക്ഷമായിട്ടാണെങ്കിൽ പോലും സാമൂഹിക പ്രതിബദ്ധതയുള്ള ഒരു തലമുറയെ വാർത്തെടുക്കുവാൻ സ്ത്രീകൾ വഹിക്കുന്ന പങ്ക് അവിസ്മരണീയമാണ്.

ഈ ഗ്രാമപഞ്ചായത്തു കമ്മറ്റിയിൽ അഞ്ച് വനിതകൾ കടന്നു വന്നത് സംവരണ സീറ്റുകളിലൂടെയാണ്. ഇങ്ങനെയൊരു സംവരണ സംവിധാനം ഇല്ലായിരുന്നുവെങ്കിൽ സ്ത്രീകൾ പൊതുരംഗത്തേയ്ക്ക് കടന്നുവരുമായിരുന്നോ എന്ന കാര്യം സംശയമാണ്. ജനപ്രതിനിധികളോ, ഉദ്യോഗസ്ഥകളോ ആയി കടന്നു വരുന്ന വനിതകൾ സേവന കാലാവധി കഴിഞ്ഞാൽ വീടുകളിൽ ഒതുങ്ങികൂടുന്ന കാഴ്ച കാണാം. സ്ത്രീ വീടുകളിൽ ഒതുങ്ങികഴിയേണ്ട ഒരു ജീവിയാണെന്ന് സമൂഹം തന്നെ കല്പിച്ചിരിക്കുന്നു. സാമൂഹ്യപ്രവർത്തനങ്ങൾക്കിറങ്ങുന്ന സ്ത്രീകളുടെ സ്വഭാവശുദ്ധിയെ കരിതേച്ചും, അവരെ മാനസികമായി പീഡിപ്പിച്ചും പൊതുരംഗത്തു നിന്ന് അവരെ അടിച്ചോടിക്കുന്ന കാഴ്ച ഇന്നെവിടെയും കാണാം.

കേരളം സമ്പൂർണ്ണ സാക്ഷരത നേടിയാലും, സ്ത്രീകൾ പൊതുരംഗത്ത് ഇറങ്ങിയാലും സമൂഹം എത്ര കണ്ട് പുരോഗമിച്ചാലും സ്ത്രീപീഡനവും, കൊലപാതകങ്ങളും മുറപോലെ നടക്കുന്നു. "സ്ത്രീധനനിരോധന നിയമം' എന്ന ഒന്ന് ഇവിടെ കുഴിച്ചു മൂടപ്പെട്ടിരിക്കുന്നു. നിയമപാലകരിൽ നിന്ന് പോലും വനിതകൾക്ക് നീതി ലഭിക്കുന്നില്ല. ഇതിനെതിരെ വനിതാസംഘടനകളും, മഹിളാസമാജങ്ങളും ഉണർന്നു പ്രവർത്തിക്കേണ്ട കാലം കഴിഞ്ഞു. സ്ത്രീകൾക്ക് വേണ്ട ബോധവല്ക്കരണവും ഇക്കാര്യത്തിൽ നൽകണം.

പഞ്ചായത്തിലെ പല തൊഴിൽ മേഖലകളിലായി ധാരാളം സ്ത്രീകൾ ജോലി ചെയ്യുന്നു. സർക്കാർ, അർദ്ധ സർക്കാർ, സഹകരണ സ്ഥാപനങ്ങൾ, ബാങ്കുകൾ, സ്വകാര്യസ്ഥാപനങ്ങൾ, കെട്ടിടനിർമ്മാണം, ഫാക്ടറി പണികൾ തുടങ്ങിയ മേഖലകളിലായി ആയിരക്കണക്കിന് സ്ത്രീകൾ ജോലിയെടുക്കുന്നു. പോസ്റ്റാഫീസ്, ബ്ലോക്ക് ഓഫീസ്, പഞ്ചായത്ത് ഓഫീസ്, വില്ലേജ്

ഓഫീസ്, സഹകരണബാങ്കുകൾ, സർക്കാർ-സ്വകാര്യ സ്ക്കൂളുകൾ, ആശുപത്രികൾ സ്വകാര്യ ബാങ്കിംങ്ങ് സ്ഥാപനങ്ങൾ, ടെലിഫോൺ ബൂത്തുകൾ, തയ്യൽകടകൾ, തുണിക്കടകൾ, സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയിലൊക്കെ ഈ പഞ്ചായത്തിലെ വനിതാ ജീവനക്കാർ പ്രവർത്തിക്കുന്നു. വിഴിക്കിത്തോട്ടിൽ I.R.D.P. ലോൺ വഴി വനിതകൾക്ക് ആരംഭിച്ച പ്രസ് ഒരു നല്ല സംരംഭമാണ്.

തൊഴിൽ മേഖലകളിൽ സ്ത്രീകൾക്ക് തുല്യപങ്കാളിത്തം ലഭിക്കുന്നില്ലാ എങ്കിലും, അദ്ധ്യാപനരംഗത്തും, സഹകരണമേഖലയിലും സ്ത്രീകളുടെ എണ്ണം കൂടുതലാണ്. പഞ്ചായത്തിലെ പല സ്ഥാപനങ്ങളിലും സ്ത്രീകൾ മേലധികാരികളായുണ്ട്. കൃഷിഭവൻ, താലൂക്ക് പട്ടികജാതി ഓഫീസ്, ഇറിഗേഷൻ ഓഫീസ്, വിവിധ സ്ക്കൂളുകൾ എന്നിവ ഇതിനുദാഹരണങ്ങളാണ്.

സാമൂഹ്യക്ഷേമം

അംഗൻവാടികൾ സൂക്ഷിച്ചിരിക്കുന്ന രജിസ്റ്ററുകൾ സർവ്വേറിപ്പോർട്ടുകൾ എന്നിവയിൽ നിന്നും സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യസംബന്ധമായ റിപ്പോർട്ടുകൾ ലഭിക്കുന്നതാണെങ്കിലും, പല അംഗൻവാടികളിലെയും രജിസ്റ്ററുകൾ പൂർണ്ണമല്ല. സമൂഹത്തിൽ സാമ്പത്തികമായി മുന്നോക്കം നിൽക്കുന്നവർ സ്വകാര്യ ആശുപത്രികളിൽ നിന്ന് ചികിത്സനേടുകയും മരുന്നുകൾ വാങ്ങുകയും പോഷകാഹാരങ്ങൾ വാങ്ങി ഉപയോഗിക്കുകയും ചെയ്യുന്നതിനാൽ ഈ രംഗങ്ങളിൽ മറ്റു ക്ഷേമപ്രവർത്തനങ്ങൾ ഈ വിഭാഗത്തിനില്ല. എന്നാൽ സാമ്പത്തിക പിന്നോക്കാവസ്ഥയിൽ കഴിയുന്നവർക്ക് വേണ്ട രീതിയിലുള്ള പരിചരണം ലഭിക്കുന്നില്ല. ഗർഭിണികൾക്കും, അമ്മമാർക്കും, കുഞ്ഞുങ്ങൾക്കും വേണ്ട സംരക്ഷണവും, പരിചരണവും ലഭ്യമാക്കണം. ചെറുപ്രായത്തിൽ വിവാഹിതരാകുന്ന പെൺകുട്ടികളും സമൂഹത്തിലുണ്ട്. ദാമ്പത്യജീവിതത്തെപ്പറ്റി യാതൊരു വിധ വിവരവും ഇല്ലാതെ വിവാഹിതരാകുന്ന പെൺകുട്ടികൾക്ക് സാമൂഹ്യക്ഷേമ വകുപ്പു വഴി ബോധവല്ക്കരണം നൽകണം. ചെറുപ്രായത്തിലുള്ള വിവാഹം കഴിവതും ഒഴിവാക്കാൻ സാമൂഹ്യക്ഷേമവകുപ്പിന്റെയും ആരോഗ്യവകുപ്പിന്റെയുംആഭിമുഖ്യത്തിൽ ബോധവല്ക്കരണ പരിപാടികളും മറ്റും നടത്താൻ നടപടി സ്വീകരിക്കണം. അംഗൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തണം.

വനിതാ മേഖല നേരിടുന്ന പ്രശ്നങ്ങൾ

1. തൊഴിലില്ലായ്മ സ്ത്രീകൾക്കിടയിലെ ഒരു പ്രധാന പ്രശ്നമാണ്. തൊഴിൽ രംഗത്തെ വേതന നിരക്ക് പുരുഷന്മാരേക്കാൾ സ്ത്രീകൾക്ക് വളരെ കുറവാണ്.
2. സാമൂഹ്യ-സേവനരംഗത്ത് സ്ത്രീകൾ പിന്നോക്കം നില്ക്കുന്നു.
3. സ്വയം തൊഴിൽ രംഗത്ത് സ്ത്രീകൾ കൂടുതലായി പങ്കെടുക്കുന്നില്ല.
4. ഉയർന്ന വിദ്യാഭ്യാസ രംഗത്തെ പിന്നോക്കാവസ്ഥയും, വായനാശീലം ഇല്ലാതായതും ദോഷകരമാണ്.
5. തൊഴിൽ രംഗത്തെ അജ്ഞത
6. സ്ത്രീകൾക്കായി സർക്കാർ നടത്തുന്ന പദ്ധതികളെക്കുറിച്ചുള്ള അജ്ഞത.
8. അന്ധവിശ്വാസം, അനാചാരം എന്നിവയിൽ നിന്നുള്ള മോചനം ലഭിക്കുവാനുള്ള ബോധവല്ക്കരണങ്ങളുടെ കുറവ്.
9. സ്ത്രീകൾ സ്വയം പുരുഷന്മാരുടെ സുഖസന്തോഷത്തിനായി പ്രവർത്തിക്കുന്നതുകൊണ്ട്, ദുർബലയാണെന്ന ധാരണ വളരുന്നുണ്ട്.

സാദ്ധ്യതകൾ

സ്വന്തം കാലിൽ നില്ക്കുവാനുള്ള ശേഷി ലഭിക്കുന്ന വനിതകൾക്ക് മാത്രമേ സ്വയം തീരുമാനമെടുക്കാനുള്ള കഴിവുണ്ടാകൂ. സ്വന്തമായി വരുമാനമുള്ള വനിതകൾക്ക് സമൂഹം കൂടുതൽ അംഗീകാരം കൊടുക്കുന്നതായി കാണാം. അതിനാൽ സ്ത്രീകൾക്കായി ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കേണ്ടതാണ്. പച്ചക്കറിതോട്ടം, മെഴുകുതിരി നിർമ്മാണം, റബ്ബറധിഷ്ഠിത ചെറുകിട വ്യവസായങ്ങൾ, തീപ്പെട്ടി നിർമ്മാണം, റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, കോഴിവളർത്തൽ, പന്നിവളർത്തൽ, കന്നുകാലി വളർത്തൽ, റേഡിയോ & റ്റി.വി. അസംബ്ലിംഗ്, കളിപ്പാട്ട നിർമ്മാണം തുടങ്ങി വിവിധ തൊഴിൽ സംരംഭങ്ങൾ സ്ത്രീകൾ ഒറ്റയ്ക്കോ കൂട്ടായോ ചെയ്യുവാൻ പദ്ധതിയുണ്ടാക്കണം.

ഇതിലേയ്ക്ക് പഞ്ചായത്തിൽ നിന്നും സഹകരണ സംഘങ്ങളിൽ നിന്നും ധനസഹായം ലഭ്യമാക്കണം.

കോളനിപ്രദേശങ്ങളിലുള്ള നിർധനരായ പെൺകുട്ടികൾക്ക് ഉന്നതവിദ്യാഭ്യാസം ലഭിക്കുവാൻ പ്രോത്സാഹനവും, സഹായവും ചെയ്യണം. പഞ്ചായത്തിലെ അംഗൻവാടികൾ പുനരുദ്ധരിക്കണം. സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത അംഗൻവാടികൾക്ക് സ്ഥലവും കെട്ടിടവും ഉണ്ടാക്കുവാൻ പഞ്ചായത്ത് നടപടി സ്വീകരിക്കണം. പുറംമ്പോക്ക് ഭൂമികൾ ഇതിനായി ഉപയോഗിക്കണം.

സ്ത്രീകൾക്കായുള്ള തൊഴിൽ സംരംഭങ്ങൾക്ക് ലോണുകൾ കൊടുക്കുമ്പോൾ വലിയ ഈട് ചോദിക്കുന്നത് ഒഴിവാക്കണം. അപകർഷതാബോധം സ്ത്രീകളിൽ ഉണ്ടാകുന്നത് ഒഴിവാക്കുവാൻ വേണ്ട പ്രചരണം നടത്തണം. വനിതാക്ഷേമ കേന്ദ്രവും, ആരോഗ്യ പരിപാലനത്തിന് സ്ത്രീകൾക്ക് ബോധവല്ക്കരണ ക്ലാസ്സുകളും സംഘടിപ്പിക്കണം.


നിർദ്ദേശങ്ങൾ

1. വനിതകൾക്ക് കുടുംബജീവിതത്തെപ്പറ്റിയും, നാടിന്റെ പുരോഗതിയിൽ അവർക്കുള്ള പങ്കിനെപ്പറ്റിയും ബോധവല്ക്കരണം നടത്തണം.
2. മാതൃ-ശിശു പരിപാലനകേന്ദ്രങ്ങൾ രണ്ടു വാർഡിന് ഒന്ന് എന്ന നിലയിൽ തുടങ്ങണം.
3. വിധവാപെൻഷൻ ലഭിക്കുന്നതിനും വിധവകളുടെ പെൺമക്കളുടെ വിവാഹത്തിനു ലഭിക്കുന്ന സഹായം ലഭ്യമാക്കുന്നതിനും ഉള്ള നടപടികൾ ലഘൂകരിക്കുക.
4. സ്ത്രീകൾക്കായി IRDP പദ്ധതിയിൽ കൂടുതൽ ചെറുകിട തൊഴിൽ സംരംഭങ്ങൾ തുടങ്ങണം.
5. എല്ലാ വാർഡിലും ഓരോ വനിതാവ്യവസായ യൂണിറ്റ് തുടങ്ങുവാൻ സഹായം നല്കണം. തൊഴിൽ പരിശീലനവും കൊടുക്കണം.
6. വായനാശീലം സ്ത്രീകൾക്കിടയിൽ വളർത്തുവാൻ വേണ്ട ബോധവല്ക്കരണ പരിപാടികൾ പഞ്ചായത്ത് തലത്തിൽ നടത്തണം.
7. പഞ്ചായത്തടിസ്ഥാനത്തിൽ വനിതാവ്യവസായ സംഘം രൂപീകരിക്കണം.
8. ടി.വി., സിനിമാ, മാസികകളിലെ സംസ്ക്കാരശൂന്യമായ പ്രചരണങ്ങളും വഴിതെറ്റിക്കുന്ന പരസ്യങ്ങളും ഇല്ലാതാക്കാൻ വേണ്ട നടപടി സ്വീകരിക്കണം.
9. കാഞ്ഞിരപ്പള്ളി പേട്ടക്കവലയിലും, കുരിശുകവലയിലും സ്ത്രീകൾക്കായി കംഫർട്ട് സ്റ്റേഷൻ സ്ഥാപിക്കണം.
10. സ്ത്രീധനത്തിനും, സ്ത്രീപീഡനത്തിനും എതിരെ കർശന നടപടി സ്വീകരിക്കണം.
11. പെൺകുട്ടികളെ ജോലിക്കു വിടുന്നത് തടയുക. തുല്യജോലിക്ക് തുല്യവേതനം ഉറപ്പാക്കുക.
12. എല്ലാ വാർഡുകളിലും മഹിളാസമാജങ്ങളും അവയ്ക്കായി കൗൺസലിംഗ് സെൻററും ആരംഭിക്കണം.
14. സ്ത്രീകളുടെ അലസവസ്ത്രധാരണം പുരുഷന്മാരെ അക്രമാസക്തരാക്കുന്നു. ഇതിന് സ്ത്രീകൾക്ക് മഹിളാസമാജങ്ങളും, മറ്റു സംഘടനകൾ വഴിയും, മാധ്യമങ്ങളിലൂടെയും ബോധവല്ക്കരണം നൽകണം.
15. എല്ലാ വാർഡുകളിലും വനിതാസഹകരണസംഘങ്ങൾ ആരംഭിക്കണം.
16. വിദ്യാലയങ്ങളിൽ പെൺകുട്ടികൾ പാഠ്യേതര പ്രവർത്തനങ്ങളിൽ കൂടുതൽ പങ്കെടുക്കുവാൻ വേണ്ട സൗകര്യങ്ങൾ ഉണ്ടാവണം.
17. മദ്യവില്പന തടയണം.

"ഇന്ത്യയുടെ മുഴുവൻ ഏകാധിപതിയായി ഒരു മണിക്കൂർ നേരത്തേക്ക് ഞാൻ നിയമിക്കപ്പെട്ടാൽ ഒന്നാമതായി ഞാൻ ചെയ്യുന്ന കാര്യം നഷ്ടപരിഹാരം ഒന്നും കൊടുക്കാതെ എല്ലാ മദ്യഷാപ്പുകളും അടച്ചിടുകയായിരിക്കും"

—ഗാന്ധിജി





സഹകരണമേഖല

കാഞ്ഞിരപ്പള്ളി പഞ്ചായത്തിൽ സഹകരണപ്രസ്ഥാനം വളരെക്കാലം മുമ്പുതന്നെ വേരൂന്നിയിട്ടുള്ളതാണ്.

1927-ൽ 1537-ാം നമ്പർ "പരസ്പരസഹായ സംഘം" എന്ന പേരിലാരംഭിച്ച സംഘം സെൻട്രൽ സർവ്വീസ് സഹകരണ ബാങ്കായും, 1938-ൽ 2061-ാം നമ്പറായി "കാഞ്ഞിരപ്പള്ളി വിനിയോജകസംഘം" എന്ന പേരിൽ ആരംഭിച്ച് "മഞ്ഞപ്പള്ളി വിനിയോജക പരസ്പരസഹായകസംഘ" മെന്നും, പിന്നീട് കാഞ്ഞിരപ്പള്ളി സർവ്വീസ് സഹകരണബാങ്കായും പരിണമിച്ചു. സാധാരണ രീതിയിൽ ആരംഭിച്ച ഇരുബാങ്കുകളും കോടികളുടെ ആസ്തിയും, ഡിപ്പോസിറ്റും, പ്രശസ്തിയും ഉള്ള ധനകാര്യ സ്ഥാപനങ്ങളായി മാറി.

സഹകരണ സ്ഥാപനങ്ങൾ

പഞ്ചായത്തിലെ ഒന്നാം വാർഡിൽ പട്ടികജാതി സഹകരണ സംഘം പ്രവർത്തിക്കുന്നു.

രണ്ടാം വാർഡിൽ കാഞ്ഞിരപ്പള്ളി സർവ്വീസ് സഹകരണബാങ്കിന്റെ ഒരു ശാഖ തമ്പലക്കാട് പ്രവർത്തിക്കുന്നു.

മൂന്നാംവാർഡിൽ കാഞ്ഞിരപ്പള്ളി സർവ്വീസ് സഹകരണബാങ്കിന്റെ ഒരു ശാഖ കാളകെട്ടിയിൽ പ്രവർത്തിക്കുന്നു.

പഞ്ചായത്തിന്റെ ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്ന അഞ്ചാംവാർഡിൽ ആണ് ഏറ്റവും കൂടുതൽ സഹകരണസ്ഥാപനങ്ങൾ ഉള്ളത്. കേരളത്തിലെ മികച്ച ബാങ്കായ കാഞ്ഞിരപ്പള്ളി സർവ്വീസ് സഹകരണബാങ്ക്, പ്രഭാതസായാഹനകൗണ്ടർ, ജനതാ ഡിപ്പാർട്ട്മെന്റ് സ്റ്റോർ, കാഞ്ഞിരപ്പള്ളി ഭവന നിർമ്മാണ സഹകരണസംഘം, മീനച്ചിൽ സഹകരണ കാർഷിക വികസന ബാങ്ക് ശാഖ, മീനച്ചിൽ ഈസ്റ്റ് അർബൻ സഹകരണ ബാങ്ക് ശാഖ, കാഞ്ഞിരപ്പള്ളി താലൂക്ക് ഗവ. എംപ്ലോയീസ് സഹകരണ സംഘം, കാഞ്ഞിരപ്പള്ളി റബ്ബർ മാർക്കറ്റിംങ്ങ് സഹകരണസംഘം, കാഞ്ഞിരപ്പള്ളി താലൂക്ക് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് സഹകരണസംഘം, ജില്ലാ സഹകരണ ബാങ്ക് ശാഖ എന്നിവയ്ക്കും സർക്കിൾ സഹകരണ യൂണിയനും അഞ്ചാം വാർഡിലാണ്.

ഏഴാം വാർഡിൽ പേട്ടക്കവലയിൽ കാഞ്ഞിരപ്പള്ളി സെൻട്രൽ സർവ്വീസ് സഹകരണബാങ്ക്, കൺസ്യൂമർ സ്റ്റോർ, വനിതാ റെഡിമേയ്ഡ് (കിം) ഷോപ്പ് തുടങ്ങിയവ പ്രവർത്തിക്കുന്നു.

9-ാം വാർഡിൽ കാഞ്ഞിരപ്പള്ളി എഡ്യൂക്കേഷണൽ സഹകരണസംഘം പ്രവർത്തിക്കുന്നു.

12-ാം വാർഡിൽ I.R.D.P ലോണെടുത്ത് ആരംഭിച്ച വിഴിക്കത്തോട് വനിതാപ്രസ്, മിൽമാ സൊസൈറ്റി, റിക്കോപ്പ്സ് എന്ന റബ്ബറധിഷ്ഠിത വ്യവസായ ഫാക്ടറി, കാഞ്ഞിരപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക് ശാഖ എന്നിവ പ്രവർത്തിക്കുന്നു. 14-ാം വാർഡിൽ കൊരട്ടിയിൽ ഒരു വനിതാ സഹകരണ സംഘവും, എരുമേലി സർവ്വീസ് സഹകരണബാങ്ക് വക വളം ഡിപ്പോയും ഉണ്ട്.

താലൂക്ക് ചെത്ത് തൊഴിലാളി സഹകരണസംഘം, തമ്പലക്കാട് പട്ടികജാതി സഹകരണസംഘം, മലനാട് കരകൗശലസഹകരണസംഘം എന്നിവയും വിവിധ മേഖലകളിലായി പ്രവർത്തിച്ചു വരുന്നു.

ഏഴു സ്കൂളുകളിൽ വിജയകരമായി സ്കൂൾ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു.

മേൽപ്പറഞ്ഞവയിൽ ഭൂരിഭാഗം സംഘങ്ങളും നല്ല നിലയിൽ പ്രവർത്തിക്കുന്നുവെങ്കിലും. ചിലത് പേരിനു മാത്രം ഒതുങ്ങിനിന്ന് യാതൊരുവിധ പ്രവർത്തനങ്ങളുമില്ലാത്ത അവസ്ഥയിലാണ്. മുമ്പ് നല്ല നിലയിൽ പ്രവർത്തിച്ചിരുന്ന പല പ്രസ്ഥാനങ്ങളും ഭരണവൈകല്യവും സാമ്പത്തിക ഞെരുക്കവുംമൂലം നിശ്ചലമായി, കൊരട്ടി, ആനക്കല്ല്, പ്രദേശത്ത് സർവ്വീസ് സഹകരണബാങ്കിന്റെ ശാഖ തുടങ്ങണം.

സഹകരണസംഘങ്ങളുടെ പ്രവർത്തനം

പഞ്ചായത്തിലെ രണ്ടു വായ്പാ സംഘങ്ങൾ വിവിധയിനം വായ്പകൾ ആയിരക്കണക്കിനു അംഗങ്ങൾക്ക് വിതരണം ചെയ്യുന്നു. കൃഷി വായ്പ, സ്വയം തൊഴിൽ വായ്പ, I.R.D.P വായ്പ, സ്വർണ്ണപണയ വായ്പ, വാഹനവായ്പ, ഭവനനിർമ്മാണം, ബിസിനസ്സ് വായ്പ തുടങ്ങിയവയും, ചിട്ടികൾ, ബാങ്കിംഗ് ഇടപാടുകൾ, വളം, കീടനാശിനി, പലചരക്ക്, സ്റ്റേഷനറി തുടങ്ങിവയുടെ കച്ചവടവും ഉണ്ട്. കാഞ്ഞിരപ്പള്ളി സർവ്വീസ് സഹകരണബാങ്കിന്റെ കീഴിലുള്ള ജനതാഡിപ്പാർട്ട്മെന്റ് സ്റ്റോറിൽ ന്യായമായ വിലയ്ക്ക് മെച്ചപ്പെട്ട സാധനങ്ങൾ ലഭിക്കും. കാഞ്ഞിരപ്പള്ളി സെൻട്രൽ സർവ്വീസ് സഹകരണബാങ്കിന്റെ കീഴിൽ പുതുതായി തുടങ്ങിയ കൺസ്യൂമർ സ്റ്റോർ നന്നായി പ്രവർത്തിക്കുന്നു. റബ്ബർ കർഷകരുടെ ഉന്നമനത്തിനായി ആരംഭിച്ച റബ്ബർ മാക്കറ്റിംഗ് സൊസൈറ്റിയുടെ കീഴിൽ തുടങ്ങിയ ചെരുപ്പുനിർമ്മാണ ഫാക്ടറിയുടെ പ്രവർത്തനം മന്ദഗതിയിലാണെങ്കിലും, കർഷകർക്കുള്ള വളവും കീടനാശിനികളും വിതരണം ചെയ്യുകയും ന്യായമായ വിലയ്ക്ക് കർഷകരിൽ നിന്ന് റബ്ബർ വാങ്ങുകയും ചെയ്യുന്നു. മണങ്ങല്ലൂരിലെ ഹരിജൻ വിവിധോദ്ദേശസഹകരണസംഘം ഇപ്പോൾ പ്രവർത്തിക്കുന്നില്ല. കാഞ്ഞിരപ്പള്ളി ഭവനനിർമ്മാണ സഹകരണസംഘം വളരെ നല്ല നിലയിൽ പ്രവർത്തിച്ചു കേരളത്തിലെ തന്നെ പ്രമുഖ സൊസൈറ്റിയായി വളർന്നിരിക്കുന്നു. കാഞ്ഞിരപ്പള്ളി പഞ്ചായത്തിൽ വിപുലമായ മൂന്ന് ഹൗസിംഗ് പ്രോജക്ടുകൾ ടി സൊസൈറ്റി പ്രവർത്തികമാക്കിയിട്ടുണ്ട്.

പഴം, പച്ചക്കറി സംഘങ്ങൾ ഇല്ലാത്തത് കർഷകർക്ക് ന്യായവില ലഭിക്കാതിരിക്കുന്നതിന് കാരണമാകുന്നു. ഒരു കേരകർഷക സഹകരണസംഘം കാഞ്ഞിരിപ്പള്ളിയിൽ തുടങ്ങേണ്ടതാണ്. ഏറ്റവും കൂടുതൽ ഹരിജനങ്ങളുള്ള പതിമൂന്നാം വാർഡിൽ കൂവപ്പള്ളി കേന്ദ്രമാക്കി ഒരു ഹരിജൻ സൊസൈറ്റി സ്ഥാപിക്കണം.

ബൃഹത്തായ ഈ പഞ്ചായത്തിൽ ഒരു സഹകരണാശുപത്രിയുടെ അപര്യാപ്തത വളരെയുണ്ട്. ക്ഷീര സംഘങ്ങൾ തുടങ്ങി കർഷകർക്ക് പാലിന് ന്യായമായ വിലയും, കാലിത്തീറ്റ, തൊഴുത്ത് എന്നിവയ്ക്കുള്ള സഹായവും ചെയ്യണം. നല്ലയിനം പശുക്കളെ വാങ്ങുവാൻ ബാങ്ക് വായ്പ നൽകണം.

കാഞ്ഞിരപ്പള്ളി കേന്ദ്രീകരിച്ച് താലൂക്കടിസ്ഥാനത്തിൽ ഒരു സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് സ്ഥാപിക്കുകയെന്നത് ദശാബ്ദങ്ങളായി കർഷകർ ഒന്നടങ്കം ആവശ്യപ്പെടുന്ന ഒരടിയന്തിര ആവശ്യമാണ്. കാഞ്ഞിരപ്പള്ളി, മീനച്ചിൽ താലൂക്കുകൾക്കായി പാലായിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന മീനച്ചിൽ സഹകരണ കാർഷിക ഗ്രാമവികസനബാങ്കിന്റെ ശാഖയാണ് കാഞ്ഞിരപ്പള്ളിയിൽ ഇപ്പോൾ പ്രവർത്തിക്കുന്നത്. വസ്തുവിന്റെ വിലനിർണ്ണയം നടത്തി വായ്പ അനുവദിപ്പിക്കുന്നതിനും മറ്റാവശ്യങ്ങൾക്കുമായി പാലായിൽ പോയി കാര്യം സാധിക്കേണ്ട അവസ്ഥയിലാണ് ഇന്നും കാഞ്ഞിരപ്പള്ളിക്കാർ ഇതൊട്ടേറെ കഷ്ടനഷ്ടങ്ങൾക്കും ബുദ്ധിമുട്ടുകൾക്കും കാരണമാക്കുന്നു. റിസർവ്വ് ബാങ്കിന്റെ നിർദ്ദേശങ്ങളും മറ്റും ഉണ്ടെങ്കിലും നാളിതുവരെ താലൂക്കടിസ്ഥാനത്തിൽ പ്രസ്തുതബാങ്ക് ബൈഫർക്കേറ്റ് ചെയ്തിട്ടില്ലായെന്നത് പ്രതിഷേധാർഹമായ ഒരു വസ്തുതയാണ്. ഇതിനൊരു പരിഹാരം ഉണ്ടായേ മതിയാവൂ. ടി ബാങ്കിനെ ബൈഫർക്കേറ്റ് ചെയ്തു കാഞ്ഞിരപ്പള്ളി താലൂക്കിന് പ്രത്യേകം ബാങ്കിന് രൂപം നൽകേണ്ടതാണ്. ബ്രാഞ്ച് ഓഫീസിന് സ്ഥലവും കെട്ടിടവും ഉള്ളത് ഇങ്ങനെ പുതുതായി രൂപീകൃതമാവുന്ന ബാങ്കിന് ഉപയോഗപ്പെടുത്തുകയും ചെയ്യാം.

കാഞ്ഞിരപ്പള്ളി താലൂക്കിലെ ജനങ്ങളുടെ കാർഷികേതര വായ്പാവശ്യങ്ങൾക്കായി മീനച്ചിൽ ഈസ്റ്റ് അർബൻ സഹകരണബാങ്ക് ബൈഫർക്കേറ്റ് ചെയ്തു താലൂക്കടിസ്ഥാനത്തിൽ പ്രത്യേകമായി ഒരു അർബൻ സഹകരണബാങ്കും രൂപീകരിക്കണം.

ഇപ്പോൾ ഈ പഞ്ചായത്തിൽ ഒരു സഹകരണ കൺസ്യൂമർ സംഘം ഇല്ലാത്തത് വലിയ ഒരു പോരായ്മ തന്നെയാണ്. പഞ്ചായത്തടിസ്ഥാനത്തിൽ ഒരു സഹകരണ കൺസ്യൂമർ സംഘം രൂപീകരിച്ച് ഗവൺമെന്റിന്റെ വിവിധ സൗജന്യങ്ങൾ അതുവഴി പ്രയോജനപ്പെടുത്തേണ്ടതാണ്.

കാഞ്ഞിരപ്പള്ളി ക്ഷീരോല്പാദനരംഗത്ത് ഒട്ടേറെ മുൻപിലാണെങ്കിലും ക്ഷീരോല്പാദക സഹകരണ സംഘം നിലവിലില്ലാത്തത് ക്ഷീരോല്പാദകർക്ക് വലിയ നഷ്ടം തന്നെയാണ്. പഞ്ചായത്തടിസ്ഥാനത്തിൽ ഒരു ക്ഷീരോല്പാദന സഹകരണസംഘം രൂപീകരിക്കേണ്ടതുണ്ട്.

വായ്പാ സഹകരണസംഘങ്ങൾ

സംഘത്തിന്റെ പേര്	കാഞ്ഞിരപ്പള്ളി സെൻട്രൽ സർവ്വീസ് സഹകരണബാങ്ക്	കാഞ്ഞിരപ്പള്ളി സർവ്വീസ് സർവ്വീസ് സഹകരണബാങ്ക്
പ്രവർത്തനം ആരംഭിച്ച വർഷം	**1927**	**1938**
പ്രവർത്തന പരിധി	കാഞ്ഞിരപ്പള്ളി പഞ്ചായത്തിലെ 6,7 വാർഡ്	കാഞ്ഞിരപ്പള്ളി പഞ്ചായത്തിലെ 1,2,3,4,5,8,9,10,11,12,13,14 പാറത്തോട് 1,2 വാർഡ്
വ്യക്തി അംഗത്വം	5421	14621
ഓഹരി മൂലധനം	30,25,000/-	75,50,000/-
നിക്ഷേപം സ്ഥിരം	89,95,792/-	11,70,41,225/-
ഹ്രസ്വകാലം	67,59, 758/-	1,77,98,835/-
കാർഷിക വായ്പകൾ	7,07,107/-	1,27,74,167/-
കാർഷികേതര വായ്പകൾ	2,61,05,230/-	5,22,67,298/-

ദേശസാത്കൃതബാങ്കുകൾ:

ഫെഡറൽ ബാങ്ക്, സൗത്ത് ഇൻഡ്യൻ ബാങ്ക്, കാത്തലിക് സിറിയൻ ബാങ്ക്, ഇന്ത്യൻ ഓവർസീസ് ബാങ്ക്, ബാങ്ക് ഓഫ് ബറോഡ, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ എന്നിവ അഞ്ചാം വാർഡിലും, സൗത്ത് ഇൻഡ്യൻ ബാങ്കിന്റെ ഒരു ശാഖ തമ്പലക്കാട്ടും, കാത്തലിക് സിറിയൻ ബാങ്കിന്റെ ഒരു ശാഖ കൂവപ്പള്ളിയിലും പ്രവർത്തിക്കുന്നു. ഈ ബാങ്കുകൾ പഞ്ചായത്തിലെ ജനങ്ങളുടെ സാമ്പത്തിക പുരോഗതിയിൽ ഗണ്യമായ പങ്കുവഹിക്കുന്നു. കാർഷിക വായ്പകളും ഈ ബാങ്കുകൾ വിതരണം ചെയ്യുന്നുണ്ട്. എന്നാൽ, ഈ ബാങ്കുകളിൽ നിക്ഷേപങ്ങൾക്ക് അനുസൃതമായി വായ്പകൾ വിതരണം ചെയ്യുവാൻ തയ്യാറല്ലാത്തത് പ്രതിക്ഷേധാർഹമാണ്. വായ്പകൾ ലഭിക്കണമെങ്കിൽ തന്നെയും ഭാരിച്ച ഈടും ജാമ്യവും നൽകേണ്ടതായും വരുന്നു.

സഹകരണ പ്രസ്ഥാനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ

അംഗങ്ങൾ എടുക്കുന്ന വായ്പകൾ യഥാസമയം അടച്ചുതീർക്കാത്തതുമൂലം കുടിശിഖ വർദ്ധിക്കുകയും. ഇത് സഹകരണ ബാങ്കുകളുടെ പ്രവർത്തനം തന്നെ മന്ദീഭവിപ്പിക്കുകയും ചെയ്യുന്നു. മാറിമാറി വരുന്ന ഭരണസമിതികൾ കൂട്ടായി പ്രവർത്തിച്ചാൽ ഈ കുടിശിഖകൾ കുറെയൊക്കെ തിരിച്ചടപ്പിക്കാൻ കഴിയും. കാഞ്ഞിരപ്പള്ളി സെൻട്രൽ സർവ്വീസ് സഹകരണബാങ്ക് ഭീമമായ വായ്പാ കുടിശിഖമൂലം പ്രതിസന്ധിയിലാണ്. കൂടുതൽ ഡിപ്പോസിറ്റുകൾ ഉള്ള ബാങ്കുകൾക്ക്, കൂടുതൽ വായ്പാ പദ്ധതികൾ അനുവദിച്ചു കൊടുക്കാത്തത് ബാങ്കുകളെ നഷ്ടത്തിലാക്കുന്നതിനു കാരണമാണ്. കാഞ്ഞിരപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക് കേരളത്തിലെ തന്നെ ഏറ്റവും കൂടുതൽ മൂലധനമുള്ള ബാങ്കുകളിലൊന്നാണ്.

ദേശസാത്കൃത ബാങ്കുകൾ നൽകുന്ന വായ്പകൾ സഹകരണ ബാങ്കുകളിലൂടെയും നൽകുന്നതിലുള്ള പരിമിതി സഹകരണബാങ്കുകളെ നഷ്ടത്തിലെത്തിക്കുന്നതിൽ കാരണമാക്കുന്നുണ്ട്.

രണ്ടു കോടിരൂപാ സമാഹരിച്ചാൽ സ്വകാര്യമേഖലയിൽ ബാങ്കുകൾക്ക് ലൈസൻസ് നൽകാമെന്നത് സഹകരണ മേഖലയ്ക്ക് ഒരു കനത്ത വെല്ലുവിളിയാണ്. കൊമേഴ്സ്യൽ ബാങ്കുകളിലെ നിക്ഷേപങ്ങൾക്ക് അധികപലിശ നൽകാമെന്നത് സഹകരണമേഖലയിലെ നിക്ഷേപങ്ങളെ ശോഷിപ്പിക്കുന്നു. അധികമായ സിൽബന്തി ചെലവും, തൻചെലവും പലിശയിലുള്ള അസന്തുലിതാവസ്ഥയും സഹകരണബാങ്കുകളിൽ പ്രതിസന്ധിയുണ്ടാക്കുന്നുണ്ട്.

സഹകരണ പ്രസ്ഥാനങ്ങളിലൂടെ കൂടുതൽ ഗ്രാമീണ ക്ഷേമപദ്ധതികൾ ആവിഷ്ക്കരിക്കണം. കൃഷി, കന്നുകാലി വളർത്തൽ, കോഴി, ആട് വളർത്തൽ, കുടിൽ വ്യവസായങ്ങൾ, വനിതാ തൊഴിൽ പ്രസ്ഥാനങ്ങൾ എന്നിവ തുടങ്ങുന്നതിന് ഗ്രാമീണ മേഖലകളിൽ സംഘങ്ങൾ പ്രവർത്തിച്ചു തുടങ്ങണം. റബ്ബറധിഷ്ഠിതവ്യവസായങ്ങളും ഊർജ്ജോല്പന്നപദ്ധതികളും സഹകരണ മേഖലയിൽ തുടങ്ങിയാൽ ഒരു പരിധിവരെ തൊഴിലില്ലായ്മ കുറയ്ക്കാം.

സഹകരണസംഘങ്ങളുടെ എല്ലാവിധ ഡേറായും ശേഖരിച്ചിരിക്കുന്ന 'അഗ്രിക്കൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ' (ACSTI) നഷ്ടത്തിലായ സഹകരണ സ്ഥാപനങ്ങളെക്കുറിച്ച് പഠിച്ച് അവ പുനഃരുദ്ധരിക്കാനുള്ള നടപടികൾ സ്വീകരിക്കാൻ നിർദ്ദേശമുണ്ടാകണം.

നിർദ്ദേശങ്ങൾ:

1. പഞ്ചായത്തിന്റെ പദ്ധതികളിൽ നിർണായകപങ്കുള്ള സഹകരണ മേഖലയെ ഉല്പാദന വ്യാപാര മേഖലകളിൽ ഫലപ്രദമായി ഉപയോഗിക്കണം.
2. പഞ്ചായത്തിൽ മാർക്കറ്റിംങ് സഹകരണ സംഘങ്ങൾ, ലേബർ കോൺട്രാക്ട്, മിൽക്കു സൊസൈറ്റി, കൺസ്യൂമർ സൊസൈറ്റി എന്നിവ രൂപീകരിക്കണം.
3. വീട്ടുപകരണങ്ങളും, ഫർണിച്ചറുകളും തവണ വ്യവസ്ഥയിൽ തുക അടച്ച് വായ്പയായി നൽകണം.
4. ഓഫീസുകളില്ലാത്ത സഹകരണപ്രസ്ഥാനങ്ങൾക്ക് സ്വന്തമായി ഓഫീസ് കെട്ടിടം ഉണ്ടാക്കുവാൻ പുറമ്പോക്കുകൾ ലഭ്യമാക്കണം.
5. പഞ്ചായത്തിൽ സഹകരണ ആശുപത്രി തുടങ്ങണം.
6. എല്ലാ വാർഡിലും വ്യവസായസഹകരണ സംഘങ്ങൾ രൂപീകരിക്കണം.
7. വനിതാസഹകരണസംഘങ്ങൾ രൂപീകരിച്ച് ചെറുകിടതൊഴിൽ യൂണിറ്റുകൾ ആരംഭിക്കണം.
8. കാർഷിക വ്യവസായങ്ങൾക്കും, റബ്ബറധിഷ്ഠിത വ്യവസായങ്ങൾക്കും സാമ്പത്തിക സഹായം നൽകണം.
9. സഹകരണ സംഘങ്ങളിലെ വായ്പാ സമ്പ്രദായം ലളിതമാക്കുക.
10. കാഞ്ഞിരപ്പള്ളിയിൽ ഒരു സഹകരണന്യായവിലഹോട്ടൽ ആരംഭിക്കുക.
11. കൊരട്ടി, ആനക്കല്ല് എന്നിവിടങ്ങളിൽ സർവ്വീസ് സഹകരണബാങ്കിന്റെ ശാഖ ആരംഭിക്കണം.
12. സഹകരണസംഘങ്ങളുടെ ഓഡിറ്റിന് വേണ്ടി വരുന്ന തുകയുടെ പകുതിയെങ്കിലും സർക്കാർ നൽകുവാനുള്ള നടപടികൾ ഉണ്ടാകണം.
13. ദേശസാത്കൃത ബാങ്കുകളിലെ നിക്ഷേപങ്ങൾക്ക നുസൃതമായി വായ്പകളും നൽകാൻ നടപടിയുണ്ടാകണം.
14. മറ്റു സ്ഥാപനങ്ങളിൽ ഹെഡ്ഓഫീസുള്ള സ്വകാര്യ പണമിടപാടു സ്ഥാപനങ്ങളുടെ പ്രവർത്തനം പരിശോധിച്ചു വിലയിരുത്തുവാനും അവയുടെ നിക്ഷേപ വായ്പാ അനുപാതം നിർണ്ണയിക്കുന്നതിനും ഗ്രാമപഞ്ചായത്തുകൾക്ക് അധികാരം നൽകുക.
15. മീനച്ചിൽ സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് അടിയന്തിരമായി ബൈഫർക്കേറ്റ് ചെയ്ത് കാഞ്ഞിരപ്പള്ളി താലൂക്കടിസ്ഥാനത്തിൽ സഹകരണ കാർഷിക ഗ്രാമവികസനബാങ്കിന് രൂപം നൽകണം.
16. മീനച്ചിൽ ഈസ്റ്റ് അർബൻ സഹകരണ ബാങ്ക് ബൈഫർക്കേറ്റ് ചെയ്തു കാഞ്ഞിരപ്പള്ളി താലൂക്കടിസ്ഥാനത്തിൽ പുതിയ അർബൻ ബാങ്കിനു രൂപം നൽകണം.
17. കേരള സഹകരണനിയമം കാലോചിതമായി ഭേദഗതി ചെയ്യുകയും സഹകരണ രജിസ്ട്രാറിൽ കേന്ദ്രീകൃതമായിരിക്കുന്ന വിപുലമായ അധികാരങ്ങൾ കുറച്ച് സംഘാംഗങ്ങളുടെ പൊതുയോഗത്തിന് നിർണ്ണായകമായ അധികാരങ്ങൾ നൽകുകയും വേണം.





യുവജനക്ഷേമം സ്പോർട്സ്

സ്വതന്ത്രഭാരതം എട്ട് പഞ്ചവത്സര പദ്ധതികൾ പിന്നിട്ട് ഒൻപതാം പദ്ധതിയിലേയ്ക്ക് കടക്കുമ്പോൾ നാം നേരിടുന്ന ഏറ്റവും വലിയ ഭീഷണി തൊഴിലില്ലായ്മയാണ്. ലക്ഷക്കണക്കിന് അഭ്യസ്തവിദ്യരായ തൊഴിൽ രഹിതരുള്ള ഭാരതം സ്വാതന്ത്ര്യത്തിന്റെ അമ്പതാം വാർഷികം ആഘോഷിക്കാനുള്ള തിരക്കിലാണ്. രാജ്യത്ത് മാറിമാറി വരുന്ന ഗവൺമെന്റുകൾ ഇരുപത് ശതമാനം വരുന്ന സമ്പന്നരുടെ സുഖലോലുപതയ്ക്കായി സാമ്പത്തിക നയങ്ങൾ എഴുതിയുണ്ടാക്കുമ്പോൾ, ഇവിടുത്തെ യുവജനപ്രസ്ഥാനങ്ങൾ വിപ്ലവസമരങ്ങളുടെ ഗാഥകൾ സൃഷ്ടിക്കുകയാണ്. മാറിമാറി വരുന്ന ഗവൺമെന്റുകളിൽ വിശ്വാസം നഷ്ടപ്പെട്ട യുവതലമുറ അരാഷ്ട്രീയവാദത്തിലേയ്ക്കും, നിയമലംഘനത്തിലേയ്ക്കും, അതിലൂടെ അക്രമപ്രവർത്തനത്തിലേയ്ക്കും തിരിയുന്നു. കേരളത്തിൽ മാത്രം തൊഴിൽരഹിതരുടെ എണ്ണം അരക്കോടിയോളമെത്തിയതായാണ് കണക്കുകൾ.

കാർഷിക- വ്യവസായിക രംഗങ്ങളിൽ മുന്നിട്ടു നിൽക്കുന്ന കാഞ്ഞിരപ്പള്ളി പഞ്ചായത്തിലെ, യുവജനങ്ങൾ നേരിടുന്ന ഏറ്റവും രൂക്ഷമായ പ്രശ്നം തൊഴിലില്ലായ്മയാണ്. ഈ പഞ്ചായത്തിലെ 90% യുവതിയുവാക്കളും അഭ്യസ്തവിദ്യരാണ്. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ പരിഹരിക്കുവാൻ യാതൊരു പ്രവർത്തനവും നടക്കാത്തതുകൊണ്ട് വർഷംതോറും തൊഴിൽ രഹിതരുടെ എണ്ണം വർദ്ധിച്ചുവരുന്നു. ഇവിടുത്തെ യുവതിയുവാക്കളുടെ ബുദ്ധിയും, സാങ്കേതിക വൈദഗ്ധ്യവും, പ്രയത്നവും അന്യസംസ്ഥാനങ്ങളിലും വിദേശ രാജ്യങ്ങളിലുമാണ് പ്രയോഗിക്കപ്പെടുന്നത്.

റബ്ബറുല്പാദനം ഏറ്റവും കൂടുതൽ നടക്കുന്ന കാഞ്ഞിരപ്പള്ളി റബ്ബറധിഷ്ഠിത വ്യവസായങ്ങൾ സഹകരണ മേഖലയിൽ ആരംഭിക്കണം. ബാങ്കുകളിൽ നിന്നും, വിദേശത്തു ജോലിചെയ്യുന്നവരിൽ നിന്നും ഇതിന് സഹായം തേടണം. സർക്കാരുകൾ പല തൊഴിൽദാന പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ടെങ്കിലും അത് നൽകുന്ന ബാങ്കുകൾ വളരെ കുറവാണ്. ബ്ലോക്ക് ഡവലപ്മെന്റ് ഓഫിസ് വഴി ചില തൊഴിൽ യൂണിറ്റുകൾ അനുവദിച്ചിട്ടുണ്ടെങ്കിലും പ്രവർത്തിക്കുന്നവ വളരെ കുറവാണ്. കാഞ്ഞിരപ്പള്ളി ബ്ലോക്കിൽ നിന്നും കൂടുതൽ തൊഴിൽദാന പദ്ധതികൾ നടപ്പിലാക്കുവാൻ കൂടുതൽ പണം നീക്കിവയ്ക്കണം. അഭ്യസ്തവിദ്യരായ യുവതിയുവാക്കൾക്ക് കാർഷികരംഗത്ത് സ്വയംതൊഴിൽ കണ്ടെത്തുവാനും പഞ്ചായത്തു തലത്തിൽ പദ്ധതികൾ നടപ്പിലാക്കണം.

ട്രൈസം തൊഴിൽ പരിശീലനത്തിന് കൂടുതൽ ആളുകളെ തെരഞ്ഞെടുക്കണം. പഞ്ചായത്തിലെ സാങ്കേതിക വൈദഗ്ധ്യം നേടിയിട്ടുള്ള യുവതിയുവാക്കളുടെ സർവ്വേ നടത്തി, അവർക്കായി പ്രത്യേക തൊഴിൽ സംരംഭങ്ങൾ കണ്ടെത്തണം. യുവജനങ്ങൾക്ക് സാങ്കേതിക വിദ്യാഭ്യാസം നൽകുന്നതിന് യാതൊരു ഗവ.സ്ഥാപനങ്ങളും ഈ പഞ്ചായത്തിലില്ല. തൊഴിൽ രഹിതർക്ക് സർക്കാർ നൽകുന്ന തൊഴിലില്ലായ്മ വേതനം മുഴുവൻ ആളുകൾക്കും ഇപ്പോൾ ലഭിക്കുന്നില്ല. അഭ്യസ്തവിദ്യർക്ക് തൊഴിൽ നൽകുന്നതിനായി സഹകരണസംഘങ്ങൾ രൂപീകരിക്കുകയും, അവയ്ക്ക് ബാങ്കുകളിൽ നിന്നും സഹായങ്ങൾ ലഭ്യമാക്കുകയും ചെയ്യണം.

കലാ കായിക രംഗം:

കലാ-കായിക രംഗത്ത് കാഞ്ഞിരപ്പള്ളി പഞ്ചായത്തിന് സംസ്ഥാനത്തുതന്നെ സമുന്നത സ്ഥാനമാണുള്ളത്. കേരളത്തിന് കലാ-കായിക രംഗത്ത് വിലപ്പെട്ട സംഭാവനകൾ നൽകിയ കാഞ്ഞിരപ്പള്ളി ഇന്ന് സാങ്കേതിക പരിമിതികളുടെ പിടിയിലാണ്. ഈ രംഗത്ത് അല്പം പ്രോത്സാഹനവും പരിശീലനവും ലഭിക്കുന്നത് സ്കൂളുകളിൽ നിന്നു മാത്രമാണ്. എന്നാൽ, ഈ പഞ്ചായത്തിലെ മിക്ക സ്കൂളുകൾക്കും വേണ്ടത്ര കളിസ്ഥലമോ, സ്പോർട്സ് ഉപകരണങ്ങളോയില്ല. ചില സ്കൂളു

കളിൽ നല്ല നിലയിൽ യുവജനോത്സവങ്ങളും കായികമേളകളും നടക്കുന്നുണ്ട്. എന്നിരുന്നാലും വിദ്യാർത്ഥികളിലെ കലാപരവും, കായികവുമായ കഴിവുകൾ വികസിപ്പിച്ചെടുക്കാൻ വേണ്ട പ്രവർത്തനം ഉണ്ടാകുന്നില്ല.

സബ്ബ് ജില്ലാ കലോത്സവങ്ങളുടെയും കായികമേളകളുടെയും നിലവാരം വർഷംതോറും കുറഞ്ഞു വരുന്നതായി കാണാം. സംസ്ഥാനതലത്തിൽ സ്പോർട്സിലും, ഗെയിംസിലും വിജയം വരിച്ച താരങ്ങൾ ഈ പഞ്ചായത്തിലുണ്ട്. സ്കൂൾ-കോളജ് മീറ്റുകളിൽ കാഞ്ഞിരപ്പള്ളിയുടെ നാമം ഒരിക്കലും പിൻനിരയിൽ പോകാറില്ല.

എന്നിരുന്നാലും കാഞ്ഞിരപ്പള്ളി പഞ്ചായത്തിൽ ഒരു മികച്ച സ്പോർട്സ് സ്റ്റേഡിയത്തിന്റെ കുറവ് മൂലമുള്ള പ്രതിസന്ധി രൂക്ഷമാണ്. കാഞ്ഞിരപ്പള്ളി ടൗൺ കേന്ദ്രമാക്കി ഒരു സ്പോർട്സ് ഗ്രൗണ്ട് നിർമ്മിക്കുകയും, ഒരു സ്പോർട്സ് കോംപ്ലക്സ് സ്ഥാപിക്കുകയും ചെയ്യണം.

പതിനഞ്ചിനും മുപ്പത്തിയഞ്ചിനും മദ്ധ്യേ പ്രായമുള്ള യുവജനങ്ങൾക്ക് അവരുടെ കായികവും കലാപരവുമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിന് വേദിയൊരുക്കുന്നതിനും അവരിലെ ഉത്സാഹം, ടീംസ്പിരിറ്റ്, ഊർജ്ജസ്വലത, സഹിഷ്ണുത എന്നിവ വളർത്തുന്നതിനും പഞ്ചായത്ത് തലം മുതൽ "കേരളോത്സവങ്ങൾ" സർക്കാർ നടത്താറുണ്ട്. ഈ പരിപാടി കൂടുതൽ കാര്യക്ഷമമായി നമ്മുടെ പഞ്ചായത്തിലും നടത്തേണ്ടതാണ്.

പഞ്ചായത്തിൽ കലാമത്സരങ്ങൾ സാധാരണ നടക്കാറില്ല. ബ്ലോക്ക് തല മത്സരങ്ങളിൽ കാഞ്ഞിരപ്പള്ളിയുടെ പ്രാതിനിധ്യം കുറവായതിനാൽ ഈ പഞ്ചായത്തിന് ഒറ്റ പോയിൻറ് പോലും നേടാൻ സാധിച്ചിട്ടില്ല. എന്നാൽ നമ്മുടെ ബ്ലോക്ക് കേരളോത്സവത്തിൽ സംസ്ഥാന ജേതാക്കളാണെന്ന കാര്യം വിസ്മരിച്ചുകൂടാ. ആയതിനാൽ, പഞ്ചായത്ത് കേരളോത്സവങ്ങൾ നടക്കുമ്പോൾ സമയാസമയങ്ങളിൽ അറിയിപ്പ് കൊടുക്കുവാനും, കൂടുതൽ പേരെ പങ്കെടുപ്പിക്കുവാനും പഞ്ചായത്ത് അധികാരികൾ ശ്രദ്ധിക്കണം.

കോട്ടയം ജില്ലയിലെ ഏക "ഓപ്പറേഷൻ ഒളിമ്പിയ സെൻറർ" കാഞ്ഞിരപ്പള്ളിയിലാണ് അനുവദിച്ചിട്ടുള്ളതെങ്കിലും സാങ്കേതിക പരിമിതി മൂലം ഈ സെൻറർ ചിറക്കടവ് പഞ്ചായത്തിൽ പെട്ട കാഞ്ഞിരപ്പള്ളി കുന്നേൽ ഗവ: ഹൈസ്കൂളിലാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്.

കാഞ്ഞിരപ്പള്ളി പഞ്ചായത്തിൽ ആർട്സ്, സ്പോർട്സ് ക്ലബ്ബുകളും, ലൈബ്രറികളും, സന്നദ്ധ യുവജന സംഘടനകളും വളരെ കുറവാണ്.

No.	ക്ലബ്ബ്\ലൈബ്രറി	പ്രവർത്തനം
1.	പ്രോഗ്രസീവ് ആർട്സ് & സ്പോർട്സ് ക്ലബ്ബ് കാഞ്ഞിരപ്പള്ളി	സജീവം
2.	ജനതാ ക്ലബ്ബ് - കാഞ്ഞിരപ്പള്ളി	സജീവം
3.	കോമൺസ് ക്ലബ്ബ്- കാഞ്ഞിരപ്പള്ളി	സജീവം
4.	ഫ്രൈഡേ ക്ലബ്ബ്- കാഞ്ഞിരപ്പള്ളി	സജീവം
5.	എലൈറ്റ് ക്ലബ്ബ്-കാഞ്ഞിരപ്പള്ളി	സജീവം
6.	ആർട്സ് ക്ലബ്ബ്-ഞള്ളമറ്റം	സജീവം
7.	നവജീവൻ ക്ലബ്ബ്-പനിച്ചേപ്പള്ളി	ഭാഗീകം
8.	സന്തോഷ് ക്ലബ്ബ്-പട്ടിമറ്റം	ഭാഗീകം
9.	സഹൃദയ ലൈബ്രറി (പഞ്ചായത്തുവക)	ഏറ്റവും വലുത്
10.	ലൈബ്രറി & റീഡിംഗ് റൂം വിഴിക്കിത്തോട്	സജീവം
11.	P.Y.M.A ലൈബ്രറി-വിഴിക്കിത്തോട്	സജീവം
12.	നവജീവൻ ലൈബ്രറി-പനച്ചേപ്പള്ളി	സജീവം

ഈ ക്ലബ്ബുകളും ലൈബ്രറികളുമാണ് കാഞ്ഞിരപ്പള്ളി പഞ്ചായത്തിലെ യുവജനങ്ങളുടെ കലാകായിക സാംസ്ക്കാരിക ഉന്നമനത്തിനായി പ്രവർത്തിക്കുന്നത്. കൂടാതെ M.Y.C.A കാഞ്ഞിരപ്പള്ളി, യുവദീപ്തി-കാഞ്ഞിരപ്പള്ളി, H.Y.M.A. കാഞ്ഞിരപ്പള്ളി, C.Y.M.A കൊരട്ടി തുടങ്ങിയ സാമുദായിക സന്നദ്ധ സംഘടനകളും, കുവപ്പള്ളിയിലെ SIDA, മലനാട് ഡെവലപ്പ്മെൻറ് സൊസൈറ്റിയുടെ യൂണിറ്റുകൾ, HUDA കാഞ്ഞിരപ്പള്ളി തുടങ്ങിയ സന്നദ്ധ സംഘടനകളുടെ പ്രവർത്തനവും ഈ പഞ്ചായത്തിലുണ്ട്.

ഈ വായനശാലകളുടെയും കലാസമിതിയുടെയും പ്രവർത്തനം മെച്ചപ്പെടുത്താൻ പഞ്ചായത്തു തലത്തിൽ സഹായങ്ങൾ നൽകണം. കലാകായിക പ്രതിഭകളെ കണ്ടെത്തി അവരുടെ പുരോഗതിയ്ക്കായി സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കണം. യുവ ജനങ്ങളിലെ വായനാശീലം പൊതുവെ കുറഞ്ഞു വരുന്നതായി കാണാം. ബോധവത്ക്കരണ പരിപാടികൾ നടത്തണം. ലൈബ്രറികൾക്ക് ഗ്രാൻറുകൾ യഥാസമയം നൽകുകയും, ലൈബ്രറികളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും വേണം.

നിർദ്ദേശങ്ങൾ

1. കാഞ്ഞിരപ്പള്ളി പഞ്ചായത്തിൽ ടൗൺ കേന്ദ്രമാക്കി ഒരു സ്പോർട്ട്സ് സ്റ്റേഡിയം നിർമ്മിക്കണം.
2. കാഞ്ഞിരപ്പള്ളിയിൽ ഒരു സ്പോർട്ട്സ് കോംപ്ലക്സ് സ്ഥാപിക്കണം.

3. സ്കൂളുകൾക്ക് വേണ്ടത്ര കായിക ഉപകരണങ്ങളും കളിസ്ഥലവും ഉണ്ടാകുവാനുള്ള നടപടികൾ സ്വീകരിക്കണം.
4. ഓണാഘോഷപരിപാടികളും കേരളോത്സവങ്ങളും പഞ്ചായത്തു തലത്തിൽ വിപുലവും കാര്യക്ഷമമായും നടത്തണം.
5. കലാ-കായിക പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹനം നൽകുന്നതിന് പഞ്ചായത്തു തലത്തിൽ ഒരു കർമ്മസമിതി രൂപീകരിക്കുക.
6. പഞ്ചായത്തിലെ ക്ലബ്ബുകൾക്കും, ഗ്രന്ഥശാലകൾക്കും വേണ്ട അടിയന്തര സൗകര്യങ്ങൾ ഉണ്ടാക്കുവാൻ ബ്ലോക്ക്-ജില്ലാ പഞ്ചായത്ത് ഫണ്ടിൽ നിന്ന് തുക അനുവദിക്കണം.
7. യുവജനങ്ങളിലെ വായനാശീലം വളർത്തുവാൻ പഞ്ചായത്ത് തലത്തിൽ ബോധവത്ക്കരണം നടത്തണം.
8. പഞ്ചായത്ത് വക സഹൃദയഗ്രന്ഥശാലയിൽ പുതിയ പുസ്തകങ്ങൾ വാങ്ങിക്കുന്നതിനും, വായനാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും പഞ്ചായത്ത് ഫണ്ട് വിനിയോഗിക്കണം.
9. പഞ്ചായത്ത് ലൈബ്രറിയോടനുബന്ധിച്ച് ഒരു ലൈബ്രറി കോംപ്ലക്സ് സ്ഥാപിക്കണം.
10. കാഞ്ഞിരപ്പള്ളി പഞ്ചായത്തിലെ യുവജനങ്ങൾക്ക് സാങ്കേതിക പരിശീലനം ലഭ്യമാക്കുവാൻ താലൂക്കാസ്ഥാനമായ കാഞ്ഞിരപ്പള്ളിയിൽ ഒരു ഗവ. പോളിടെക്നിക്കോ, ഐ.ടി.ഐ.യോ സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം.
11. പഞ്ചായത്തിലെ ആയിരക്കണക്കിനു വരുന്ന യുവജനങ്ങൾക്ക് തൊഴിൽ ലഭിക്കുവാൻ റബ്ബറുല്പാദനമേഖലയായ കാഞ്ഞിരപ്പള്ളിയിൽ ഒരു സഹകരണ ടയർഫാക്ടറി സ്ഥാപിക്കണം. അതിനായി ബാങ്കുകളിൽ നിന്നും വിദേശ മലയാളികളിൽ നിന്നും പണം സമാഹരിക്കാം.
12. ട്രൈസം തൊഴിൽ പരിശീലനം കൂടുതൽ യുവജനങ്ങൾക്ക് നൽകണം.
13. IRDP ലോണുകളിൽ കൂടുതൽ തുക അനുവദിക്കുകയും അത് നൽകുവാൻ ബാങ്കുകൾക്ക് നിർദ്ദേശം നൽകുകയും വേണം.
14. തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുവാൻ പഞ്ചായത്ത് ഒരു മിനി വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കണം.

സമുദ്രം കടക്കാൻ കപ്പലിൽ തന്നെ പോകണം. അതല്ലാ കാളവണ്ടിയിലേ പോകൂ എന്നാണെങ്കിൽ വണ്ടിയും ആളും കടലിനടിയിൽ ആയതുതന്നെ.

—ഗാന്ധിജി



ടൂറിസം

ടൂറിസത്തിന്റെ പ്രസക്തി വളരെയധികം വർദ്ധിച്ചു വരുന്ന കാലഘട്ടമാണിത്. വിനോദസഞ്ചാരികളിലൂടെ നല്ലൊരു ശതമാനം വിദേശനാണ്യം കേരളത്തിൽ എത്തുന്നുണ്ട്. കാഞ്ഞിരപ്പള്ളി പഞ്ചായത്തിലും വിനോദസഞ്ചാരികളെ ആകർഷിക്കുവാൻ സാദ്ധ്യതകൾ വളരെയുണ്ട്. കേരളത്തിന്റെ കിഴക്കൻ മേഖലയായ ഹൈറേഞ്ചിലേയ്ക്ക് പ്രത്യേകിച്ച് തേക്കടിയിലേയ്ക്ക് അനേകം ടൂറിസ്റ്റുകൾ കാഞ്ഞിരപ്പള്ളി വഴി കടന്നു പോകുന്നുണ്ട്. കൂടാതെ പ്രസിദ്ധമായ തീർത്ഥാടന കേന്ദ്രമായ ശബരിമലയിലേയ്ക്ക് ലക്ഷക്കണക്കിന് തീർത്ഥാടകർ കാഞ്ഞിരപ്പള്ളിയിലൂടെ കടന്നു പോകുന്നുണ്ട്. റബ്ബറിന്റെ നാടായ കാഞ്ഞിരപ്പള്ളിയിലെ റബ്ബർതോട്ടങ്ങൾ തന്നെ പ്രത്യേക ആകർഷണ ഘടകമാണ്. വിനോദ സഞ്ചാരികളെ ആകർഷിക്കത്തക്ക പ്രകൃതിരമണീയമായ പ്രദേശങ്ങൾ കാഞ്ഞിരപ്പള്ളിയ്ക്കുണ്ട്. പ്രത്യേകിച്ച് കാഞ്ഞിരപ്പള്ളി 11-ാം വാർഡിൽ പെടുന്ന കരിമ്പുകയവും 9-ാം വാർഡിൽ പെടുന്ന മേലരുവിയും. ഈ പ്രദേശങ്ങൾ വിനോദസഞ്ചാരികളെ ആകർഷിക്കത്തക്കവിധം ആസൂത്രണം ചെയ്ത് പദ്ധതികൾ നടപ്പിലാക്കാൻ കഴിഞ്ഞാൽ കാഞ്ഞിരപ്പള്ളി ടൂറിസ്റ്റുകളെ ആകർഷിക്കുന്ന ഒരു പ്രധാനകേന്ദ്രമായി മാറ്റുവാൻ സാധിക്കും.

1. കരിമ്പുകയം

പ്രകൃതി അതിന്റെ മനോഹരദൃശ്യങ്ങൾ കൊണ്ട് പ്രത്യേകം അലങ്കരിക്കപ്പെട്ട ഒരു പ്രദേശമാണ് മണിമലയാർ ഉൾപ്പെടുന്ന കരിമ്പുകയം പ്രദേശം. റബ്ബർ തോട്ടങ്ങളാൽ ചുറ്റപ്പെട്ട പ്രദേശമാണ് മണിമലയാറിന്റെ ഇരുകരകളും.

കാഞ്ഞിരപ്പള്ളി-എരുമേലി പഞ്ചായത്തുകളെ തമ്മിൽ യോജിപ്പിക്കുന്ന വിധം ഒരു ഡാം നിർമ്മിച്ച് (മണിമലയാറിന്റെ മറുകര എരുമേലി പഞ്ചായത്താണ്) അതുവഴി വാഹനങ്ങൾ കടന്നുപോകുവാൻ വിധത്തിൽ പ്രയോജനപ്പെടുത്തുകയാണെങ്കിൽ പ്രധാനപ്പെട്ട വാഹനറൂട്ട് ഇതുവഴി രൂപപ്പെടുത്തുകയും അത് ഈ പ്രദേശത്തെ യാത്രാക്ലേശത്തിന് പരിഹാരമാവുകയും ചെയ്യും. ശബരിമല സീസണിൽ തീർത്ഥാടകർക്ക് ഇതു വഴി എരുമേലിയിലെത്തുവാൻ കൂടതൽ സൗകര്യം ലഭിക്കുകയും ചെയ്യും. ഈ ആറ്റുതീരത്തു സ്ഥിതി ചെയ്യുന്ന പ്രസിദ്ധമായ ഇളങ്കാവ് ദേവീക്ഷേത്രത്തിന് കൂടുതൽ പ്രസക്തി ലഭിക്കും. ഡാം നിർമ്മിക്കുകയാണെങ്കിൽ ഏകദേശം രണ്ടു കിലോമീറ്റർ നീളത്തിൽ വളവുകളില്ലാതെ നേരെയുള്ള ഒരു ജലാശയം രൂപപ്പെടുത്തിയെടുക്കാം.

കഴിഞ്ഞ അഞ്ചു വർഷങ്ങളിലായി ഇവിടെ നടക്കുന്ന ജലമേളയും സാംസ്ക്കാരിക ഘോഷയാത്രയും ഓരോ വർഷവും കൂടുതൽ കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിച്ചു വരുന്നു. കിഴക്കൻ മേഖലയിലെ പ്രത്യേക ആകർഷണമായി ഓണാഘോഷത്തോടനുബന്ധിച്ച് ജലമേള വിജയകരമായി പുരോഗമിക്കുന്നു. ഈ വർഷം നടത്തിയ വാട്ടർ സ്ക്കൂട്ടർ, സ്പീഡ് ബോട്ട്, വാട്ടർ സ്കേറ്റിംഗ് പ്രദർശനങ്ങളൊക്കെ കിഴക്കൻ മേഖലയിൽ അവതരിപ്പിക്കാൻ സാധിക്കുന്ന ഒരേയൊരു സ്ഥാനം കരിമ്പുകയം മാത്രമാണ്. വരും വർഷങ്ങളിൽ ജലമേള കേരളസർക്കാരിന്റെ സാംസ്ക്കാരിക വകുപ്പ് ഏറ്റെടുത്ത് നടത്തുകയാണെങ്കിൽ ഇത് കൂടുതൽ ആകർഷകമാക്കുവാൻ സാധിക്കും. ഇത് സാംസ്ക്കാരിക വകുപ്പ് എറ്റെടുക്കുണമെന്ന നിർദ്ദേശം കൂടി ഇവിടെ വയ്ക്കട്ടെ. നിർദ്ദിഷ്ട ഡാം പ്രദേശത്തെ നദിയുടെ ഇരുകരകളും കെട്ടുകയാണെങ്കിൽ പതിനായിരക്കണക്കിന് ആൾക്കാർക്ക് സൗകര്യമായി പരിപാടികൾ കാണുന്നതിന് സാധിക്കും.

വിദ്യാർത്ഥികൾക്കും യുവാക്കൾക്കും അക്വാറ്റിക് സ്പോർട്സിൽ പരിശീലനം നല്കുന്നതിന് ഈ പ്രദേശം ഉപകരിക്കും. പ്രത്യേകിച്ച് നീന്തൽ, വഞ്ചിതുഴച്ചിൽ എന്നിവയിൽ പരിശീലനം നല്കുന്ന കേന്ദ്രം ഇവിടെ സ്ഥാപിക്കാവുന്നതാണ്.

ഈ പ്രദേശത്തെ മനോഹാരിതയ്ക്ക് മാറ്റു കൂട്ടുവാൻ ഉദ്യാനങ്ങൾ വച്ചു പിടിപ്പിക്കുന്നതിന് സ്ഥലം നൽകുവാൻ ഇതിനോടകം ഭൂഉടമസ്ഥർ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. ഇരുകരകളിലും വൈദ്യുത ദീപങ്ങൾ കൊണ്ട് അലങ്കരിക്കുക, ഇവിടേയ്ക്കുള്ള റോഡുകൾ

വികസിപ്പിക്കുക, വിദേശികളെയും, സ്വദേശികളെയും ആകർഷിക്കത്തെ വിധമുള്ള ഹോട്ടലുകളും മറ്റു സംവിധാനങ്ങളും ഏർപ്പെടുത്തുക എന്നിവയെല്ലാം ചുരുങ്ങിയ മുതൽ മുടക്കിൽ സഫലീകരിക്കാവുന്നതേയുള്ളു.

ചരിത്രപ്രസിദ്ധമായ ഇളങ്കാവ് ദേവീക്ഷേത്രം, റബ്ബറധിഷ്ഠിത വ്യവസായങ്ങളുടെ കേന്ദ്രം, നാട്ടിലെ സാംസ്ക്കാരിക സംഘടനയായ റൂറൽ വെൽഫെയർ ഓർഗനൈസേഷൻ, അനേകം വിദ്യാർത്ഥികൾ കടന്നു പോകുന്ന പ്രദേശം, കാഞ്ഞിരപ്പള്ളി, എരുമേലി, ചിറക്കടവ് പഞ്ചായത്തുകൾ യോജിക്കുന്ന സ്ഥലം കുളിർമ്മ നൽകുന്ന പ്രകൃതിരമണീയത എന്നീ നിലകളിൽ പ്രശസ്തമായ ഈ പ്രദേശം ടൂറിസം വികസനത്തിന് വളരെ അനുയോജ്യമാണ്.

2. മേലരുവി

മേലരുവി തോടിന്റെ പ്രകൃതി രമണീയത എടുത്തു പറയേണ്ട വസ്തുതയാണ്. തികച്ചും ഒരു ഗ്രാമാന്തരീക്ഷമാണ് ഇവിടെയുള്ളത്. ഒരിക്കലും വറ്റാത്ത ഒരു ജലാശയം ഇവിടെയുണ്ട്. ഇവിടുത്തെ വെള്ളച്ചാട്ടം വളരെ മനോഹരമായ ഒരു കാഴ്ചയാണ്. ഇവിടുത്തെ ഡാമിന്റെ പണി പൂർത്തീകരിച്ചാൽ ബോട്ടിംഗ് സൗകര്യം ഏർപ്പെടുത്തുവാൻ സാധിക്കും. വിനോദസഞ്ചാരികളെ ആകർഷിക്കത്തക്ക രീതിയിൽ ഒരു പാർക്ക് നിർമ്മിക്കേണ്ടതാണ്. സർക്കാർ തലത്തിലുള്ള ഹോട്ടലുകളും വഴിയോര വിശ്രമകേന്ദ്രങ്ങളും മറ്റ് സംവിധാനങ്ങളും ഏർപ്പെടുത്തണം. വിദേശത്തു നിന്നും സ്വദേശത്തു നിന്നും വളരെയധികം ആൾക്കാരെ ആകർഷിക്കുവാൻ ഈ പദ്ധതി കൊണ്ട് സാധിക്കും.

കേരളത്തിലേയ്ക്ക് വരുന്ന വിദേശ വിനോദസഞ്ചാരികളിൽ കൂടുതലും കൊച്ചിവിമാനത്താവളത്തിലാണ് ഇറങ്ങാറുള്ളത്. ഇങ്ങനെ കൊച്ചിയിലിറങ്ങി തേക്കടിയിലേയ്ക്ക് വരുന്ന വിദേശ വിനോദസഞ്ചാരികൾക്ക് കൊച്ചിക്കും തേക്കടിക്കും മദ്ധ്യത്തിലുള്ള കാഞ്ഞിരപ്പള്ളിയിൽ വിശ്രമകേന്ദ്രങ്ങളും ടൂറിസ്റ്റുകളെ ആകർഷിക്കത്തക്ക മറ്റു സംവിധാനങ്ങളും ഏർപ്പെടുത്തണം. എറണാകുളം-തേക്കടി റൂട്ടിൽ റോഡ് സൈഡിൽ സ്ഥിതി ചെയ്യുന്ന മേലരുവി പ്രദേശം ടൂറിസം വികസനത്തിന് അനന്ത സാദ്ധ്യതകളുള്ള പ്രദേശമാണ്. മേലരുവി വികസനത്തോടൊപ്പം ഇവിടുത്തെ നിർദ്ദിഷ്ട ഡാമിന്റെ പദ്ധതിയിൽപ്പെടുത്തി വൈദ്യുതി ഉദ്പാദിപ്പിക്കുവാനുള്ള മിനി ഹൈഡ്രോഇലക്ട്രിക് പ്രോജക്ടും സ്ഥാപിക്കാവുന്നതാണ്.

ടൂറിസത്തിന്റെ പ്രസക്തി വർദ്ധിച്ചു വരുന്ന ഇന്നത്തെ കാലഘട്ടത്തിൽ ഇവിടെ വികസന സാദ്ധ്യതകൾ വളരെയാണ്. മേലരുവിയിലേയ്ക്ക് ആവശ്യത്തിന് വീതിയിൽ ഒരു റോഡുണ്ടാക്കണം. കേരളത്തിന് വിദേശനാണ്യം നേടി തരുന്നതും കൂടാതെ പഞ്ചായത്തിന്റെ വരുമാനം ഗണ്യമായ തോതിൽ ഉയരുവാനും ഈ പദ്ധതി കൊണ്ട് സാധിക്കും.

ഇൻറർ നാഷണൽ ടൂറിസ്റ്റ് ഗൈഡിൽ കോട്ടയം ജില്ലയിൽ സന്ദർശന യോഗ്യമായി കാണിച്ചിരിക്കുന്ന വിരലിൽ എണ്ണാവുന്ന ചരിത്രപ്രധാന സ്ഥാപനങ്ങളിൽ ഒന്നായി ശ്രീഗണപതിയാർ കോവിൽ ഉൾപ്പെടുത്തിയിരിക്കുന്നു എന്ന വസ്തുത പ്രത്യേകം ഇവിടെ സൂചിപ്പിക്കുന്നു. കാഞ്ഞിരപ്പള്ളിയുടെ ഐശ്വര്യസമൃദ്ധമായ ചരിത്രത്തിലേയ്ക്ക് ഒന്നെത്തിനോക്കുവാൻ ഈ ആരാധനാലയം വഴി ഒരുക്കുന്നു.

കാഞ്ഞിരപ്പള്ളി പഞ്ചായത്തിലെ നിർദ്ദിഷ്ട രണ്ടു ടൂറിസം പദ്ധതികളുടെ നടത്തിപ്പിലേയ്ക്കായി കേന്ദ്ര സംസ്ഥാന ഗവൺമെൻറുകളുടെ സഹായവും, സഹകരണവും വൻതോതിൽ ആവശ്യമുണ്ട്. ബന്ധപ്പെട്ട ഏജൻസികളുടെയും ഭരണാധികാരികളുടെയും സേവനങ്ങൾ ലഭ്യമാക്കുവാൻ പഞ്ചായത്ത് സമിതി മുൻകൈ എടുക്കണം. പഞ്ചായത്ത് തലത്തിൽ ഈ പദ്ധതികൾ എത്രയും വേഗം നടപ്പിലാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യണം.

വിഭവ സമാഹരണം

ഏതൊരു പദ്ധതിയുടെയും അടിസ്ഥാനം അതിന്റെ നടത്തിപ്പിന് വേണ്ടി വരുന്ന വിഭവങ്ങൾ കണ്ടെത്തലാണ്. അതുകൊണ്ടു തന്നെ വിഭവസമാഹരണം ആസൂത്രണത്തിന്റെ നട്ടെല്ലായി മാറി. ഒൻപതാം പഞ്ചവത്സരപദ്ധതി 'ജനകീയപദ്ധതി' ആയിരിക്കണമെന്ന സർക്കാർ നിർദ്ദേശം, വിശേഷാൽ ഗ്രാമസഭകളിൽ ജനങ്ങൾ ആവേശത്തോടെയാണ് സ്വീകരിച്ചത്.

ഒൻപതാം പദ്ധതിയുടെ അടങ്കൽ തുകയുടെ 40% തുക ഗ്രാമപഞ്ചായത്തുകൾക്ക് ലഭിക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതു പ്രകാരം പ്രതിവർഷം പഞ്ചായത്തുകൾക്ക് ശരാശരി 75 ലക്ഷം രൂപാ ലഭിക്കും. കഴിഞ്ഞ വർഷം (1995-96) കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്തിന് 7,70,492 രൂപയാണ് ഗ്രാന്റായി ലഭിച്ചിട്ടുള്ളത്. മേൽക്കാണിച്ച പ്രകാരം പുതിയ തുക ഗ്രാമപഞ്ചായത്തിന് ലഭിക്കുമ്പോൾ മുമ്പ് മറ്റ് ഏജൻസികൾ വഴി സർക്കാർ നടപ്പിലാക്കി വന്നിരുന്ന പല പദ്ധതികളും ഇനി മുതൽ ഗ്രാമപഞ്ചായത്ത് നേരിട്ട് നടത്തേണ്ടി വരും. പഞ്ചായത്ത് രാജ് നിയമപ്രകാരം മറ്റു വകുപ്പുകളിൽ നിന്ന് കഴിഞ്ഞ വർഷം (95-96) നമ്മുടെ പഞ്ചായത്തിന് ലഭിച്ചത് 24,675 രൂപയാണ്.

പഞ്ചായത്തുകളിൽ ഇത്രയും നാൾ ആവിഷ്ക്കരിച്ചിരുന്ന പദ്ധതി ഗ്രാമീണറോഡുകളുടെ അറ്റകുറ്റപ്പണി നടത്തുക എന്നതു മാത്രമായിരുന്നു. വരും കാലങ്ങളിൽ കാർഷിക വ്യാവസായിക മേഖലകളിൽ തൊഴിലും ഉല്പാദനവും വളർത്തുക, വനിതകൾക്കും പിന്നോക്കവിഭാഗങ്ങൾക്കും ക്ഷേമം ഉറപ്പു വരുത്തുക എന്നീ കാഴ്ച പാടുകളിൽ നിന്നു വേണം പദ്ധതികൾ തയ്യാറാക്കാൻ. ഈ പദ്ധതികൾ നടപ്പിലാക്കണമെങ്കിൽ പഞ്ചായത്ത് സ്വന്തമായി കുറെ തുക കണ്ടെത്തേണ്ടതുണ്ട്. കഴിഞ്ഞ വർഷം (95-96) വിവിധയിനങ്ങളിലായി ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്നത് 46,01,993 രൂപയാണ്. എന്നാൽ ലഭിച്ചത് 37,35,568 രൂപയാണ്. കുടിശികയായി ലഭിക്കാനുള്ളത് 8,66,424 രൂപ. ഇതിൽ 16,31,169 രൂപാ നിത്യനിദാന ചിലവുകൾക്കായി ചിലവിട്ടു. വരവ്-ചിലവ് കണക്കുകളുടെ വിശദവിവരം പട്ടിക A-1, A-2, A-3, A-4 എന്നിവയിലായി ചേർക്കുന്നു.

A-1 വരവ് സംബന്ധിച്ച വിവരങ്ങൾ (1995-96)

ഇനം	ധനാഭ്യർത്ഥന		പിരിച്ചത്		ബാക്കി	
കെട്ടിടനികുതി	1214256	20	696863	40	517392	80
ലൈബ്രറി സെസ്സ്	40779	00	6811	25	33967	25
തൊഴിൽ നികുതി	769758	00	454694	00	315064	00
വാഹനനികുതി						
വിനോദനികുതി	726511	62	726511	62		
അഡി. വിനോദനികുതി	437657	23	437657	23		
പ്രദർശന നികുതി	6056	00	6056	00		
പ്രദർശനനികുതിയിനത്തിന്മേലുള്ള സർചാർജ്	1514	00	1514	00		
ചന്ത വരവ്						
ലാൻറ് സെസ്						
ലൈസൻസ് ഫീസ്	11580	00	11580	00		
കെട്ടിടനികുതി സർചാർജ്						
വസ്തു കൈമാറ്റ നികുതി 75%	532302	00	532302	00		

വസ്തു കൈമാറ്റ നികുതി 25%	-		-			
സർക്കാർ ഗ്രാൻറുകളും മറ്റും ഒഴികെയുള്ള വരവ്	841295	20	841295	20		
സംഭാവന	-		-		-	
ഡെപ്പോസിറ്റ്			547	00		
മറ്റുള്ളവ	-		16737	00	-	

A-2 ഗ്രാൻറ് വിവരങ്ങൾ

VRM രൂപാ	MI രൂപാ	VTC രൂപാ	അടിസ്ഥാന നികുതി		അൺടൈഡ്ഫണ്ട് രൂപാ	ആകെ
			25% (രൂപാ)	75% (രൂപാ)		
26140/-	489/-	200688/-	187145/-	-	256030/-	

A-3 മറ്റ് വകുപ്പുകളിൽ നിന്ന് അനുവദിച്ച തുക

വകുപ്പ്	തുക		ആകെ
	പദ്ധതി വിഹിതം	പദ്ധതിയേതരം	
മൃഗസംരക്ഷണം	400/-	-	400/-
ആരോഗ്യം	8000/-	-	8000/-
കൃഷി	9975/-	-	9975/-
PWD	-	-	-
ഹരിജനക്ഷേമം	4000/-	-	4000/-
മറ്റുള്ളവ	800/-	1500/-	2300/-
ആകെ	23175/-	1500/-	24675/-

A-4 ചെലവ്

ഇനം	തുക	
ഭരണം	835045	00
പൊതുമരാമത്ത്	54329	80
വിദ്യാഭ്യാസം	69636	45
ജലവിതരണം, ഓടകൾ പൊതുജനാരോഗ്യം	189654	60
തെരുവ് വിളക്കുകൾ	241870	00
മറ്റുള്ളവ	2104399	00
ആകെ	3735568	70

നമ്മുടെ പഞ്ചായത്ത് കാർഷിക രംഗത്ത് വളരെയേറെ മുന്നോക്കം നിൽക്കുന്ന ഒരു പ്രദേശമാണ്. എന്നാൽ അതനുസരിച്ചുള്ള വരുമാനം പഞ്ചായത്തിന് ലഭിക്കുന്നില്ല. വരവിന് ആനുപാതികമായ ചിലവല്ല കാഞ്ഞിരപ്പള്ളി പഞ്ചായത്തിലേതെന്ന് മേൽ സൂചിപ്പിച്ച പട്ടികകളിൽ നിന്നും മനസ്സിലാക്കാം. നിത്യനിദാന ചിലവുകൾക്കനുസരിച്ച് നികുതി-നികുതിയിതര വരുമാനം വർദ്ധിക്കുന്നില്ല. 73,74 ഭരണഘടനാ ഭേദഗതിയനുസരിച്ച് പഞ്ചായത്തുകൾക്ക് വിപുലമായ അധികാരങ്ങളാണ് കൈവന്നിട്ടുള്ളത്. ഈ അധികാരങ്ങൾ ഉപയോഗിച്ച് നമ്മുടെ വാണിജ്യ ബാങ്കുകളിൽ നിന്ന് വായ്പ എടുത്ത് മുതൽ മുടക്കി കാർഷിക വ്യാവസായിക മേഖലകളിൽ തൊഴിൽ വർദ്ധിപ്പിക്കാവുന്നതാണ്. വായ്പ ഉപയോഗിച്ച് തുടങ്ങുന്ന സംരംഭങ്ങളിൽ വാർഡുകളുടെ വികസനം എന്ന സങ്കുചിത മനോഭാവം വെടിഞ്ഞ് പഞ്ചായത്തിന്റെ ഒന്നായ വികസനം മുന്നിൽ കാണണം.

കാഞ്ഞിരപ്പള്ളി പഞ്ചായത്തിലെ ബാങ്കുകൾ

1. സർവ്വീസ് സഹകരണ ബാങ്ക്	കാഞ്ഞിരപ്പള്ളി
2. സെൻട്രൽ സർവീസ് സഹകരണ ബാങ്ക്	"
3. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ	"
4. സൗത്ത് ഇന്ത്യൻ ബാങ്ക്	"
5. ഫെഡറൽ ബാങ്ക്	"
6. കാത്തലിക് സിറിയൻ ബാങ്ക്	"
7. ഇന്ത്യൻ ഓവർസീസ് ബാങ്ക്	"
8. മീനച്ചിൽസഹകരണ കാർഷിക വികസന ബാങ്ക്	"
9. മീനച്ചിൽ ഈസ്റ്റ് അർബൻ സഹകരണ ബാങ്ക്	"
10. ജില്ലാ സഹകരണ ബാങ്ക്	"
11. കാത്തലിക് സിറിയൻ ബാങ്ക്	കൂവപ്പള്ളി
12. സൗത്ത് ഇന്ത്യൻ ബാങ്ക്	തമ്പലക്കാട്
13. ബാങ്ക് ഓഫ് ബറോഡ	കാഞ്ഞിരപ്പള്ളി

മേൽപ്പറഞ്ഞ എല്ലാ ബാങ്കുകളിലുമായി 75 കോടിയിലധികം രൂപാ നിക്ഷേപമുള്ളതിൽ വളരെ കുറച്ചു മാത്രമേ ഈ പഞ്ചായത്തിൽ വായ്പയായി വിതരണം ചെയ്യുന്നുള്ളു. നമ്മുടെ പഞ്ചായത്തിൽ ആകെ വികസന പ്രക്രിയയിൽ മുൻപന്തിയിൽ നിൽക്കുന്ന സഹകരണബാങ്കുകൾ നിക്ഷേപത്തിന്റെ പകുതി പോലും വായ്പയായി നൽകുന്നില്ല.

മേൽ സൂചിപ്പിച്ച ബാങ്കുകളുടെ നിക്ഷേപത്തിന്റെ 50% തുക കാഞ്ഞിരപ്പള്ളി പഞ്ചായത്തിൽ വികസനത്തിന് വേണ്ടി ചിലവഴിച്ചാൽ അടുത്ത അഞ്ച് വർഷത്തേയ്ക്ക് ഉദ്ദേശം 40 കോടിയലധികം രൂപാ ലഭ്യമാകും. ഈ തുക കൃഷി, വ്യവസായം, എന്നീ രംഗങ്ങളിൽ ചിലവഴിച്ചാൽ കൂടുതൽ വികസനവും വളർച്ചയും തൊഴിലും ആദായവും ലഭിക്കും.

കാഞ്ഞിരപ്പള്ളി പഞ്ചായത്ത് അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ

1. ചെലവുകൾ വർദ്ധിക്കുന്നതനുസരിച്ച് നികുതികൾ കണ്ടെത്തുന്നില്ല.
2. പഞ്ചായത്തിന് ലഭിക്കേണ്ട നികുതികൾ പിരിച്ചെടുക്കുന്നതിന് വേണ്ടത്ര ശുഷ്ക്കാന്തി കാണിക്കുന്നില്ല.
3. വിവിധ നികുതികൾ തിട്ടപ്പെടുത്തുന്നതിലുള്ള വ്യാപകമായ ക്രമക്കേട്
4. കാഞ്ഞിരപ്പള്ളി ബസ്സ്റ്റാൻറ് പ്രവർത്തനം ആരംഭിക്കാത്തതുമൂലം ലക്ഷക്കണക്കിന് രൂപാ വർഷം തോറും നഷ്ടം വരുന്നു.
5. പഴയ മാർക്കറ്റ് പൊളിച്ചതിന് പകരം പുതിയ മാർക്കറ്റ് ആരംഭിക്കാൻ കഴിയാത്തത്.
6. ടാക്സി സ്റ്റാൻഡ് ഇല്ലാത്തുകൊണ്ട് ഈ ഇനത്തിൽ പഞ്ചായത്തിൽ ലഭിക്കേണ്ട തുക നഷ്ടമാകുന്നു.
7. 20 ലക്ഷം രൂപാ ചെലവിൽ നിർമ്മിച്ച പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിന്റെ പ്രവർത്തനം ആരംഭിക്കേണ്ടതാണ്.
8. പഞ്ചായത്തിന്റെ വികസന പ്രക്രിയയിൽ പൊതുജനപങ്ക് വളരെ കുറവാണ്.
9. സാദ്ധ്യമായ മനുഷ്യവിഭവശേഷി വിനിയോഗിക്കപ്പെടുന്നില്ല.
10. ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പകൾ സംഘടിപ്പിച്ച് വികസന പ്രവർത്തനത്തിന് ഉപയോഗിക്കാത്തത്.

കണ്ടെത്തലുകൾ

1. ഇപ്പോൾ നിലവിലുള്ള നികുതി സമ്പ്രദായം പരിഷ്ക്കരിച്ച് 50 ശതമാനംവരുമാനം വർദ്ധിപ്പിക്കുവാൻ സാധിക്കും
2. ബസ്സ്റ്റാൻഡ് എത്രയും വേഗം പണി പൂർത്തീകരിച്ചാൽ 5 ലക്ഷത്തോളം രൂപാ പ്രതിവർഷം വരുമാന വർദ്ധനവ് ഉണ്ടാകും.
3. തീയറ്ററിന് സമീപം പഞ്ചായത്തു വക സ്ഥലത്ത് മാർക്കറ്റ് ആരംഭിച്ചാൽ, അതുവഴി പഞ്ചായത്തിന് വരുമാനം ഉണ്ടാകും.

4 കാഞ്ഞിരപ്പള്ളി ടൗണിൽ 500-ഓളം ടാക്സികൾ ഉണ്ട്. ടൗണിൽ സ്ഥലം കണ്ടെത്തി ടാക്സി സ്റ്റാൻർ പണിതാൽ ഗതാഗതസ്തംഭനം ഒഴിവാക്കുവാനും, അധികവരുമാനം കണ്ടെത്താനും കഴിയും

5. ടൗണിന്റെ ശുചീകരണ പ്രവർത്തനത്തിനു വേണ്ടി കച്ചവട സ്ഥാപനങ്ങളിൽ നിന്നും പ്രത്യേകം നികുതി ഈടാക്കാം.

6. ഒരു വർഷത്തിൽ ഒരു ദിവസം എന്ന പ്രകാരം പഞ്ചായത്തിലെ പ്രായപൂർത്തിയായ എല്ലാ ആളുകളുടെയും അദ്ധ്വാനശേഷി പ്രയോജനപ്പെടുത്താം. അത് അദ്ധ്വാനമോ, കാർഷിക ഉല്പന്നങ്ങളോ, പണമോ ആയി സ്വീകരിക്കാം.

8. പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ പണി ഉപകരണങ്ങൾ സംഭരിച്ചാൽ പഞ്ചായത്തിന്റെ വികസനം ജനകീയവത്ക്കരിക്കുന്നതിനും ഇടനിലക്കാരെ ഒഴിവാക്കി ഗുണമേന്മ വർദ്ധിപ്പിക്കുവാനും കഴിയും

9. വിവിധ ധനകാര്യ ഏജൻസികളിൽ നിന്ന് പഞ്ചായത്തിന്റെ വികസനത്തിനായി സാമ്പത്തിക വിഭവസമാഹരണം നടത്തണം. ഉദാ. ഹഡ്കോ, എൽ.ഐ.സി.

ലൈസൻസ്

നമ്മുടെ പഞ്ചായത്തിൽ ആയിരത്തോളം ചെറുതും വലുതുമായ വ്യവസായ സ്ഥാപനങ്ങളും ഹോട്ടലുകളും, കടകളും മറ്റും ഉണ്ട് എന്നാൽ കഴിഞ്ഞ സാമ്പത്തിക വർഷം (1995-96) 11580/- രൂപയാണ് ലൈസൻസ് ഫീസ് ഇനത്തിൽ പഞ്ചായത്തിന് ലഭിച്ചിട്ടുള്ളത്. ലൈസൻസ് ഫീസ് പിരിക്കുന്ന കാര്യത്തിൽ ഗുരുതരമായ ക്രമക്കേടുകളുണ്ട്. സ്ലാബ് അടിസ്ഥാനത്തിൽ വ്യവസായങ്ങൾക്കും, കച്ചവടസ്ഥാപനങ്ങൾക്കും ഫീസ് ഏർപ്പെടുത്തിയാൽ ഇന്നുള്ളതിനേക്കാൾ പത്തിരട്ടി വരുമാനം ഉണ്ടാകും. വൻകിട റബ്ബർതോട്ടങ്ങൾക്കും ലൈസൻസ് ഫീസ് ഏർപ്പെടുത്താമോ എന്ന് പരിശോധിക്കേണ്ടതാണ്.

കെട്ടിടനികുതി.

കാഞ്ഞിരപ്പള്ളി പഞ്ചായത്തിൽ പതിനാലു വാർഡുകളിലായി 9292 കെട്ടിടങ്ങൾ സ്ഥിതി ചെയ്യുന്നു. ഇതിൽ ബഹുനില കെട്ടിടങ്ങൾ 331 എണ്ണവും, കോൺക്രീറ്റ് 1208 എണ്ണവും ഓട് 5281 എണ്ണവും മറ്റുള്ളവ 2472 എണ്ണവും ആണ്. കെട്ടിടനികുതിയിനത്തിൽ 696863/- രൂപയാണ് 95-96 വർഷത്തിൽ പിരിഞ്ഞു കിട്ടിയത് എന്നാൽ ലഭിക്കേണ്ടിയിരുന്നത് 1214256/- രൂപയാണ്. ഈ ഇനത്തിൽ കഴിഞ്ഞ വർഷം തന്നെ 517392/- രൂപ കുടിശികയുണ്ട്. കെട്ടിടനികുതി യഥാസമയം പിരിച്ചെടുക്കുന്നതിൽ പഞ്ചായത്തധികാരികൾ ശ്രദ്ധിക്കുന്നില്ല. കെട്ടിടനികുതി നിശ്ചയിക്കുന്നതിൽ വ്യാപകമായ ക്രമക്കേടുകൾ കാണാം. വളരെക്കാലമായി കെട്ടിടനികുതി പരിഷ്ക്കരിക്കാത്തതുമൂലം പഞ്ചായത്തിനു ലഭിക്കേണ്ടതായ വരുമാനം ലഭിക്കാതെ പോകുന്നു. എല്ലാ വാർഡുകളിലെയും കെട്ടിടങ്ങളുടെ പൂർണ്ണമായ വിവരങ്ങൾ ശേഖരിച്ച് നികുതി ഈടാക്കുകയാണെങ്കിൽ ഇപ്പോൾ ലഭിക്കുന്നതിന്റെ 50% വർദ്ധനവ് ഉണ്ടാകും. കെട്ടിടങ്ങളുടെ സർവ്വേ എടുക്കുവാൻ സന്നദ്ധരായവരുടെ സേവനം തേടാവുന്നതാണ്. പഞ്ചായത്തിൽ പണിയുന്ന വൻകിട കെട്ടിടങ്ങൾക്ക് കൂടുതൽ നികുതി ഈടാക്കാവുന്നതാണ്. കെട്ടിടനികുതി പിരിക്കുവാൻ കെട്ടിടങ്ങൾക്ക് സ്ലാബ് സമ്പ്രദായം ഉപയോഗിക്കാം.

തൊഴിൽ നികുതി

നമ്മുടെ പഞ്ചായത്തിലെ പ്രായപൂർത്തിയായവരിൽ പകുതിയോളം ആളുകൾ വിവിധങ്ങളായ ജോലിയുള്ളവരാണ്. 1995-96 വർഷത്തിൽ തൊഴിൽ നികുതിയിനത്തിൽ 454694/- രൂപയാണ് പഞ്ചായത്തിന് ലഭിച്ചത്. യഥാർത്ഥത്തിൽ ലഭിക്കേണ്ടത് 767758/- രൂപയാണ്. ഈയിനത്തിൽ തന്നെ 315064/- രൂപ കുടിശികയുണ്ട്. തൊഴിൽ നികുതി കൃത്യമായ വരുമാനത്തിന്റെ കണക്കുകൾ ശേഖരിച്ച് ഈടാക്കി കൃത്യസമയത്ത് പിരിച്ചെടുത്താൽ കാര്യമായ വരുമാന വർദ്ധനവ് കാഞ്ഞിരപ്പള്ളി പഞ്ചായത്തിനുണ്ടാകും.

വഴിവിളക്ക്

1995-96 വർഷത്തിൽ കാഞ്ഞിരപ്പള്ളി പഞ്ചായത്ത് 241870/- രൂപാ വൈദ്യുതിചാർജ് ഇനത്തിൽ K.S.E.B. യ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ പൂർണ്ണമായും കൃത്യമായും വഴിവിളക്ക് കത്തിക്കുവാൻ K.S.E.B. ശ്രദ്ധിക്കാറില്ല. കേടു വരുന്ന വഴി ലൈറ്റുകൾ മാറ്റിയിടുന്നതിനുള്ള ചിലവ് പഞ്ചായത്ത് വഹിക്കുന്നുണ്ടെങ്കിലും അതു കൈകാര്യം ചെയ്യുന്നതിൽ വേണ്ട അധികാരം പഞ്ചായത്തിനില്ല. വഴിവിളക്കുകൾ മാറ്റിയിടുന്നതിന് അധികാരം പഞ്ചായത്തിന് നൽകണം.

സന്നദ്ധ പ്രവർത്തനം

പഞ്ചായത്തിലെ പല സ്കൂളുകളിലും PTA വലിയതുകകൾ ശേഖരിച്ച് വികസന പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ഭാവിയിൽ പഞ്ചായത്തിന്റെ വികസനത്തിന് പൊതുജനങ്ങളുടെ സേവനം ലഭ്യമാക്കാം. എന്നാൽ മാനവശേഷി ശരിയാംവണ്ണം വിനിയോഗിക്കാൻ നമുക്ക് സാധിച്ചിട്ടില്ല. ആരോഗ്യമുള്ള യുവതലമുറയെ

ഉദ്ബോധിപ്പിച്ച് അവരുടെ സേവനം ഒരു വർഷത്തിൽ ഒരു ദിവസം നാടിനുവേണ്ടി വിനിയോഗിച്ചാൽ നാട്ടിലെ റോഡുകൾ മുഴുവൻ പുനരുദ്ധരിക്കാം. വിദ്യാസമ്പന്നരായ യുവതീ-യുവാക്കളെ സംഘടിപ്പിച്ച് വ്യാവസായിക-കാർഷിക രംഗത്ത് അണി നിരത്തിയാൽ നാട് സമഗ്രവികസനം കൈവരിക്കും. പല സംരംഭങ്ങൾക്കും ഭൂമിയും പണവും ജനങ്ങളിൽ നിന്ന് കണ്ടെത്താൻ കഴിയും.

സാമ്പത്തിക വായ്പകൾ

ഒൻപതാം പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി വാണിജ്യബാങ്കുകൾ നല്ലൊരു തുക വായ്പയായി നൽകാമെന്ന് സമ്മതിച്ചിട്ടുണ്ടെന്ന് അറിയുന്നു. ഈ വായ്പകൾ നമ്മുടെ പഞ്ചായത്തു തലത്തിലും ലഭ്യമാക്കാൻ വേണ്ട പ്രവർത്തനങ്ങൾ നടത്തണം. വായ്പകൾ ശരിയാംവണ്ണം ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്താൻ പഞ്ചായത്തു തലത്തിൽ ബാങ്കു പ്രതിനിധികളെ കൂടി ഉൾപ്പെടുത്തി സബ് കമ്മറ്റി രൂപീകരിക്കുകയും പ്രതിവർഷം എത്ര രൂപാ വായ്പയായി നൽകുമെന്ന് കണക്കാക്കി അതിൻപ്രകാരം സ്കീമുകളാക്കി പ്രവർത്തനം നടത്തണം. സ്വകാര്യ പണമിടപാടു സ്ഥാപനങ്ങൾ നാട്ടിൽ നിന്നും സമാഹരിക്കുന്ന നിക്ഷേപത്തുകയത്രയും ഈ നാട്ടിൽ തന്നെ മുടക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം.

നമ്മുടെ പഞ്ചായത്തിലെ വിദേശത്ത് ജോലി ചെയ്യുന്നവരുടെ കണക്കുകൾ ശേഖരിച്ച് അവരുടെ സമ്പാദ്യം പഞ്ചായത്തിന്റെ പ്രത്യുത്പാദനപരമായ വികസന പ്രവർത്തനത്തിന് ലഭ്യമാക്കി വികസനത്തിന് വിഭവ സമാഹരണം നടത്താം.

പുതിയ നിർദ്ദേശങ്ങൾ

1. കാഞ്ഞിരപ്പള്ളി പഞ്ചായത്തിലെ പ്രധാന കൃഷിയും വ്യവസായവും റബ്ബറാണ്. എന്നാൽ റബ്ബർ കൃഷിയിൽ നിന്നോ വ്യവസായങ്ങളിൽ നിന്നോ യാതൊരുവിധ വരുമാനവും പഞ്ചായത്തിനില്ല. പഞ്ചായത്ത് നടപ്പിലാക്കുന്ന പല പദ്ധതികളും റബ്ബർ കൃഷിയുടെ വികസനത്തിന് ഉപയോഗിക്കുന്നുണ്ട്. അതുകൊണ്ട് പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് റബ്ബർ ബോർഡിൽ നിന്ന് പ്രത്യേക സഹായം ലഭിക്കണം.
2. ഭൂനികുതി പിരിക്കുവാൻ പഞ്ചായത്തിന് അധികാരം ലഭിക്കണം.
3. പഞ്ചായത്തിലെ വാഹനങ്ങൾക്ക് ഇവിടെ രജിസ്റ്റർ ചെയ്ത് ചെറിയ തുക എല്ലാ വർഷവും ഈടാക്കാമോയെന്ന് പരിശോധിക്കണം.
4. വസ്തു കൈമാറ്റ നികുതി പൂർണ്ണമായും പഞ്ചായത്തിന് ലഭിക്കണം.
5. വിൽപ്പനനികുതിയുടെ വിഹിതം പഞ്ചായത്തുകൾക്ക് നൽകാൻ ഗവൺമെൻറിനോട് അഭ്യർത്ഥിക്കണം.
6. കെട്ടിടനികുതി ക്രമമായും സത്യസന്ധമായും ഈടാക്കണം.
7. ലൈസൻസ് ഫീസും, തൊഴിൽ നികുതിയും നിയമപ്രകാരം തന്നെ പിരിച്ചെടുക്കണം.
8. ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് ലഭ്യമാകാവുന്ന പരമാവധി ധനസഹായം നേടിയെടുക്കുവാൻ വേണ്ട പ്രവർത്തനം നടത്തണം.

മേൽ വിവരിച്ച കാര്യങ്ങൾ കാഞ്ഞിരപ്പള്ളി പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം സുപ്രധാനമാണ്. പരിമിതമായ വരുമാനമാർഗ്ഗത്തിൽ ഊന്നി നിന്നു കൊണ്ടുള്ള ബൃഹത്തായ ഒരു വികസന പ്രവർത്തനത്തിന് കൂട്ടായ പരിശ്രമം ആവശ്യമാണ്. ഇതിനായി നമുക്ക് പരിശ്രമിക്കാം.

അധികാര വികേന്ദ്രീകരണ പരിഷ്കാരനിർദ്ദേശങ്ങൾ അടങ്ങിയ സെൻകമ്മിറ്റി റിപ്പോർട്ട് പ്രസിദ്ധീകരിച്ചും നിർദ്ദേശങ്ങൾ താമസംവിനാ നടപ്പിലാക്കിയും നിയമനിർമ്മാണം ഒഴികെയുള്ള ചുമതലകൾ ത്രിതല പഞ്ചായത്ത് സംവിധാനങ്ങൾക്ക് നൽകിയും ജനകീയാസൂത്രണ പദ്ധതിയിൽ ജനങ്ങൾക്കുള്ള പ്രതീക്ഷകൾ സഫലമാക്കേണ്ടത് അത്യാവശ്യമായിരിക്കുന്നു.

ഗാന്ധി മാർഗ്ഗം

കാലമേ കാലമേ കാത്തുനിൽക്കില്ലെ നീ?
കാര്യങ്ങളേതുമറിയുന്ന നീ
സ്വാതന്ത്ര്യ ലബ്ധിയിന്നമ്പതാം വർഷവും
സ്വപ്നങ്ങൾ നമ്മെ തളച്ചിടുന്നു.

വഴികൾ ലഭിക്കണം വാഹനമോടണം
വീടും വെളിച്ചവും വെള്ളവുമെത്തണം
വിദ്വാന്മാർക്കെല്ലാം ഉദ്യോഗം ലഭിക്കണം
വികസനമെത്രയും എങ്ങുമെത്തീടണം

അന്ധകാരത്തിൽ വെളിച്ചം വിതറുന്ന
ആത്മവിദ്യാലയം എങ്ങുമുയരണം
വിദ്യകൾ നൽകുന്ന മാസ്മരലോകത്തിൽ
എത്തണം നമ്മുടെ ഓമൽത്തിടമ്പുകൾ

ഒട്ടിയവയറും കണ്ണീർക്കവിൾകളും
ഒട്ടൊന്നുപോലും ഉണ്ടാവാതിരിക്കണം
ഓരോരൊ വീട്ടിലും വ്യവസായമെത്തണം
വീട്ടുകാരെല്ലാം വികസിച്ചീടണം

ഇങ്ങനെയോരോരൊ കാര്യങ്ങൾ ചൊല്ലി-
ഇന്നാട്ടിലെമ്പാടും ഉയരുന്നു രോദനം
ഇന്നലെകളിൽ ഇല്ലാതെയാക്കിയോ -
രാദർശരാഷ്ട്രീയത്തിന്നാത്മരോദനം

രാഷ്ട്രീയം രാഷ്ട്രീയം രാഷ്ട്രിയമാണെങ്ങും
രാജിവച്ചോടുന്നു രാഷ്ട്രതാല്പര്യങ്ങൾ
സ്വാതന്ത്ര്യം സ്വാതന്ത്ര്യം സ്വാതന്ത്ര്യമാണെങ്ങും
സ്വർത്ഥമോഹങ്ങൾ തൻ ദു:സ്വാതന്ത്ര്യം

നാട്ടിൽ സമൃദ്ധമാം പുഴകളും നദികളും
വറ്റിവരളുന്നു; ദാഹജലത്തിനായ്
കേഴുന്ന കേരള മക്കൾ തൻ കണ്ണീരിൽ
ചാലിച്ചെഴുതാം ഒരു നൂറുഗാഥകൾ

വികസനം കേവല സ്വപ്നങ്ങളായിന്നും
വിരിയുന്നു മാനസ മന്ത്രാക്ഷരങ്ങളിൽ
വികസനം നൽകാത്ത വികലമാം പദ്ധതി
വിഭവങ്ങളില്ലാതെ വീണുടഞ്ഞീടുന്നു.

കാലമേ കാണുന്നോ കേൾക്കുന്നോയീ വക
വികസന സംസ്കാര സമ്പൽസമൃദ്ധിയേ?
കാലമെ നിന്നെ തളച്ചിടാനാവതും
കോപ്പുകൂട്ടുന്നൊരീ ദേശദ്രോഹങ്ങളെ

"ഗ്രാമസ്വരാജിലേയ്ക്കെത്തേണമെങ്കിലേ
വികസന സങ്കല്പം സാദ്ധ്യമാവൂ"
രാഷ്ട്രപിതാവിന്നഭിപ്രായമത്രയും
കേവലം സ്വപ്നങ്ങളായിരുന്നോ?



അധികാരി പണ്ടിങ്ങു കല്പിച്ചുനൽകിയോ-
രാസൂത്രണത്തിന്നപജയങ്ങൾ
ഏറ്റു തളർന്നൊരീ നാടിൻെറ ഗദ്ഗദം
നാമിന്നറിയുന്നോ നാട്ടുകാരേ?

അധികാരം അത്യുന്നതങ്ങളിൽ നിന്നിങ്ങു
താഴേക്കു പോരുന്ന ഗാന്ധിമാർഗ്ഗം
സ്വാതന്ത്ര്യലബ്ധി തന്നമ്പതാം വർഷത്തിൽ
ഇന്നും തെളിയ്ക്കുന്നു പൊൻവെളിച്ചം


പോയകാലങ്ങളിൽ കൈവിട്ടു പൊയ്പോയ
കനകാവസരങ്ങളിൽ കണ്ണിരിലാഴേണ്ടാ
നല്ലോരു നാളെ നമുക്കും ലഭിച്ചിടും
നാമിന്നു സജ്ജരായ് രംഗത്തിറങ്ങിടാം

നാടും നഗരവും നന്നായ് നടത്തിടാൻ
ഒന്നിച്ചൊരുമയോടൊന്നിച്ചു നീങ്ങിടാം
ജനകീയമാവട്ടെ ജനാധിപത്യവും
ജയിച്ചിടും ജയിച്ചിടും ജനകീയാസൂത്രണം.

ഗ്രാമങ്ങളാകെയിളകി മറയുന്നീ-
യാസൂത്രണത്തിൻ തിരത്തള്ളലിൽ
കൊട്ടുംകുരവയും ആർപ്പുവിളികളും
കേട്ടു തുടങ്ങിയോ കൂട്ടുകാരേ?

കാലമേ കാലമേ കാത്തു നില്ക്കേണം നീ
കാര്യങ്ങൾ എല്ലാം അറിയേണം നീ
സ്വതന്ത്ര്യലബ്ധിതന്നമ്പതാം വർഷത്തിൽ-
എങ്കിലും നൽക നീ സർവ്വൈശ്വര്യങ്ങളും!

—ബാപു


KL-54763